
# മാർത്തോമ്മായുടെ മാർഗ്ഗം



ഡോ: വർഗ്ഗീസ്, പാത്തിക്കുളങ്ങര

www.malankaralibrary.com

# മാർ തോമ്മായുടെ മാർഗ്ഗം

## സീറോ മലബാർ സഭയുടെ
## വേദോപദേശം

വർഗ്ഗീസ് പാത്തികുളങ്ങര

No. 24

ദനഹാ സർവീസസ്

കോട്ടയം

1988

www.malankaralibrary.com

MALANKARA
LIBRARY

www.malankaralibrary.com

(Malayalam)

# MAR THOMMAYUDE MARGAM

(A Catechism for the Syro-Malabar Church)

Author

**Dr. Varghese Pathikulangara C M I**
Dharmaram College
Bangalore - 560 029

A Publication of

Denha Services, Vidyanagar,
Kottayam-686018, Kerala, India.

Price Rs. 13.50

Printed at

Pro Sanctity Printers, Kottayam-18.

Imprimatur

† Mar Joseph Powathil
Archbishop of Changanacherry
May 12, 1988

www.malankaralibrary.com

# ഉള്ളടക്കം


| | | |
|---|---|---|
| 1. | മാർ തോമ്മായുടെ മാർഗ്ഗം | 9 |
| 2. | മാർ തോമ്മാ ശ്ലീഹാ | 14 |
| 3. | മാർ തോമ്മാ സ്ലീവാ | 20 |
| 4. | മാർ തോമ്മായുടെ മാർഗ്ഗത്തിലെ ചില പ്രാർത്ഥനകൾ | 24 |
| 5. | പ.കന്യകാമറിയം: ഈശോയുടെയും നമ്മുടെയും അമ്മ | 37 |
| 6. | റൂഹാദക്കുദിശാ തമ്പുരാൻ | 48 |
| 7. | ദൈവവിളി | 55 |
| 8. | ദൈവത്തിൻെറ മനുഷ്യർ | 65 |
| 9. | കാലങ്ങൾ | 74 |
| 10. | മംഗലവാർത്തക്കാലം | 78 |
| 11. | ദനഹാക്കാലം | 92 |
| 12. | നോമ്പുകാലം | 99 |
| 13. | ഉയിർപ്പുകാലം | 113 |
| 14. | ശ്ലീഹാക്കാലം | 124 |
| 15. | കൈത്താക്കാലം | 131 |
| 16. | ഏലിയാ-സ്ലീവാക്കാലവും മൂശേക്കാലവും | 136 |
| 17. | പള്ളിക്കൂദാശാക്കാലം | 142 |
| 18. | ദിവ്യരഹസ്യങ്ങൾ | 148 |
| 19. | തിരുവസ്ത്രങ്ങൾ | 151 |
| 20. | മാർ തോമ്മാ നസ്രാണികളുടെ ദൈവാലയം | 154 |
| 21. | ദിവ്യരഹസ്യ പരികർമ്മത്തിനാവശ്യമായ സാധനങ്ങൾ | 162 |
| 22. | ആമുഖ ശുശ്രൂഷ | 166 |
| 23. | വചന ശുശ്രൂഷ | 169 |
| 24. | ഒരുക്ക ശുശ്രൂഷ | 172 |
| 25. | കൂദാശാ ഭാഗം | 174 |
| 26. | അനുരഞ്ജന ശുശ്രൂഷ | 178 |
| 27. | ദൈവൈക്യ ശുശ്രൂഷ | 180 |
| 28. | സമാപന ശുശ്രൂഷ | 184 |
| 29. | കൂദാശകൾ | 186 |
| 30. | കൂദാശാനുകരണങ്ങൾ, യാമപ്രാർത്ഥന, മറ്റു കർമ്മകൃത്യങ്ങൾ | 194 |


www.malankaralibrary.com

# ആമുഖം

സഭയിലെ അജപാലന ധർമ്മത്തിന്റെ മുഖ്യ ഘടകമാണല്ലോ മതാദ്ധ്യാപനം. മററെല്ലാ മണ്ഡലങ്ങളിലുമെന്നപോലെ, മതാദ്ധ്യാപന രംഗത്തും ബാലപാഠങ്ങൾ കൈകാര്യം ചെയ്യുന്നത് മാതാപിതാക്കളും സഹോദരീസഹോദരന്മാരുമാണ്. കൈയെത്തിപ്പിടിക്കാൻ കഴിയുന്ന പ്രസ്തുത വ്യക്തികളുടെ ജീവിതഭാവങ്ങളും വീക്ഷണരീതികളും അനുഷ്ഠാന സവിശേഷതകളും പിഞ്ചു ഹൃദയങ്ങളെ ആകർഷിക്കുമെന്നതിൽ തർക്കമുണ്ടാകാനിടയില്ല. അവർ പറയുന്നതും ചെയ്യുന്നതുമെല്ലാം കുഞ്ഞുങ്ങളിൽ ചോദ്യചിഹ്നങ്ങൾ വരക്കുവാൻ തുടങ്ങും. ഏതു്? എന്തു്? എന്തിനു്? ആരു്? തുടങ്ങിയ ചോദ്യങ്ങളുടെ ഒരു പരമ്പര തന്നെ അവരിൽ നിന്നും ബഹിർഗമിക്കുക സാധാരണമാണ്. അക്കൂട്ടത്തിൽ മതപരമായ നിരവധി ചോദ്യങ്ങളും കണ്ടെത്താനാകും. അവയ്ക്കു് തൃപ്തികരമായ ഉത്തരം കൊടുത്തു തുടങ്ങുമ്പോൾ മതാദ്ധ്യാപനം ആരംഭിച്ചു കഴിഞ്ഞു. ഈ പ്രാരംഭ മതാദ്ധ്യാപനത്തെ മെച്ചപ്പെടുത്തുന്നതിനും ആഴപ്പെടുത്തുന്നതിനുമുള്ള പരിശ്രമങ്ങളാണ് മതാദ്ധ്യാപന ക്ലാസ്സുകളിൽ നടക്കുന്നതു്.

സഭ, സഭകളുടെ കൂട്ടായ്മയാണെന്നു് രണ്ടാം വത്തിക്കാൻ കൗൺസിൽ വ്യക്തമാക്കി. ഓരോ വൈയക്തിക സഭയും (individual Church) അഥവാ റീത്തും സ്വന്തം ആരാധനക്രമം, ആദ്ധ്യാത്മികത, ദൈവശാസ്ത്രം, ഭരണസംവിധാനം എന്നിവയിൽ മററു സഭകളിൽ നിന്നും വ്യത്യാസപ്പെട്ടിരിക്കുന്നുവെന്നും, അതേസമയം, വിശ്വാസം, കൗദാശികജീവിതം, മാർപ്പാപ്പായോടുള്ള വിധേയത്വം എന്നിവയിൽ എല്ലാസഭകളും ഒരുപോലെ ഐക്യപ്പെട്ടിരിക്കുന്നുവെന്നും കൗൺസിൽ പഠിപ്പിക്കുന്നു.

പൗരസ്ത്യസഭകളുടെ വീക്ഷണത്തിൽ, വിശ്വാസപ്രഘോഷണമായ ലിററർജിയുടെ ശാസ്ത്രീയമായ വ്യാഖ്യാനമാണ് ദൈവശാസ്ത്രം; ദൈവശാസ്ത്രത്തിന്റെ പ്രാഥമിക ഘട്ടത്തെ മതാദ്ധ്യാപനമെന്നു വിളിക്കുകയും ചെയ്യാം.

www.malankaralibrary.com

പ്രസ്തുതവീക്ഷണപശ്ചാത്തലത്തിൽ എല്ലാ വൈയക്തിക സഭകരംക്കുംകൂടി പൊതുവായ ഒരു മതാദ്ധ്യാപനരീതി അസാദ്ധ്യമാണ്. ഓരോ സഭയും സ്വന്തം ലിററർജി യിൽ കേന്ദ്രീകൃതമായ മതാദ്ധ്യാപനരീതിയും ഗ്രന്ഥങ്ങളും സംവിധാനം ചെയ്യേണ്ടിയിരിക്കുന്നു.

പൗരസ്ത്യസഭകളുടെ പൊതുവായ പ്രസ്തുത ശൈലി, സീറോ മലബാർ (കാൽദയോ ഇൻഡ്യൻ) സഭയ്ക്കു് ഇതേ വരെ കൈവന്നിട്ടില്ല. ഇന്നും പാശ്ചാത്യസഭയുടെ വേ ദോപദേശ ഗ്രന്ഥങ്ങളും രീതികളുമാണവരംക്കുള്ളത്. ഈ സ്ഥിതിവിശേഷത്തിനു് മാററം വരുത്തേണ്ടതല്ലേ? സ്വന്ത മായ മതാദ്ധ്യാപന ശൈലി കരുപ്പിടിപ്പിക്കാൻ തക്ക പക്വമതികരം അവരംക്കില്ലേ? ഉണ്ടെന്നാണ് എന്റെ ഉറച്ച ബോധ്യം.

മിശിഹാനാഥൻ, തന്നിൽ വിശ്വസിക്കുന്നവർക്കു നല്കിയിരിക്കുന്നതു് പിതാവായ ദൈവത്തിലെത്തുന്നതി നുള്ള *"മാർഗ്ഗ"*മാണ്; അല്ലാതെ അതു കണ്ടെത്തുന്നതി നുള്ള പദ്ധതികളല്ല. ശരിയായ പദ്ധതികളില്ലാതെ മുന്നേ റിയാൽ *"മാർഗ്ഗ"*ഭ്രംശം സംഭവിക്കുക എളുപ്പമാണ്. അതുകൊണ്ടു്, പദ്ധതിയും മററും അവശ്യാവശ്യമാണ്. എന്നാൽ അതെല്ലാം വിട്ടു് മിശിഹായാകുന്ന *"മാർഗ്ഗ"* ത്തിലേക്ക് ഓരോ വിശ്വാസിയും പ്രവേശിക്കേണ്ടിയിരി ക്കുന്നു. ''ഞാനാകുന്നു വഴിയും സത്യവും ജീവനും, എന്നിൽ കൂടിയല്ലാതെ ആരും പിതാവിന്റെ പക്കലേയ്ക്കു വരു ന്നില്ല'' (യോഹ. 14, 6) എന്നാണല്ലോ ഈശോനാഥൻ നമ്മുടെ പിതാവു് മാർ തോമ്മാശ്ലീഹായോടു പറഞ്ഞതു്.

നാലാം നൂററാണ്ടിൽ ജീവിച്ചിരുന്ന വനവാസിക ളിൽ ഒരാളായ വിശുദ്ധ സെറാപ്പിയോൻ റോമിലേക്ക് ഒരു തീർത്ഥയാത്ര നടത്തി. അവിടെവച്ചു് ഒരു സ്ത്രീയുടെ അസാധാരണ ജീവിതത്തെക്കുറിച്ചു് അദ്ദേഹം കേരംക്കാ നിടവന്നു — ഒരിക്കലും പുറത്തിറങ്ങാതെ തന്റെ കൊച്ചു മുറിയിൽ അടച്ചുപൂട്ടി ധ്യാനത്തിൽ മുഴുകിയിരിക്കുന്ന ഒരു സ്ത്രീ. ലോകം മുഴുവൻ ചുററി സഞ്ചരിച്ചു് മിശിഹായ്ക്കു സാക്ഷ്യം വഹിക്കുവാൻ ആഗ്രഹിച്ചിരുന്ന വിശുദ്ധൻ

www.malankaralibrary.com

അവളോടു ചോദിച്ചു. ''നീ എന്തുകൊണ്ടിങ്ങനെ അടച്ചു പൂട്ടിയിരുന്നു് ജീവിതം പാഴാക്കുന്നു?'' അതിനവരം ഉടൻ മറുപടി കൊടുത്തു: ''ഞാൻ ഇരിക്കയല്ല; യാത്രയിലാണു്.''

എത്രയോ അർത്ഥവത്തായ പ്രത്യുത്തരം. ഓരോ മിശിഹാനുയായിയും തീർത്ഥാടകനായാണു്. മരുഭൂമിയിലലഞ്ഞ ഇസ്രായേൽ ജനത്തിനു സദൃശ്യരായിട്ടാണു് വിശ്വാസികളെ ഗ്രീക്കുസഭാപിതാക്കന്മാർ കാണുന്നതു്. വീടുകളിലോ ഭവനങ്ങളിലോ അല്ല, മറിച്ചു് കൂടാരങ്ങളിൽ താമസിക്കുന്നവരാണു് യഥാർത്ഥമിശിഹാനുയായികൾ.

മിശിഹാനുയായികളുടെ കൂട്ടങ്ങൾക്കു നല്കപ്പെട്ടിട്ടുള്ള അതിപുരാതന സംജ്ഞകളിലൊന്നാണു *''മാർഗ്ഗം''* (the Way). അപ്പസ്തോലന്മാരുടെ നടപടിയിൽ ഇതേക്കുറിച്ചു നാം ആവർത്തിച്ചു വായിക്കുന്നുണ്ടു്. (19, 23; 24, 22). മിശിഹാനുകരണത്തിന്റെ പ്രായോഗിക സ്വഭാവം വ്യക്തമാക്കുന്ന ഒന്നാണീ നാമം. പ്രപഞ്ച സംവിധാനത്തെക്കുറിച്ചുള്ള ഒരു തത്വസംഹിതയോ, കടലാസ്സിൽ എഴുതിപ്പിടിപ്പിക്കാവുന്ന ഏതാനും പഠന സമുച്ചയങ്ങളോ അല്ല വിശ്വാസം; അതൊരു ''മാർഗ്ഗമാണു് – സഞ്ചരിച്ചു മുന്നേറേണ്ട വീഥിയാണു് – ജീവിത മാർഗ്ഗമാണു് – ജീവിത ശൈലിയാണു്.

ആദിമ വിശ്വാസ സമൂഹങ്ങളിലെ ആന്തരികമനോഭാവം നമ്മുടെ പൂർവ്വികർക്കും വ്യക്തമായുണ്ടായിരുന്നു. തന്മൂലം അവർ തങ്ങളുടെ പുതിയ ജീവിതശൈലിയെ *''മാർ തോമ്മായുടെ മാർഗ്ഗം''* എന്നു വിളിച്ചു. ഈശോമിശിഹായുടെ പന്ത്രണ്ടു ശ്ലീഹന്മാരിലൊരുവനായ മാർ തോമ്മായിലൂടെ തങ്ങൾ പകർന്നെടുത്ത മിശിഹാനുഭവത്തിനും തദനുസാരമുള്ള ജീവിതത്തിനുമാണു് *''മാർ തോമ്മായുടെ മാർഗ്ഗം''* എന്നവർ പേരിട്ടതു്.

ഈ *''മാർഗ്ഗ'ത്തിൽ''* സ്വയം പ്രവേശിക്കാതെ, ഈ *''മാർഗ്ഗ''*ത്തിലെ ചൂണ്ടുപലകകൾ ശ്രദ്ധിക്കാതെ, പരിധികൾക്കതീതമായി ഈ*''മാർഗ്ഗ''*ത്തിനു സ്വയം

www.malankaralibrary.com

കൈയ്യാളിക്കാതെ ഈ *"മാർഗ്ഗം"*കണ്ടെത്താനോ ആസ്വദിക്കാനോ സാധിക്കയില്ല. സ്വപാരമ്പര്യത്തെക്കുറിച്ച് പഠിച്ചതുകൊണ്ടോ അറിഞ്ഞതുകൊണ്ടോ ആയില്ല, അതിൽ ജീവിച്ചെങ്കിലേ അതു് ആസ്വദിക്കാനാവൂ. *"സ്വയം ജീവിച്ചാസ്വദിക്കുമ്പോളം വിശ്വാസപ്രമാണം നിന്റേതാകുന്നില്ല"*, എന്നാണല്ലോ സഭാപിതാക്കൻമാർ പഠിപ്പിക്കുന്നത്.

പൗരസ്ത്യ സഭാ തനയർ തങ്ങളുടെ ജീവിതാനുഭവത്തിനു് — വിശ്വാസാനുഭവത്തിനു് - ഊന്നൽ കൊടുക്കുന്നവരാണ്. അതുകൊണ്ടാണവർ ലിററർജിയുടെ കാര്യത്തിൽ സഭാത്മകശൈലിക്കു് എപ്പോഴും മുൻതൂക്കം കല്പിക്കുന്നതു്. വ്യക്തിപരമായ ഇഷ്ടാനിഷ്ടങ്ങൾ ലിററർജിയിൽ കണക്കാക്കാറുമില്ല. വ്യക്തിതാത്പര്യങ്ങൾക്കു മുൻഗണന നല്കുന്ന പാശ്ചാത്യർക്കും, അങ്ങനെയുള്ളവരെ മാത്രം അന്ധമായനുകരിക്കുന്ന പൗരസ്ത്യർക്കും പൗരസ്ത്യസഭാ പാരമ്പര്യങ്ങളും ജീവിതശൈലിയും പഴയതും പ്രാകൃതവുമായിത്തോന്നും. എന്നാൽ ഒരു യഥാർത്ഥ പൗരസ്ത്യ വിശ്വാസി, സ്വന്തം പാരമ്പര്യത്തോടു വിശ്വസ്തത പുലർത്തുന്നതു്, മുൻതലമുറക്കാർ കൈമാറിയിട്ടുള്ള ചില തത്ത്വശകലങ്ങളും ആചാര മര്യാദകളും അന്ധമായി കാത്തുസൂക്ഷിക്കുന്നതിനല്ല, മറിച്ച്, എന്നും പുരാതനവും എന്നും നവീനവുമായ ആ സംഗതികൾ, **ഇവിടെ, ഇപ്പോൾ** (here, and now) പ്രവർത്തിക്കുന്ന പരിശുദ്ധാത്മാവിന്റെ നിമന്ത്രണത്തിൽ നേരിട്ടു് വ്യക്തിപരമായും സഭാത്മകമായും അനുഭവിക്കുന്നതിനുവേണ്ടിയാണ്.

ഈ *"മാർഗ്ഗ"*ത്തിൽ മുന്നേറുന്തോറും *"അനന്തത"*യുടെ പരസ്പര വൈരുദ്ധ്യങ്ങളായ മാനങ്ങളെക്കുറിച്ച് - അടുപ്പവും അകല്ച്ചയും (nearness and otherness) – സ്വശ്നീയമായ അവബോധമുണ്ടാകുന്നു. ദൈവം ഒരു രഹസ്യമാണ്, അദൃശ്യനാണ്, അഗ്രാഹ്യനാണ്, അപ്രാപ്യനാണ്, വികാരങ്ങൾക്കും വിചാരങ്ങൾക്കും, ചിന്തകൾക്കും, വാക്കുകൾക്കും, അതീതനാണ് എന്ന ബോധ്യം ആഴപ്പെടും. ഒരു യഥാർത്ഥ പൗരസ്ത്യ സഭാതനയന്റെ ദൈവോന്മുഖമായ നിലപാടാണിതു്. ആധുനിക മനു

www.malankaralibrary.com

ഷ്യൻ തൻെറ കേവലം പരിമിതമായ ചിന്താവലയത്തിൽ മെനഞ്ഞെടുക്കുന്ന ''ദൈവ - വിഗ്രഹ''വുമായി പൗരസ്ത്യസഭാതനയരുടെ ജീവിക്കുന്ന ദൈവത്തിനു് ബന്ധമൊന്നുമില്ല. മനുഷ്യൻ ദൈവത്തിൻെറ രൂപത്തിലും സാദൃശ്യത്തിലുമാണ് സൃഷ്ടിക്കപ്പെട്ടിരിക്കുന്നതു്; അല്ലാതെ ദൈവം മനുഷ്യഭാവനയുടെ രൂപത്തിലും സാദൃശ്യത്തിലുമല്ല.

മാർ തോമ്മായുടെ മാർഗ്ഗത്തിലെ ദൈവം ജീവിക്കുന്നവനായ ദൈവമാണ്. ഈ സത്യദൈവത്തെ നേരിട്ടനുഭവിക്കുന്നവരാണ് മാർ തോമ്മാ നസ്രാണികൾ. സ്പൃശനീയമായ പ്രസ്തുത അനുഭവത്തിലേക്കു് അവർ പ്രവേശിച്ചതോ മാർ തോമ്മാ ശ്ലീഹാ വഴിയായി. മാർ തോമ്മായുടെ മാർഗ്ഗത്തിൻെറ വിശദാംശങ്ങളിലേക്കുള്ള ഒരെത്തിനോട്ടം മാത്രമാണ് ഈ ചെറു ഗ്രന്ഥം.

''ചെറിയ വേദോപദേശം'' എന്ന പേരിൽ സീറോ മലബാർ സഭയിൽ പ്രചാരത്തിലിരുന്ന മതാദ്ധ്യാപന ഗ്രന്ഥത്തിനു പകരമായിട്ടാണ് ഈ പുസ്തകം വിഭാവനം ചെയ്തിരിക്കുന്നതു്. നമ്മുടെ കുഞ്ഞുങ്ങൾക്കു് നമ്മുടേതായ രീതിയിൽ നമ്മുടെ സഭാജീവിതം അനുഭവവേദ്യമാകുന്നതിനു് ഇതു സഹായകമാകുമെന്നു വിശ്വസിക്കുന്നു. കാലക്രമത്തിൽ ഇതിൻെറ മാതൃകയിൽ ഓരോ ക്ലാസ്സിലേയ്ക്കും പ്രത്യേകം പ്രത്യേകം പുസ്തകങ്ങൾ പുറത്തു വരുമെന്ന പ്രതീക്ഷയും അസ്ഥാനത്തല്ല.

ഈ ഗ്രന്ഥ രചനയ്ക്കായി പ്രചോദനവും പ്രേരണയും നല്കിയ സകലരേയും, പ്രത്യേകിച്ച്, ഭാഷാപരമായ തിരുത്തലുകൾ നടത്തിയ ബ. സിസ്റ്റേഴ്സ് ബഞ്ചമിൻ, ട്രീസാ മരിയ എന്നിവരേയും, നന്ദിയോടെ അനുസ്മരിക്കുന്നു. അവർക്കും അനുവാചകർക്കും ധാരാളമായ ദൈവാനുഗ്രഹം ലഭിക്കട്ടെയെന്നു പ്രാർത്ഥിക്കുകയും ചെയ്യുന്നു.

വർഗ്ഗീസ് പാത്തികുളങ്ങര
സി. എം. ഐ.

ധർമ്മാരാം, ബാംഗ്ളൂർ
ജൂലൈ 3, 1988
പിതൃദിനം

www.malankaralibrary.com

1

# മാർ തോമ്മായുടെ മാർഗ്ഗം

## മനുഷ്യർ പലതരം

മനുഷ്യർ വിഭിന്നരാണ്. പലതരത്തിലവർ പെരുമാറുന്നു; പ്രവർത്തിക്കുന്നു. അവരുടെ സ്വഭാവവും വ്യത്യസ്തം തന്നെ. ചിലർ പുസ്തകവായനയിൽ താത്പര്യം പ്രകടിപ്പിക്കുമ്പോൾ മററു ചിലർ കളിക്കാൻ ആഗ്രഹിക്കുന്നു. വിവിധതരം ജോലികളിൽ സംതൃപ്തി കണ്ടെത്തുന്നവരും വിരളമല്ല.

ഭക്ഷണ സാധനങ്ങൾ വിവിധങ്ങളാണ്. ഓരോരുത്തർക്കും വ്യത്യസ്തമായ രുചിയും താത്പര്യവുമാണുള്ളതും.

മനുഷ്യരുടെ ആകൃതിയിലും പ്രകൃതിയിലും തന്നെ എത്രയോ തര വ്യത്യാസങ്ങൾ! വെളുത്തവർ, കറുത്തവർ, ഇരുനിറക്കാർ അങ്ങനെ പലനിറക്കാർ. പൊക്കം കൂടിയവരും കുറഞ്ഞവരും സൗന്ദര്യമുള്ളവരും വിരൂപികളും ഒക്കെ വൈവിദ്ധ്യങ്ങൾ തന്നെ. ആകൃതിയിലും പ്രകൃതിയിലുമെല്ലാം വ്യത്യാസങ്ങൾ കാണാം.

## പല ഭാഷകൾ

സംസാരഭാഷയിലും വ്യത്യാസം. മലയാളികൾ, തമിഴർ; കന്നടക്കാർ, തെലുങ്കർ, മറാത്തികൾ, ഗുജറാത്തികൾ, ബംഗാളികൾ, അങ്ങനെ ഇൻഡ്യയ്ക്കുള്ളിൽത്തന്നെ

www.malankaralibrary.com

എത്ര ഭാഷാവിഭാഗങ്ങരം? ഇവരെല്ലാവരും ഒരുപോലെ ഇൻഡ്യാക്കാരാണുതാനും.

## വിവിധ പ്രാർത്ഥനാരീതികരം

പ്രാത്ഥനാരീതികളിലും വ്യത്യാസങ്ങളുണ്ട്. ചിലർ നിന്നുകൊണ്ടു പ്രാത്ഥിക്കുമ്പോരം മററു ചിലർ സാഷ്ടാംഗ പ്രണാമം ചെയ്തു പ്രാർത്ഥിക്കുന്നു. പ്രാത്ഥനയ്ക്കായി മുട്ടുകുത്തുന്നവരും പത്മാസനത്തിലിരിക്കുന്നവരും വിരളമല്ല.

## വൈവിദ്ധ്യത്തിൻെറ ലോകം

ലോകത്തിൽ വൈവിദ്ധ്യങ്ങരം ധാരാളം. ഒരു മനുഷ്യനെപ്പോലെ മററൊരു മനുഷ്യനെ കണ്ടെത്താൻ എത്ര പ്രയാസം? ഒരു മൃഗംപോലാണോ വേറൊന്ന്? ഒരു ചെടിപോലല്ല, മററൊന്ന്. ദൈവമാണിതിനെല്ലാം കാരണക്കാരൻ. അവിടന്നാണ് ഓരോന്നിനേയും വ്യത്യസ്തമായി സൃഷ്ടിച്ചിരിക്കുന്നത്.

വൈവിദ്ധ്യങ്ങളിൽ സന്തോഷിക്കുന്നവനാണു നമ്മുടെ ദൈവം. അവിടത്തെ ഇഷ്ടവും അതുതന്നെ. അവിടത്തേയ്ക്കിഷ്ടമില്ലാത്തതു തിന്മയാണ്. അതു നാം ഒരിക്കലും ചെയ്യരുത്. തിന്മ നമ്മെ ദൈവത്തിൽ നിന്നും അകററും.

## വൈവിദ്ധ്യം സഭയിലും

കത്തോലിക്കാ സഭ ഒന്നേയുള്ളൂ. ഈശോമിശിഹായാണതിൻെറ സ്ഥാപകൻ. റൂഹാദക്കുദിശായാണതിനെ നയിക്കുന്നത്. അതിലും വൈവിദ്ധ്യങ്ങരം ധാരാളം.

www.malankaralibrary.com

സീറോമലബാർ സഭയും ലത്തീൻ സഭയും തമ്മിൽ വ്യത്യാസമുണ്ട്. ഇവ രണ്ടിൽ നിന്നും വ്യത്യസ്തമാണ് സീറോമലങ്കരസഭ. എങ്കിലും, ലത്തീൻകാരും സീറോ മലബാറുകാരും സീറോ മലങ്കരക്കാരും ഒരുപോലെ കത്തോലിക്കരാണ്. ഏക കത്തോലിക്കാസഭ നിലനില്ക്കുന്നതു തന്നെ ഇപ്രകാരമുള്ള ഇരുപത്തിയാറു വ്യത്യസ്ത വ്യക്തിഗതസഭകളായിട്ടാണ്. അതായത്,

**ഇരുപത്തിയാറ് = ഒന്ന്.**

ഇത്തരത്തിലുള്ള ഓരോ വ്യക്തിഗതസഭയ്ക്കും അതാതിന്റെ പ്രത്യേകരീതികളുണ്ട്. സഭാജീവിതം ഏററം പൂർണ്ണമായി പ്രകടമാകുന്നതു് ദൈവാരാധനയിലായതിനാൽ, അവിടെയായിരിക്കും പ്രത്യേകരീതികളും കൂടുതൽ വ്യക്തമാകുന്നതു്.

> ദൈവം വൈവിദ്ധ്യങ്ങൾ ഇഷ്ടപ്പെടുന്നതുകൊണ്ട്, ഓരോ സഭയുടെയും പ്രത്യേകതകളും ഇഷ്ടപ്പെടുന്നു.

## മാർ തോമ്മാ നസ്രാണികൾ

മാർ തോമ്മാ നസ്രാണികൾക്ക് അവരുടേതായ പ്രത്യേക ജീവിതരീതികളും ആരാധന ക്രമസംവിധാനങ്ങളുമുണ്ട്.

ഈശോമിശിഹായുടെ പന്ത്രണ്ടു ശ്ലീഹന്മാരിൽ ഒരാളായിരുന്നു **മാർ തോമ്മാ.** ഈശോമിശിഹായുടെ ഈലോകജീവിതത്തിന്റെ ഭൂരിഭാഗവും പലസ്തീനായുടെ വടക്കുഭാഗത്തുള്ള നസ്രസിൽ ആയിരുന്നതിനാൽ അവിടുന്നു **നസ്രായൻ** എന്നു വിളിക്കപ്പെടുന്നു. മാർ തോമ്മാശ്ലീഹായുടെ

www.malankaralibrary.com

പ്രത്യേക ചൈതന്യ വലയത്തിൽ നസ്രായനായ ഈശോയെ അനുധാവനം ചെയ്യുന്നവരാണ് **മാർ തോമ്മാ നസ്രാണികൾ**

## മാർ തോമ്മായുടെ മാർഗ്ഗം

മാർ തോമ്മാനസ്രാണികളുടെ തനതായ പ്രത്യേക വിശ്വാസ ജീവിത ശൈലിയാണ് **മാർ തോമ്മായുടെ മാർഗ്ഗം.**

നൂററാണ്ടുകൾക്കപ്പുറം – മിശിഹാക്കാലാരംഭത്തിൽ തന്നെ ഈ പ്രത്യേക ജീവിതശൈലി–**മാർ തോമ്മായുടെ മാർഗ്ഗം** നമ്മുടെ സ്വന്തം മാതൃഭൂമിയിൽ—**ഭാരതമണ്ണിൽ**—നാമെടുത്തു. മാർ തോമ്മാ ശ്ലീഹായാണ് ഇതിന്റെ വിത്ത് ഇവിടെ പാകി കിളിപ്പിച്ചത്. മനുഷ്യനായ ദൈവപുത്രനോടുകൂടി ജീവിച്ച് അവിടത്തെ തൊട്ടനുഭവിച്ചവരിൽ ഒരാളാണ **മാർ തോമ്മാ.**

പ്രത്യാശയുടെ മൂർത്തീഭാവമാണ മാർ തോമ്മായുടെ മാർഗ്ഗം; ഈ മാർഗ്ഗത്തിന്റെ ഹൃദയം **വിശുദ്ധഗ്രന്ഥവും.** *"മാർ തോമ്മാ സ്ലീവാ"* അതിന്റെ സ്വയം പ്രകാശിത രൂപമായി നില കൊള്ളുന്നു.

> മാർ തോമ്മായുടെ മാർഗ്ഗത്തിനനുസരിച്ചു ജീവിക്കുന്നവരാണ് മാർ തോമ്മാ നസ്രാണികൾ. ദൈവസ്നേഹികളായ കത്തോലിക്കരാണവർ. അവരുടെ കർബാനയ്ക്കും മററു ആരാധനാ കർമ്മങ്ങൾക്കും അതതിന്റേതായ പ്രത്യേകതയും വ്യതിരിക്തതയുമുണ്ട്. മാർ തോമ്മാ നസ്രാണികൾ എവിടെയായിരുന്നാലും അവരുടെ സ്വന്തം മാർഗ്ഗത്തിനനുസരിച്ചു ജീവിക്കുവാൻ കടപ്പെട്ടവരുമാണ്.

www.malankaralibrary.com

## വിശുദ്ധകുർബാന

**വിശുദ്ധ കുർബാന**യാണു മാർ തോമ്മായുടെ മാർഗ്ഗത്തിന്റെ കേന്ദ്രം. ഏറ്റം ആഘോഷമായ കുർബാന ക്രമത്തെ **റാസാ** (ദിവ്യരഹസ്യം) എന്നു വിളിക്കുന്നു. ആഘോഷം കുറഞ്ഞ കുർബാനക്രമങ്ങളും ഈ മാർഗ്ഗത്തിലുണ്ട്. ഈശോമിശിഹായിൽ പൂർത്തിയായ രക്ഷാകര കർമ്മത്തിന്റെ പ്രതീകങ്ങളിൽക്കൂടിയുള്ള ആചരണമാണ് കുർബാന.

മാർ തോമ്മാ നസ്രാണികൾ ഒരുമിച്ചുകൂടുന്ന പ്രധാന അവസരങ്ങളിലെല്ലാം കുർബ്ബാനയർപ്പണവും നടത്തുന്നു. *"ഞാൻ ഈ ചെയ്തത് നിങ്ങൾ എന്റെ നാമത്തിൽ ഒന്നിച്ചുകൂടുമ്പോൾ എന്റെ ഓർമ്മക്കായി ചെയ്യുവിൻ"* (റാസക്രമം).

## ഈശോയുടെ മാതൃഭാഷ നമ്മുടെ ആരാധനാഭാഷ

ഓരോ സ്ഥലത്തേയും **മാതൃഭാഷ**യിലാണിന്ന് വിശുദ്ധ കുർബ്ബാനയർപ്പണം നടക്കുന്നത്. എന്നാൽ മാർ തോമ്മായുടെ കാലംമുതൽ 1962 ജൂലൈ മൂന്നാംതീയതി വരെ നാം കുർബ്ബാനയർപ്പിച്ചിരുന്നത് **സുറിയാനി ഭാഷ**യിലായിരുന്നു. സുറിയാനിഭാഷയാകട്ടെ, ഈശോമിശിഹായുടെ മാതൃഭാഷയായിരുന്ന **അറമായഭാഷ** തന്നെയാണ്. വിശുദ്ധ ഗ്രന്ഥവും ആദിമ സഭാപാരമ്പര്യവും ഈ ഭാഷയോടു വളരെയേറെ കടപ്പെട്ടിട്ടുമുണ്ട്.

ഈശോമിശിഹായുടെയും മാർ തോമ്മാശ്ലീഹായുടെയും മാതൃഭാഷയായ സുറിയാനിയിൽ പണ്ഡിതരാകുകയെന്നത് മാർ തോമ്മാ നസ്രാണികൾ വിലമതിച്ചിരുന്ന ഒന്നായിരുന്നു. മാർ തോമ്മായുടെ മാർഗ്ഗത്തിന്റെ പ്രകാശന മാദ്ധ്യമം സുറിയാനിഭാഷയായിരുന്നു.

www.malankaralibrary.com

# ൨

# മാർ തോമ്മാ ശ്ലീഹാ

ദൈവം കല്പിച്ചു: *"തന്നത്താൻ സ്നേഹിക്കുന്നതുപോലെ തന്റെ അയൽക്കാരനെയും സ്നേഹിക്കുക"*

## നല്ല മനുഷ്യർ

നമ്മുടെ ചുററുമുള്ള എല്ലാവരും നമ്മുടെ അയൽക്കാരാണ്. **നല്ല മനുഷ്യർ** തങ്ങളുടെ അയൽക്കാരെ ആത്മാർത്ഥമായി സ്നേഹിക്കും: അവരുടെ കാര്യങ്ങളിൽ സദാ തൽപരരായിരിക്കും; അവരുടെ ആവശ്യങ്ങളിൽ അവരെ സഹായിക്കുകയുംചെയ്യും.

**നല്ല മനുഷ്യർ** ദൈവത്തെ സ്തുതിക്കുന്നു; അവിടത്തോടു നന്ദി പറയുന്നു; അവിടത്തോടു പ്രാർത്ഥിക്കുകയും ചെയ്യുന്നു.

ആത്മാർത്ഥതയോടെ പ്രാർത്ഥിക്കുകയും ദൈവത്തെയും അയൽക്കാരെയും സ്നേഹിക്കുകയും ചെയ്യുന്നവർ **വിശുദ്ധരായ മനുഷ്യരാണ്.**

## മാർ തോമ്മായുടെ വിളി

ഒരിക്കൽ, നൂററാണ്ടുകൾക്കപ്പുറത്ത്, വലിയ വിശുദ്ധ

www.malankaralibrary.com

നായ ഒരു മനുഷ്യൻ ജീവിച്ചിരുന്നു. പലസ്തീനായിൽ ജനിച്ച അദ്ദേഹം ചെറുപ്പത്തിൽതന്നെ മീൻപിടുത്തക്കാരനായി— ഗലീലിയാ തടാകത്തിലെ പരിചയ സമ്പന്നനായ ഒരു മീൻപിടുത്തക്കാരൻ.

ഈശോ അദ്ദേഹത്തെ വിളിച്ചു; തനിക്കുണ്ടായിരുന്ന സർവ്വവും ഉപേക്ഷിച്ച്, ഒരു മടിയും കൂടാതെ അദ്ദേഹം ഈശോയെ അനുഗമിക്കുകയുംചെയ്തു. അങ്ങനെ അദ്ദേഹം ഈശോയുടെ പന്ത്രണ്ടു ശ്ലീഹന്മാരിൽ ഒരുവനായി. അദ്ദേഹമാണ് **ഭാരതത്തിൻെറ ശ്ലീഹായും നമ്മുടെ പിതാവുമായ മാർ തോമ്മാ.**

ഈശോയോടൊപ്പം മരിക്കുന്നതിനുള്ള സന്നദ്ധത പരസ്യമായി പ്രകടിപ്പിച്ചുകൊണ്ടു് (യോഹ. 11,11-16) ദൈവസ്നേഹത്തിൻെറ പാരമ്യം നമ്മുടെ പിതാവു പ്രകാശിപ്പിച്ചു. മിശിഹായുടെ രക്ഷാകരദൗത്യം വ്യക്തമാക്കി (യോഹ. 14,1–7)യെടുത്തതും അദ്ദേഹമാണ്. ശ്ലീഹന്മാരുടെ പ്രതിനിധിയായി ഈശോയുടെ ഉത്ഥാനത്തിനു സാക്ഷ്യം വഹിക്കുന്നതിനുള്ള ഭാഗ്യവും (യോഹ.20, 24–29) അദ്ദേഹത്തിനുതന്നെ ലഭിച്ചു.

## മാർ തോമ്മായുടെ ഭാരത യാത്ര

മിശിഹായുടെ സ്വർഗ്ഗാരോഹണാനന്തരം പന്തക്കുസ്താനാളിൽ **റൂഹാദക്കുദിശായാൽ** നിറഞ്ഞ ശ്ലീഹന്മാർ രക്ഷകനു സാക്ഷ്യം വഹിക്കുന്നതിനായി ലോകത്തിൻെറ നാനാഭാഗങ്ങളിലേക്കും യാത്രതിരിച്ചു. നമ്മുടെ ജന്മഭൂമിയായ **ഇൻഡ്യ**യായിരുന്നു മാർ തോമ്മാശ്ലീഹായുടെ ലക്ഷ്യം.

www.malankaralibrary.com

യാത്രാമദ്ധ്യേ, അന്ന പ്രകീർത്തിതമായിരുന്ന **പേർഷ്യയിൽ** ശ്ലീഹാ തൻെറ മിശിഹാനുഭവം പകൻ്ന. ഇക്കാലത്താണ് ഗുണ്ടഫർ (കണ്ടപ്പ) രാജാവിൻെറ ദൂതനായിരുന്ന ഹാബ്ബാൻ പ്രസിദ്ധനായ ശില്പിയെ അന്വേഷിച്ച് പേർഷ്യയിലെത്തിയത്. ഹാബ്ബാൻ വഴി മാർ തോമ്മാ ശ്ലീഹാ ഭാരതത്തിലെത്തി. ഹാബ്ബാനാകട്ടെ ശ്ലീഹായെ രാജസദസ്സിലേക്കാനയിച്ചു അപ്പോഠം രാജാവിൻെറ ഏകപുത്രിയുടെ വിവാഹം നടക്കുകയായിരുന്നു. ശ്ലീഹായുടെ വാക്കുകഠം ശ്രവിക്കുകയും അത്ഭുതങ്ങഠം കാണുകയും ചെയ്ത **രാജയുവദമ്പതികളും മററനേകരും ഈശോമിശിഹായെ നാഥനായി സ്വീകരിച്ചു.**

## കൊട്ടാരം പണി

ശ്ലീഹാ ഒരു **തച്ചനായി** അറിയപ്പെട്ടിരുന്നതിനാൽ തനിക്കിഷ്ടപ്പെട്ട കൊട്ടാരം പണിയുന്നതിനായി ഗുണ്ടഫർ രാജാവ് അദ്ദേഹത്തെ ചുമതലപ്പെടുത്തി; മതിവരുവോളം സ്വർണ്ണം, വെള്ളി നാണയങ്ങളും അദ്ദേഹത്തിനു കൊടുക്കാൻ കല്പിച്ചു. ശ്ലീഹായാകട്ടെ, ഗ്രാമങ്ങളിലും പട്ടണങ്ങളിലും ചുററിസഞ്ചരിച്ച്, കിട്ടിയ പണം മുഴുവൻ ദരിദ്രക്കു വീതിച്ചുകൊടുത്തു.

## കാരാഗൃഹത്തിൽ

കരാറനുസരിച്ചുള്ള സമയമായപ്പോഠം കൊട്ടാരം തീർത്തുകാണായ്കയാൽ രാജാവു കുപിതനായി. ശ്ലീഹായെ വിളിച്ചന്വേഷിക്കയിൽ, കൊട്ടാരം സ്വർഗ്ഗത്തിലാണ് നിർമ്മിച്ചിരിക്കുന്നതെന്നും, അതു മാനുഷിക നേത്രങ്ങഠംക്കതീതമാണെന്നും, മറുപടി കിട്ടി. രോഷാകുലനായ രാജാവ് ഹാബ്ബാനോടൊപ്പം മാർ തോമ്മാ ശ്ലീഹായെ **കാരാഗൃഹത്തിലടച്ചു.**

www.malankaralibrary.com

## ഗാദിൻെറ മരണം

ആ ദിവസങ്ങളിൽ രാജധാനിയിൽ ഒരു ദുരന്തമുണ്ടായി. രാജാവിൻെറ അനുജൻ **ഗാദ്** മൃതിയടഞ്ഞു. അദ്ദേഹമാകട്ടെ, മാർ തോമ്മാശ്ലീഹാ സ്വർഗ്ഗത്തിൽ നിർമ്മിച്ചിരിക്കുന്ന അതിമനോഹരമായ കൊട്ടാരം ദർശിക്കുകയും, രാജാവിനു പ്രത്യക്ഷനായി, അതു തനിക്കു നല്കണമെന്നാവശ്യപ്പെടുകയുംചെയ്തു.

## ജയിൽ വിമുക്തനാകുന്നു

അത്ഭുതസ്തബ്ധനായ രാജാവ്, ഉടൻതന്നെ ശ്ലീഹായെ **ജയിൽ വിമുക്തനാക്കുകയും**, തൻെറ പക്കൽ വരുത്തി എല്ലാം വിവരിച്ചു പറയുകയുംചെയ്തു. ശ്ലീഹാ തൻെറ പ്രാർത്ഥനയാൽ ഗാദിനെ ഉയിർപ്പിച്ചു; **രാജാവും ഗാദും മററനേകരും ഈശോമിശിഹായെ സ്വീകരിച്ചു.** ഗുണ്ടഫർ രാജാവിൻെറ സാമ്രാജ്യം വടക്കേ ഇൻഡ്യയിലാണെന്നും, അല്ലാ, തെക്കുതന്നെയാണെന്നും അഭിപ്രായപ്പെടുന്നവരുണ്ട്.

## കേരളത്തിൽ

മാർ തോമ്മാ ശ്ലീഹാ **കേരളത്തിൽ** ആദ്യമായി കാലുകുത്തിയതു് കൊടുങ്ങല്ലൂരാണെന്നു മാർ തോമ്മാ നസ്രാണികളുടെ പാരമ്പര്യം സാക്ഷിക്കുന്നു. **മിശിഹാക്കാലം 52-ാംമാണ്ടു്** കൊടുങ്ങല്ലൂരെത്തിയ ശ്ലീഹാ, കേരള

www.malankaralibrary.com

ത്തിൻെറ ഒരററം മുതൽ മറേറ അററം വരെ സഞ്ചരിച്ചതായും ഏഴു പള്ളികരം (വിശ്വാസസമൂഹങ്ങരം) സ്ഥാപിച്ചതായും പാരമ്പര്യത്തിലുണ്ടു്. **പാലയൂർ, കൊടുങ്ങല്ലൂർ, കോട്ടക്കാവ് (പറവൂർ), കോക്കമംഗലം, നിരണം, കൊല്ലം, ചായൽ (നിലയ്ക്കൽ), ഇവയാണ് പ്രസ്തുത പള്ളികൾ.**

## മദ്രാസിൽ

**പാണ്ടിദേശത്തും** (മദ്രാസ്) ശ്ലീഹാ പ്രവർത്തിച്ചുവെന്നതിനു് ധാരാളം സാക്ഷ്യങ്ങളുണ്ടു്. അവിടെ മൈലാപ്പൂരിൽവച്ചു് **മിശിഹാക്കാലം 72-ാംമാണ്ടു്** അദ്ദേഹം രക്തസാക്ഷിത്വം വരിച്ചു. ശ്ലീഹായുടെ അന്ത്യം വിവരിക്കുന്ന പല കഥകളുണ്ടെങ്കിലും, മത വിരോധികരം കുന്തം കൊണ്ടു കുത്തിക്കൊന്നുവെന്ന പാരമ്പര്യത്തിനാണു മുൻതൂക്കം.

## മൈലാപ്പൂർ

**മൈലാപ്പൂരിലെ** കത്തീഡ്രൽ ദൈവാലയത്തിൽ ഇന്നും മാർ തോമ്മാ ശ്ലീഹായുടെ **കബറിടം** വണങ്ങപ്പെടുന്നു.

**ചിന്നമല, പെരിയമല** എന്ന രണ്ടുകുന്നുകളും ശ്ലീഹായുടെ രക്തസാക്ഷിത്വത്തോടു വളരെ അടുത്തു ബന്ധപ്പെട്ട സ്ഥലങ്ങളാണു്.

www.malankaralibrary.com

ഈശോമിശിഹായുടെ പന്ത്രണ്ടു ശ്ലീഹന്മാരിൽ ഒരാളാണു മാർ തോമ്മാശ്ലീഹാ. ഈശോയെ നേരിട്ടനുഭവിച്ച വ്യക്തിയാണദ്ദേഹം. മിശിഹാനുഭവം പകരുന്നതിനായി ഏററം ദുർഘടവും ദൈർഘ്യമേറിയതുമായ യാത്ര അദ്ദേഹം സസന്തോഷം ഏറെറടുത്തു. അങ്ങനെ ഭാരതത്തിൻെറ ശ്ലീഹായായിത്തീർന്ന അദ്ദേഹം നമ്മുടെ പൂർവ്വികരെ മിശിഹായിൽ ഉറപ്പിച്ചു. അദ്ദേഹം നട്ടുവളർത്തിയ **പ്രത്യേക വിശ്വാസജീവിത ശൈലിയാണു മാർ തോമ്മായുടെ മാർഗ്ഗം.** ഈ പ്രത്യേക ജീവിത ശൈലിക്കു സാക്ഷ്യം വഹിക്കുന്നതിനായി സ്വജീവൻ തന്നെ ഹോമിച്ച വലിയ വിശുദ്ധനാണു മാർ തോമ്മാശ്ലീഹാ.

www.malankaralibrary.com

# 3

# മാർ തോമ്മാ സ്ലീവാ

## മുദ്ര അഥവാ ചിഹ്നം

ഓരോ ദേശത്തിനും ഓരോ രാഷ്ട്രത്തിനും അതതിൻേറതായ അടയാളമുണ്ട്. ഓരോ പാർട്ടിയും സ്വന്തം ചിഹ്നത്തിലാണു മത്സരിക്കുക. സ്ഥാപനങ്ങളും സമൂഹങ്ങളും മാത്രമല്ല, വ്യക്തികൾപോലും സ്വന്തം മുദ്രകളും അടയാളങ്ങളും ഉണ്ടാക്കാറുണ്ടല്ലോ. സമൂഹം അഥവാ സ്ഥാപനം അഥവാ വ്യക്തി എന്തിനുവേണ്ടി നിലകൊള്ളുന്നുവോ അതാണു അതിൻേറതായ മുദ്ര അഥവാ ചിഹ്നം വെളിവാക്കുന്നതു്.

**മാർ തോമ്മായുടെ മാർഗ്ഗത്തിനും അതിൻേറതായ ചിഹ്നമുണ്ട്. അതാണ് മാർ തോമ്മാ സ്ലീവാ.**

## മാർ തോമ്മാ സ്ലീവാ: പാരമ്പര്യം

മാർ തോമ്മാശ്ലീഹായുടെ രക്തസാക്ഷിത്വാവസരത്തിൽ, അദ്ദേഹത്തിൻെറ രക്തം വീണു നനഞ്ഞതെന്നു കരുതപ്പെടുന്ന കരിങ്കൽ പാറമേൽ പിൽക്കാലത്തു കൊത്തിയുണ്ടാക്കിയിട്ടുള്ളതാണു് മാർ തോമ്മായുടെ മാർഗ്ഗത്തിൻെറ ഈ പ്രത്യേക പ്രതീകം. ഏഴാം നൂററാണ്ടിലാണിതു കൊത്തപ്പെട്ടതെന്നു പണ്ഡിതന്മാർ പറയുന്നു.

www.malankaralibrary.com

## 16-ാം നൂററാണ്ടിലെ അന്വേഷണം

16-ാം നൂററാണ്ടിൽ മൈലാപ്പൂരിൽ അന്വേഷണം നടത്തിയ പാശ്ചാത്യമിഷ്യനറിമാർ ഈ **സ്ലീവാ** കണ്ടെത്തി. അവർ അതു് പെരിയ മലയിലെ പള്ളിയിൽ അംത്താരയുടെ പിറകിലുള്ള ഭിത്തിയിൽ സ്ഥാപിച്ചു.

## അത്ഭുതം

1557 ഡിസംബർ 18-ാം തീയതി, വിശുദ്ധ കുർബാനയിൽ സുവിശേഷവായന സമയത്തു് ഈ സ്ലീവാ രക്തം വിയർത്തു. ഈ അത്ഭുതം തുടർന്നുള്ള എല്ലാ കൊല്ലങ്ങളിലും ആവർത്തിക്കപ്പെട്ടിരുന്നതായും മിഷ്യനറിമാർ സാക്ഷിക്കുന്നു. അവർ വിവരം മാർപ്പാപ്പായെ അറിയിക്കുകയും, ഡിസംബർ 18-ാം തീയതി **മാർ തോമ്മാസ്ലീവായുടെ പ്രത്യക്ഷത്തിൻെറ ഓർമ്മത്തിരുനാൾ** കൊണ്ടാടുന്നതിനുള്ള അനുവാദം വാങ്ങുകയും ചെയ്തു.

**ഡിസംബർ 18-ാം തീയതി** മാർ തോമ്മാനസ്രാണികൾക്കു് വലിയ തിരുനാൾ ദിവസമാണു്. അവരുടെ പ്രത്യേക വിശ്വാസ ജീവിത ശൈലിയുടെ—മാർ തോമ്മായുടെ മാർഗ്ഗത്തിൻെറ—സജീവ മുദ്രയായ മാർ തോമ്മാസ്ലീവായുടെ തിരുന്നാളാണന്നു്. എല്ലാ പള്ളികളിലും ഈ തിരുന്നാൾ ആഘോഷമായിത്തന്നെ കൊണ്ടാടണം.

## പ്രതീകാത്മകത

**ഈശോമിശിഹായുടെ മരണോത്ഥാനങ്ങളുടെ മിഴിവുററ പ്രതീകമാണു മാർ തോമ്മാസ്ലീവാ.**

www.malankaralibrary.com

മിശിഹായുടെ **ആൾരൂപമില്ലാത്ത** മാർ തോമ്മാസ്ലീവാ, ശൂന്യമായ കല്ലറപോലെ തന്നെ അവിടത്തെ ഉത്ഥാനത്തിന്റെ പ്രതീകമാണ്.

മാർ തോമ്മാസ്ലീവായുടെ നാലഗ്രങ്ങളും **വിടരുന്ന മൊട്ടുകൾ** കണക്കേ സംവിധാനം ചെയ്തിരിക്കുന്നു. മൊട്ട് പുതുജീവന്റെ അടയാളമാണല്ലോ. മിശിഹായുടെ ഉത്ഥാനം വഴിയാണ് മാനവ വംശത്തിന് യഥാർത്ഥത്തിലുള്ള പുതുജീവൻ ലഭിച്ചത്. അങ്ങനെ ഈ പ്രത്യേക സ്ലീവായുടെ ആകൃതിതന്നെ ആശയം വ്യക്തമാക്കുന്നു.

മാർ തോമ്മാസ്ലീവായിലേക്കു പറന്നിറങ്ങുന്ന **റൂഹാദക്കുദിശായും** മിശിഹായുടെ തിരുവുത്ഥാനത്തെ പ്രഘോഷണം ചെയ്യുന്നു. വിശുദ്ധ പൗലോസ് ശ്ലീഹാ പഠിപ്പിക്കുന്നതു പോലെ, റൂഹാദക്കുദിശായാണു മൃതനായ മിശിഹായെ ഉയിർപ്പിക്കുന്നത് (റോമ. 8, 11).

സ്ലീവാ നാട്ടപ്പെട്ടിരിക്കുന്നത് **താമര**യിലാണ്. താമര ബുദ്ധമതത്തിന്റെ അടയാളമാണല്ലോ. മിശിഹാക്കാലം ആദ്യന്തുററാണ്ടുകളിൽ ബുദ്ധമതത്തിന് ഇൻഡ്യയിലുണ്ടായിരുന്ന സ്വാധീന ഫലമായി, താമര ഇൻഡ്യയുടെ തന്നെ അടയാളമായി മാറി. അങ്ങനെ, താമരയിൽ ഉയർത്തപ്പെട്ട സ്ലീവാ ഇൻഡ്യയിൽ സ്വീകരിക്കപ്പെട്ട അഥവാ ഉറപ്പിക്കപ്പെട്ട ഉത്ഥിതനായ മിശിഹായുടെ പ്രതീകമായി നിലകൊള്ളുന്നു.

മാർ തോമ്മാസ്ലീവായിലെ താമരയാകട്ടെ വെള്ളത്തിൽ കിടക്കുകയല്ല, പ്രത്യുത **മൂന്നു പടികളുടെ** മുകളിലാണിരിക്കുന്നത്. ആരാധനാ പാരമ്പര്യത്തിൽ നിന്നും ഉരുത്തിരിഞ്ഞ ഈ പ്രതീകം **ഗാഗുൽത്തായെ** സൂചിപ്പിക്കുന്നു—അങ്ങനെ ഈശോമിശിഹായുടെ **മരണത്തെയും.**

www.malankaralibrary.com

**മാർ തോമ്മാസ്ലീവാ ഈശോയുടെ മരണോത്ഥാനങ്ങളെ ഒരുപോലെ വിളംബരം ചെയ്യുന്നു; മാത്രമല്ല, മരണോത്ഥാനങ്ങളിലൂടെ രക്ഷാകരകർമ്മം പൂർത്തിയാക്കിയ മിശിഹാ ഭാരത ഭൂവിൽ സ്വീകരിക്കപ്പെട്ടു കഴിഞ്ഞവനാണെന്നും പ്രഖ്യാപിക്കുന്നു.**

## പുരാതന മാതൃകകൾ

മാർ തോമ്മാസ്ലീവായുടെ **പുരാതന മാതൃകകൾ** മദ്രാസിലേതിനു പുറമേ കേരളത്തിൽ കോട്ടയം (വലിയ പള്ളി), കടമററം എന്നിവിടങ്ങളിലെ യാക്കോബായാ പള്ളികളിലും മുട്ടുചിറ, ആലങ്ങാട്ട് എന്നിവിടങ്ങളിലെ സീറോ-മലബാർ പള്ളികളോടു ചേർന്നും കാണാനുണ്ട്.

മാർ തോമ്മാ നസ്രാണികളുടെ വിശ്വാസ ജീവിത ശൈലി മുഴുവൻ ഉൾക്കൊള്ളുന്ന സമുന്നതമായ ഈ പ്രതീകം- **മാർ തോമ്മാ സ്ലീവാ** – അവരുടെ ഓരോ ഭവനത്തിലും സ്ഥാപനത്തിലും ദൈവാലയത്തിലും പ്രധാന സ്ഥാനത്തു് ഏററം അലംകൃതമായി സ്ഥാപിക്കപ്പെടണം.

www.malankaralibrary.com

# 4

# മാർ തോമ്മായുടെ മാർഗ്ഗത്തിലെ ചില പ്രാർത്ഥനകൾ

(മാർ തോമ്മായുടെ മാർഗ്ഗത്തിലുള്ള ചില പ്രത്യേക പ്രാർത്ഥനകൾ മാത്രമാണ് താഴെ കൊടുക്കുന്നതു്. ഇതുപോലെ ഓരോ അവസരത്തിലും ഉതകുന്ന പ്രാർത്ഥന ഈ മാർഗ്ഗത്തിലുണ്ട്.)

## 1. വിശുദ്ധ സ്ലീവായുടെ അടയാളം

മാർ തോമ്മാനസ്രാണികൾ ഒരു **പ്രത്യേക രീതിയിലാണ്** തങ്ങളുടെ മേൽ തന്നെ **സ്ലീവായുടെ അടയാളം** വരയ്ക്കുക.

വലത്തു കൈയിലെ ആദ്യത്തെ മൂന്നു വിരലുകളുടെ അഗ്രങ്ങൾ ചേർത്തും മററു രണ്ടു വിരലുകൾ കൈപ്പത്തിയിൽ തൊടത്തക്കവണ്ണം ഉള്ളിലേയ്ക്കു മടക്കിയും പിടിച്ച് ആദ്യം നെററിയിലും തുടർന്നു നെഞ്ചിലും പിന്നെ വലത്തെ ഉരത്തിലും അവസാനം ഇടത്തെ ഉരത്തിലും സ്പർശിച്ചുകൊണ്ടാണ് സ്ലീവായാൽ സ്വയം അടയാളപ്പെടുത്തുന്നതു്. ആ സമയത്തു് താഴെ കൊടുക്കുന്ന ത്രിത്വസ്തുതി ചൊല്ലുകയും ചെയ്യുന്നു.

www.malankaralibrary.com

*പിതാവിന്റെയും പുത്രന്റെയും റൂഹാദക്കുദിശായുടെയും നാമത്തിൽ, ആമ്മേൻ.*

ആദ്യത്തെ മൂന്നു വിരലുകൾ കൂട്ടിപ്പിടിച്ചിരിക്കുന്നതുവഴി,

*ദൈവം ഒന്നേയുള്ളുവെന്നും ഏകദൈവത്തിൽ മൂന്ന് ആളുകളുണ്ടെന്നും* പ്രഖ്യാപിക്കുന്നു.

അവസാനത്തെ രണ്ടുവിരലുകൾ ചേർത്ത് ഉള്ളിലേയ്ക്ക് (കീഴോട്ട്) മടക്കിപ്പിടിച്ചിരിക്കുന്നതിലൂടെ,

*പിതാവും പുത്രനും റൂഹാദക്കുദിശായുമാകുന്ന ത്രിയേക ദൈവത്തിലെ രണ്ടാമത്തെ ആളായ പുത്രൻ തമ്പുരാൻ ഉന്നതങ്ങളിൽ നിന്നുമിറങ്ങി, മനുഷ്യരൂപം സ്വീകരിച്ചെന്നും, മനുഷ്യനായ ദൈവ പുത്രനിൽ രണ്ടു സ്വഭാവങ്ങൾ, അതായത് ദൈവ - മനുഷ്യ സ്വഭാവങ്ങൾ ഒന്നിച്ചിരിക്കുന്നുവെന്നും* ഏറ്റുപറയുന്നു.

## ദൈവാലയത്തിലും കപ്പേളകളിലും

മാർത്തോമ്മാ നസ്രാണികൾ ദൈവാലയത്തിലോ കപ്പേളകളിലോ പ്രവേശിക്കുമ്പോഴും അവിടെ നിന്നു പിന്തിരിയുമ്പോഴും അഗാധമായി കുനിഞ്ഞ് വിശുദ്ധ സ്ലീവായുടെ അടയാളത്താൽ തങ്ങളെത്തന്നെ വിശുദ്ധീകരിക്കുകയും പരിശുദ്ധ ത്രിത്വത്തിന്റെയും മനുഷ്യാവതാരത്തിന്റെയും രഹസ്യങ്ങൾ ഏറ്റുപറയുകയും ചെയ്യുന്നു.

www.malankaralibrary.com

## ദൈവാരാധനയിൽ

വിശുദ്ധ കുർബാനയുടെയും മററു ദൈവാരാധനാ കമ്മ ങ്ങളുടെയും മദ്ധ്യേ കാർമ്മികൻ സ്വയം സ്ലീവായുടെ അട യാളം വരയ്ക്കുകയോ, സമൂഹത്തെ പ്രസ്തുത അടയാള ത്താൽ മുദ്രിതമാക്കുകയോ ചെയ്യുന്ന സന്ദർഭങ്ങളിലെല്ലാം മാർതോമ്മാ നസ്രാണികൾ ഈ വിശുദ്ധ അടയാളത്താൽ സ്വയം മുദ്രിതരാക്കുന്നു.

## യാത്രയിൽ

യാത്രാവേളകളിൽ ദൈവാലയങ്ങളോ കപ്പേളകളോ കടന്നുപോകേണ്ടി വരുമ്പോഴും വിശുദ്ധ സ്ലീവായുടെ അട യാളത്താൽ സ്വയം മുദ്രിതമാക്കുക, മാർതോമ്മാ നസ്രാണി കളുടെ പതിവാണ്.

## 2. കർത്തൃ പ്രാർത്ഥന

ഈശോമിശിഹാ തന്നെ സ്വശിഷ്യരെ പഠിപ്പിച്ച കർത്തൃപ്രാത്ഥന തങ്ങളുടെ പ്രത്യേകമായ ഭാഷ്യത്തിലാണ് മാർതോമ്മാ നസ്രാണികൾ ഉരുവിടുക. വിശുദ്ധ മത്തായി – ലൂക്കാ സുവിശേഷകന്മാരുടെ ഭാഷ്യങ്ങൾ ഒരുമിച്ചു കൂട്ടി യതാണ് മാർതോമ്മായുടെ മാർഗ്ഗത്തിലെ കർത്തൃപ്രാത്ഥന.

***സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, അങ്ങയുടെ നാമം പൂജിതമാക ണമേ./ അങ്ങയുടെ രാജ്യം വരേണമേ./ അങ്ങയുടെ തിരുമനസ്സ്/ സ്വർഗ്ഗത്തി ലേപ്പോലെ ഭൂമിയിലുമാകണമേ.***

www.malankaralibrary.com

***ഞങ്ങൾക്ക് ആവശ്യമായ ആഹാരം| ഇന്നു ഞങ്ങൾക്കു തരേണമേ.| ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ ക്ഷമിച്ചതുപോലെ| ഞങ്ങളുടെ കടങ്ങളും പാപങ്ങളും| ഞങ്ങളോടും ക്ഷമിക്കണമേ.| ഞങ്ങളെ പ്രലോഭനത്തിൽ ഉൾപ്പെടുത്തരുതേ.| ദുഷ്ടാരൂപിയിൽ നിന്നു ഞങ്ങളെ രക്ഷിക്കണമേ.***

***എന്തുകൊണ്ടെന്നാൽ| രാജ്യവും ശക്തിയും മഹത്വവും| എന്നേയ്ക്കും അങ്ങയുടേതാകുന്നു. ആമ്മേൻ.***

വിശുദ്ധ കുർബാനയുടെയും, മററ് ആരാധന ക്രമങ്ങളുടെയും ആരംഭത്തിലോ അവസാനത്തിലോ കർത്തൃപ്രാർത്ഥന ചൊല്ലുമ്പോഴെല്ലാം താഴെവരുന്ന "***കാനോനാ***" കൂട്ടിച്ചേർക്കുക മാർത്തോമ്മാ നസ്രാണികളുടെ പതിവാണ്. ഈ "***കാനോനാ***" യാകട്ടെ, ഏശായാ പ്രവാചകന്റെയും (ഏശാ.6,3) യോഹന്നാൻ ശ്ലീഹായുടെയും (വെളി.4,8) സ്വർഗ്ഗദർശനപശ്ചാത്തലത്തിൽ, ദൈവത്തിനർപ്പിക്കപ്പെടുന്ന ഏററം ഉന്നത സ്തുതിപ്പായി ക്രമീകരിക്കപ്പെട്ടിട്ടുള്ളതാണ്.

***സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ,| അങ്ങയുടെ നാമം പൂജിതമാകണമേ,| അങ്ങയുടെ രാജ്യം വരണമേ| അങ്ങു പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ.| സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ| അങ്ങയുടെ സ്തുതിയുടെ മഹത്വത്താൽ| സ്വർഗ്ഗവും ഭൂമിയും നിറഞ്ഞിരിക്കുന്നു| മാലാഖമാരും മനുഷ്യരും അങ്ങു പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ, എന്നുദ്ഘോഷിക്കുന്നു.***

www.malankaralibrary.com

## 3. ത്രിത്വസ്തുതി

a. ***പിതാവിനും പുത്രനും റൂഹാദക്കുദിശായ്ക്കും സ്തുതി. ആദിമുതൽ എന്നേയ്ക്കും. ആമ്മേൻ.***

b. (ത്രിസാഗിയോൻ) ***പരിശുദ്ധനായ ദൈവമേ, പരിശുദ്ധനായ ബലവാനേ, പരിശുദ്ധനായ അമർത്യനേ, ഞങ്ങളോടു കൃപയുണ്ടാകണമേ*** (മൂന്നു പ്രാവശ്യം).

c. ***പിതാവ് ഒരുവൻ പരിശുദ്ധൻ, പുത്രൻ ഒരുവൻ പരിശുദ്ധൻ, റൂഹാ ഒരുവൻ പരിശുദ്ധൻ, പിതാവിനും പുത്രനും റൂഹാദക്കുദിശായ്ക്കും എന്നേയ്ക്കും സ്തുതി. ആമ്മേൻ.***

## 4. വിശ്വാസപ്രമാണം

ശ്ലീഹന്മാരുടെ കാലം മുതൽ വിശ്വാസം ഏററുപറയുന്നതിനുള്ള രീതികളും വാക്യങ്ങളും ഓരോ സഭയും രൂപീകരിച്ചുപോന്നു. 325-ൽ കൂടിയ നിഖ്യാസൂനഹദോസാണു അവയെല്ലാം ഒരുമിച്ചുകൂട്ടി, ക്രോഡീകരിച്ച്, എല്ലാ സഭകൾക്കും കൂടി പൊതുവായ ഒരു വിശ്വാസസംഹിത ശരിപ്പെടുത്തുന്നതിനൊരുമ്പെട്ടതു്. എങ്കിലും പിതാക്കന്മാരുടെ ആഗ്രഹം പൂവണിഞ്ഞതു് 381-ൽ കൂടിയ കോൺസ്റ്റാൻറിനോപ്പിൾ സൂനഹദോസിൽ വച്ചു മാത്രമാണ്.

അങ്ങനെ രൂപംകൊണ്ട വിശ്വാസപ്രമാണം വിവിധ പേരുകളിൽ അറിയപ്പെടുന്നുണ്ടു്. **നിഖ്യാവിശ്വാസ**

www.malankaralibrary.com

**പ്രമാണം, നിഖ്യാ- കോൺസ്റ്റന്റിനോപ്പിൾ വിശ്വാസപ്രമാണം, സാർവത്രിക വിശ്വാസപ്രമാണം,** തുടങ്ങിയവയെല്ലാം ഇതിന്റെ പേരുകൾതന്നെ.

വിശുദ്ധ കുർബാനയിലും കൂദാശകളിലും മറ്റെല്ലാ അവസരങ്ങളിലും മാർ തോമ്മാ നസ്രാണികൾ ഈ പ്രത്യേക വിശ്വാസ പ്രമാണമാണു ചൊല്ലുക.

*സർവ്വശക്തനും പിതാവുമായ/ഏക ദൈവത്തിൽ ഞങ്ങൾ വിശ്വസിക്കുന്നു./ ദൃശ്യവും അദൃശ്യവുമായ/സകലത്തിന്റെയും സ്രഷ്ടാവിൽ/ ഞങ്ങൾ വിശ്വസിക്കുന്നു./ ദൈവത്തിന്റെ ഏക പുത്രനും/ സകല സൃഷ്ടികൾക്കും മുമ്പുള്ള ആദ്യജാതനും/ യുഗങ്ങൾക്കെല്ലാം മുമ്പ്/ പിതാവിൽ നിന്നു ജനിച്ചവനും/ എന്നാൽ സൃഷ്ടിക്കപ്പെടാത്തവനും/ ഏക കർത്താവുമായ/ ഈശോമിശിഹായിൽ ഞങ്ങൾ വിശ്വസിക്കുന്നു./ അവിടുന്നു സത്യ ദൈവത്തിൽ നിന്നുള്ള സത്യദൈവവും/ പിതാവിനോടു കൂടെ ഏക സത്തയുമാകുന്നു./ അവിടുന്നു വഴി/ പ്രപഞ്ചം സംവിധാനം ചെയ്യപ്പെടുകയും/ എല്ലാം സൃഷ്ടിക്കപ്പെടുകയും ചെയ്തു./ മനുഷ്യരായ നമുക്കും/ നമ്മുടെ രക്ഷയ്ക്കും വേണ്ടി/ അവിടുന്ന് സ്വർഗ്ഗത്തിൽ നിന്നിറങ്ങി/ പരിശുദ്ധാത്മാവിനാൽ/ കന്യകാമറിയത്തിൽ നിന്നു ശരീരം സ്വീകരിച്ചു/ മനുഷ്യനായി പിറന്നു./ പന്തിയോസ് പീലാത്തോസിന്റെ കാലത്തു പീഡകൾ സഹിക്കുകയും/ സ്ലീവായിൽ തറയ്ക്കപ്പെട്ടു മരിക്കുകയും/സംസ്കരിക്കപ്പെടുകയും/എഴുതപ്പെട്ടിരിക്കുന്നതു പോലെ/ മൂന്നാം ദിവ*

www.malankaralibrary.com

***സം ഉയിർത്തെഴുന്നേൽക്കുകയും ചെയ്തു/ അവിടുന്ന് സ്വർഗ്ഗത്തിലേയ്ക്കെഴുന്നള്ളി/ പിതാവിന്റെ വലത്തു ഭാഗത്തിരിക്കുന്നു./ മരിച്ചവരെയും ജീവിക്കുന്നവരെയും വിധിക്കുവാൻ/ അവിടുന്ന് വീണ്ടും വരുവാനിരിക്കുന്നു./ പിതാവിൽ നിന്നു പുറപ്പെടുന്ന/ സത്യാത്മാവും ജീവദാതാവുമായ/ ഏക പരിശുദ്ധാത്മാവിലും ഞങ്ങൾ വിശ്വസിക്കുന്നു./ഏകവും പരിശുദ്ധവും ശ്ലൈഹികവും സാർവ്വത്രികവുമായ/ സഭയിലും ഞങ്ങൾ വിശ്വസിക്കുന്നു./ പാപമോചനത്തിനുള്ള ഏക മാമ്മോദീസായിലും/ ശരീരത്തിന്റെ ഉയിർപ്പിലും/ നിത്യായുസ്സിലും ഞങ്ങൾ വിശ്വസിക്കുന്നു.***

***ആമ്മേൻ.***

## 5. മാതാവിനുള്ള സ്തുതി

[സുറിയാനി സഭകൾക്ക് പൊതുവായിട്ടുള്ള മാതൃസ്തുതിയാണിത്.]

പരിശുദ്ധ മറിയമേ, ഈശോയുടെ അമ്മേ, നിനക്കു സ്തുതി.

അമ്മേ, ഞങ്ങളെ സഹായിക്കണമേ.

സകല രഹസ്യങ്ങളുടെയും നികേതനമേ, തെരഞ്ഞെടുക്കപ്പെട്ട പാത്രമേ, നിനക്കു സ്തുതി.

അമ്മേ, ഞങ്ങളെ സഹായിക്കണമേ.

സൂര്യന്റെ പ്രകാശവും ചന്ദ്രന്റെ വെണ്മയുമുള്ളവളേ, നിനക്കു സ്തുതി:

അമ്മേ, ഞങ്ങളെ സഹായിക്കണമേ.

www.malankaralibrary.com

സ്വർഗ്ഗത്തിൽ നിന്നുമുള്ള അഭിവാദ്യം സ്വീകരിക്കുവാൻ യോഗ്യയായ ഏക സ്ത്രീ രത്നമേ, നിനക്കു സ്തുതി;

അമ്മേ, ഞങ്ങളെ സഹായിക്കണമേ.

സുഗന്ധ വാഹികളായ പുഷ്പങ്ങളും പ്രകാശം പരത്തുന്ന നക്ഷത്രങ്ങളും പോലെയുള്ള സുകൃതങ്ങളാൽ അലംകൃതയായവളേ, നിനക്കു സ്തുതി;

അമ്മേ, ഞങ്ങളെ സഹായിക്കണമേ.

ദൈവിക പ്രകാശം നല്കുന്ന വിളക്കും സൈന്യങ്ങളുടെ കർത്താവിന്റെ നിക്ഷേപവുമായുള്ളവളേ, നിനക്കു സ്തുതി;

അമ്മേ, ഞങ്ങളെ സഹായിക്കണമേ.

പൗരോഹിത്യ രഹസ്യം പൊട്ടിപ്പുറപ്പെട്ട വററാത്ത ഉറവയേ, നിനക്കു സ്തുതി;

അമ്മേ, ഞങ്ങളെ സഹായിക്കണമേ.

സ്വർഗ്ഗമാകുന്ന പറുദീസായുടെ വാതിൽ ഞങ്ങൾക്കായി തുറന്നു തന്ന നാഥേ, നിനക്കു സ്തുതി:

അമ്മേ, ഞങ്ങളെ സഹായിക്കണമേ.

സകല ലോകങ്ങളേയും പ്രകാശിപ്പിക്കുന്ന സൂര്യപ്രകാശമേ, നിനക്കു സ്തുതി:

അമ്മേ, ഞങ്ങളെ സഹായിക്കണമേ.

എല്ലാ വിശുദ്ധർക്കും മാതൃകയും നേതൃത്വവുമായ നാഥേ, നിനക്കു സ്തുതി:

അമ്മേ, ഞങ്ങളെ സഹായിക്കണമേ.

ക്രിസ്ത്യാനികളുടെ അഭിമാനവും വിശ്വാസികളുടെ കിരീടവുമായവളേ, നിനക്കു സ്തുതി:

അമ്മേ, ഞങ്ങളെ സഹായിക്കണമേ.

www.malankaralibrary.com

സമുദ്രത്തിൽ സഞ്ചരിക്കുന്ന പേടകമേ, സമാധാനത്തിൻെറ തുറമുഖമേ, നിനക്കു സ്തുതി:

അമ്മേ, ഞങ്ങളെ സഹായിക്കണമേ.

വചനമായ ദൈവത്തിനു ശരീരം കൊടുത്തവളേ, നിനക്കു സ്തുതി:

അമ്മേ, ഞങ്ങളെ സഹായിക്കണമേ.

മൂശേ കണ്ട ജ്വലിക്കുന്നതും ചാമ്പലാകാത്തതുമായ മുൾപ്പടർപ്പേ, നിനക്കു സ്തുതി:

അമ്മേ, ഞങ്ങളെ സഹായിക്കണമേ.

മനുഷ്യ വംശത്തിൻെറ മകുടമായി പ്രവാചകന്മാരാൽ പ്രകീർത്തിക്കപ്പെട്ടവളേ, നിനക്കു സ്തുതി:

അമ്മേ, ഞങ്ങളെ സഹായിക്കണമേ.

വാഗ്ദാനത്തിൻെറ പേടകമേ, മന്നാ നിറച്ച പാത്രമേ, പൂട്ടപ്പെട്ട വാതിലേ, അഹറോൻെറ പുഷ്പിച്ച വടിയേ, നിനക്കു സ്തുതി:

അമ്മേ, ഞങ്ങളെ സഹായിക്കണമേ.

ദൈവത്തിൻെറ വാസസ്ഥലവും അത്യുന്നതൻെറ സിംഹാസനവുമായുള്ളവളേ, നിനക്കു സ്തുതി:

അമ്മേ ,ഞങ്ങളെ സഹായിക്കണമേ.

എല്ലാ സുകൃതങ്ങളാലും അലങ്കരിക്കപ്പെട്ടവളും പരിപൂർണ്ണതകളാൽ സമ്പൂർണ്ണയുമായവളേ, നിനക്കു സ്തുതി:

അമ്മേ, ഞങ്ങളെ സഹായിക്കണമേ.

മാലിന്യമേശാത്ത കന്യകയേ, നിനക്കുസ്തുതി:

അമ്മേ, ഞങ്ങളെ സഹായിക്കണമേ.

www.malankaralibrary.com

റൂഹാദക്കുദിശായാൽ നിറഞ്ഞവളേ, നിനക്കു സ്തുതി:

അമ്മേ, ഞങ്ങളെ സഹായിക്കണമേ.

സ്വർഗ്ഗത്തിലെ തിളങ്ങുന്ന സിംഹാസനമേ, നിനക്കു സ്തുതി:

അമ്മേ, ഞങ്ങളെ സഹായിക്കണമേ.

സ്വസ്രഷ്ടാവിനെ ഉദരത്തിൽ വഹിക്കുകയും സ്വരക്ഷകനെ തീററിപ്പോററുകയും ചെയ്തവളേ, നിനക്കുസ്തുതി:

അമ്മേ, ഞങ്ങളെ സഹായിക്കണമേ.

നാവുകളാൽ അവർണ്ണ്യവും ഭാഷാ പണ്ഡിതരാൽ പുകഴ്ത്തപ്പെടുവാൻ വഹിയാത്തവളുമായ നാഥേ, നിനക്കു സ്തുതി:

അമ്മേ, ഞങ്ങളെ സഹായിക്കണമേ.

രക്ഷയുടെ വാതിലേ, അനുഗ്രഹങ്ങളുടെ അമ്മേ, നിനക്കു സ്തുതി:

അമ്മേ, ഞങ്ങളെ സഹായിക്കണമേ.

വിശുദ്ധിയുടെ നീരുറവേ, ജനതകളെല്ലാം വാഴ്ത്തപ്പെട്ടവളെന്നു വിളിക്കുന്ന നാഥേ, നിനക്കു സ്തുതി:

അമ്മേ, ഞങ്ങളെ സഹായിക്കണമേ.

എല്ലാ ലൗകിക കിരീടങ്ങൾക്കുമുപരിയായ സ്വർഗ്ഗീയ നിക്ഷേപാലയമേ, നിനക്കു സ്തുതി:

അമ്മേ, ഞങ്ങളെ സഹായിക്കണമേ.

സുഗന്ധ പൂരിതമായ സുകൃതങ്ങളുടെ പറുദീസായേ, നിനക്കു സ്തുതി:

അമ്മേ, ഞങ്ങളെ സഹായിക്കണമേ.

സകല ലോകങ്ങളുടേയും നാഥൻെറ സിംഹാസനമേ, നിനക്കു സ്തുതി:

അമ്മേ, ഞങ്ങളെ സഹായിക്കണമേ.

www.malankaralibrary.com

സകല വിശുദ്ധരേയുംകാൾ അനുഗ്രഹീതയായ നാഥേ, നിനക്കു സ്തുതി:

അമ്മേ, ഞങ്ങളെ സഹായിക്കണമേ.

രാജാക്കന്മാരുടെ രാജാവിൻെറ വാസസ്ഥലമേ, നിനക്കു സ്തുതി:

അമ്മേ, ഞങ്ങളെ സഹായിക്കണമേ.

തൻെറ തിരുക്കുമാരനിലൂടെ ലോകം മുഴുവൻ പ്രകീർത്തിക്കപ്പെടുന്നവളേ, നിനക്കു സ്തുതി:

അമ്മേ, ഞങ്ങളെ സഹായിക്കണമേ.

നീതി സൂര്യൻെറ ഉദയസ്ഥലമായ രണ്ടാം സ്വർഗ്ഗമേ, നിനക്കു സ്തുതി:

അമ്മേ, ഞങ്ങളെ സഹായിക്കണമേ.

നമുക്കു പ്രാർത്ഥിക്കാം. സമാധാനം നമ്മോടു കൂടെ.

അനുഗ്രഹങ്ങളുടെ മാതാവേ, വാഴ്ത്തപ്പെട്ട അമ്മേ, ആനന്ദത്തിൻെറ നീരുറവേ, അനുഗ്രഹീത കേദാരമേ, മാനുഷിക വിശുദ്ധിയുടെ മാനദണ്ഡമേ, നിൻെറ മഹത്വം അവർണ്ണനീയം തന്നെ.

ഞങ്ങൾക്കുവേണ്ടി നിൻെറ തിരുക്കുമാരനോടു നീ പ്രാർത്ഥിക്കണമേ; അവിടുന്നു ഞങ്ങളുടെ പാപങ്ങൾ ക്ഷമിക്കുകയും റൂഹാദക്കുദിശായാൽ ഞങ്ങളെ വിശുദ്ധീകരിക്കുകയും ചെയ്യട്ടെ. കരുണ നിറഞ്ഞ അമ്മേ, നിൻെറ നാമം പ്രകീർത്തിക്കുന്ന ഞങ്ങൾക്ക് കരുണയും പാപപ്പൊറുതിയും വരപ്രസാദവും നിൻെറ തിരുക്കുമാരനിൽ നിന്നും വാങ്ങി തരണമേ.

സ്നേഹം നിറഞ്ഞ അമ്മേ, നിന്നിൽ ആശ്രയിക്കുന്ന ഞങ്ങൾ ഒരിക്കലും നിരാശരാകയില്ല. ലോകത്തിനു സമാധാനവും സഭയ്ക്കു വിജയവും പാപികൾക്കു പൊറു

www.malankaralibrary.com

തിയും രോഗികൾക്ക് ആരോഗ്യവും മർദ്ദിതർക്ക മോചനവും വിലപിക്കുന്നവർക്ക് ആശ്വാസവും നിൻെറ തിരുക്കുമാര നിൽ നിന്നും വാങ്ങിത്തരണമേ.

ഈശോയുടെയും ഞങ്ങളുടെയും അമ്മയായ പ. കന്യകാ മറിയമേ, നീയെന്നും ഞങ്ങളുടെ മദ്ധ്യസ്ഥയായിരിക്കേ ണമേ. ഞങ്ങളെ നിരന്തരം നിൻെറ പുത്രനും ഞങ്ങളുടെ നാഥനുമായ മിശിഹായിലേക്കു തിരിക്കേണമേ. ജീവി താന്ത്യത്തിൽ പാപപ്പൊറുതിയാൽ അവിടന്നു ഞങ്ങളെ അനുഗ്രഹിക്കുകയും വരപ്രസാദത്താൽ നിറയ്ക്കുകയും ചെയ്യട്ടെ. സത്യാരാധകരുടെ കൂട്ടത്തിൽ നിരന്തരം അങ്ങയെ ശുശ്രൂഷിക്കുന്നതിനും അങ്ങനെ സ്വർഗ്ഗരാജ്യത്തി നവകാശികളാകുന്നതിനുമുള്ള അനുഗ്രഹം ഞങ്ങൾക്കു തരു വിക്കേണമേ. ആമ്മേൻ.

## 6. വിശുദ്ധരോടുള്ള പ്രാർത്ഥന

ശ്ലീഹന്മാരേ, രക്തസാക്ഷികളേ, വിശുദ്ധരേ, നിങ്ങളെ തെരഞ്ഞെടുക്കുകയും വിശുദ്ധീകരിക്കുകയും ചെയ്ത സർവ്വശക്തനായ ദൈവം എന്നും വാഴ്ത്തപ്പെട്ടവ നാകട്ടെ. ആത്മീയ വൈദ്യരും സുകൃതതാരങ്ങളും സത്യ പ്രബോധകരും സ്വർഗ്ഗനിക്ഷേപങ്ങളുടെ കാവൽക്കാരും പിതാവിനെയും പുത്രനെയും റൂഹാദക്കുദിശായെയും ആത്മാ ർത്ഥമായി സ്നേഹിച്ചവരും സ്വന്ത ഓട്ടം പൂർത്തിയാക്കി സ്വർ ഗ്ഗീയ കിരീടം സമ്പാദിച്ചവരുമായ നിങ്ങൾ ത്രിതൈക ദൈവത്തെ നിരന്തരം സ്തുതിക്കുകയും പാടിപ്പുകഴ്ത്തുകയും ചെയ്തുകൊണ്ടിരിക്കുന്നു. ഞങ്ങളുടെ എളിയ പ്രാർത്ഥനകൾ നിങ്ങളുടെ സ്തുതിപ്പുകളോടു ചേർക്കുകയും, നിങ്ങളുടെ ഹൃദയ ത്തിൽ വസിച്ച പിതാവിനോടും നിങ്ങളുടെ ആത്മാവിനെ ശക്തിപ്പെടുത്തിയ പുത്രനോടും നിങ്ങളെ കിരീടം ധരി പ്പിച്ച റൂഹാദക്കുദിശായോടും ഞങ്ങൾക്കുവേണ്ടി അപേക്ഷി ക്കുകയും ചെയ്യണമേ. സ്വർഗ്ഗരാജ്യത്തിലേക്കുള്ള പ്രയാണ

www.malankaralibrary.com

ത്തിൽ നിങ്ങളുടെ മാതൃക പിന്തുടരുന്നതിനും, അങ്ങനെ നിരന്തരം ദൈവസ്നേഹത്തിൽ വളരുന്നതിനും, നിങ്ങളോടൊത്തു് സ്വർഗ്ഗത്തിൽ നിത്യാനന്ദം അനുഭവിക്കുന്നതിനിടയാകുന്നതിനും നിങ്ങൾ ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കേണമേ.

## 7. മരിച്ചവർക്കു വേണ്ടിയുള്ള പ്രാർത്ഥന

ഏററവും കാരുണ്യവാനായ കർത്താവേ, മരിച്ചുപോയ ഞങ്ങളുടെ മാതാപിതാക്കളെയും സഹോദരീസഹോദരന്മാരെയും ബന്ധുമിത്രാദികളെയും, അവരുടെ തെററുകളും കുററങ്ങളും പരിഹരിച്ചു്, നിത്യഭാഗ്യത്തിനർഹരാക്കണമേ. അവരുടെ പാപങ്ങൾ അങ്ങു് ഓർക്കരുതേ. അവർ ചെയ്തിട്ടുള്ള നന്മകൾ മാത്രം ഓർക്കുകയും നീതിമാന്മാരുടെ സ്ഥലത്തു് അവരെ ചേർക്കുകയും ചെയ്യണമേ. വെള്ളത്താലും റൂഹാദക്കുദിശായാലും അങ്ങയുടെ ദൈവത്വത്തിൽ പങ്കുകാരായവരാണവർ; പരിശുദ്ധ കുർബാനയാൽ പരിപോഷിതരുമാണവർ. വിധിയുടെ ദിവസത്തിൽ മുൻനിരയിൽ തന്നെ നില്ക്കുവാൻ അവരെ അനുഗ്രഹിക്കണമേ. പിതാവിൻെറ കാരുണ്യത്താലും പുത്രൻെറ സഹതാപത്താലും റൂഹാദക്കുദിശായുടെ അനുകമ്പയാലും ഞങ്ങളുടെ പ്രാർത്ഥനകൾ ഫലമണിയട്ടെ, എന്നേയ്ക്കും. ആമ്മേൻ.

www.malankaralibrary.com

# 5

# പരിശുദ്ധ കന്യകാമറിയം ഈശോയുടെയും നമ്മുടെയും അമ്മ

## അമ്മ

**അമ്മ** എത്രയോ നല്ലവളാണ്. ഓടിക്കിതച്ച് സ്കൂളിൽനിന്ന് വരുന്ന കുഞ്ഞുമോനു് അല്ലെങ്കിൽ മകൾക്ക് അമ്മയാണാശ്രയം. *"അമ്മേ എനിക്കു വിശക്കുന്നു"* അവൻ / അവൾ വിളിച്ചു പറയും. അമ്മ എങ്ങനെയെങ്കിലും അവനെ / അവളെ ആശ്വസിപ്പിക്കും. അമ്മയ്ക്കു മക്കളോടുള്ള സ്നേഹം വിവരണാതീതമാണ്. പട്ടിണി കിടന്നും തങ്ങളുടെ അരുമക്കിടാങ്ങളെ തീററിപ്പോററുന്ന എത്രയോ അമ്മമാർ! ഒരമ്മയുള്ളതു് എത്രയോ നല്ലതു്! എന്തിനും, എപ്പോഴും അമ്മയെ സമീപിക്കാം. **എന്റെ അമ്മയാണ് എന്റെ ആശ്രയം.**

## കന്യകയായ മറിയം ഈശോയുടെ അമ്മയായി

എല്ലാ വസ്തുക്കളെയും സൃഷ്ടിച്ച ദൈവം എത്രയോ സ്തുതിക്കപ്പെടേണ്ടവനാണ്. സൃഷ്ടികളുടെയെല്ലാം മകുടമായി ആദ്യമനുഷ്യനായ **ആദത്തേയും** അവനിൽ നിന്നും ആദ്യ സ്ത്രീയായ **ഹവ്വാ**യേയും അവിടുന്നു സൃഷ്ടിച്ചു. സ്വർഗ്ഗ

www.malankaralibrary.com

പറുദീസായുടെ മാതൃകയിൽ ഉരുവാക്കിയ ഏദേൻ തോട്ട മാകുന്ന ഭൗമിക പറുദീസായിൽ ആദ്യമനുഷ്യരെ അവിടന്നു പാർപ്പിക്കുകയും ചെയ്തു.

തങ്ങൾക്കു ദാനമായി ലഭിച്ച പറുദീസാ, അനുസരണ യില്ലായ്മയാൽ ആദിമാതാപിതാക്കൾ നഷ്ടപ്പെടുത്തി. മനുഷ്യവംശത്തിനു നഷ്ടമായ പ്രസ്തുത പറുദീസായുടെ മാതൃകയിൽ ദൈവം സൃഷ്ടിച്ച വ്യക്തിയാണ് **മറിയം.** ആദ്യസ്ത്രീയായ ഹവ്വാ നഷ്ടപ്പെടുത്തിയ സുകൃതങ്ങളും പരിശു ദ്ധിയും സ്വർഗ്ഗീയ സൗന്ദര്യവും മറിയം പുന:സ്ഥാപിച്ചു.

നീതിസൂര്യനും നിത്യസൂര്യനുമായ ദൈവപുത്രൻ **മറിയ ത്തിൽനിന്നും** മാംസമെടുത്ത് അവളിൽ വസിച്ചു. ***സർവ്വശക്തനായ ദൈവ പുത്രന് എന്നും എന്നേയ്ക്കും സ്തുതിയും മഹത്വവും ബഹുമാനവും ഉണ്ടായിരിക്കട്ടെ.***

## കന്യകാമറിയം

**മറിയം** അന്നായുടെയും യോവാക്കീമിന്റെയും മക ളായിരുന്നു; അവൾ തന്റെ മാതാപിതാക്കൾക്ക് പൂർണ്ണ മായും വിധേയയായി ജീവിച്ചു.

## മംഗലവാർത്ത

''ഗലീലിയായിലെ നസ്രത്ത് എന്ന പട്ടണത്തിൽ ദാവീദിന്റെ ഗോത്രത്തിൽപ്പെട്ട യൗസേപ്പ് എന്ന, പുരുഷനുമായി വിവാഹ നിശ്ചയം ചെയ്തിരുന്ന'' (ലൂക്കാ. 1, 27) **കന്യകാമറിയത്തിന്റെ** പക്കലേയ്ക്കു ദൈവം തന്റെ ദൂതനായ ഗബ്രിയേലിനെ അയച്ചു.

www.malankaralibrary.com

ഗബ്രിയേൽ ദൈവദൂതൻ കന്യകാമറിയത്തിന്റെ പക്കലെത്തി അവളോടു പറഞ്ഞു:

***ദൈവകൃപ ലഭിച്ചവളെ സ്വസ്തി! കർത്താവു നിന്നോടുകൂടെ*** (ലൂക്കാ. 1, 28).

ഈ വാക്കുകൾ കേട്ട് മറിയം അത്യധികം അസ്വസ്ഥയായി. ഈ അഭിവാദനം എന്തെന്നു ചിന്തിച്ച് വിഷമിച്ചപ്പോൾ ദൂതൻ വീണ്ടും പറഞ്ഞു:

***മറിയമേ, ഭയപ്പെടേണ്ട; ദൈവസന്നിധിയിൽ നീ കൃപ കണ്ടെത്തിയിരിക്കുന്നു. ഇതാ നീ ഗർഭം ധരിച്ച് ഒരു പുത്രനെ പ്രസവിക്കും; അദ്ദേഹത്തിന് 'ഈശോ' എന്നു പേരിടണം*** (ലൂക്കാ. 1, 30-31).

*അദ്ദേഹം വലിയവനായിരിക്കും. അത്യുന്നതന്റെ പുത്രനെന്നു വിളിക്കപ്പെടും. അദ്ദേഹത്തിന്റെ പിതാവായ ദാവീദിന്റെ സിംഹാസനം ദൈവമായ കർത്താവ് അദ്ദേഹത്തിനു കൊടുക്കും. യാക്കോബിന്റെ ഭവനത്തിൻമേൽ അദ്ദേഹം എന്നാളും ഭരണം നടത്തും. അദ്ദേഹത്തിന്റെ രാജ്യത്തിന് അവസാനമുണ്ടായിരിക്കുകയില്ല* (ലൂക്കാ. 1, 32-33).

അത്ഭുതപരവശയായ മറിയം ദൂതനോടു ചോദിച്ചു:

***ഞാൻ പുരുഷനെ അറിയാത്തതിനാൽ ഇതെങ്ങനെ സംഭവിക്കും?*** (ലൂക്കാ. 1,34).

***ദൂതനാകട്ടെ, ദൈവശക്തിയാൽ കന്യകയായ മറിയത്തിൽ സംഭവിക്കുവാനിരിക്കുന്നവയെല്ലാം അവൾക്കു വ്യക്തമാക്കിക്കൊടുത്തു:***

www.malankaralibrary.com

***"പരിശുദ്ധാത്മാവ് നിന്റെമേൽ വരും; അത്യുന്നതന്റെ ശക്തി നിന്റെമേൽ ആവസിക്കും; അതിനാൽ (നിന്നിൽനിന്നു) ജനിക്കാനിരിക്കുന്ന പരിശുദ്ധൻ, 'ദൈവത്തിന്റെ പുത്രൻ' എന്നു വിളിക്കപ്പെടും"*** (ലൂക്കാ. 1, 35).

*"ഇതാ നിന്റെ ചാർച്ചക്കാരിയായ ഏലീശ്ബാ തന്നെയും അവരുടെ വാർദ്ധക്യത്തിൽ ഒരു പുത്രനെ ഗർഭം ധരിച്ചിരിക്കുന്നു. വന്ധ്യയെന്നു വിളിക്കപ്പെട്ടിരുന്ന അവൾക്ക് ഇത് ആറാം മാസമാണ്. ദൈവത്തിന് അസാധ്യമായി ഒന്നുമില്ലല്ലോ"* (ലൂക്കാ. 1, 36-37).

ദൈവത്തിന്റെ ഇഷ്ടം മനസ്സിലായ ഉടനെ മറിയം അതിനു പരിപൂർണ്ണ സമ്മതം നല്കി:

***"ഇതാ കർത്താവിന്റെ ദാസി! അങ്ങയുടെ വാക്കുപോലെ എന്നിൽ ഭവിക്കട്ടെ."***
(ലൂക്കാ. 1, 38).

> മറിയം ദൈവേഷ്ടത്തിനു സമ്മതം മൂളിയ ആ നിമിഷം തന്നെ റൂഹാദക്കുദിശാ അവളിൽ ഇറങ്ങുകയും, പുത്രൻ തമ്പുരാൻ അവളിൽ നിന്നും മാംസം സ്വീകരിച്ച്, അവളുടെ ഉദരത്തിൽ വാസം ആരംഭിക്കുകയും ചെയ്തു.

## ഏലീശ്ബായെ പരിചരിക്കുന്നു.

ദൂതനിൽ നിന്നും കിട്ടിയ സദ്‌വാർത്തയുടെ അടിസ്ഥാനത്തിൽ, തന്റെ ചാർച്ചക്കാരിയായ **ഏലീശ്**

www.malankaralibrary.com

**ബായെ സന്ദർശിക്കുവാൻ** മറിയം പുറപ്പെട്ടു. മറിയത്തിൻെറ അഭിവാദനം ശ്രവിച്ച മാത്രയിൽ ഏലീശ്ബായുടെ ഉദരത്തിൽ വസിച്ചിരുന്ന **യോഹന്നാൻ മാംദാനാ** കുതിച്ചുചാടി. ഏലീശ്ബായാകട്ടെ റൂഹാദക്കുദിശായാൽ നിറഞ്ഞ് ഇപ്രകാരം പ്രകീർത്തിച്ചു:

***നീ സ്ത്രീകളിൽ അനുഗൃഹീതയാകുന്നു; നിൻെറ ഉദരഫലവും അനുഗൃഹീതമാകുന്നു. എൻെറ കർത്താവിൻെറ അമ്മ എൻെറ അടുത്തു വരുവാനുള്ള ഭാഗ്യം എനിക്ക് എവിടെ നിന്നു സിദ്ധിച്ചു?*** (ലൂക്കാ. 1, 42–43).

*"മൂന്നുമാസക്കാലം ഏലീശ്ബായോടൊത്തു വസിച്ചശേഷം മറിയം സ്വഭവനത്തിലേക്കു തിരിച്ചു പോയി"* (ലൂക്കാ. 1, 56).

## ബേത്‌ലെഹം യാത്ര

ദിവസങ്ങൾ കടന്നുപോയി. അങ്ങനെയിരിക്കെ, *"തൻെറ സാമ്രാജ്യത്തിലുള്ള ജനങ്ങളെല്ലാം പേരെഴുതിക്കണമെന്ന് ഒരു കല്പന അഗസ്റ്റസ് സീസർ... പുറപ്പെടുവിച്ചു"* (ലൂക്കാ. 2, 1).

*ദാവീദിൻെറ ഗോത്രത്തിലും കുടുംബത്തിലും പെട്ടവനാകയാൽ, യൗസേപ്പ് പേരെഴുതിക്കുന്നതിന് ഗലീലേയായിലെ പട്ടണമായ നസ്രത്തിൽ നിന്നും യൂദയായിൽ ബേത്‌ലെഹം എന്നറിയപ്പെട്ടിരുന്ന ദാവീദിൻെറ പട്ടണത്തിലേക്ക് മറിയം എന്ന തൻെറ ഗർഭിണിയായ ഭാര്യയോടുകൂടെ പോയി* (ലൂക്കാ. 2, 4 .5).

www.malankaralibrary.com

പുതിയ നിയമ കാലത്തെ
പലസ്തീന
നസ്രത്തും.... ബത്ലഹവും

## ഈശോയുടെ ജനനം

***അവർ അവിടെ (ബേത്ലെഹം) ആയിരിക്കുമ്പോൾ, മറിയത്തിനു പ്രസവിക്കുവാനുള്ള ദിവസങ്ങൾ തികഞ്ഞു. മറിയം തന്റെ കടിഞ്ഞൂൽ പുത്രനെ പ്രസവിച്ച് പിള്ളക്കച്ചയിൽ പൊതിഞ്ഞ് പുൽത്തൊട്ടിയിൽ കിടത്തി*** (ലൂക്കാ. 2, 6-7).

പിറവിയുടെ ഐക്കൺ

## ആട്ടിടയർക്ക് അറിയിപ്പ്

ഏകദേശം പാതിരാവിലാണ് മറിയം ഈശോയെ പ്രസവിച്ചത്. അതേ സമയം തന്നെ, ബേത്ലെഹത്തിന്റെ പ്രാന്ത പ്രദേശങ്ങളിൽ ആട്ടിൻ പററങ്ങൾക്കു കാവലിരുന്ന ആട്ടിടയക്ക് മാലാഖാ പ്രത്യക്ഷനായി അറിയിച്ചു:

*ഇതാ സർവ്വജനത്തിനും വേണ്ടിയുള്ള ഒരു വലിയ സന്തോഷവാർത്ത നിങ്ങളെ ഞാൻ അറിയിക്കുന്നു; ദാവീദിന്റെ പട്ടണത്തിൽ ഇന്ന് നിങ്ങൾക്ക്* **ഒരു രക്ഷകൻ, കർത്താവായ മിശിഹാ,** *പിറന്നിരിക്കുന്നു. ഇത് നിങ്ങൾക്ക് ഒരടയാളമാ*

www.malankaralibrary.com

*യിരിക്കും; പിള്ളക്കച്ചയിൽ പൊതിഞ്ഞ് പുൽത്തൊട്ടിയിൽ കിടത്തിയിരിക്കുന്ന ഒരു ശിശുവിനെ നിങ്ങൾ കാണും* (ലൂക്കാ. 2, 10-12).

## മാലാഖാമാരുടെ ഗീതം

ഉടൻ തന്നെ ഒരു പററം മാലാഖാമാർ ആകാശത്തിൽ പ്രത്യക്ഷപ്പെട്ട് ദൈവത്തിനു സ്തുതിപാടി:

*അത്യുന്നതമാം സ്വർലോകത്തിൽ*
*സർവ്വേശനു സ്തുതി ഗീതം*
*ഭൂമിയിലെന്നും മർത്ത്യനു ശാന്തി*
*പ്രത്യാശയുമെന്നേയ്ക്കും.*

(റാസക്രമം)

വിശുദ്ധ കുർബാനയുടെയും മററെല്ലാ ആരാധനാകർമ്മങ്ങളുടെയും ആരംഭത്തിൽ **മാലാഖാമാരുടെ** ഈ **സ്തുതി ഗീതം** മൂന്നു പ്രാവശ്യം ആവർത്തിക്കുമ്പോൾ, ദൈവത്തിൻെറ മനുഷ്യാവതാര രഹസ്യത്തിലുള്ള വിശ്വാസവും മാനവ രക്ഷാകർമ്മത്തിൽ ഈശോമിശിഹായാകുന്ന ചരിത്രപുരുഷനുള്ള പങ്കും വീണ്ടും വീണ്ടും പ്രഖ്യാപിച്ചുറപ്പിക്കുകയാണു ചെയ്യുന്നത്.

## അത്ഭുതനിര

അത്ഭുതങ്ങളുടെ ഒരു പരമ്പര തന്നെയാണ് മനുഷ്യാവതാര രഹസ്യത്തോടു ബന്ധപ്പെട്ടു കാണുക: **ദൈവം മനുഷ്യനാകുക** തന്നെ ഏററം വലിയ അത്ഭുതം.

www.malankaralibrary.com

**ദൈവ- മനുഷ്യ സ്വഭാവങ്ങളോടുകൂടി** ചരിത്രത്തിനു വിധേയനായ **ദൈവ-ആളിൻെറ** പേരാണ് **ഈശോ മിശിഹാ**. ഈശോയുടെ അമ്മയോ? **കന്യകയും പരിശുദ്ധയുമായ മറിയം.** മറിയം നിത്യമായി കന്യത്വം വാഗ്ദാനം ചെയ്തിരുന്നതിനാലും പുരുഷനെ അറിയാതിരുന്നതിനാലും ഈശോയ്ക്കു് ഈലോകത്തിൽ പിതാവില്ല. റൂഹാദക്കുദിശായുടെ ശക്തിയാലാണ് മറിയം മിശിഹായെ ഉദരത്തിൽ വസിപ്പിച്ചതു്. പുരുഷ സഹായത്താലല്ല. എന്നാൽ മറിയത്തിനു് **നീതിമാനായ** (മത്താ. 1, 19) ഒരു ഭർത്താവുണ്ടായിരുന്നു. അദ്ദേഹമാണ് **മാർ യൗസേപ്പ്**. അദ്ദേഹം ഈശോയുടെ **വളർത്തു പിതാവായി** മനുഷ്യാവതാര രഹസ്യത്തോടു സഹകരിച്ചു.

## മൂന്നു രാജാക്കന്മാർ

ആ ദിവസങ്ങളിൽ കിഴക്കുനിന്നും **മൂന്നു രാജാക്കന്മാർ ജറുശലേമിൽ** ഹേറോദേസിൻെറ കൊട്ടാരത്തിലെത്തി അന്വേഷിച്ചു:

*"യൂദന്മാർക്കു രാജാവായി ജനിച്ച ശിശു എവിടെയാണ്? അവിടുത്തെ നക്ഷത്രം ഞങ്ങൾ കിഴക്കു കണ്ടു. അവിടുത്തേയ്ക്ക് ആദരവർപ്പിക്കാനാണു ഞങ്ങൾ വന്നിരിക്കുന്നത്"* (മത്താ. 2,2).

ഹേറോദേസും ജറുശലം മുഴുവനും ആ വാർത്ത കേട്ടു ഞെട്ടി. തങ്ങളുടെ അധികാരം നഷ്ടപ്പെട്ടേക്കുമോ എന്നവർ ഭയപ്പെട്ടു. വേദ പണ്ഡിതരെ വരുത്തി വിവരം അന്വേഷിച്ചു. അവർ പ്രവചനം വായിച്ചു കേൾപ്പിച്ചു:

www.malankaralibrary.com

*"യൂദായുടെ നാട്ടിലെ ബേത്ലെഹമേ, നീ യൂദായിലെ പട്ടണങ്ങളിൽ ഒട്ടും അപ്രധാനമല്ല. എന്തെന്നാൽ, എന്റെ ജനമായ ഇസ്രായേലിനെ മേയിക്കുവാനുള്ള ഇടയൻ നിന്നിൽ നിന്നാണു വരിക"* (മത്താ. 2, 6).

ഹേറോദേസിൽ നിന്നും ലഭിച്ച വിവരമനുസരിച്ച് **മൂന്നു രാജാക്കന്മാർ ബേത്ലെഹത്തേയ്ക്ക്** തിരിച്ചു. കിഴക്ക പ്രത്യക്ഷപ്പെട്ട നക്ഷത്രം അവക്ക വഴി കാണിച്ചു.

**അവർ ഈശോയെ, അമ്മയായ മറിയത്തോടുകൂടി കണ്ട് ആരാധിക്കുകയും, തങ്ങളുടെ നിക്ഷേപപാത്രങ്ങൾ തുറന്ന്, കുന്തുരുക്കം, മീറ, പൊന്ന്, എന്നിവ ഈശോയുടെ പാദാന്തികെ സമർപ്പിക്കുകയും ചെയ്തു.**

> സഭാപിതാക്കന്മാർ സമർത്ഥിക്കുന്നതനുസരിച്ച്, ഈശോമിശിഹായുടെ ദൈവത്വത്തിന്റെയും (കുന്തുരുക്കം) മനുഷ്യത്വത്തിന്റെയും (മീറ) രാജത്വത്തിന്റെയും (പൊന്ന്) അടയാളങ്ങളായിരുന്നു മൂന്നു രാജാക്കളർപ്പിച്ച പ്രസ്തുത കാഴ്ചദ്രവ്യങ്ങൾ.

മാലാഖാ നിർദ്ദേശിച്ചതനുസരിച്ച് **മൂന്നു രാജാക്കൾ മറെറാരു വഴിക്ക്** തങ്ങളുടെ നാട്ടിലേക്ക തിരിച്ചു പോയി; യൗസേപ്പും മറിയവുമാകട്ടെ ഈശോയെയും കൊണ്ട് **ഈജിപ്തിലേയ്ക്കും** യാത്ര തിരിച്ചു.

www.malankaralibrary.com

## കുഞ്ഞിപ്പൈതങ്ങൾ

അധികാര ദുർമോഹിയായിരുന്ന ഹേറോദേസ്, യൂദന്മാരുടെ രാജാവായി പിറന്നിരിക്കുന്ന ശിശുവിനെ ഉന്മൂലനം ചെയ്യുന്നതിനായി ബേത്‌ലെഹത്തും പരിസര പ്രദേശങ്ങളിലുമുണ്ടായിരുന്നതും രണ്ടു വയസ്സിനു താഴെയുള്ളതുമായ എല്ലാ ആൺകുട്ടികളെയും വധിപ്പിച്ചു.

ഈശോമിശിഹായ്ക്കു വേണ്ടി കൊല്ലപ്പെട്ട ഈ **കുഞ്ഞിപ്പൈതങ്ങളുടെ തിരുനാൾ** എല്ലാക്കൊല്ലവും **ഡിസംബർ 28-ാം തീയതി ശിശുദിനമായി** മാർ തോമ്മാ നസ്രാണികൾ കൊണ്ടാടുന്നു.

## നസ്രായൻ

ഹേറോദേസിന്റെ മരണശേഷം, യൗസേപ്പും മറിയവും ഈശോയോടുകൂടി, ഗലീലിയായിലെ തങ്ങളുടെ പട്ടണമായ **നസ്രത്തിൽ** ചെന്നു പാർത്തു. അവിടെ മറിയത്തിന്റെയും യൗസേപ്പിന്റെയും സംരക്ഷണയിൽ, ഈശോ

***ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും സംപ്രീതിയിലും വളർന്നു വന്നു*** (ലൂക്കാ. 2,52).

അങ്ങനെ ഈശോ **നസ്രായനെന്നു** വിളിക്കപ്പെടുവാനിടയായി.

## ഈശോയുടെ അമ്മ

**പരിശുദ്ധ കന്യകാമറിയം ഈശോയുടെ അമ്മയാണ്.** അതുകൊണ്ട് മാർതോമ്മാ നസ്രാണി

www.malankaralibrary.com

കരം **ഈശോയോടുകൂടിയ മറിയത്തിന്റെ** പട ങ്ങളാണു വണങ്ങുക. അവരുടെ എല്ലാവീടുകളിലും ചെറു തോ വലുതോ ആയ ഇത്തരം പടങ്ങരം കാണാനാകും.

---

പ്രാർത്ഥനയ്ക്കായി സമ്മേളിക്കുന്ന സ്ഥലത്തെ കിഴക്കെ ഭിത്തിയുടെ കേന്ദ്രഭാഗത്തു് മാർതോമ്മാസ്ലീവായും വലത്തുവശത്തു് തിരുഹൃദയരൂപവും (ഇല്ലെങ്കിൽ ഈശോയുടെ ഏതെങ്കിലും തരത്തിലുള്ള പ്രതിഛായ) ഓരോ ഭവനത്തിലും ഉണ്ടായിരിക്കണം. അടുത്തസ്ഥാനം, അതായതു് മാർതോമ്മാസ്ലീവായുടെ ഇടത്തുവശം, ഈശോയോടുകൂടിയ മാതാവിന്റെ പടത്തിനുള്ളതാണു്.

---

## നമ്മുടെ അമ്മ

പരിശുദ്ധ കന്യകാമറിയം **നമ്മുടെയും അമ്മയാണു്.** ഗാഗുൽത്താമലയിൽ വച്ചു് അവരം നമ്മുടെ അമ്മയായി. ഈശോ കുരിശിൽ മരിക്കുന്ന നിർണ്ണായക നിമിഷത്തിൽ തന്റെ അമ്മയായ മറിയത്തോടു പറഞ്ഞു:

***സ്ത്രീയേ, ഇതാ നിങ്ങളുടെ മകൻ*** (യോഹ. 19,26)

അനന്തരം തന്റെ അരുമശിഷ്യനായ യോഹന്നാനോടു രുംചെയ്തു;

***ഇതാ, നിന്റെ അമ്മ*** (യോഹ. 19,27)

---

അങ്ങനെ മറിയം നമ്മുടെ അമ്മയായി; മനുഷ്യവംശത്തിന്റെ മുഴവൻ അമ്മയായി.

---

www.malankaralibrary.com

6

# റൂഹാദക്കുദിശാതമ്പുരാൻ

## ഏകത്വവും ത്രിത്വവും

നാം **പരിശുദ്ധത്രിത്വത്തിന്റെ** ആരാധകരാണ്; അതേസമയം **ഏകദൈവത്തിൽ** വിശ്വസിക്കുകയും ചെയ്യുന്നു. **ദൈവത്തിന്റെ ഏകത്വവും ത്രിത്വവും:** നമ്മുടെ വിശ്വാസം അവിടെ ആരംഭിക്കുന്നു; അവിടെ ചെന്നവസാനിക്കുകയും ചെയ്യും. ഈ ദിവ്യരഹസ്യത്തിലേക്കുള്ള ഉൾക്കാഴ്ചകളെല്ലാം ദൈവം വെളിപ്പെടുത്തിയതുകൊണ്ടു മാത്രം നമുക്കു ലഭിച്ചിട്ടുള്ളവയാണ്.

**ദൈവം ഒന്നേയുള്ളൂ; ഏകദൈവത്തിൽ മൂന്നാളുകളുണ്ട്: പിതാവ്, പുത്രൻ, റൂഹാദക്കുദിശാ.**

ദൈവത്തിന്റെ ഈ അസ്തിത്വ രഹസ്യത്തോടു ചേർന്നു നില്ക്കുന്നു, **മനുഷ്യാവതാരരഹസ്യം.**

പരിശുദ്ധത്രിത്വത്തിലെ രണ്ടാം ആളായ പുത്രൻതമ്പുരാൻ നമ്മെ രക്ഷിക്കുന്നതിന് മനുഷ്യനായി അവതരിച്ചു. അവതരിച്ച ദൈവപുത്രനിൽ ഒരേ ഒരു വ്യക്തിത്വം അഥവാ ആളത്വം, അതായത് **ദൈവിക ആളത്വം;** എന്നാൽ അവിടത്തേയ്ക്കു് രണ്ടുസ്വഭാവങ്ങളുണ്ടു്: **ദൈവ മനുഷ്യസ്വഭാവങ്ങൾ.**

www.malankaralibrary.com

മമ്മപ്രധാനങ്ങളായ ഈ രഹസ്യങ്ങരം വിശുദ്ധ സ്ലീവായുടെ അടയാളം വരയ്ക്കുമ്പോരം മാർതോമ്മാ നസ്രാണികരം ഏററുപറയുന്നുണ്ടെന്ന പരമാത്ഥം വ്യക്തമാക്കികഴിഞ്ഞതാണു്.

## ദൈവത്തിൻെറ ശക്തി

**ദൈവത്തിൻെറ ശക്ʼതിയാണ് റൂഹാദക്കുദിശാതമ്പുരാൻ.** സൃഷ്ടികമ്മത്തിൽ പ്രവത്തിച്ചതും പാപം ചെയ്ത ആദിമാതാപിതാക്കളെ പറുദീസായ്ക്കു പുറത്തുകടത്തിയതും ദൈവത്തിൻെറ ഈ പ്രത്യേകശക്തിയാണ്. പഴയനിയമത്തിലെ ഓരോ സംഭവവും ഈ ശക്തിയുടെ പ്രചോദനത്താൽ നടന്നു. മനുഷ്യാവതാരാകമ്മവും ഈശോമിശിഹായുടെ ഓരോ പ്രവത്തനവും അവിടത്തെ ഉത്ഥാനം തന്നെയും റൂഹാദക്കുദിശായുടെ പ്രവത്തനഫലമാണല്ലോ. മിശിഹായ്ക്കുശേഷം അവിടത്തെ സഭയെ അവളുടെ അന്ത്യത്തിലേയ്ക്കു നയിക്കുന്നതും ദൈവത്തിൻെറ ഈ ശക്തിതന്നെ.

## വിശുദ്ധഗ്രന്ഥത്തിൽ

**വിശുദ്ʼധഗ്രന്ʼഥത്തിൽ,** മൂന്നാമത്തെ ഈ ദൈവിക ആളിൻെറ പ്രവത്തനങ്ങരം വിശദീകരിക്കുന്ന ഭാഗങ്ങരം നിരവധിയാണ്. അവയിൽ നിന്നും റൂഹാദക്കുദിശാതമ്പുരാൻെറ ഏഴുദാനങ്ങളും (ഏശ.11:2) ഒമ്പത് ഫലങ്ങളും (ഗലാ. 5, 22 – 23) എടുത്തുകാണിക്കാൻ സാധിക്കും.

www.malankaralibrary.com

## റൂഹാദക്കുദിശായുടെ ഏഴു ദാനങ്ങൾ

1. ജ്ഞാനം 2. ബുദ്ധി 3. ആലോചന 4. ആത്മശക്തി 5. അറിവ് 6. ഭക്തി 7. ദൈവഭയം

## റൂഹാദക്കുദിശായുടെ ഒമ്പതു് ഫലങ്ങൾ

1. സ്നേഹം 2. സന്തോഷം 3. സമാധാനം 4. ദീർഘശാന്തത 5. മധുരശീലം 6. സൽഗുണം 7. വിശ്വാസം 8. വിനയം 9. ക്ഷമ

റൂഹാദക്കുദിശാതമ്പുരാന് ഒട്ടും ഇഷ്ടമില്ലാത്തവയാണ് **ജഡപ്രകൃതിയുടെ പ്രവൃത്തികൾ** (ഗലാ. 5, 19-21). അവ നാം **വെറുത്തുപേക്ഷിക്കേണ്ടവ**യാണ്.

1. അസന്മാർഗ്ഗികത 2. അശുദ്ധി 3. വിഷയാസക്തി 4. വിഗ്രഹാരാധന 5. വ്യഭിചാരം 6. ശത്രുത 7. കലഹം 8. അസൂയ 9. കോപം 10. സ്വാർത്ഥത 11. ഭിന്നത 12. കക്ഷിമാൽസര്യം 13. വിദ്വേഷം 14. മദ്യപാനം 15. മദോന്മത്തത

www.malankaralibrary.com

## റൂഹാദക്കുദിശാക്കെതിരായ പാപങ്ങൾ

റൂഹാദക്കുദിശാതമ്പുരാനെതിരായ ദൂഷണത്തെയും സംസാരത്തെയും കുറിച്ച് വിശുദ്ധ മത്തായി ശ്ലീഹാ (മത്ത. 12, 31–32) നമുക്ക മുന്നറിയിപ്പു നല്കുന്നുണ്ട്. ഹൃദയകാഠിന്യത്താൽ ദൈവത്തിൻെറ ശക്തിയാകുന്ന റൂഹാദക്കുദിശായുടെ പ്രചോദനങ്ങൾ തിരസ്കരിച്ച് വരപ്രസാദത്തിൻെറ വഴികളിൽനിന്നും സ്വയം വഴുതി മാറുന്ന പ്രവൃത്തികളെക്കുറിച്ചാണിവിടെ വിവക്ഷ. അങ്ങനെ ചെയ്യുന്നവർ സാമാന്യഗതിയിൽ രക്ഷപെടാൻ പ്രയാസമാണ്. അത്തരം ആറു തിന്മകളാണുള്ളത്.

1. നിരാശ: സ്വർഗ്ഗം കിട്ടുകയില്ലെന്നുള്ള വിചാരം.
2. സ്വപരിശ്രമവും സൽപ്രവൃത്തികളും കൂടാതെ സ്വർഗ്ഗം നേടാമെന്ന മിഥ്യാ ബോധം.
3. ഒന്നു സത്യമാണെന്നു ബോധ്യപ്പെട്ട ശേഷവും അതിനെ തിരസ്കരിക്കുക.
4. അന്യരുടെ നന്മയിലും ഉയർച്ചയിലുമുള്ള അസൂയ.
5. ചെയ്തുപോയ പാപത്തെക്കുറിച്ചു ബോധ്യം വന്ന ശേഷവും അതിൽ നിന്നും പിന്മാറാതിരിക്കുക.
6. അന്ത്യനിമിഷത്തിൽ പോലും അനുതാപത്തിൻെറ അടയാളം കാണിക്കാതിരിക്കുക.

www.malankaralibrary.com

## വിശുദ്ധ കുർബാനയിൽ

**വിശുദ്ധ കുർബാനയുടെ നിർണ്ണായക നിമിഷത്തിൽ (റൂഹാക്ഷണം),** മാർ തോമ്മാ നസ്രാണികൾ ഹൃദയം തുറന്നു് റൂഹാദക്കുദിശാ തമ്പുരാനെ വിളിച്ചപേക്ഷിക്കുന്നു:

*"എന്റെ കർത്താവേ, നിന്റെ പരിശുദ്ധാത്മാവു് എഴുന്നള്ളി വരട്ടെ...നിന്റെ ദാസരുടെ ഈ കുർബാനയിൽ അവിടുന്ന് ആവസിച്ച് ഇതിനെ ആശീർവദിക്കുകയും പവിത്രീകരിക്കുകയും ചെയ്യട്ടെ. എന്റെ കർത്താവേ, ഇതു ഞങ്ങൾക്കു കടങ്ങളുടെ പൊറുതിക്കും പാപങ്ങളുടെ മോചനത്തിനും മരിച്ചവരിൽ നിന്നുള്ള ഉത്ഥാനത്തിന്റെ വലിയ പ്രത്യാശയ്ക്കും നിന്നെ പ്രീതിപ്പെടുത്തിയ എല്ലാവരോടും ഒന്നിച്ച് സ്വർഗ്ഗരാജ്യത്തിൽ നവമായ ജീവനും കാരണമാകട്ടെ"*

(റാസക്രമം).

വിശുദ്ധ കുർബാനയിൽ കൂദാശാകർമ്മത്തിന്റെ പൂർത്തീകരണം റൂഹാക്ഷണ പ്രാർത്ഥനയോടെ റൂഹാദക്കുദിശാ തമ്പുരാന്റെ പ്രവർത്തനത്താൽ നടക്കുന്നു.

**വിശുദ്ധ കുർബാനയിൽ കൂദാശാകർമ്മം (കൂദാശാഭാഗം) റൂഹാക്ഷണ പ്രാർത്ഥനയോടെ നടക്കുന്ന റൂഹാദക്കുദിശാതമ്പുരാന്റെ പ്രത്യേക പ്രവർത്തനത്താൽ പൂർത്തിയാകുന്നു.**

www.malankaralibrary.com

## തിരുവസ്തുക്കൾ ഒരുക്കുമ്പോൾ

**കാസാ ഒരുക്കുമ്പോൾ**, വീഞ്ഞിൽ ചേർക്കുന്ന വെള്ളം റൂഹാദക്കുദിശായുടെ പ്രതീകമാണ്.

*"എന്നിൽ വിശ്വസിക്കുന്നവന്റെ ഉള്ളിൽ നിന്ന്, തിരുവെഴുത്തുകൾ പറയുന്നതുപോലെ, ജീവജലത്തിന്റെ അരുവികൾ ഒഴുകും. തന്നിൽ വിശ്വസിക്കുന്നവർ സ്വീകരിക്കുവാനിരുന്ന ആത്മാവിനെപ്പറ്റിയാണ് അവിടുന്ന് ഇപ്രകാരം അരുളിച്ചെയ്തത്"* (യോഹ.7, 38-39).

> കുർബ്ബാനയിൽ വിശുദ്ധ വസ്തുക്കളൊരുക്കുകയിൽ വീഞ്ഞും വെള്ളവും കൂട്ടിക്കലർത്തുന്ന കർമ്മം, ബലിവസ്തുക്കളിൽ റൂഹാദക്കുദിശായെ നിവേശിപ്പിക്കുന്ന പ്രവൃത്തിയാണ്.

## വി. കുർബ്ബാന സ്വീകരണം

**വി.കുർബാന സ്വീകരണത്തിനു മുമ്പായി, *ഒരുക്കത്തോടെ വിശുദ്ധ കുർബാന സ്വീകരിച്ച് പരിശുദ്ധാത്മാവിനാൽ പവിത്രീകരിക്കപ്പെടാം,*** എന്ന് മാർ തോമ്മാ നസ്രാണികൾ ഭക്ത്യാദരപൂർവ്വം പ്രാർത്ഥിക്കുന്നു. തങ്ങളുടെ വിശുദ്ധീകരണ പ്രക്രിയയിൽ റൂഹാദക്കുദിശായ്ക്കുള്ള പങ്ക് പരസ്യമായി പ്രഖ്യാപിക്കയാണവർ ഈ നിർണ്ണായക സന്ദർഭത്തിൽ.

www.malankaralibrary.com

## ക്രുദാശകളും ക്രുദാശാനകരണങ്ങളും

മാർ തോമ്മായുടെ മാർഗ്ഗത്തിലെ ഇതര ക്രുദാശകളിലും ക്രുദാശാനകരണങ്ങളിലും യാമപ്രാത്ഥനയിലും ആരാധനാ വത്സരസംവിധാനത്തിലും വ്യക്തിപരമായ പ്രാത്ഥനകളിൽ പോലും റൂഹാദക്കുദിശാതമ്പുരാൻെറ നിർണ്ണായക പ്രവർത്തനം വ്യക്തമായി കാണാനാകും.

നാം ദൈവജനമാണ്; ദൈവജനത്തിലേയ്ക്ക് ദൈവത്തിൻെറ കൃപ, റൂഹാദക്കുദിശാ വഴി ഒഴുകുന്നു; റൂഹാദക്കുദിശാ സ്നേഹത്തിൻെറ ആത്മാവാണ്—ദൈവാത്മാവ്; വിശുദ്ധ കുർബാനയപ്പിക്കുന്ന വിശുദ്ധരെ—വിശ്വാസികളെ—ദൈവീകരാക്കുന്ന ആത്മാവാണവിടുന്ന്; ഓരോ വിശ്വാസിയും റൂഹാദക്കുദിശായുടെ ആലയവും.

www.malankaralibrary.com

7

# ദൈവവിളി

## ദൈവത്തിൻെറ പ്രതിഛായ

മനുഷ്യരിൽ ഒരാളെ മററെയാളിൽ നിന്നും വ്യത്യസ്ഥനായിട്ട് ദൈവം സൃഷ്ടിച്ചിരിക്കുന്നു; എന്നാൽ അതേസമയം എല്ലാവരേയും തൻെറ സ്വന്തം രൂപത്തിലും സാദൃശ്യത്തിലും.

*നമുക്ക് മനുഷ്യനെ നമ്മുടെ രൂപത്തിലും സാദൃശ്യത്തിലും സൃഷ്ടിക്കാം*
(ഉൽപ. 1,26)

ചിലരെക്കുറിച്ചെങ്കിലും, അവൻ അവൻെറ അപ്പൻെറ സൽസ്വരൂപമാണ്; അവരം ഇന്ദിരാഗാന്ധിയെപ്പോലിരിക്കുന്നു, എന്നൊക്കെ പറഞ്ഞു കേരംക്കാറുണ്ടല്ലോ.

> മനുഷ്യരെല്ലാവരും ദൈവത്തിൽ നിന്നും പുറപ്പെടുന്നു; അവിടെ ചെന്നെത്തുകയും വേണം.

മാർ തോമ്മാ നസ്രാണികരം തങ്ങളുടെ വിശുദ്ധ കുർബ്ബാനയിൽ, അന്ത്യാത്താഴ വിവരണം കഴിഞ്ഞുടനെയുള്ള പ്രാത്ഥനയിൽ പ്രഖ്യാപിക്കുന്നു:

www.malankaralibrary.com

*നന്ദി പ്രകാശിപ്പിക്കുവാൻ കഴിയാത്ത വിധം അത്ര വലിയ അനുഗ്രഹമാണ് നീ ഞങ്ങൾക്കു നല്കിയിരിക്കുന്നത്. എന്തുകൊണ്ടെന്നാൽ നിന്റെ ദൈവിക ജീവനിൽ ഞങ്ങളെ പങ്കുകാരാക്കുവാൻ നീ ഞങ്ങളുടെ മനുഷ്യ സ്വഭാവം സ്വീകരിക്കുകയും അധഃപതിച്ചു പോയ ഞങ്ങളെ സമുദ്ധരിക്കുകയും മൃതരായ ഞങ്ങളെ ജീവിപ്പിക്കുകയും ചെയ്തു..... ഞങ്ങളുടെ ബലഹീനമായ പ്രകൃതിയെ നിന്റെ സമൃദ്ധമായ അനുഗ്രഹത്താൽ മഹത്വമണിയിക്കുകയും ചെയ്തു.*

ഈശോമിശിഹായിൽ, ദൈവം അവിടത്തെ ദൈവത്വം നമുക്ക് തരികയും, നമ്മുടെ മനുഷ്യത്വം സ്വയം സ്വീകരിക്കുകയും ചെയ്തു; നമ്മുടെ മർത്ത്യതയെ സ്വീകരിച്ചു കൊണ്ട് അവിടത്തെ അമർത്ത്യത നമുക്ക് നല്കി; നമ്മുടെ ബലഹീനതകളെല്ലാം സ്വയം ഏറ്റെടുത്തു കൊണ്ട്, ജീവനും രക്ഷയും ആവശ്യമായവയെല്ലാം അവിടുന്ന് നമുക്ക് പ്രദാനം ചെയ്തു.

## ദൈവത്തെപ്പോലെയാകാൻ

**മിശിഹായ്ക്കു സാക്ഷ്യം വഹിക്കുന്ന ഓരോ വിശ്വാസിയും ദൈവത്തെപ്പോലെയാകാൻ വിളിക്കപ്പെട്ടവനാണ്.**

***നാം ദൈവസ്വഭാവത്തിൽ പങ്കുകാരാകാൻ വിളിക്കപ്പെട്ടവരാണ്,*** എന്ന് ശ്ലീഹന്മാരുടെ തലവനായ വിശുദ്ധ പത്രോസ് ഏഷ്യാ മൈനറിലെ വിശ്വാസികൾക്കെഴുതിയപ്പോൾ, ഈ യാഥാർത്ഥ്യം തന്നെയാണുദ്ദേശിച്ചത്.

www.malankaralibrary.com

*"രക്ഷയ്ക്കും ദൈവഭക്തിയ്ക്കും ഉതകുന്നതെല്ലാം അവിടുത്തെ ദിവ്യശക്തി നമുക്കു പ്രദാനം ചെയ്തിരിക്കുന്നു. ....നിങ്ങൾ ലോകത്തിൽ ദുരാശനിമിത്തമുള്ള ജീർണ്ണിക്കലിൽ നിന്ന് ഓടിയകന്ന് ദൈവികസ്വഭാവത്തിൻെറ പങ്കുകാരായിത്തീരുന്നതിന് ഇടവരുന്നു"*

(2 പത്രോ. 1, 3-4).

## മിശിഹായോടനുരൂപപ്പെടണം

മിശിഹായോടനുരൂപപ്പെടുന്നതിനുള്ള ആഹ്വാനമാണ് വിശുദ്ധ പത്രോസ് ശ്ലീഹാ തൻെറ ലേഖനങ്ങളിൽ നടത്തുന്നത്. ഒരു വിശ്വാസി, ഈശോയുടെ സഹനത്തിനു സാക്ഷ്യം വഹിക്കണം; വരുവാനിരിക്കുന്ന മഹത്വത്തിൽ പങ്കുപറ്റുകയും വേണം.

## പരസ്പര സ്നേഹം

**പരസ്പരം സ്നേഹിക്കാൻ** വിളിക്കപ്പെട്ടവരാണ് വിശ്വാസികൾ. **അനുകമ്പ, കാരുണ്യം, വിനയം, അനുസരണം** തുടങ്ങിയ സുകൃതങ്ങളുടെ നിറകുടമായിരിക്കണം ഒരു മാർ തോമ്മാനസ്രാണി; അവൻ **പ്രാർത്ഥനാ നിരതനും, നീതിയോടും മഹിമയോടും** കൂടി പെരുമാറുന്നവനുമായിരിക്കണം; **തിൻമയ്ക്കുപകരം നൻമ** ആശംസിക്കുകയും **അധിക്ഷേപിക്കുന്നവർക്കുവേണ്ടി പ്രാർത്ഥിക്കുകയും** ചെയ്യുന്നവരാണു മാർതോമ്മായുടെ മാർഗ്ഗത്തിൽ ചരിക്കുന്നവർ.

www.malankaralibrary.com

## ഉന്നതവിളി

ഓരോരുത്തരുടെയും ഉന്നതമായ വിളിയ്ക്കുതകുന്ന വിധം വ്യാപരിക്കുവാൻ വേണ്ട എല്ലാ മാർഗ്ഗനിർദ്ദേശങ്ങളും, വിശുദ്ധഗ്രന്ഥവും സഭാപാരമ്പര്യവും പ്രദാനം ചെയ്യുന്നു. വിശുദ്ധ മത്തായി ഇപ്രകാരം (മത്താ. 5, 3–10) പഠിപ്പിക്കുന്നു:

1. ആത്മനാ ദരിദ്രർ ഭാഗ്യവാൻമാർ;
സ്വർഗ്ഗ രാജ്യം അവർക്കുള്ളതാകുന്നു.
2. കരയുന്നവർ ഭാഗ്യവാൻമാർ;
അവർക്കാശ്വാസം ലഭിക്കും.
3. സൗമ്യശീലർ ഭാഗ്യവാൻമാർ;
ഭൂമി അവർക്കവകാശമായി കിട്ടും.
4. ധർമ്മത്തെക്കുറിച്ച് വിശപ്പും ദാഹവുമുള്ളവർ ഭാഗ്യവാൻമാർ;
അവർ സംതൃപ്തരാകും.
5. കരുണയുള്ളവർ ഭാഗ്യവാൻമാർ;
അവർക്കു കരുണ ലഭിക്കും.
6. നിർമ്മല ഹൃദയർ ഭാഗ്യവാൻമാർ;
അവർദൈവത്തെ കാണും.
7. സമാധാന സംസ്ഥാപകർ ഭാഗ്യവാൻമാർ;
അവർ ദൈവമക്കളെന്നു വിളിക്കപ്പെടും.
8. ധർമ്മത്തെക്കുറിച്ചു പീഡയനുഭവിക്കുന്നവർ ഭാഗ്യവാൻമാർ;
സ്വർഗ്ഗരാജ്യം അവർക്കുള്ളതാകുന്നു.

www.malankaralibrary.com

## ദൈവികവും സാന്മാർഗ്ഗികവുമായ പുണ്യങ്ങൾ

ഓരോ വിശ്വാസിയിലും വിളങ്ങി പ്രശോഭിക്കേണ്ട ചില **ദൈവിക പുണ്യങ്ങളെക്കുറിച്ചും സാൻമാർഗ്ഗിക പുണ്യങ്ങളെക്കുറിച്ചും**, സഭാപിതാക്കന്മാരും വിശുദ്ധാത്മാക്കളും നമ്മെ ഉദ്ബോധിപ്പിക്കുന്നുണ്ട്.

## ദൈവികപുണ്യങ്ങൾ:

**1. വിശ്വാസം 2. ശരണം 3. ഉപവി**

## സാൻമാർഗ്ഗിക പുണ്യങ്ങൾ:

**1. വിവേകം 2. നീതി 3. ആത്മശക്തി 4. മിതത്വം**

## കാരുണ്യപ്രവൃത്തികൾ

അതുപോലെ തന്നെ, നാം അവശ്യം ചെയ്യേണ്ട ചില **കാരുണ്യ പ്രവൃത്തികളേക്കുറിച്ചും** അവർ നമ്മെ പഠിപ്പിക്കുന്നു (മത്താ. 25, 35-46):

1. **വിശക്കുന്നവർക്കു ഭക്ഷണം കൊടുക്കുക.**
2. **ദാഹിക്കുന്നവർക്കു കുടിക്കാൻ കൊടുക്കുക.**
3. **വസ്ത്രമില്ലാത്തവർക്കു വസ്ത്രം കൊടുക്കുക.**

www.malankaralibrary.com

4. പാർപ്പിടമില്ലാത്തവർക്കു പാർപ്പിടം കൊടുക്കുക.
5. രോഗികളെയും തടവുകാരെയും സന്ദർശിക്കുക.
6. അവശരെ സഹായിക്കുക.
7. മരിച്ചവരെ അടക്കുക.
8. അറിവില്ലാത്തവരെ പഠിപ്പിക്കുക.
9. സംശയമുള്ളവരുടെ സംശയം തീർക്കുക.
10. ദു:ഖിതരെ ആശ്വസിപ്പിക്കുക.
11. തെററു ചെയ്യുന്നവരെ തിരുത്തുക.
12. ഉപദ്രവങ്ങൾ ക്ഷമിക്കുക.
13. അന്യരുടെ കുറവുകൾ ക്ഷമയോടെ സഹിക്കുക.
14. ജീവിച്ചിരിക്കുന്നവർക്കും മരിച്ചവർക്കും വേണ്ടി പ്രാർത്ഥിക്കുക.

## മൂലപാപങ്ങളും അവയ്ക്കെതിരായ പുണ്യങ്ങളും

ദൈവമക്കളെന്ന നിലയിൽ നാമെല്ലാവരും ദൈവത്തെപ്പോലെയാകാൻ വിളിക്കപ്പെട്ടിട്ടുള്ളവരാണ്. അതുകൊണ്ട് എല്ലാ മൂലപാപങ്ങളിലും നിന്നകന്ന് അവയ്ക്കെതിരായ പുണ്യങ്ങൾ അഭ്യസിക്കുക, സ്വാഭാവികം മാത്രമാണ്.

www.malankaralibrary.com

1. നിഗളം ........ എളിമ
2. ദ്രവ്യാഗ്രഹം ........ ഔദാര്യം
3. മോഹം ........ അടക്കം
4. കോപം ........ ക്ഷമ
5. കൊതി ........ മിതഭോജനം
6. അസൂയ ........ ഉപവി
7. മടി ........ ഉൽസാഹം
8. തൃപ്തിയില്ലായ്മ ........ സംതൃപ്തി

## പിതാവായ ദൈവം

പൂർണ്ണ പരിശുദ്ധനും വിശുദ്ധിയുടെ ദാതാവുമാണ് **പിതാവായ ദൈവം.** അവിടുന്ന് ആരംഭവും അവസാനവുമില്ലാത്തവനാണ്; സർവ്വശക്തനും പിതാവുമാണ്; ദൃശ്യവും അദൃശ്യവുമായ സകലത്തിന്റേയും സ്രഷ്ടാവുമാണ്.

## പുത്രനായ ദൈവം

അനാദിയിൽ തന്നെ പിതാവിൽ നിന്നു ജനിച്ചിട്ടുള്ള വ്യക്തിയാണു **പുത്രനായ ദൈവം.** ഈ ജനനത്തിന്റെ രഹസ്യം മനുഷ്യബുദ്ധിയ്ക്കതീതമാണ്. വിശ്വാസപ്രമാണത്തിൽ നാം ചൊല്ലുന്നു:

*"ദൈവത്തിന്റെ ഏക പുത്രനും സകല സൃഷ്ടികൾക്കും മുൻപുള്ള ആദ്യജാതനും യുഗങ്ങൾക്കെല്ലാം മുമ്പ് പിതാവിൽ നിന്നു ജനിച്ചവനും എന്നാൽ സൃഷ്ടിക്കപ്പെടാത്തവനും ഏകകർത്താവുമായ ഈശോമിശിഹായിൽ ഞങ്ങൾ വിശ്വസിക്കുന്നു. അവിടുന്ന് സത്യദൈവത്തിൽ*

www.malankaralibrary.com

*നിന്നുള്ള സത്യദൈവവും പിതാവിനോടു കൂടെ ഏക സത്തയുമാകുന്നു. അവിടുന്നുവഴി പ്രപഞ്ചം സംവിധാനം ചെയ്യപ്പെടുകയും എല്ലാം സൃഷ്ടിക്കപ്പെടുകയും ചെയ്തു.*

തുടർന്ന് വിശ്വാസപ്രമാണത്തിൽ നാം ഏററു പറയുന്നതു് അവിടുത്തെ മനുഷ്യാവതാരം, ചരിത്ര ജീവിതം പീഡാസഹനം, മരണം, കബറടക്കം, ഉത്ഥാനം, സ്വർഗ്ഗാരോഹണം, രണ്ടാമത്തെ വരവ്, എന്നീ ദിവ്യരഹസ്യങ്ങളാണ്.

> *"നമുക്കും നമ്മുടെ രക്ഷയ്ക്കും വേണ്ടി"*യാണ് ദൈവം മനുഷ്യനായതു്; മനുഷ്യൻ വിരൂപമാക്കിയ അവൻെറ ദൈവികഛായ പുനരുദ്ധരിക്കുന്നതിനായി.

## റൂഹാദക്കുദിശായായ ദൈവം

**റൂഹാദക്കുദിശായായ ദൈവവും** അനാദി മുതൽ ദൈവത്തിൽ നിന്നും പുറപ്പെട്ടിട്ടുള്ള വ്യക്തിയാണ്. *'പിതാവിൽനിന്നു പുറപ്പെടുന്ന സത്യാത്മാവും ജീവദാതാവുമായ ഏക പരിശുദ്ധാത്മാവിലും ഞങ്ങൾ വിശ്വസിക്കുന്നു'*, എന്നല്ലേ നാം വിശ്വാസപ്രമാണത്തിൽ ചൊല്ലുക. മനുഷ്യരായ നമ്മെ ഈശോയിലേക്ക പരിവർത്തനം ചെയ്യുന്നതു് — ഈശോമയരാക്കി മാററുന്നതു് — റൂഹാദക്കുദിശായായ ദൈവമാണ്.

www.malankaralibrary.com

## നമ്മുടെ വിളി

**പിതാവും പുത്രനും റൂഹാദക്കുദിശായു മാകുന്ന ത്രിത്വൈക ദൈവത്തിന്റെ ഛായയി ലാണല്ലോ മനുഷ്യരെല്ലാവരും സൃഷ്ടിക്കപ്പെ ട്ടിരിക്കുന്നത്. അതിനാൽതന്നെ ഈ ത്രിത്വൈ കദൈവത്തിന്റെ വിശുദ്ധിയിലേക്കും വിളി ക്കപ്പെട്ടവരാണവർ.**

മാർതോമ്മാനസ്രാണികളായ നമ്മുടെ **ഔന്നത്യവും കുലീനതയും** നാം മനസ്സിലാക്കുന്നുണ്ടോ? അതിന നുസരിച്ച ജീവിക്കാൻ പരിശ്രമിക്കേണ്ടതല്ലേ?

> ദൈവത്തിന്റെ **ആളുകൾ** ആരെയും ഉപദ്ര വിക്കുകയില്ല; എല്ലാവർക്കും നന്മമാത്രം ചെയ്യുന്നു; ദ്രോഹിക്കുന്നവരെ അനുഗ്രഹിക്കും; ദൂഷണം പറയു ന്നവർക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യും.

ഈശോ പഠിപ്പിക്കുന്നു:

*'നിങ്ങളോടു തിൻമചെയ്യുന്നവനോടു എതിർ ത്തു നിൽക്കേണ്ട. നിന്റെ വലത്തെ ചെകിട്ടത്ത് അടിക്കുന്നവന് ഇടത്തെ ചെകിടുകൂടി കാണിച്ചു കൊടുക്കുക. നിനക്കെതിരായി അന്യായം കൊടു ത്ത് നിന്റെ ഉടുപ്പ് കൈവശപ്പെടുത്തുവാൻ ആഗ്രഹിക്കുന്നവന് നിന്റെ മേലങ്കികൂടി വിട്ടു*

www.malankaralibrary.com

*കൊടുക്കുക. ഒരു മൈൽ തന്നോടുകൂടി പോരാൻ നിർബന്ധിക്കുന്നവന്റെ കൂടെ രണ്ടുമൈൽ പോകുക. ചോദിക്കുന്നവനു കൊടുക്കുക; വായ്പ വാങ്ങാൻ വരുന്നവനിൽനിന്ന് ഒഴിഞ്ഞുമാറാതിരിക്കുക"* (മത്താ. 5, 38-42).

ദൈവത്തിന്റെ മക്കളായ മാർത്തോമ്മാനസ്രാണികൾ നന്മകൊണ്ട് തിന്മയെ ജയിക്കുന്നതിൽ സദാ തല്പരരായിരിക്കണം. അതാണവരുടെ ദൈവവിളി.

www.malankaralibrary.com

8

# ദൈവത്തിന്റെ മനുഷ്യർ

## നുണ വലിയ തെററാണ്

കുഞ്ഞുമോൻ പുറത്ത് കൂട്ടുകാരുമൊത്ത് ഉല്ലാസമായി കളിച്ചുകൊണ്ടിരിക്കുന്നു. അമ്മ അവനെ വിളിച്ചു. ''എന്താമ്മേ?'', അവന്റെ ചോദ്യം. ''നിന്റെ ഗൃഹപാഠങ്ങൾ ചെയ്തുതീർത്തോ?'' അമ്മയുടെ അന്വേഷണം. ''അതെപ്പോഴേ തീർന്നു'', ധൃതിയിൽ പന്തിന്റെ പിറകെ ഓടുന്നതിനിടയിലുള്ള അവന്റെ പ്രത്യുത്തരം. ''ഉവ്വ, ഞാനൊന്നു കാണട്ടെ'', അമ്മ. ''പിന്നെ കാണിക്കാമ്മേ, ഞാനല്പം കളിച്ചോട്ടെ'', കുഞ്ഞുമോൻ. ''പോര, എനിക്കിപ്പോൾ തന്നെ കാണണം'', അമ്മയ്ക്കു നിർബന്ധമായി.

കുഞ്ഞുമോന്റെ മുഖം സ്വല്പം വാടി. അമ്മയ്ക്കു കാര്യം മനസ്സിലായെങ്കിലും ഒരു ഭാവവ്യത്യാസവും കാണിച്ചില്ല. കുഞ്ഞുമോൻ മെല്ലെ അകത്തുചെന്ന് ഗൃഹപാഠപുസ്തകവുമായി തിരിച്ചു വന്നു. അമ്മ അതിലേക്കു കണ്ണോടിച്ചു. അമ്മയുടെ മുഖഭാവം മാറി. അല്പം ഗൗരവത്തിൽ ചോദിച്ചു: ''മോൻ അമ്മയോടു **നുണ** പറഞ്ഞുവല്ലേ?''.

കുഞ്ഞുമോന്റെ കണ്ണുകൾ നിറഞ്ഞു. അവൻ അമ്മയെ കെട്ടിപ്പിടിച്ച്, ഏങ്ങിക്കരഞ്ഞു. തെററാണു ചെയ്തതെന്നു അവനു ബോധ്യമായി. ''ഇനി ഞാൻ ഒരിക്കലും നുണ പറയുകയില്ല'', അവൻ അമ്മയോടേററു പറഞ്ഞു. അമ്മ ഗൗരവം വിടാതെ തന്നെ പറഞ്ഞു: ''ശരി''. കുഞ്ഞു

www.malankaralibrary.com

മോൻ അമ്മയുടെ മുഖത്തേയ്ക്കു നോക്കി. വീണ്ടും കണ്ണു ടച്ച് അമ്മയെ മുറുക്കിപ്പിടിച്ച് ഏങ്ങിക്കരഞ്ഞു. അമ്മ മകനെ കോരിയെടുത്ത് തെരുതെരെ ചുംബിച്ചു; അതിനു ശേഷം പറഞ്ഞു:

''മോനെ, **നുണ പറയുക വലിയ തെററാണ്.** ഈശോയ്ക്ക് അതൊട്ടും ഇഷ്ടമല്ല. അമ്മയ്ക്കും അപ്പനും അങ്ങനെ തന്നെ. നല്ല കുഞ്ഞുങ്ങൾ ഒരിക്കലും നുണ പറയുകയില്ല; മററുള്ളവരുമായി വഴക്കടിക്കയില്ല; ഗൃഹപാഠങ്ങൾ കൃത്യമായി ചെയ്യും; ആവശ്യത്തിനു മാത്രം കളിക്കും; ചീത്തക്കുട്ടുകാരോടു കൂടുകയില്ല; പ്രാർത്ഥന നമസ്കാരങ്ങൾ കൃത്യമായി കൃത്യസമയത്ത് ഉത്സാഹത്തോടെ നടത്തും; പള്ളിയിൽ ശ്രദ്ധയോടു കൂടി വിശുദ്ധ കർബാനയിൽ സംബന്ധിക്കും''.

**സ്നേഹമയരായ മനുഷ്യരാണ് വിശുദ്ധർ. അവർ എല്ലാവരേയും ആത്മാർത്ഥമായി സ്നേഹിക്കുന്നു. ദൈവസ്നേഹം വഴിഞ്ഞൊഴുകുന്നതാണല്ലോ പരസ്നേഹം. വിശുദ്ധർ പ്രാർത്ഥനയിൽ തൽപരരായിരിക്കും; ഏററം നിസ്സാര കാര്യങ്ങളിൽ പോലും വളരെ വിശ്വസ്തരായിരിക്കുകയും ചെയ്യും.**

## വാഴ്ത്തപ്പെട്ട ചാവറയച്ചൻ

അങ്ങനെ ഒരു മനുഷ്യൻ മാർതോമ്മാനസ്രാണികളുടെ ഇടയിലുണ്ടായിരുന്നു: **വാഴ്ത്തപ്പെട്ട ചാവറ കുരിയാക്കോസ് ഏലിയാസച്ചൻ.** 1805-ലാണദ്ദേഹം ആല

www.malankaralibrary.com

പ്പുഴക്കടുത്തുള്ള **കൈനകരി** എന്ന ഗ്രാമത്തിൽ ജനിച്ചത്. ചെറുപ്പം മുതലേ ദൈവികകാര്യങ്ങളിൽ ഉത്സുകനായിരുന്ന കുരിയാക്കോസ്, തന്റെ കുടുംബത്തിലെ ഏക അവകാശിയായിരുന്നിട്ടും, അതെല്ലാം ഉപേക്ഷിച്ച് ദൈവത്തിന്റെ പ്രത്യേക വിളിക്ക് സ്വയം സമർപ്പിച്ച് ഒരു വൈദികനാകണമെന്നദ്ദേഹം ഉറച്ചു.

പള്ളിപ്പുറത്ത് പാലക്കൽ തോമ്മാ മല്പാനച്ചന്റെ കീഴിൽ പരിശീലനം പൂർത്തിയാക്കി, 1829 – ൽ തിരുപ്പട്ടം സ്വീകരിച്ചു.

അക്കാലത്തെ മാർത്തോമ്മാനസ്രാണി വൈദികരിൽ പ്രമുഖരായിരുന്ന പാലക്കൽ തോമ്മാ മല്പാനോടും പോരൂക്കര തോമ്മാ മല്പാനോടും യോജിച്ച്, 1831-ൽ ഇന്ത്യയിലെ ആദ്യസന്യാസ സമൂഹത്തിനു് മാന്നാനം കുന്നിൽ തുടക്കമിട്ടു. ഈ സന്യാസ സമൂഹമാണ്, ***"അമലോത്ഭവ മാതാവിന്റെ കർമ്മലീത്തർ (സി.എം.ഐ)"*** എന്നപേരിൽ ഇന്നു് ഇൻഡ്യക്കകത്തും പുറത്തും സ്തുത്യർഹമായ സേവനമനുഷ്ഠിക്കുന്നത്.

പാലക്കൽ തോമ്മാ മല്പാന്റെയും (1841) പോരൂക്കര തോമ്മാ മല്പാന്റെയും (1846) മരണശേഷം, ചാവറയച്ചനാണ് ഈ സന്യാസ സമൂഹത്തിനു് നേതൃത്വം കൊടുത്തിരുന്നത്. 1871–ൽ അദ്ദേഹത്തിന്റെ മരണംവരെ അതു തുടരുകയും ചെയ്തു. 1866-ൽ സ്ത്രീകൾക്കായി ഒരു **സന്യാസിനീസമൂഹവും (സി. എം. സി.)** അദ്ദേഹം ആരംഭിച്ചു.

തന്റെ ജീവിതത്തിന്റെ അവസാനത്തെ പത്തുകൊല്ലങ്ങൾ (1861 – 1871) വരാപ്പുഴ മെത്രാപ്പോലീത്തായുടെകീഴിൽ മാർത്തോമ്മാ നസ്രാണികൾക്കു വേണ്ടിയുള്ള **വികാരി ജനറാലായും** അദ്ദേഹം സഭാസേവനം ചെയ്തു. ആ അവസരത്തിലാണ് **റോക്കോസ് ശീശ്മ**

www.malankaralibrary.com

**യ്ക്കെതിരായി** സമരം നടത്തിയതും റോക്കോസ് മെത്രാനെ കേരളക്കരയിൽനിന്നും പറഞ്ഞു വിട്ടതും.

> തിരക്കേറിയ ജോലികൾക്കിടയിലും ദൈവവുമായി നിരന്തര സമ്പർക്കം പുലത്തുകയും, അങ്ങനെ വിശുദ്ധിയുടെ ഉന്നത പദവികളിലെത്തുകയും ചെയ്ത ഈ **മഹത് വ്യക്തി** നമുക്കെല്ലാവർക്കും **ഉത്തമ മാതൃക**യാണ്.

## വാഴ്ത്തപ്പെട്ട അൽഫോൻസാമ്മ

ദൈവത്തിന് ഏററം പ്രിയംകരിയായ ഒരു മഹിളാരത്നവും മാർതോമ്മാ നസ്രാണികളുടെയിടയിൽ മറഞ്ഞു കിടന്നിരുന്നു: **അൽഫോൻസാമ്മ.**

കോട്ടയത്തിനടുത്ത് **കുടമാളൂർ** എന്ന ഗ്രാമത്തിലാണ് ആ പനിനീർപുഷ്പം വിടർന്നത്. ചെറുപ്പത്തിൽ തന്നെ അവളുടെ അമ്മ മരിച്ചു പോയി. അമ്മയുടെ ജേഷ്ഠത്തി അവളുടെ സംരക്ഷണം ഏറെറടുത്തു. അങ്ങനെ **മുട്ടുചിറ** എന്ന ഗ്രാമത്തിലേയ്ക്കു താമസം മാററിയ അവൾ കർശനമായ ശിക്ഷണത്തിൽ വളർന്നു.

തൻെറ കൂട്ടുകാരികളെയെല്ലാം കടത്തിവെട്ടുന്ന സൗന്ദര്യത്താൽ അനുഗൃഹീതയായിരുന്നു അവൾ. സമൃദ്ധമായി ആഭരണങ്ങളണിയിച്ച് ഒരു **കൊച്ചുമണവാട്ടി**യായാണ് വളർത്തമ്മ അവളെ സ്കൂളിൽ പോലും അയച്ചിരുന്നത്.

www.malankaralibrary.com

ഈ ആഡംബരങ്ങൾക്കെല്ലാമിടയ്ക്കും അവൾ **ദൈവവുമായി അടുത്തിടപഴകിയിരുന്നു;** അവൾ ഹൃദയമുരുകി പ്രാർത്ഥിക്കുകയും എല്ലാവരേയും സ്നേഹിക്കുകയും ചെയ്തിരുന്നു. ഒരിക്കലും അവൾ കൂട്ടുകാരികളുമായി വഴക്കിട്ടിരുന്നില്ല.

**യുവത്വത്തിലേയ്ക്കു** കടന്ന അവൾ പല ചെറുപ്പക്കാരുടെയും ആകർഷണവിഷയമായിരുന്നു. പതിവനുസരിച്ച്, അവളെ സമർത്ഥനായ ഒരു ചെറുപ്പക്കാരന് ഏല്പിച്ചു കൊടുക്കാൻ അവളുടെ വളർത്തമ്മ വളരെയാഗ്രഹിച്ചു.

എന്നാൽ, നമ്മുടെ കൊച്ചുസുന്ദരി **വൈവാഹിക ജീവിതം** ഇഷ്ടപ്പെട്ടിരുന്നില്ല. ലൗകികസുഖസന്തോഷങ്ങളോടും ജീവിതസൗകര്യങ്ങളോടും അവൾ വിരസത പ്രകടിപ്പിച്ചു. തന്നെ മുഴുവനായും ഈശോമിശിഹായ്ക്കു കൊടുക്കുവാൻ അവൾ തീരുമാനിച്ചു കഴിഞ്ഞിരുന്നു.

വൈവാഹികജീവിതത്തിൽ നിന്നും വിടുതലാകുന്നതിന് സ്വശരീരം തീയിൽ വികൃതമാക്കേണ്ട പ്രത്യേക സാഹചര്യം വരെ അവൾ എത്തി.

എല്ലാ ബുദ്ധിമുട്ടുകളും തരണം ചെയ്ത്, അവൾ **ക്ലാര സഭയിൽ** അർത്ഥിനിയായി പ്രവേശിച്ചു.

സന്യാസ പരിശീലനഘട്ടം മുതൽ വിവിധങ്ങളായ **കഠിനവ്യാധികൾ** അവളെ അലട്ടിത്തുടങ്ങി. പല പ്രാവശ്യം സന്യാസസമൂഹത്തിൽ നിന്നും ബഹിഷ്കരിക്കാൻ അധികാരികൾ ഒരുങ്ങിയതാണ്. എങ്കിലും അവളെ പറഞ്ഞയക്കാൻ അവർക്കു മനസ്സുവന്നില്ല.

www.malankaralibrary.com

| |
|---|
| പല വിധത്തിലുള്ള **ത്യാഗങ്ങൾ** അവരം നിരന്തരമായി ഈശോയ്ക്കു സമർപ്പിച്ചു. കഠിനമായ വ്യാധികളാൽ പീഡിപ്പിക്കപ്പെട്ടിരുന്നപ്പോഴും, അനാവശ്യമായി തെററിദ്ധരിക്കപ്പെട്ടപ്പോഴും, പരാതിയുടെയോ അസഹിഷ്ണതയുടെയോ ഒരു നിസ്വനം പോലും അവളിൽ നിന്നും പുറപ്പെട്ടിട്ടില്ല. **ഉലയിലുരുക്കപ്പെട്ട സ്വർണ്ണം** കണക്കേ അവരം കൂടുതൽ കൂടുതൽ പ്രകാശിതയായിത്തീന്നു. |

തനിക്കുവേണ്ടി സ്വയം ഹോമിച്ച മണവാളനായ ഈശോമിശിഹായ്ക്കുവേണ്ടി എരിഞ്ഞുകൊണ്ടിരുന്ന അവരം **1946 ജൂലൈ 28-ാം തീയതി** സ്വർഗ്ഗകിരീടം ഏററുവാങ്ങുന്നതിനായി പറന്നുയർന്നു. മരിക്കുമ്പോരം വെറും മുപ്പത്താറു വയസ്സുമാത്രമാണവരംക്കുണ്ടായിരുന്നതു്. **ചുരുങ്ങിയ കാലയളവിൽ വലിയ വിശുദ്ധയായിത്തീർന്ന കൊച്ചു സുന്ദരി.**

## വാഴ്ത്തപ്പെട്ടവർ

**ഈ രണ്ടു മഹത്‌വ്യക്തികളും- ചാവറയച്ചനും അൽഫോൻസാമ്മയും- വാഴ്ത്തപ്പെട്ടവരുടെ ഗണത്തിലാണെന്ന് രണ്ടാം യോഹന്നാൻ പൗലോസ് പാപ്പാ 1986 ഫെബ്രുവരി 8-ാം തീയതി കോട്ടയത്തു വച്ച് ഔദ്യോഗികമായി പ്രഖ്യാപിച്ചു.**

ഇന്നു് എല്ലാവരും ഈ വാഴ്ത്തപ്പെട്ടവരോടു പ്രാർത്ഥിക്കുകയും, ഇവരുടെ മാദ്ധ്യസ്ഥം വഴി നല്ല ദൈവത്തിൽ നിന്നും ധാരാളം അനുഗ്രഹങ്ങരം പ്രാപിക്കുകയും ചെയ്യുന്നു.

www.malankaralibrary.com

വേറെയും **ധാരാളം മഹത്വ്യക്തികൾ** നമ്മുടെയിടയിൽ ജീവിച്ച് ഈശോമിശിഹായ്ക്കു സാക്ഷ്യം വഹിച്ചിട്ടുണ്ട്. അവരെല്ലാവരും സ്വർഗ്ഗത്തിൽ നമ്മുടെ മദ്ധ്യസ്ഥരാണ്; ഭൂമിയിൽ വിശ്വാസജീവിതത്തിന് നമുക്കു മാതൃകകളും.

## പ്ലാസിഡച്ചൻ

മാർ തോമ്മായുടെ മാർഗ്ഗം എന്തെന്ന് വ്യക്തമായി മനസ്സിലാക്കുകയും, അതിൻെറ ചൈതന്യവും ഓജസ്സും പ്രവർത്തനശൈലിയും പുനഃസ്ഥാപിക്കുന്നതിനും വളർത്തിയെടുക്കുന്നതിനുമായി സ്വജീവൻ തന്നെ ഉഴിഞ്ഞു വയ്ക്കുകയും ഒരു പരിധിവരെ അതുനേടിയെടുക്കുകയും ചെയ്ത ഒരു ധീര പടയാളി ഈ അടുത്ത കാലത്ത് ദൈവത്തിൻ പക്കലേയ്ക്കു പറന്നുയർന്നിട്ടുണ്ട്: ബഹുമാന്യനായ **പ്ളാസിഡച്ചൻ.**

വിശുദ്ധമായ ജീവിതം നയിച്ച ഒരു വ്യക്തിയാണദ്ദേഹം. സാർവത്രികസഭയും മാർ തോമ്മായുടെ മാർഗ്ഗവും തമ്മിലുള്ള ബന്ധവും വ്യതിരിക്തതയും വ്യക്തമായി മനസ്സിലാക്കുകയും ആത്മാർത്ഥതയോടെ അവ രണ്ടിനേയും പുത്രസഹജം സ്നേഹിക്കുകയും ചെയ്ത ഒരു വിശ്വാസിയായിരുന്നദ്ദേഹം.

വിശുദ്ധ പത്രോസിൻെറ പിൻഗാമിയും സാർവത്രിക സഭയുടെ തലവനുമായ മാർപ്പാപ്പായോടുള്ള ബഹുമാനം, വിധേയത്വം, ലൗകിക സ്ഥാനമാനങ്ങളോടുള്ള നിസ്സംഗതാ മനോഭാവം, വിനയാന്വിതമായ കഠിനാദ്ധ്വാനം, സഹനശീലം, തുടങ്ങിയവ പ്ലാസിഡച്ചനിൽ **വിളങ്ങി പ്രശോഭിച്ചിരുന്ന സുകൃതങ്ങളിൽ** ചിലതുമാത്രമാണ്.

www.malankaralibrary.com

മാർതോമ്മായുടെ മാർഗ്ഗത്തെ പ്രശോഭിതമാക്കുന്നതിനായി അദ്ദേഹം നടത്തിയ നിസ്വാർത്ഥ പരിശ്രമങ്ങൾ അവഗണിക്കപ്പെട്ടപ്പോഴും തന്റെമേൽ അനാവശ്യമായ കുററാരോപണങ്ങൾ ഉണ്ടായപ്പോഴും, അദ്ദേഹം പ്രദർശിപ്പിച്ചിട്ടുള്ള വിശാല ഹൃദയത്വം അത്ഭുതാവഹം തന്നെയായിരുന്നു.

**പ്ലാസിഡ്** എന്നു സി. എം. ഐ. സന്യാസസമൂഹത്തിൽ തനിക്കു ലഭിച്ച പേരിനെ അന്വർത്ഥമാക്കുമാറു **സമാധാന ദൂതനായി** അദ്ദേഹം തന്റെ ജീവിതം പൂർത്തിയാക്കി. **ആഴക്കടലിൽ അലകൾ വിരളമായിരിക്കും.**

1899-ൽ, അൽഫോൻസാമ്മയുടെ ജന്മനാടായ കുടമാളൂരിൽ ജനിച്ച പ്ലാസിഡച്ചൻ കാര്യ ബഹുലമായ ജീവിത ദശകങ്ങൾ പിന്നിട്ടു 1984 ഏപ്രിൽ 27-ാം തീയതി നിത്യസമ്മാനത്തിനായി പുറപ്പെട്ടു.

പ്ലാസിഡച്ചന്റെ പൂജ്യാവശിഷ്ടങ്ങൾ ചങ്ങനാശ്ശേരിക്കടുത്തു ചെത്തിപ്പുഴയിലുള്ള സി. എം. ഐ. ആശ്രമദൈവാലയത്തിൽ അന്ത്യവിശ്രമം കൊള്ളുന്നു. അദ്ദേഹത്തെ അറിഞ്ഞിരുന്ന വിശ്വാസികൾ അവിടെയെത്തി പ്രത്യേക പ്രാർത്ഥനകൾ നടത്തുകയും അദ്ദേഹത്തിന്റെ മാദ്ധ്യസ്ഥം തേടുകയും ചെയ്യുന്നു.

**മാർ തോമ്മായുടെ മാർഗ്ഗത്തിനു സാക്ഷ്യം വഹിച്ചിട്ടുള്ള ഓരോ മഹത് വ്യക്തിയും നമുക്കോരോരുത്തർക്കും ഉത്തമ മാതൃകയാണ്. അവരെ അനുകരിച്ച് നാമും സഭാസ്നേഹികളായിത്തീരണം. സഭയോടുള്ള വിശ്വസ്തതയിലും വിധേയത്വത്തിലും പ്രസ്തുത മഹത്‌വ്യക്തികളെ നാം പിൻചെല്ലണം.**

www.malankaralibrary.com

**ഈശോയുടെ തുടർച്ചയാണു സഭ— എന്നെ സംബന്ധിച്ചിടത്തോളം എന്റെ പ്രത്യേക വ്യക്തിസഭ,** അതായത്, **മാർതോമ്മായുടെ മാർഗ്ഗം.** അതിനോടു വിശ്വസ്തത പുലർത്താതെ എനിക്കു മാർ തോമ്മാ നസ്രാണിയായിരിക്കാൻ സാധ്യമല്ല— മിശിഹാനുയായി ആയിരിക്കുവാൻ തന്നെ സാധ്യമല്ല. അങ്ങനെ വിശ്വസ്തത പുലർത്തി എനിക്കു മുമ്പേ നടന്നു നീങ്ങിയ മഹത് വ്യക്തികളെ ഞാൻ അനുധാവനം ചെയ്യും. ഈശോയും മാർ തോമ്മാശ്ലീഹായും എന്നെ സഹായിക്കും.

www.malankaralibrary.com

## 9

# കാലങ്ങൾ

*"എല്ലാററിനും ഒരു സമയമുണ്ട്. ആകാശത്തിൻ കീഴുള്ള സമസ്ത കാര്യത്തിനും ഒരവസരമുണ്ട്. ജനിക്കാൻ ഒരു കാലം, മരിക്കാനൊരു കാലം, നടാൻ ഒരു കാലം, നട്ടതു പറിക്കാൻ ഒരു കാലം. കൊല്ലാൻ ഒരു കാലം, സൗഖ്യമാക്കാൻ ഒരു കാലം, തകർക്കാൻ ഒരുകാലം, പണിതുയർത്താൻ ഒരു കാലം, കരയാൻ ഒരു കാലം, ചിരിക്കാൻ ഒരു കാലം, വിലപിക്കാൻ ഒരു കാലം, നൃത്തം ചെയ്യാൻ ഒരു കാലം. കല്ലു പെറുക്കിക്കളയാൻ ഒരു കാലം, കല്ലു പെറുക്കിക്കൂട്ടാൻ ഒരു കാലം, ആലിംഗനം ചെയ്യാൻ ഒരു കാലം, ആലിംഗനം ചെയ്യാതിരിക്കാൻ ഒരു കാലം. സമ്പാദിക്കാൻ ഒരു കാലം, നഷ്ടപ്പെടുത്താൻ ഒരു കാലം, സൂക്ഷിച്ചുവയ്ക്കാൻ ഒരു കാലം, എറിഞ്ഞുകളയാൻ ഒരു കാലം. കീറാൻ ഒരു കാലം, തുന്നാൻ ഒരു കാലം, മൗനം പാലിക്കാൻ ഒരു കാലം, സംസാരിക്കാൻ ഒരു കാലം. സ്നേഹിക്കാൻ ഒരു കാലം, ദ്വേഷിക്കാൻ ഒരു കാലം, യുദ്ധത്തിന് ഒരു കാലം, സമാധാനത്തിന് ഒരു കാലം"* (സഭാ. 3, 1–8).

### പ്രത്യേക സമയം

ഓരോ പ്രവൃത്തിക്കും **പ്രത്യേക സമയമുണ്ട്.** കളിക്കുന്നതും, കുളിക്കുന്നതും, പഠിക്കുന്നതും, ഭക്ഷിക്കുന്നതും,

www.malankaralibrary.com

ഉറങ്ങുന്നതും, ഉണരുന്നതും, പ്രാർത്ഥിക്കുന്നതും, സ്കൂളിൽ പോകുന്നതും, തിരിച്ചു വരുന്നതും എല്ലാം പ്രത്യേക സമയങ്ങളിലാണ്.

വിതയ്ക്കാനും, കൊയ്യാനും, ഞാറുപാകാനും, കപ്പനടാനും, വാഴവയ്ക്കാനും ഒക്കെ **അതതിൻെറ സമയമുണ്ട്.**

കുർബ്ബാനയ്ക്കും വേദോപദേശത്തിനും **സമയം നിശ്ചയിച്ചിട്ടുണ്ട്;** പള്ളിയിലെ പ്രധാന തിരുനാളുകളും സമയാസമയങ്ങളിൽ ഘോഷിക്കപ്പെടുന്നു.

വേനൽക്കാലവും മഴക്കാലവും സാധാരണഗതിയിൽ **നിശ്ചിതസമയങ്ങളിൽ** ആവർത്തിക്കപ്പെടുന്നു. പ്രധാന സംഗതികൾ എല്ലാം തന്നെ ഇങ്ങനെ ഓരോ കൊല്ലവും ആവർത്തിക്കപ്പെടാറുണ്ട്.

## മാർ തോമ്മായുടെ മാർഗ്ഗവും കാല വ്യത്യാസവും

**മാർ തോമ്മായുടെ മാർഗ്ഗത്തിനും അതിൻേറതായ കാല വ്യത്യാസമുണ്ട്;** കാലനിർണ്ണയം നടത്തുന്നതാകട്ടെ, രക്ഷാകരചരിത്രത്തിൻെറ ഗതിക്കനുസരണവും. ഈശോമിശിഹായിൽ പൂർത്തിയായ രക്ഷാകര കർമ്മത്തിൽ പൂർണ്ണമായും മുഴുകുന്നതിനായുള്ള സംവിധാനമാണ് വിവിധ കാലങ്ങളിൽ കൂടി ക്രമീകരിച്ചിരിക്കുന്നത്.

| |
|---|
| മാർ തോമ്മാനസ്രാണികൾ തങ്ങളുടെ **ആരാധനാവത്സരം ആരംഭിക്കുന്നത്** നവംബർ അവസാനത്തിലോ ഡിസംബർ തുടക്കത്തിലോ വരുന്ന ഞായറാഴ്ചയാണ്. |

www.malankaralibrary.com

## ഒമ്പതു കാലങ്ങൾ

മംഗലവാർത്ത, ദനഹാ, വലിയനോമ്പ് (അമ്പതു നോമ്പ്), ഉയിർപ്പ്, ശ്ലീഹാ, കൈത്താ, ഏലിയാ-സ്ലീവാ മൂശേ, പള്ളിക്കൂദാശാ, എന്ന് **ഒമ്പത് കാലങ്ങളാണ്** മാർ തോമ്മായുടെ മാർഗ്ഗമനുസരിച്ച് ആരാധനാവത്സരത്തിനുള്ളത്.

## കാലങ്ങളും രക്ഷാകരചരിത്രവും

**കാലങ്ങളുടെ ക്രമീകരണം** രക്ഷാകരചരിത്രത്തിലെ മർമ്മപ്രധാനങ്ങളായ **ആറുസംഭവങ്ങളോടു** ബന്ധപ്പെട്ടിരിക്കുന്നു.

1. **ഈശോയുടെ ജനനം-ദനഹാ.**
2. **ഈശോയുടെ ഉത്ഥാനം.**
3. **പന്തക്കുസ്താ.**
4. **താബോർമലയിലെ രൂപാന്തരീകരണം.**
5. **മഹത്വപൂർണ്ണമായ സ്ലീവാകണ്ടെത്തൽ**
6. **വിശ്വാസ ജീവിതപരിസമാപ്തി.**

## കാല നിർണ്ണയം

കാലങ്ങളെല്ലാം **ഞായറാഴ്ചകളിൽ ആരംഭിക്കുന്നു.** സാധാരണഗതിയിൽ, ഓരോ കാലത്തിനും **ഏഴ്** ആഴ്ചകൾ ഉണ്ടാകും; എങ്കിലും വ്യത്യാസങ്ങൾ അവശ്യമായിവരും. **ഉയിർപ്പുതിരുനാൾ, മഹത്വ**

www.malankaralibrary.com

**പൂർണ്ണമായ സ്ലീവാ കണ്ടെത്തൽ,** ഇവയുടെ ഘോഷത്തിനനുസരിച്ച് ഓരോ കാലത്തിന്റെയും ആരംഭവും അവസാനവും നിർണ്ണയിക്കാനാകും.

മാർച്ച് 21-ാം തീയതി കഴിഞ്ഞുള്ള വെളുത്തവാവ് കഴിഞ്ഞു വരുന്ന ഞായറാഴ്ച **ഉയിർപ്പുതിരുനാൾ** ഘോഷിക്കണമെന്നതാണ സഭയുടെ ഇപ്പോഴത്തെ നിശ്ചയം.

**സ്ലീവാ കണ്ടെത്തൽ** തിരുന്നാൾ എല്ലാ കൊല്ലവും സെപ്തംബർ 14-ാം തീയതി കൊണ്ടാടുന്നു.

## കാലങ്ങൾ സംക്ഷിപ്തമായി

ഓരോ സഭയും അതിന്റെ ആരാധനാവത്സരം ഓരോ പ്രത്യേക കാലത്തോടെ തുടങ്ങുന്നു. **മലങ്കരസഭ,** നവംബർ ആരംഭത്തിൽ **സഭാനവീകരണ** കാലത്തോടെ ആരാധനാവത്സരം തുടങ്ങുമ്പോൾ, **ലത്തീൻ സഭ** ഡിസംബർ ആരംഭത്തിൽ **ആഗമന** കാലത്തോടെ അതിന്റെ ആരാധനാവത്സരം ആരംഭിക്കുന്നു.

| |
|---|
| **സീറോ മലബാർ സഭ** (കാൽദെയോ ഇൻഡ്യൻ സഭ) യുടെ ആരാധനാവത്സരം നവംബർ അന്ത്യത്തിലോ ഡിസംബർ ആരംഭത്തിലോ **മംഗലവാർത്തക്കാലത്തോടെ** തുടങ്ങുന്നു. |

☆

www.malankaralibrary.com

10

# മംഗലവാർത്താക്കാലം

ഡിസംബർ 25-ാം തീയതിയ്ക്കു മുമ്പുള്ള നാലാമത്തെ ഞായറാഴ്ച **മംഗലവാർത്തക്കാലം** ആരംഭിക്കുന്നു.

> **മനുഷ്യാവതാരരഹസ്യം** കൊണ്ടാടുന്ന കാലമാണിതു്—മംഗളകരമായ വാർത്തയുടെ അഥവാ മനുഷ്യരക്ഷയുടെ അറിയിപ്പിന്റെ അവസരം.

*സൂബാറാ* എന്നു് സുറിയാനിയിൽ ഈ കാലം അറിയപ്പെടുന്നു. "*സൂബാറാ*" എന്ന സുറിയാനി പദത്തിന്റെ അർത്ഥം "*പ്രഖ്യാപനം*", "*അറിയിപ്പ്*" എന്നൊക്കെയാണു്. ഈശോമിശിഹായുടെ ജനനത്തിൽ മാനവരക്ഷയുടെ നിർണ്ണായകമായ പ്രഖ്യാപനം അഥവാ അറിയിപ്പാണല്ലോ നടന്നതു്. ഈ കാലത്തിലെ അടിസ്ഥാന ആചരണവിഷയവും അതുതന്നെ.

അഞ്ചോ ആറോ ആഴ്ചകൾ നീണ്ടുനില്ക്കുന്ന **ഈ കാലം മുഴുവൻ** മനുഷ്യാവതാര രഹസ്യത്തിന്റെ ആചരണത്തിനുള്ളതാണു്. അതിന്റെ കേന്ദ്രം അഥവാ ഉച്ചകോടിയായി മാത്രം ഡിസംബർ 25-ാം തീയതിയിലെ **പിറവിത്തിരുന്നാളിനെ** മാർ തോമ്മാ നസ്രാണികൾ കണക്കാക്കുന്നു.

www.malankaralibrary.com

ഏകദേശം രണ്ടായിരം വർഷങ്ങൾക്കു മുമ്പ് ഈശോമിശിഹായിൽ ദൈവം മനുഷ്യനായി അവതരിച്ചു കഴിഞ്ഞു. ഇനിയും രക്ഷകൻെറ ജനനം പ്രതീക്ഷിക്കുക മൗഢ്യമായിരിക്കും. അതുകൊണ്ടു് മാർ തോമ്മാനസ്രാണികൾക്കു് **പ്രതീക്ഷയുടെ കാലമില്ല.**

**മിശിഹാ ഇനി ഒന്നേ വരുകയുള്ളൂ**–അതു് വിധി നടത്തുന്നതിനായിരിക്കും–രക്ഷാകരപദ്ധതിയുടെ അവസാനത്തിൽ.

> ഈശോമിശിഹായുടെ ജനനത്തിൽ യാഥാർത്ഥ്യമായി മാറിയ—ചരിത്രമായിത്തീന്ന–**ദൈവ-മനുഷ്യബന്ധമാണ്**, ഈ കാലത്തിൽ ആചരിക്കുന്നതു്.

ദൈവം മനുഷ്യനായി, എന്ന വസ്തുത അതിൻെറ അടിസ്ഥാന കാരണങ്ങളിൽ നമ്മെ കൊണ്ടെത്തിക്കും. **സൃഷ്ടികർമ്മ**മാണു് ആദ്യമെ നമ്മെ സ്പർശിക്കുക. ബൈബിളിൻെറ ആരംഭമായ ഉൽപത്തിയുടെ പുസ്തകം ഒന്നാം അദ്ധ്യായം അക്കഥ വിവരിച്ചു തരുന്നുണ്ടു്.

## ഒന്നാം ദിവസം

**ഒന്നാം ദിവസം,** ദൈവം ആകാശവും ഭൂമിയും സൃഷ്ടിച്ചു; ഭൂമി രൂപമില്ലാത്തതും ശൂന്യവുമായിരുന്നു; ആഴത്തിനുമീതെ ഇരുട്ടു വ്യാപിച്ചിരുന്നു; വെള്ളത്തിനു മുകളിൽ ദൈവാത്മാവു ചലിച്ചിരുന്നു.

www.malankaralibrary.com

ദൈവം പറഞ്ഞു: വെളിച്ചമുണ്ടാകട്ടെ; അപ്പോാം വെളിച്ചമുണ്ടായി; അതു നല്ലതാണെന്നു ദൈവം കണ്ടു; ദൈവം പ്രകാശത്തെ ഇരുട്ടിൽ നിന്നു വേർതിരിച്ചു; പ്രകാശത്തെ പകലെന്നും ഇരുട്ടിനെ രാത്രിയെന്നും വിളിച്ചു; സന്ധ്യയാകയും നേരം വെളുക്കുകയും ചെയ്തു.

## രണ്ടാം ദിവസം

**രണ്ടാം ദിവസം,** മുകളിലും താഴെയുമുള്ള വെള്ളങ്ങളെ വേർതിരിക്കുന്ന വലിയൊരു കമാനം ദൈവം സൃഷ്ടിക്കുകയും അതിനെ ആകാശം എന്നു പേരു വിളിക്കുകയും ചെയ്തു.

## മൂന്നാം ദിവസം

**മൂന്നാം ദിവസ**മാകട്ടെ വെള്ളവും കരയും വേർതിരിച്ച് വെള്ളത്തിനു സമുദ്രമെന്നും ഉണങ്ങിയ സ്ഥലത്തിനു കരയെന്നും പേരിട്ടു. കരയിൽ വിവിധങ്ങളായ സസ്യങ്ങളെയും ഫലങ്ങളെയും സൃഷ്ടിച്ചതും അന്നുതന്നെ.

## നാലാം ദിവസം

**നാലാം ദിവസം,** പകലിനേയും രാത്രിയേയും വേർതിരിക്കുന്നതിനായും ഭൂമിയിൽ പ്രകാശം വിതറുന്നതിനായും, ദിവസങ്ങളും കാലങ്ങളും കൊല്ലങ്ങളും നിർണ്ണയിക്കുന്നതിനായും സൂര്യചന്ദ്ര നക്ഷത്രാദികളെ ദൈവം സൃഷ്ടിച്ചു. അവ ആകാശത്തിലൂടെ സഞ്ചരിക്കുന്നു.

www.malankaralibrary.com

## അഞ്ചാം ദിവസം

**അഞ്ചാം ദിവസ**മാകട്ടെ, ദൈവം ജലത്തിൽ സഞ്ചരിക്കുന്ന എല്ലാത്തരം ജീവികളെയും വായുവിൽ പറക്കുന്ന വിവിധങ്ങളായ പക്ഷികളെയും സൃഷ്ടിക്കുകയും ,വർദ്ധിച്ചു പെരുകുന്നതിനുള്ള ശക്തി അവയ്ക്കു കൊടുക്കുകയും ചെയ്തു.

## ആറാം ദിവസം

**ആറാം ദിവസം,** ഭൂമിയിൽ ജീവിക്കുന്ന ഇഴജന്തുക്കൾ, കാട്ടു മൃഗങ്ങൾ, കന്നുകാലികൾ തുടങ്ങി എല്ലാററിനെയും ദൈവം സൃഷ്ടിക്കുകയും അവയെല്ലാം നല്ലതാണെന്നു കാണുകയും ചെയ്തു.

സൃഷ്ടികർമ്മത്തിൻെറ അവസാനത്തിൽ ദൈവം തന്നോടു തന്നെ പറഞ്ഞു:

*"നമുക്കു നമ്മുടെ ഛായയിലും സാദൃശ്യത്തിലും മനുഷ്യനെ സൃഷ്ടിക്കാം. അവർക്കു കടലിലെ മത്സ്യങ്ങളുടെയും ആകാശത്തിലെ പറവകളുടെയും നാല്ക്കാലികളുടെയും ഭൂമിമുഴുവൻെറയും ഭൂമിയിൽ ഇഴയുന്ന സർവ്വജീവികളുടെയും മേൽ ആധിപത്യം ഉണ്ടായിരിക്കട്ടെ"*

(ഉൽപ. 1, 26).

ദൈവം തൻെറ സ്വന്തം ഛായയിലും സാദൃശ്യത്തിലും മനുഷ്യനെ സൃഷ്ടിച്ചു. സ്ത്രീയും പുരുഷനുമായി അവിടുന്ന് അവരെ സൃഷ്ടിച്ചു. പെരുകി ഭൂമിനിറയുന്നതിനും എല്ലാ ജീവജാലങ്ങളെയും അടക്കി ഭരിക്കുന്നതിനും അവിടുന്ന് അവരെ അനുഗ്രഹിച്ചു. എല്ലാം വളരെ നന്നായിരിക്കുന്നതായി അവിടുന്നു കാണുകയും ചെയ്തു.

www.malankaralibrary.com

## ഏഴാം ദിവസം

ഏഴാം ദിവസം, ദൈവം വിശ്രമിച്ചു. ദൈവത്തിൻെറ ജനവും ഏഴാം ദിവസം വിശ്രമിക്കണം; അന്ന് ജോലികൾ ചെയ്യാവുന്നതല്ല. ഈ വിശ്രമദിനാചരണമാണ് ഇസ്രായേൽ ജനത്തിൻെറ സാബത്തായിത്തീന്നതു്.

***പുതിയ നിയമത്തിൽ*** പ്രവേശിച്ചപ്പോൾ ***ഈശോയുടെ ഉത്ഥാനദിനത്തിനു വേണ്ടി, സാബത്ത് വഴി മാറി.*** അങ്ങനെ ***ഞായറാഴ്ച-കർത്താവിൻെറ ദിവസം-ആഴ്ചയുടെ ഒന്നാം ദിവസം - എല്ലാ ക്രിസ്ത്യാനികളും വിശുദ്ധമായി ആചരിക്കുന്നു. അന്നു ജോലികൾ ചെയ്യാവുന്നതല്ല; അന്ന്*** ദൈവജനം മുഴവൻ ഒരുമിച്ചു കൂടി ***വിശുദ്ധ കുർബാനയർപ്പിക്കേണ്ടതുമാണ്.***

## ആദവും ഹവ്വായും

ഉൽപത്തിയുടെ പുസ്തകം രണ്ടാം അദ്ധ്യായത്തിൽ **മനുഷ്യസൃഷ്ടി**യുടെ വിശദാംശങ്ങൾ ലഭ്യമാണ്.

ഭൂമിയിലെ മണ്ണുകൊണ്ടു് ദൈവം മനുഷ്യനെ മെനഞ്ഞുണ്ടാക്കി, അവനിൽ ജീവൻെറ ശ്വാസം നിശ്വസിച്ചു. **ആദം** എന്നവനെ വിളിച്ചു. മനോഹരമായ **ഏദൻ തോട്ടം** നട്ടുപിടിപ്പിച്ച്, അവനെ അതിൽ പാർപ്പിച്ചു. ജീവജാലങ്ങളിൽ ഓരോന്നിനും അതാതിനു പററിയ

www.malankaralibrary.com

ദൈവത്തിൻെറ **സൽസ്വരൂപ**മാണ് മനുഷ്യൻ; അവിടുത്തെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ടവൻ; പ്രപഞ്ചത്തിൽ ദൈവത്തിൻെറ പ്രതിരൂപം; പ്രപഞ്ചത്തെ ദൈവത്തിലേക്കും ദൈവത്തെ പ്രപഞ്ചത്തിലേക്കും പകരേണ്ട നിർമ്മല ദർപ്പണം.

## സ്വാതന്ത്ര്യ ദുരുപയോഗം

ഉൽപത്തിയുടെ പുസ്തകം മൂന്നാം അദ്ധ്യായം വിവരിക്കുന്നതു് മനുഷ്യൻ തൻെറ **സ്വാതന്ത്ര്യം ദുരുപയോഗിക്കുന്ന കഥയാണ് - ആദിമാതാപിതാക്കളുടെ പാപത്തിൻെറ കഥ.**

വിലക്കപ്പെട്ട കനി ഭക്ഷിച്ച മനുഷ്യർ - **അനുസരണക്കേടു** കാണിച്ച ആദിമാതാപിതാക്കൾ – മരണ വിധേയരായി. തങ്ങളുടെ സന്തതസഹചാരിയായിരുന്ന ദൈവത്തെ അവർക്കു ഭയമായി; തങ്ങൾ നഗ്നരാണെന്നു അവക്കു മനസ്സിലായി.

## പാപബോധം

തങ്ങൾക്കൊന്നുമില്ലെന്നും ദൈവത്തിൽ നിന്നു കിട്ടിയതെല്ലാം നഷ്ടപ്പെടുത്തിക്കഴിഞ്ഞെന്നും, ഇനി ദൈവത്തിൻെറ മുമ്പിൽ നില്ക്കാനർഹതയില്ലെന്നും ബോധ്യം വന്ന ആദിമാതാപിതാക്കൾ പച്ചിലകൾ തുന്നിച്ചേർത്തു് തങ്ങളുടെ നഗ്നത മറയ്ക്കാൻ പരിശ്രമിച്ചു.

www.malankaralibrary.com

സ്വയം നീതീകരിച്ചുകൊണ്ട് **തൃക്കണ്ണു** വെട്ടിക്കാൻ വെമ്പൽകൊള്ളുന്ന **ആധുനിക മനുഷ്യൻ** തന്റെ ആദിമാതാപിതാക്കളെ അനുകരിക്കുകയായിരിക്കാം. ദൈവതിരുമുമ്പിൽ അതൊന്നും വിലപ്പോകുകയില്ലെന്നു് ഉടൻ തന്നെ അവർക്കു വ്യക്തമായി.

## പാപഫലം

അദ്ധ്വാനത്തിനും ക്ലേശത്തിനുമായി _ സ്വന്തം നെററിയിലെ വിയർപ്പുകൊണ്ടു് അന്നന്നയപ്പം ഭക്ഷിക്കുന്നതിനായി – **ഏദൻ തോട്ടത്തിൽ നിന്നും** ആദിമാതാപിതാക്കൾ **പുറം തള്ളപ്പെട്ടു.**

## പറുദീസായ്ക്കു പുറത്തു്

തുടർന്നുള്ള **മാനവചരിത്രം** തിരസ്കരണത്തിന്റെയും നൈരാശ്യത്തിന്റെയും കഥയാണ്. അദ്ധ്വാനവും വ്യാധികളും മനുഷ്യന്റെ സന്തത സഹചാരികളായി. വിദ്വേഷവും വൈരാഗ്യവും ചതിയും കൊലയും കൊള്ളിവയ്പും മനുഷ്യമുഖം വികൃതമാക്കി.

ഉൽപത്തിയുടെ പുസ്തകം നാലാം അദ്ധ്യായം മുതൽ ഇക്കഥയാണു നാം വായിക്കുക—സ്വയം രക്ഷിക്കാൻ കെല്പില്ലാത്ത **മനുഷ്യന്റെ മനം മടുപ്പിക്കുന്ന കഥ.**

## രക്ഷയുടെ പ്രതീക്ഷ

എന്നാൽ *"സ്ത്രീയിൽ നിന്നു ജനിക്കുന്ന ഒരുവൻ മാനവവംശത്തിന്റെ ജന്മ ശത്രുവായ*

www.malankaralibrary.com

*പാമ്പിന്റെ (പിശാചിന്റെ) തലയെ തകർക്കും"* (ഉൽപ. 3,15) എന്ന ദൈവവാഗ്ദാനം **രക്ഷയുടെ പ്രതീക്ഷയെ** ഊതിക്കത്തിച്ചുകൊണ്ടിരുന്നു. പറുദീസായിൽ നിന്നും ആട്ടിയോടിക്കുമ്പോഴും തുകൽ വസ്ത്രമുണ്ടാക്കി ആദിമാതാപിതാക്കളെ ഉടുപ്പിക്കാൻ വ്യഗ്രത കാണിക്കുന്ന (ഉൽപ. 3,21) **ദൈവത്തിന്റെ കാരുണ്യം** അവർണ്ണനീയവും അഗ്രാഹ്യവുമാണ്.

**പൂർവ്വപിതാക്കന്മാർ, ന്യായാധിപന്മാർ രാജാക്കന്മാർ, പ്രവാചകന്മാർ** തുടങ്ങിയ മദ്ധ്യസ്ഥരിലൂടെ **ദൈവത്തിന്റെ കാരുണ്യം** മനുഷ്യവംശത്തെ സ്പർശിച്ചു കൊണ്ടിരുന്നു.

**ജലപ്രളയവും, ഈജിപ്തിലെ അടിമത്വവും, അവിടെ നിന്നുള്ള പുറപ്പാടും, ചെങ്കടൽ കടക്കലും, മരുഭൂമിയിലെ അലച്ചിലും, സീനായ് മലയിലെ ഉടമ്പടിയും, തേനും പാലുമൊഴുകുന്ന കാനാൻ ദേശവുമെല്ലാം ദൈവത്തിന്റെ നീതിയും കാരുണ്യവും** വെളിവാക്കുന്ന സംഭവങ്ങൾ തന്നെ.

## യോഹന്നാൻ മാംദാനാ

സമയത്തിന്റെ പൂർണ്ണതയിൽ രക്ഷകന്റെ മുന്നോടിയായ **യോഹന്നാൻ മാംദാനാ**യുടെ ജനനം പ്രഖ്യാപിക്കപ്പെട്ടു.

അഹറോന്റെ പുത്രിമാരിൽ ഒരുവളായ ഏലീശ്ബായെ വിവാഹം കഴിച്ചിരുന്ന, അബിയാക്കുടുംബത്തിൽ പ്പെട്ട **സക്കറിയാ** എന്ന പുരോഹിതൻ തന്റെ മുറപ്രകാരം

www.malankaralibrary.com

ദൈവസന്നിധിയിൽ ശുശ്രൂഷ നടത്തവേയാണ് പ്രസ്തുത പ്രഖ്യാപനം നടന്നത്.

## മംഗല വാർത്തക്കാലത്തെ ഞായറാഴ്ചകൾ

മാർ തോമ്മാ നസ്രാണികൾ, **മംഗലവാർത്തക്കാലത്തിലെ ഒന്നാമത്തെ ഞായറാഴ്ച** ഈ സംഭവം (ലൂക്കാ. 1, 1–25) വിശുദ്ധ കർബാനയിൽ പ്രഘോഷിച്ചേററു പറയുന്നു.

**രണ്ടാം ഞായറാഴ്ച** പരിശുദ്ധ കന്യകാമറിയത്തോടുള്ള മംഗല വാർത്തയും/ലൂക്കാ 1, 26–56), **മൂന്നാം ഞായറിൽ** യോഹന്നാൻ മാംദാനായുടെ ജനനവും (ലൂക്കാ 1, 57-80) തങ്ങളുടെ വിശ്വാസത്തിൻെറ അടിസ്ഥാന ഘടകങ്ങളായി അവർ ഏററുപറയുന്നു.

**നാലാമത്തെ ഞായറാഴ്ച**യാകട്ടെ, ഏശായാ പ്രവാചകൻെറ പ്രവചനം (ഏശാ. 7, 14) എങ്ങനെ ചരിത്രയാഥാർത്ഥ്യമായെന്ന വസ്തുത (മത്താ. 1, 18–25) വിശുദ്ധ കർബ്ബാനയിൽ പ്രഘോഷിക്കപ്പെടുന്നു.

**പിറവിത്തിരുന്നാൾ** ദിവസം വിശുദ്ധ ലൂക്കാ സുവിശേഷകൻ രക്ഷകൻെറ ജനനത്തെക്കുറിച്ച നല്കിയിരിക്കുന്ന വിവരണം (ലൂക്കാ 2, 1–20) മാർ തോമ്മാ നസ്രാണികൾ ധ്യാനവിഷയമാക്കുന്നു.

**പിറവിത്തിരുന്നാൾ കഴിഞ്ഞുള്ള ഒന്നാം ഞായറിൽ** (മംഗല വാർത്തക്കാലം അഞ്ചാം ഞായർ) വിശുദ്ധ മത്തായി ശ്ലീഹായുടെ സുവിശേഷത്തിൽ നിന്നും (മത്താ. 2, 1–23), **രണ്ടാം ഞായറിൽ** (ഉണ്ടെങ്കിൽ) വിശുദ്ധ ലൂക്കാസുവിശേഷകനിൽ നിന്നും(ലൂക്കാ.2,21-52) മിശിഹായുടെ ജനനാനന്തര സംഭവങ്ങൾ, ആരാധനാസമൂഹം വിശുദ്ധ കർബ്ബാനയിൽ പ്രഘോഷിക്കുന്നു.

www.malankaralibrary.com

മംഗലവാർത്തക്കാലത്തിലെ ഞായറാഴ്ചകളുടെയും തിരുന്നാളുകളുടെയും വായനകളും പ്രത്യേക പ്രാത്ഥനകളും ഗീതങ്ങളും മാത്രം പരിശോധിക്കുന്ന ആർക്കും ഈ കാലത്തിന്റെ ചൈതന്യം വ്യക്തമാകുന്നതാണ്: ഈശോയുടെ ജനനമാകുന്ന ചരിത്ര വസ്തുതയിൽ ഉറച്ചുനിന്നു കൊണ്ടു് അതിന്റെ പഴയ നിയമ പശ്ചാത്തലത്തിലേക്കും, ജനനാനന്തരം പരസ്യജീവിതാരംഭം വരെയുള്ള സംഭവങ്ങളിലേക്കും ഉചിതവും ഫലദായകവുമായ പ്രതീകങ്ങളിൽ കൂടി ഇറങ്ങിച്ചെല്ലത്തക്ക ഒരു സംവിധാനമാണിവിടെ മാർതോമ്മാ നസ്രാണികൾ ചെയ്തുവച്ചിരിക്കുന്നതു്. ചുരുക്കിപ്പറഞ്ഞാൽ മംഗലവാത്തക്കാലം മുഴുവൻ വിസ്തരിച്ച ക്രിസ്മസ് ആഘോഷമാണ് മാർ തോമ്മാ നസ്രാണികൾക്ക്.

## പ. കന്യകാമറിയം

ഈശോയുടെ ജനനത്തോടു് അവശ്യം ബന്ധപ്പെട്ട ഒരു വ്യക്തിയാണല്ലോ **പ. കന്യകാമറിയം.** ഈശോയുടെ അമ്മ, അതായത്, മനുഷ്യനായ ദൈവപുത്രന്റെ അമ്മ, എന്ന നിലയിലാണ് മാർ തോമ്മാ നസ്രാണികൾ പ. കന്യകാമറിയത്തിന്റെ മാഹാത്മ്യം കാണുന്നതും പാടിപ്പുകഴ്ത്തുന്നതും.

ഈശോയോടു കൂടിയ അമ്മയുടെ ചിത്രങ്ങൾ മാത്രമാണ് മാർ തോമ്മാ നസ്രാണികൾ വണക്കത്തിനായുപയോഗിക്കുന്നതെന്നു സൂചിപ്പിച്ചതാണല്ലോ. അവരുടെ എല്ലാ ഭവനങ്ങളിലും അങ്ങനെയുള്ള ചിത്രങ്ങൾ ഉണ്ടായിരിക്കുകയും ചെയ്യും.

www.malankaralibrary.com

**അമലോത്ഭവ മാതാവിന്റെ** തിരുനാൾ (ഡിസംബർ 8-ാംനു-) ആഘോഷിക്കുന്നതു് ഈ കാലത്താണല്ലോ.

**മംഗലവാർത്തക്കാലത്തെ അവസാനവെള്ളി, നമ്മുടെ അമ്മയെ** — ദൈവപുത്രനു ജന്മം നല്കിയ അമ്മയെ—**അനുമോദിക്കുന്നതിനായി** നീക്കി വച്ചിരിക്കുന്ന ദിവസമാണു്. മനുഷ്യാവതാരകർമ്മം നടക്കുന്നതിനു് മറിയത്തിന്റെ സമ്മതം അവശ്യാവശ്യമായിരുന്നു. ഇങ്ങനെ മനുഷ്യ രക്ഷയിൽ ക്രിയാത്മകമായി സഹകരിച്ച പ. കന്യകാമറിയത്തെ അനുമോദിക്കുക യുക്തം തന്നെ.

> നമ്മുടെ അമ്മയുടെ വിശുദ്ധി, വിരക്തി, കന്യാത്വം, ദൈവമാതൃത്വം തുടങ്ങിയ പ്രത്യേകതകൾ ഈ കാലത്തിലെ പ്രാർത്ഥനകളിൽ തെളിഞ്ഞു കാണാം.

## മാർ തോമ്മാ സ്ലീവാ

**മാർ തോമ്മാ സ്ലീവാ** യെക്കുറിച്ചു് വിശദമായി പ്രതിപാദിച്ചു കഴിഞ്ഞു. ഡിസംബർ 18-ാംനു-യാണു് മൈലാപ്പൂരിലെ മാർ തോമ്മാ സ്ലീവായുടെ പ്രത്യക്ഷം മാർ തോമ്മാ നസ്രാണികൾ കൊണ്ടാടുക. മാർ തോമ്മായുടെ മാർഗ്ഗത്തിലെ വളരെ പ്രധാനപ്പെട്ട ഒരു തിരുനാളാണിതു്.

## കുഞ്ഞിപ്പൈതങ്ങൾ

ഈശോയ്ക്കു പകരം, ഹേറോദേസിനാൽ വധിക്കപ്പെട്ട (മത്താ. 2,16) **കുഞ്ഞിപ്പൈതങ്ങളുടെ** തിരുനാൾ

www.malankaralibrary.com

ഡിസംബർ 28-ാംനു- യാണ്. മാർ തോമ്മായുടെ മാർഗ്ഗത്തിൽ ഈ ദിവസം **ശിശുദിനമായി** ആചരിക്കപ്പെടുന്നു.

## 'ഈശോ' എന്ന തിരുനാമം

ജനുവരി ഒന്നാം തീയതി ***"ഈശോ"*** **എന്നതിരുനാമത്തിൻെറ** പ്രത്യേക ഘോഷമാണ് മാർ തോമ്മായുടെ മാർഗ്ഗത്തിൽ. പേരു് വ്യക്തിയെ മുഴുവൻ പ്രതിനിധാനം ചെയ്യുന്നു. *"രക്ഷകൻ"*എന്നർത്ഥമുള്ള*"ഈശോ"* എന്ന നാമം ശ്രവിക്കുന്ന മാത്രയിൽ സ്വർഗ്ഗത്തിലും ഭൂമിയിലും പാതാളത്തിലുമുള്ള സകലരും മുട്ടുമടക്കും(പിലി. 2,10). **ഓരോ മാർ തോമ്മാ നസ്രാണിയുടെയും ഹൃദയത്തിൻെറ ഉൾഭിത്തികളിൽ ആലേഖനം ചെയ്യപ്പെട്ടിരിക്കേണ്ടതും ഹൃദയത്തുടിപ്പുകൾക്കനുസരിച്ച് പുറത്തേയ്ക്കു നിർഗളിക്കേണ്ടതുമായ ഒന്നാണ്** ***"ഈശോ"*** **എന്ന തിരുനാമം.**

## ചാവറയച്ചൻ

**ചാവറയച്ചൻ** സ്വർഗ്ഗം പൂകിയ–ദിവംഗതനായ— ദിനമാണല്ലോ 1871 ജനുവരി മൂന്നാം തീയതി. മാർ തോമ്മാ നസ്രാണികൾക്ക് *"കർത്താവു നല്കിയ ദിവസമാണത്; അന്നവർ സന്തോഷിച്ചാനന്ദിക്കണം"*; ആഘോഷമായി കൊണ്ടാടുകയും വേണം.

## കൂനൻ കുരിശുസത്യം

മാർ തോമ്മായുടെ മാർഗ്ഗത്തിൽ പിളർപ്പുണ്ടാക്കിയ **കൂനൻ കുരിശു സത്യം** (1653) നടന്നതും ജനുവരി മൂന്നാം തീയതി തന്നെയാണ്.

www.malankaralibrary.com

അടിച്ചേല്പിക്കപ്പെട്ട പാശ്ചാത്യ മേധാവിത്വത്തോടുള്ള ശക്തമായ പ്രതിഷേധമാണിവിടെ പ്രകടിപ്പിച്ചതെങ്കിലും, കൂനൻകുരിശു സത്യം മാർ തോമ്മാ നസ്രാണികളെ രണ്ടു വിഭാഗങ്ങളായി വേർതിരിച്ചു: **പഴയ കൂററുകാരും** (അതായതു് റോമിലെ പത്രോസിൻെറ പിൻഗാമികളോടുണ്ടായിരുന്ന "കൂറ്" അഥവാ വിധേയത്വം തുടരുന്നവർ) **പുത്തൻകൂററുകാരും** (അതായതു് റോമിനോടുണ്ടായിരുന്ന വിധേയത്വം മാററി അന്ത്യോക്യാ പാത്രിയാക്കീസിനോടു് "കൂറ്" പ്രഖ്യാപിച്ചവർ).

## ഇരുപത്തഞ്ചു നോമ്പ്

മംഗലവാർത്തക്കാലത്തിലെ പിറവിത്തിരുന്നാറം വരെയുള്ള ദിവസങ്ങളെ **ഇരുപത്തഞ്ചുനോമ്പെ**ന്നാണ് മാർ തോമ്മാ നസ്രാണികഠം വിളിക്കുക. ഉയിർപ്പു തിരുന്നാളിനൊരുക്കമായുള്ള അമ്പതുനോമ്പിൻെറ മാതൃകയിൽ ഈ ദിവസങ്ങളും കണക്കാക്കിയതാണിതിനു കാരണം. ഉപവാസവും നോമ്പാചരണവും മാർ തോമ്മാ നസ്രാണികഠംക്കു് വളരെ പ്രിയംകരമായ കാര്യങ്ങളായിരുന്നു. നോമ്പാചരണത്തിൻെറ വിശദാംശങ്ങളിൽ കാലോചിതമായ വ്യതിയാനങ്ങഠം വരുത്തുമ്പോഴും ചൈതന്യം ചോർന്നുപോകാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടിയിരിക്കുന്നു.

www.malankaralibrary.com

11

# ദനഹാക്കാലം

മംഗലവാർത്തക്കാലത്തിൽ, ഈശോയുടെ ജനനത്തിൽ ഉറച്ചുനിന്നുകൊണ്ട്, സൃഷ്ടികർമ്മം, ആദിമാതാപിതാക്കളുടെ പാപം, പാപം ചെയ്ത മനുഷ്യന്റെ നിസ്സഹായത, രക്ഷാ വാഗ്ദാനം, പ്രതീക്ഷയുടെ കാലം, രക്ഷകന്റെ ജനനാനന്തര സംഭവങ്ങൾ, നസ്രസിലെ രഹസ്യജീവിതം തുടങ്ങിയവയാണാചരിച്ചതെങ്കിൽ,

**ദനഹാക്കാലത്ത് ഈശോയുടെ പരസ്യജീവിതം കൊണ്ടാടുന്നു.**

## ദനഹാത്തിരുനാൾ

ജനുവരി 6-ാം തീയതി ഘോഷിക്കുന്ന **ദനഹാ**ത്തിരുനാളാണ് ഈ കാലത്തിന്റെ ചൈതന്യ സ്രോതസ്. ഈ തിരുനാളിൽ ആചരിക്കപ്പെടുന്ന രക്ഷകന്റെ മാമ്മോദീസായോട് ബന്ധപ്പെടുത്തി ***"പിണ്ടിപ്പെരുന്നാൾ"*** എന്നും ***"രാക്കുളിപ്പെരുന്നാൾ"*** എന്നും മാർ തോമ്മാ നസ്രാണികൾ ഇതിനെ വിളിക്കാറുണ്ട്.

*"ദനഹാ"* എന്ന സുറിയാനി വാക്കിന്റെ അർത്ഥം *"പ്രത്യക്ഷീകരണം"* എന്നാണല്ലോ. തന്റെ രഹസ്യജീവിതാന്ത്യത്തിൽ, രക്ഷകൻ സ്വയം ലോകത്തിനു വെളിപ്പെടുത്തുകയും പിതാവും റൂഹാദക്കുദിശായും പരസ്യ

www.malankaralibrary.com

മായതംഗീകരിക്കുകയും ചെയ്തതായി വിശുദ്ധഗ്രന്ഥം സാക്ഷ്യപ്പെടുത്തുന്ന സംഭവമാണ് ഈ തിരുന്നാളിൽ കൊണ്ടാടുക.

## പിണ്ടിപ്പെരുന്നാൾ

***ലോകത്തിന്റെ പ്രകാശവും സകലത്തിന്റെയും ജീവനുമായ മിശിഹായെ*** (റാസക്രമം)

ബഹുമാനിക്കുന്നതിന് പിണ്ടിയിൽ പന്തങ്ങൾ തിരുകി, നടുമുറ്റത്തു നാട്ടി, അതിനു ചുറ്റും പ്രദക്ഷിണം വച്ച്, *"ദൈവം പ്രകാശമാകുന്നു"* (ഏൽപയ്യാ) എന്നു സുറിയാനി ഭാഷയിൽ പാടിയിരുന്ന, മാർ തോമ്മാ നസ്രാണികളുടെ പ്രത്യേക ആചരണത്തിൽ നിന്നും **പിണ്ടിപ്പെരുന്നാൾ** രൂപം കൊണ്ടു.

## രാക്കുളിപ്പെരുന്നാൾ

ഈശോമിശിഹായുടെ മാമ്മോദീസാ അനുസ്മരിച്ചുകൊണ്ട്, ദനഹാത്തിരുന്നാളിന്റെ തലേ രാത്രിയിൽ, അടുത്തുള്ള കുളങ്ങളിലോ നദികളിലോ നമ്മുടെ പൂർവ്വികർ നടത്തിയിരുന്ന ആചാരക്കുളി (Ritual bath) യിൽ നിന്നും **രാക്കുളിപ്പെരുന്നാൾ** ഉണ്ടായി. തികച്ചും മതാത്മകമായിരുന്ന പ്രസ്തുത കുളിസമയത്ത് സങ്കീർത്തനങ്ങൾ ആലപിച്ചിരുന്നതായും പാരമ്പര്യം സാക്ഷിക്കുന്നു.

www.malankaralibrary.com

## ദനഹാക്കാലം

ദനഹാത്തിരുനാൾ ദിവസത്തിന് തൊട്ടടുത്തു വരുന്ന **ഞായറാഴ്ച** ദനഹാക്കാലം തുടങ്ങുന്നു; അമ്പതുനോമ്പാരംഭം വരെ നീളുകയും ചെയ്യുന്നു.

**ഈശോയുടെ പരസ്യ ജീവിതാചരണമാണ് ഈ കാലം മുഴുവൻ.**

ഈശോയുടെ വ്യക്തിത്വം, അവിടുത്തെ ദൈവ-മനുഷ്യ സ്വഭാവങ്ങൾ, മിശിഹായുടെ മനുഷ്യത്വത്തിൽ പ്രകാശിതമാകുന്ന ത്രിത്വരഹസ്യം, വിശ്വാസജീവിതവും പരിശുദ്ധ ത്രിത്വവും, സ്വയം ശൂന്യവത്കരിക്കുന്ന ദൈവസ്നേഹം, വിശുദ്ധർക്ക് മിശിഹായുടെ പ്രത്യക്ഷീകരണത്തിലുള്ള പങ്ക്, തുടങ്ങിയ കാര്യങ്ങൾ ഈ കാലത്തിലെ പ്രാർത്ഥനകളിലും വായനകളിലും തെളിഞ്ഞു നില്ക്കുന്നു.

## ദൈവം ഒന്ന് ആളുകൾ മൂന്ന്

**ദൈവം ഒന്ന്; ഏക ദൈവത്തിൽ മൂന്നാളുകൾ : പിതാവ്, പുത്രൻ, റൂഹാദക്കുദിശാ.**

**രണ്ടാം ആളായ പുത്രൻ പരിശുദ്ധ കന്യകാ മറിയത്തിൽ നിന്നും ശരീരം സ്വീകരിച്ച്**

www.malankaralibrary.com

**മനുഷ്യനായവതരിച്ചു: ആ വ്യക്'തിയാണ്' ഈശോ.**

**ഈശോ ദൈവിക ആളാണ്'; എന്നാൽ രണ്ടു സ്വഭാവങ്ങൾ: ദൈവസ്വഭാവവും മനുഷ്യസ്വഭാവവും.**

| |
|---|
| വലത്തു കൈയുടെ ആദ്യത്തെ മൂന്നു വിരലുകൾ ചേർത്തും മററു രണ്ടു വിരലുകൾ താഴോട്ടു മടക്കിപ്പിടിച്ചും കൊണ്ടു' സ്ലീവായുടെ അടയാളത്താൽ സ്വയം മുദ്രിതമാക്കുന്ന ഓരോ വ്യക്തിയും മുൻപറഞ്ഞ നിത്യസത്യങ്ങളെല്ലാം ഉച്ചൈസ്തരം പ്രഘോഷിക്കുന്നു. |

## ദനഹായും വിശുദ്ധന്മാരും

ഈശോയുടെ പ്രത്യക്'ഷീകരണത്തോടു ബന്ധപ്പെടുത്തി വിശുദ്ധരുടെ തിരുന്നാളുകൾ ഘോഷിക്കുക **മാർ തോമ്മായുടെ മാർഗ്'ഗത്തിൻെറ പ്രത്യേകതയാണ്'.**

## ഞായറാഴ്ച

ആഴ്ചയുടെ ഒന്നാമത്തേതും ഏററം പ്രധാനപ്പെട്ടതുമായ ദിവസം **ഞായറാഴ്'ച**യാണ്'; അതു കർത്താവിൻെറ ദിവസമാണ്'; അന്നു' **കർത്താവിൻെറ തിരുന്നാളുകളെ** ഘോഷിക്കാറുള്ളൂ.

www.malankaralibrary.com

## വെള്ളിയാഴ്ച

അടുത്ത സ്ഥാനം **വെള്ളിയാഴ്ച**യ്ക്കാണ്. കാലത്തിന്റെ ചൈതന്യത്തോടു ബന്ധപ്പെട്ട തിരുനാളുകൾ വെള്ളിയാഴ്ചകളിൽ ഘോഷിക്കുന്നു.

> വിശുദ്ധ യോഹന്നാൻ മാംദാന, പത്രോസ് പൗലോസ് ശ്ളീഹന്മാർ, സുവിശേഷകന്മാർ, എസ്തപ്പാനോസ് സഹദാ, മല്പാന്മാർ, ദൈവാലയ മദ്ധ്യസ്ഥൻ, സകല മരിച്ചവർ ഈ ക്രമമനുസരിച്ച് ദനഹാക്കാലത്തിലെ വെള്ളിയാഴ്ചകളിൽ വിശുദ്ധരുടെ തിരുനാളുകൾ കൊണ്ടാടുന്നു.

## മൂന്നുനോമ്പ്

ദനഹാക്കാലത്തിലുള്ള മറ്റൊരു പ്രധാന ആചരണമാണ് **മൂന്നു നോമ്പ്**. അമ്പതുനോമ്പാരംഭത്തിന് 18 ദിവസങ്ങൾ മുമ്പുള്ള തിങ്കൾ, ചൊവ്വാ, ബുധൻ ദിവസങ്ങളിലാണ് മൂന്നുനോമ്പ്. മിശിഹാക്കാലം 570–നും 581-നും ഇടയ്ക്കു് ബേസ്ഗർമെയ്, അത്തൂർ, നിനിവേ എന്നീ പ്രദേശങ്ങളിലുണ്ടായ കഠിനമായ പകർച്ച വ്യാധിയിൽ നിന്നും ഉപവാസവും പ്രാർത്ഥനയും വഴി വിമുക്തി നേടിയതിന്റെ നന്ദിപ്രകടനമായി ആണ്ടുതോറും ഈ നോമ്പാചരിച്ചു പോരുന്നു. മൂന്നു ദിവസത്തെ കഠിനമായ ഉപവാസം നാലാം ദിവസത്തെ സ്ലീവാവണക്കത്തോടും തിരുനാളാഘോഷത്തോടും കൂടി സമാപിക്കുന്നു. മിക്കവാറും ഇതേ കാലഘട്ടത്തിൽ ഹൈന്ദവ സഹോദരങ്ങൾ നടത്തുന്ന ശിവരാത്രി ഉപവാസവും അമ്പലത്തിൽ പ്രവേശിച്ചുള്ള തൊഴലും മൂന്നുനോമ്പാചരണവും തമ്മിൽ ബന്ധമില്ലാതിരിക്കുക പ്രയാസം തന്നെ.

www.malankaralibrary.com

## ദനഹാക്കാലവും വിശ്വാസജീവിതവും

ഈശോയുടെ മാമ്മോദീസായും പരസ്യജീവിതവും ആചരിക്കുന്ന ഓരോ വിശ്വാസിയും സ്വന്തം മാമ്മോദീസായെ രക്ഷകന്റെ മരണോത്ഥാനങ്ങളിലുള്ള പങ്കുചേരലായും പരിശുദ്ധ ത്രിത്വത്തോടുള്ള വ്യക്തിപരമായ ബന്ധമായും മനസ്സിലാക്കി സ്വജീവിത നവീകരണത്തിനായി നിരന്തരം പരിശ്രമിക്കേണ്ടിയിരിക്കുന്നു.

മാർ അപ്രേമിന്റെതായി കരുതപ്പെടുന്നതും **ആറാം ഞായറാഴ്ച** യാമപ്രാർത്ഥനയിൽ ആലപിക്കപ്പെടുന്നതുമായ ഒരു ഗീതം ശ്രദ്ധേയമാണ് :

*"പാപങ്ങളിൽ നിന്നു ശുദ്ധീകരിക്കപ്പെടേണ്ടതിന്, നിങ്ങൾക്ക് മാമ്മോദീസാ നല്കുവാനായി മാമ്മോദീസാ സ്വീകരിച്ചവൻ അനുഗ്രഹീതനാകുന്നു.*

*യോഹന്നാന്റെ മാമ്മോദീസായിൽ മുകളിൽ നിന്ന് പരിശുദ്ധാത്മാവിറങ്ങി വന്ന് തന്റെ ആവാസത്താൽ വെള്ളത്തെ വിശുദ്ധീകരിച്ചു. അവൻ എല്ലാവരെയും വിട്ട് ഒരാളുടെ മേൽ വസിച്ചു. ഇപ്പോഴാകട്ടെ, അവനിറങ്ങി ജലത്തിൽ നിന്നു ജനിച്ച എല്ലാവരുടെയും മേൽ വസിച്ചു. യോഹന്നാൻ മാമ്മോദീസാ നല്കിയിട്ടുള്ളവരിൽ വച്ച് ഒരാളുടെ മേൽ മാത്രമെ പരിശുദ്ധാത്മാവു കുടികൊണ്ടിരുന്നിട്ടുള്ളു. ഇപ്പോഴാകട്ടെ, വളരെപ്പേരുടെ മേൽ ആവസിക്കുന്നതിന് അവൻ വന്നി*

www.malankaralibrary.com

*റങ്ങിയിരിക്കുന്നു. ആദ്യം മാമ്മോദീസാ സ്വീകരിച്ചവനെ അവൻ ആശ്ലേഷിച്ച് അവന്റെമേൽ വാസമുറപ്പിക്കുകയാണുണ്ടായത്".*

**ഒന്നാം ഞായറാഴ്ച** രാത്രിജപത്തിൽ നിന്നും ഒരു ഗീതശകലം കൂടി ഉദ്ധരിക്കുന്നു :

*"കർത്താവേ, നിന്റെ ദൂതനായ യോഹന്നാനിൽ നിന്ന് യോർദ്ദാനിൽ വച്ചു സ്വീകരിച്ച മാമ്മോദീസാ ഞങ്ങൾക്ക് അനുഗ്രഹങ്ങളുടെ ഉറവിടവും ജീവനിലുള്ള വിശ്വാസത്തിന്റെ നിറവേററലുമാകുന്നു. ആരാധ്യമായ ത്രിത്വത്തിന്റെ മഹത്വപൂർണ്ണരായ ആളുകളിലുള്ള തികഞ്ഞ വിശ്വാസം മൂലം മാമ്മോദീസാ സ്വീകരിക്കുന്ന എല്ലാവർക്കും അത് സ്വർഗ്ഗരാജ്യത്തിലേക്കുള്ള വഴി ഒരുക്കി".*

www.malankaralibrary.com

# 12

# നോമ്പുകാലം

> മാർ തോമ്മാ നസ്രാണികൾ ഈശോമിശിഹാ യുടെ പീഡാനുഭവവും മരണവും ആചരിക്കുന്നതി നായി നീക്കിവച്ചിരിക്കുന്ന ആരാധനാവത്സര ഭാഗ മാണ് **നോമ്പുകാലം.**

ദനഹാക്കാലാചരണം സ്വാഭാവികമായും പരസ്യജീവിതാന്ത്യമായ പീഡാനുഭവത്തിലേക്കും മരണത്തിലേക്കും വിശ്വാസികളെ നയിക്കുന്നു. ഈ രക്ഷാകര സംഭവങ്ങൾ അവയുടെ കാരണങ്ങളിലേക്കും നമ്മുടെ ചിന്തയെ തിരിച്ചുവിടും.

**ആദിമാതാപിതാക്കളുടെ പാപം, തൽഫലമായി മനുഷ്യനിൽ ശക്തിപ്പെട്ട പാപവാസന, അതിൻെറ തിക്ത ഫലങ്ങൾ, അനുതാപത്തിൻെറയും മന:പരിവർത്തനത്തിൻെറയും ആവശ്യം, ദൈവത്തിൻെറ സ്നേഹം, കാരുണ്യം തുടങ്ങിയവയെല്ലാം നമ്മെ സ്പർശിക്കും.**

പാപത്തിൻെറ ഫലമാണു മരണമെന്ന യാഥാർത്ഥ്യം തെളിഞ്ഞു നില്ക്കുന്നതുകൊണ്ടു്, **ദനഹാക്കാലത്തിലെ അവസാന വെള്ളിയാഴ്ച ആചരിച്ച സക**

www.malankaralibrary.com

**ല മരിച്ചവരുടെയും ഓർമ്മ,** ഈശോയുടെ പീഡാനുഭവത്തിലേയ്ക്കും മരണത്തിലേയ്ക്കും അവയ്ക്കു കാരണമായ മനുഷ്യൻെറ പാപങ്ങളിലേയ്ക്കും തിരിയുന്നതിനു് സഹായിക്കുന്നു.

## മരിച്ചവരുടെ ഓർമ്മ

**നോമ്പുകാലം മുഴുവൻ** മരിച്ചവിശ്വാസികളുടെ ഓർമ്മ നിലനിറുത്തുക മാർ തോമ്മായുടെ മാർഗ്ഗത്തിൻെറ ഒരു സവിശേഷതയാണു്; അതിനുതകുന്ന പ്രാർത്ഥനകളും കർമ്മങ്ങളും തുടർച്ചയായി നടത്താറുമുണ്ടു്.

## ഈശോയുടെ ഉപവാസം

നോമ്പുകാലത്തിനു് **ഏഴു് ആഴ്ചകളാണുള്ളതു്;** ഇശോയുടെ **നാല്പതു ദിവസ**ത്തെ ഉപവാസം ഇതിന്നാധാരമായി കണക്കാക്കുകയും ചെയ്യുന്നു.

**ഞായറാഴ്ചകൾ** ഉത്ഥാനത്തിൻെറ ആചരണദിവസങ്ങളാകയാൽ ഒരു സഭയും അന്നു് നോമ്പാചരിക്കാറില്ല. **പീഡാനുഭവ വെള്ളിയും വലിയശനിയും** പ്രത്യേക ഉപവാസ ദിനങ്ങളാണു് മാർ തോമ്മാ നസ്രാണികൾക്കു്. ഏഴാഴ്ചകളിൽ നിന്നും മുൻപറഞ്ഞ ദിവസങ്ങൾ മാററുമ്പോൾ കൃത്യം **നാല്പതു ദിവസങ്ങളാ**ണെന്നു കാണാം.

## അമ്പതു നോമ്പു്

മാർ തോമ്മാ നസ്രാണികളാകട്ടെ, പേത്രത്താഞായർ പാതിരാ മുതൽ ഉയിർപ്പുതിരുന്നാൾ വരെ എല്ലാദിവസവും നോമ്പായി ആചരിച്ചിരുന്നു. ആയതിനാൽ **അമ്പ**

www.malankaralibrary.com

**തുനോമ്പ്** എന്നാണ് നോമ്പുകാലം മാർ തോമ്മായുടെ, മാർഗ്ഗത്തിൽ അറിയപ്പെടുന്നത്.

## പേത്രത്താ ഞായർ

**പേത്രത്താ ഞായറാഴ്ച**യാണല്ലോ നോമ്പാരംഭിക്കുക: *"പേത്തുർത്താ"* എന്ന സുറിയാനി പദത്തിന്റെ അർത്ഥം *"തിരിഞ്ഞു നോക്കൽ"*, *"അനുരഞ്ജനം"* എന്നൊക്കെയാണ്. നോമ്പുകാലം മുഴുവൻ യഥാർത്ഥത്തിലുള്ള തിരിഞ്ഞു നോക്കലിന്റെയും അനുരഞ്ജനത്തിന്റെയും അവസരമാണല്ലോ.

**തീക്ഷ്ണമായ പ്രാർത്ഥനയും ആത്മാർത്ഥമായ ഉപവാസവും ഔദാര്യപൂർവ്വമുള്ള ദാനധർമ്മവും പാപപ്പരിഹാരത്തിനുള്ള ഉത്തമോപാധികളായി മാർ തോമ്മായുടെ മാർഗ്ഗം പ്രത്യേകം ചൂണ്ടിക്കാണിക്കുന്നു.**

## നോമ്പാചരണം

**നോമ്പുകാലത്ത്**, സാധാരണയിൽ **കൂടുതൽ പ്രാർത്ഥിക്കണം;** ഏററം **ഇഷ്ടപ്പെട്ട** ചില **സാധനങ്ങളും ചെയ്തികളും വർജ്ജിക്കണം;** അത്യാവശ്യത്തിൽ കഴിയുന്ന **ഒരു വ്യക്തിയെയെങ്കിലും** സഹായിക്കണം.

## അനുരഞ്ജന ഭാവം

**അനുരഞ്ജനഭാവത്തിനും** മാർ തോമ്മായുടെ മാർഗ്ഗത്തിൽ വലിയ പ്രാധാന്യമുണ്ട്. വിശുദ്ധഗ്രന്ഥാത്മ

www.malankaralibrary.com

കമായ ഈ ഭാവം വിശ്വാസ ജീവിതത്തിന്റെ അടിസ്ഥാന മൂല്യങ്ങളിൽ പെട്ടതാണ്.

**പാപികളാണ്, രക്ഷിക്കപ്പെട്ടവരാണ്,** എന്ന ആഴമായ അവബോധത്തിൽ നിന്നു മാത്രമേ, ആത്മാർത്ഥമായ **സ്തുതിയും കൃതജ്ഞതയും** ദൈവത്തിൻ പക്കലേക്കയയ്ക്കുവാൻ സാധിക്കയുള്ളൂ. രക്ഷാകരമായ ഈ അനുഭവത്തിനാണ് **അനുരഞ്ജനഭാവം** എന്നു പറയുക. നോമ്പുകാലം മുഴുവൻ ഈ ഭാവപ്രകടനത്തിനുള്ള അവസരമാണ്. അതുകൊണ്ട് അതിന്റെ കൗദാശികപ്രഖ്യാപനമായ **അനുരഞ്ജനകൂദാശ**യ്ക്കണയുക നോമ്പുകാലത്തിലെ ഒരു പ്രത്യേകതയാണ്. **നോമ്പുകാലത്തിൽ ഒരിക്കലെങ്കിലും ഈ കൂദാശയ്ക്കണയാത്തവർ മാർ തോമ്മാ നസ്രാണികളെന്ന പേരിനുതന്നെ അർഹരാണോയെന്നു സംശയിക്കണം.**

## പരസ്നേഹം

> *"ഞാൻ ദൈവത്തെ സ്നേഹിക്കുന്നു, എന്നു പറയുകയും സഹോദരനെ വെറുക്കുകയും ചെയ്യുന്നവൻ നുണയനാണ്. കാണപ്പെടുന്ന സഹോദരനെ സ്നേഹിക്കാത്തവന് കാണപ്പെടാത്ത ദൈവത്തെ സ്നേഹിക്കാൻ കഴിയുകയില്ല"* (1 യോഹ. 4,20) എന്ന യോഹന്നാൻ ശ്ലീഹായുടെ പ്രബോധനം അക്ഷരാർത്ഥത്തിൽ അനുധാവനം ചെയ്യുന്നവരായിരിക്കണം മാർ തോമ്മായുടെ മാർഗ്ഗത്തിലുള്ളവർ.

www.malankaralibrary.com

പാപവാസനയുടെ ഫലമായ വൈകാരിക സമ്മർദ്ദവും തൽഫലമായ തെററുകളും കുററങ്ങളും എല്ലാ ജനപദങ്ങളിലും വ്യക്തമായി കാണാറുണ്ട്. അവയെല്ലാം വിശ്വാസവെളിച്ചത്തിൽ കൈകാര്യം ചെയ്യേണ്ടവരാണ് മാർ തോമ്മാ നസ്രാണികൾ. **വഴക്ക്, വൈരാഗ്യം, ശത്രുത, ഭിന്നത മുതലായവയെല്ലാം പരിഹരിക്കുന്നതിനുള്ള അവസരവുമാണ് നോമ്പുകാലം–ആദ്ധ്യാത്മികവും സാമൂഹികവുമായ പുനരുത്ഥാനാവസരമാണു നോമ്പുകാലം.**

> *"ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ ക്ഷമിച്ചതു പോലെ, ഞങ്ങളുടെ കടങ്ങളും പാപങ്ങളും ഞങ്ങളോടും ക്ഷമിക്കണമേ"*, എന്നാണ നാം നിരന്തരം പ്രാർത്ഥിക്കുക.

## നോമ്പാരംഭം

**നോമ്പാരംഭം** വിവിധ സഭകളിൽ വിവിധ രീതികളിലാണ്. ചാക്കുടുത്ത് ചാരം പൂശി (യോനാ. 3,6) അനുതപിക്കുക എന്ന പഴയനിയമ പാരമ്പര്യം **ലത്തീൻ സഭ** സ്വീകരിച്ചിരിക്കുന്നു. **പൗരസ്ത്യ സഭകൾ** ഇക്കാര്യത്തിൽ ബാഹ്യ പ്രകടനങ്ങളേക്കാൾ മിശിഹായുടെ നിർദ്ദേശാനുസരണം ആന്തരികഭാവത്തിനു കൂടുതൽ പ്രാധാന്യം നല്കുന്നു.

*"ഉപവസിക്കുമ്പോൾ കപടഭക്തരെപ്പോലെ നിങ്ങൾ ദുഃഖം നടിക്കരുത്. തങ്ങൾ ഉപവസിക്കയാണെന്ന് മററുള്ളവർ കാണാൻ വേണ്ടി അവർ മുഖം വിരൂപമാക്കുന്നു. അവർക്ക് അവരുടെ*

www.malankaralibrary.com

പ്രതിഫലം കിട്ടിക്കഴിഞ്ഞെന്ന് സത്യമായി ഞാൻ നിങ്ങളോടു പറയുന്നു. എന്നാൽ നീ ഉപവസിക്കുന്നതായി മനുഷ്യർക്കു കാണപ്പെടാതിരിക്കാൻ, ഉപവസിക്കുമ്പോൾ നീ തലയിൽ തൈലം പൂശുകയും മുഖം കഴുകുകയും ചെയ്യുക. അപ്പോൾ നിന്റെ അദൃശ്യനായ പിതാവു മാത്രം കാണും. രഹസ്യത്തിൽ നീ ചെയ്യുന്നതു കാണുന്ന നിന്റെ പിതാവ് നിനക്കു പ്രതിഫലം തരികയും ചെയ്യും" (മത്താ. 6, 16–18).

ഓരോ സഭയും അവളുടെ ചൈതന്യത്തിനനുയോജ്യമായ രീതിയിൽ നോമ്പാരംഭിക്കണം. വിഭൂതി കർമ്മം പൗരസ്ത്യ സഭകളുടെ ചൈതന്യത്തിനു ചേരുന്നതല്ല. **പ്രത്യേക പ്രാർത്ഥനകൾ നടത്തുകയും പരിപൂർണ്ണ ഉപവാസമനുഷ്ഠിക്കുകയും ഔദാര്യപൂർവ്വം ധർമ്മദാനം ചെയ്യുകയുമാണ് നോമ്പാരംഭിക്കുന്നതിന് മാർ തോമ്മായുടെ മാർഗ്ഗം നിർദ്ദേശിക്കുന്നരീതി.**

## പെസഹാ രഹസ്യ ജീവിതം

നോമ്പുകാലത്തിലെഅവസാന ആഴ്ചയിലാണു മിശിഹായുടെ പീഡാനുഭവവും മരണവും കൃത്യമായി അചരിക്കപ്പെടുന്നത്. **അതിനുമുമ്പുള്ള ആഴ്ചകൾ** ആഴമായ **പെസഹാരഹസ്യജീവിതത്തിനു** മുൻതൂക്കം കൊടുക്കുന്നു.

www.malankaralibrary.com

യഥാർത്ഥത്തിലുള്ള **പെസഹാ രഹസ്യ സാത്മീകരണത്തിലൂടെ** വിശ്വാസത്തിൻെറ ആഴങ്ങളിൽ മുങ്ങിത്തപ്പി, കൂടുതൽ കൂടുതൽ ദൈവികരാകാതെ, ഈശോയുടെ പീഡാനുഭവത്തിൻെറയും മരണത്തിൻെറയും അന്തരാർത്ഥം ഗ്രഹിക്കാനാവില്ലല്ലോ. ശരിയായ ആത്മസംയമനവും ശാരീരിക ത്യാഗവും ഇതിനത്യന്താപേക്ഷിതമാണ്. മാർ തോമ്മാ നസ്രാണികളെ സംബന്ധിച്ചിടത്തോളം തങ്ങളുടെ ജന്മനാടായ **ഭാരതത്തിലെ സാംസ്കാരിക-മതാത്മക ചിന്തകൾ** കൂടി സമന്വയിപ്പിച്ചുള്ള ഒരു ജീവിത വീക്ഷണവും ജീവിത ശൈലിയുമാണിതെന്നു പ്രത്യേകം എടുത്തു പറയേണ്ടിയിരിക്കുന്നു. താഴെ കൊടുക്കുന്ന ഗീതഭാഗം പ്രസ്തുത വീക്ഷണത്തിനുദാഹരണമാണ്:

*"സഭയിലെ പരിശുദ്ധമായ ഉപവാസം ജീവൻെറ വൃക്ഷത്തിനു സദൃശ്യമാകുന്നു. അതിൻെറ പഴം ഭക്ഷണത്തിനും ഇലകൾ ഔഷധത്തിനും പററിയവയത്രേ. ഉപവാസം മൂലം മനസ്സ് ആത്മീക ചിന്തകളാൽ പരിപുഷ്ടമായിത്തീരുന്നു; കീർത്തനവാക്കുകളാൽ മനസ്സിൻെറ ശുദ്ധത പാവനമായി കാക്കപ്പെടുന്നു; ശരീരത്തിനാണെങ്കിൽ പാരത്രികമായ കൊഴുപ്പു ലഭിക്കുന്നു. ഉപവാസം ശരീരത്തിൻെറ കണ്ണുകളെ കരുണയുടെ എണ്ണയാൽ ഉജ്ജ്വലിപ്പിച്ചു പ്രകാശിപ്പിക്കുന്നു; മനുഷ്യൻ അവൻെറ ആത്മാവിലും ശരീരത്തിലും ജീവനുള്ള പരിശുദ്ധാത്മാവിന് ഒരു പാവനാലയമായിത്തീരുന്നു. ഇങ്ങനെ അത്യുന്നതൻ അവനിൽ വസിച്ച് ആത്മീക പുസ്തകത്തിൽ അവൻെറ പേര് എഴുതിപ്പിക്കുന്നു".*

www.malankaralibrary.com

## ഓശാന ഞായർ

നോമ്പുകാലത്തിലെ അവസാന വാരം **ഓശാന** ഘോഷത്തോടെ ആരംഭിക്കുന്നു. ഈശോമിശിഹായുടെ മഹത്വപൂർണ്ണമായ ജറുശലം പട്ടണ പ്രവേശനമാണ് ഓശാനദിവസം കൊണ്ടാടുക. അന്നത്തെ **കുരുത്തോല പ്രദക്ഷിണം** ഈശോയെ ജറുശലം പട്ടണത്തിലേക്ക് സ്വീകരിച്ചതിന്റെ പ്രതീകവും ആചരണവുമാണ്.

## പീഡാനുഭവ വാരം

**വിശുദ്ധ വാരം, പീഡാനുഭവ ആഴ്ച** എന്നൊക്കെ അറിയപ്പെടുന്ന ഈ ദിവസങ്ങൾ എല്ലാം കൊണ്ടും പ്രത്യേകമാണ് മാർ തോമ്മാ നസ്രാണികൾക്ക്. **തിങ്കളാഴ്ച മുതൽ ശനിയാഴ്ച വരെ** ദൈവാലയങ്ങളിൽ വച്ച് നടത്തുന്ന ഏററം ആഘോഷമായ തിരുക്കർമ്മങ്ങൾ **സന്ധ്യാ നമസ്കാര** (റംശാ) ത്തോടു കൂട്ടിച്ചേർക്കുന്നു. മററു സമയങ്ങളിലുള്ള യാമപ്രാർത്ഥനയും ആഘോഷമായി ദൈവാലയങ്ങളിൽ നടത്താറുണ്ട്.

## പെസഹാ വ്യാഴം

**പെസഹാ വ്യാഴം വിശുദ്ധ കുർബാനയുടെ** അഥവാ **ദിവ്യരഹസ്യങ്ങളുടെ** അഥവാ **തിരുശ്ശരീര രക്തങ്ങളുടെ** തിരുനാളാണ് മാർ തോമ്മായുടെ മാർഗ്ഗത്തിൽ. ലോകാവസാനം വരെ ഈ തിരുശ്ശരീരരക്തങ്ങൾ പരികർമ്മം ചെയ്യുന്നതിനുള്ള അധികാരം ശ്ലീഹന്മാർക്കു ലഭിച്ചത്, അവർ മിശിഹായോടൊത്ത് അവസാനമായി **പെസഹാ** ഘോഷിച്ച അവസരത്തിലാണ്.

www.malankaralibrary.com

**അന്ത്യ അത്താഴവേളയിൽ** ഈശോ ശ്ലീഹന്മാരുടെ **കാലുകൾ കഴുകിയതിനെ** അനുസ്മരിക്കുന്നതിനും ആചരിക്കുന്നതിനുമായി, ഇന്നു് നമ്മുടെ ദൈവാലയങ്ങളിൽ വിശുദ്ധ കുർബാനയോടനുബന്ധിച്ചു് കാർമ്മികൻ പന്ത്രണ്ടുപേരുടെ കാലുകഠം കഴുകുന്നു.

## പെസഹാ ഭക്ഷണം

**പെസഹാ ഭക്ഷണം** മാർ തോമ്മാ നസ്രാണികളുടെയിടയിൽ മാത്രം നിലനില്ക്കുന്ന വിശേഷതമമായ ഒരാചരണമാണു്. നമ്മുടെ കുടുംബങ്ങളിൽ അന്നേ ദിവസം വിശേഷ തരത്തിലുള്ള **കുരിശപ്പവും പാലും** തയ്യാറാക്കുന്നു. രാത്രി പ്രത്യേക സമയത്തു് കുടുംബാംഗങ്ങഠം എല്ലാവരും ഒരുമിച്ചു കൂടി പ്രാർത്ഥിച്ചശേഷം, **കുടുംബനാഥൻ** അപ്പം മുറിച്ചു് ഓരോരുത്തക്കും നല്കുന്നു. പാലും വീതിച്ചു കൊടുക്കുന്നു. എല്ലാവരും ആദരപൂർവ്വം അവ ഭക്ഷിക്കുന്നു.

**വിശപ്പടക്കുന്നതിനുള്ള** ഭക്ഷണം കഴിയ്ക്കലല്ല ഇതെന്നു് എല്ലാവർക്കുമറിയാം. കാരണം, സാധാരണ അത്താഴം കഴിഞ്ഞാണു് ഈ പ്രത്യേക ആചരണം നടത്തുക. ചില സ്ഥലങ്ങളിൽ അയൽവാസികളെയും ഈ ആചരണത്തിനു ക്ഷണിക്കാറുണ്ടു്. എന്നാൽ **വിശ്വാസികളല്ലാത്ത ആരെയും, അവർ എത്ര അടുത്ത സുഹൃത്തുക്കളായിരുന്നാലും, ഇതിനു ക്ഷണിക്കാറില്ല. കുടുംബനാഥൻെറ മരണാനന്തരം** വരുന്ന പെസഹാ നാളിൽ ഈ അപ്പം ഉണ്ടാക്കാറില്ല; ആഘോഷമായ പെസഹാ ഭക്ഷണവും നടത്താറില്ല; ബന്ധുക്കളോ അയൽക്കാരോ കൊണ്ടുവരുന്ന അപ്പം അനാർഭാടമായി കഴിക്കുക മാത്രം ചെയ്യുന്നു.

www.malankaralibrary.com

**യഹൂദൻമാരുടെ പെസഹാ ഭക്ഷണവു**മായി മാർ തോമ്മാ നസ്രാണികളുടെ പെസഹാ ആചരണത്തിനു് വളരെ സാധർമ്മ്യമുണ്ടു്; സാഹചര്യങ്ങൾക്കനുസരിച്ചുള്ള വ്യതിയാനം മാത്രമേ ദൃശ്യമാകുന്നുള്ളൂ. ആദിമ മാർ തോമ്മാ നസ്രാണികളിൽ വളരെയധികം പേർ യഹൂദരായിരുന്നുവെന്ന നിഗമനത്തിലേക്കാണ് ഈ വസ്തുത നമ്മെ നയിക്കുന്നതു്. *"യഹൂദൻമാരുടെ പെസഹാ ഭക്ഷണാവസരത്തിലാണ് ഈശോ നാഥൻ വിശുദ്ധകുർബാന സ്ഥാപിച്ചതു്"* എന്ന ചരിത്ര വസ്തുതയിലേക്കും വിരൽ ചൂണ്ടുന്ന ഒരാചരണമാണിതു്.

## പീഡാനുഭവ വെള്ളി

**പീഡാനുഭവ വെള്ളിയിലെ കർമ്മങ്ങളെല്ലാം മാർ തോമ്മാ സ്ലീവായെ കേന്ദ്രീകരിച്ചു നടത്തുന്നു. മാർ തോമ്മാ സ്ലീവാ മിശിഹായുടെ പ്രതിരൂപമാണല്ലോ.**

കർമ്മങ്ങൾ തുടങ്ങുന്നതിനു മുമ്പുതന്നെ, ബേമ്മായിൽ സ്ഥാപിക്കപ്പെട്ടിരിക്കുന്ന **മാർ തോമ്മാ സ്ലീവായെ കൊത്തീനായും ഊറാറയും** അണിയിക്കുന്നു. കർമ്മങ്ങൾക്കിടയിൽ സുവിശേഷ പ്രഘോഷണം കഴിയുമ്പോൾ, പ്രധാന കാർമ്മികൻ തന്നെ പ്രസ്തുത തിരുവസ്ത്രങ്ങൾ ഉരിഞ്ഞുമാററി **സ്ലീവാ വെള്ളത്തൂവാല കൊണ്ടു പൊതിയുന്നു;** തുടർന്നു് പ്രദക്ഷിണമായി മദ്ബഹായിലേക്കു സംവഹിക്കുകയും അൾത്താരയിൽ കിടത്തുകയും ചെയ്യുന്നു.

www.malankaralibrary.com

**ബേമ്മ** ഗാഗ്ഗുൽത്തായുടെയും **അൾത്താര** കബറിടത്തിൻെറയും പ്രതീകങ്ങളാകയാൽ, ഗാഗ്ഗുൽത്താമലയിലെ സ്ലീവായിൽ മരിച്ച മിശിഹായെ കബറിടത്തിൽ സംസ്ക്കരിച്ചതിൻെറ കൗദാശിക ആചരണമാണീ കർമ്മത്തിൽ നടത്തുന്നതു്.

കർമ്മങ്ങരം അവസാനിക്കുന്നതിനു മുമ്പായി **പ്രസ്തുത സ്ലീവാ വെള്ളം കൊണ്ടു കഴുകുകയും വിശ്വാസികൾ അതിനെ ചുംബിക്കുകയും, കഴുകിയ വെള്ളത്തിൽ കയ്പു കലർത്തി അല്പം രുചിക്കുകയും ചെയ്യുന്നു.**

സ്ലീവാ കഴുകുന്നതു് കബറടക്കത്തിനുള്ള ഒരുക്കമായിട്ടാണ്; ചുംബിക്കുന്നതു് മിശിഹായ്ക്കു നല്കുന്ന അന്ത്യാഭിവാദനവും, കയ്പുനീർ രുചിക്കൽ അവിടുത്തെ പീഡാനുഭവത്തിലുള്ള വ്യക്തിപരമായ പങ്കുചേരലുമാണ്.

മെത്രാന്മാരുടെയും മററും സംസ്ക്കാര ശുശ്രൂഷയിൽ നടത്താറുള്ളതുപോലെ **നഗരികാണിക്കൽ** പ്രദക്ഷിണം പീഡാനുഭവ വെള്ളിയാഴ്ചയിലെ ഒരു സാധാരണ ചടങ്ങാണ്. ചുരുങ്ങിയപക്ഷം, വൈദികരുടെ ശവസംസ്ക്കാര കർമ്മത്തിൽ കൊടുത്തിരിക്കുന്നതുപോലുള്ള ഒരു **വീടവാങ്ങൽ കർമ്മവും,** പള്ളിയ്ക്കോ പള്ളി മുററത്തെ സ്ലീവായ്ക്കോ ചുററിയുള്ള **പ്രദക്ഷിണവും** നടത്തുക

www.malankaralibrary.com

മാർ തോമ്മാ നസ്രാണികളുടെ പതിവാണ്. ഈ കർമ്മങ്ങളുടെയെല്ലാം കേന്ദ്രം ബേമ്മായിൽ നിന്നും അംത്താരയിലേക്കു മാററിയതും കഴുകി ചുംബിച്ചതുമായ മാർ തോമ്മാ സ്ലീവായാണ്.

കർമ്മങ്ങളുടെയെല്ലാം അവസാനം **വിശുദ്ധ സ്ലീവാ** വെള്ളത്തുണിയിൽ പൊതിഞ്ഞ് **അൾത്താരയുടെ അടിയിൽ** തന്നെ **സംസ്ക്കരിക്കുന്നു.** അസൗകര്യമെങ്കിൽ, **അൾത്താരയിൽ കിടത്തി *"ശോശപ്പാ"*** കൊണ്ടു മൂടുന്നു. **അൾത്താര കബറിടവും *"ശോശപ്പാ"* അതിൻെറ മൂടിയുമാണല്ലോ.**

**പീഡാനുഭവ വെള്ളിയാഴ്ച രാത്രിമുഴുവൻ** മിശിഹായുടെ കബറിടത്തിങ്കൽ (അംത്താരസ്സമീപം) വിശ്വാസികൾ ഉറക്കമിളച്ച് പ്രാർത്ഥനനടത്തിയിരുന്നതായി പാരമ്പര്യത്തിൽ കാണുന്നുണ്ട്.

മാർ തോമ്മായുടെ മാർഗ്ഗമനുസരിച്ച്, **പീഡാനുഭവ വെള്ളി ഉത്ഥാന പ്രഭയിൽ വെട്ടിത്തിളങ്ങുന്ന ഒന്നാണ്.** ഈശോ ഉയിർത്തില്ലായിരുന്നെങ്കിൽ, പീഡാനുഭവത്തിനും മരണത്തിനും ഒരു മൂല്യവുമുണ്ടാകുമായിരുന്നില്ല. അതുകൊണ്ടുതന്നെയായിരിക്കണം **സ്ലീവായാകുന്ന തേരിൽ നിന്നും പ്രപഞ്ചത്തെ മുഴുവൻ അടക്കി ഭരിക്കുന്ന സർവ്വശക്തനായ രാജാവായി ക്രൂശിതനെ ചിത്രീകരിക്കുവാൻ നമ്മുടെ പിതാക്കന്മാർ പ്രേരിപ്പിക്കപ്പെട്ടത്.**

www.malankaralibrary.com

ഈശോ **സ്വമനസ്സാ** സഹിച്ച് മരിച്ചവനാണ്; അത്രം മരണത്തെ ജയിച്ച്, മഹത്വത്തിലേക്കു പ്രവേശിക്കുന്നതിനായി; മാത്രമല്ല, ഒരിക്കലും നശിച്ചു പോകാത്ത **പുതുജീവൻ** നമുക്കോരോരുത്തർക്കും പ്രദാനം ചെയ്യുന്നതിനായും.

ഈശോയുടെ ഉയിർപ്പിന്റെയും നമുക്കു ലഭിച്ച പുതുജീവന്റെയും സമുന്നത പ്രതീകമായ **മാർ തോമ്മാ സ്ലീവായെ** കേന്ദ്രീകരിച്ച് പീഡാനുഭവ വെള്ളിയാഴ്ച കർമ്മങ്ങൾ ആചരിക്കുവാൻ **മാർ തോമ്മാ നസ്രാണികളെ** പ്രേരിപ്പിക്കുന്ന **വിശ്വാസ വീക്ഷണവും** മറ്റൊന്നല്ല.

യാമപ്രാർത്ഥനയിലെ ഒരു ചെറുഗീതം ഈ ആശയങ്ങളെല്ലാം സമ്യക്കായി സമാഹരിക്കുന്നുണ്ട്:

*"മരണ വിധേയരായവരേ, നിങ്ങൾ സമാശ്വസിച്ച്, ആനന്ദിക്കുവിൻ! കാരണം, മരണത്തിന്റെ ശക്തി നശിപ്പിക്കപ്പെട്ടിരിക്കുന്നു. മിശിഹാ സ്വശക്തിയാൽ മരണത്തെ കീഴടക്കുകയും തന്റെ ഉയിർപ്പിനാൽ പുതുജീവൻ വാഗ്ദാനം ചെയ്യുകയും ചെയ്തിരിക്കുന്നു."*

## വലിയ ശനി

**വലിയ ശനിയാഴ്ചത്തെ** കർമ്മങ്ങൾ **മാമ്മോദീസായെ** കേന്ദ്രീകരിച്ചുള്ളതാണ്. മാമ്മോദീസാ ഈ

www.malankaralibrary.com

ശോയുടെ മരണത്തിലും ഉയിർപ്പിലുമുള്ള ഭാഗഭാഗിത്വ മാണല്ലോ.

**സന്ധ്യാനമസ്ക്കാരം** (റംശാ), **മാമ്മോദീസാ, കുർബാന** ഇവയാണ് അന്നത്തെ പ്രധാന കർമ്മങ്ങൾ. ശരിയായ മാമ്മോദീസാകർമ്മം തന്നെ ഈ ദിവസം നടത്തുകയാണ് മാർ തോമ്മായുടെ മാർഗ്ഗത്തിൻെറ രീതി. അസൗകര്യമായി വരുന്നെങ്കിൽ മാമ്മോദീസായുടെ അനുഭവം ഉളവാക്കുന്ന കർമ്മങ്ങൾ ഉൾപ്പെടുത്തുന്നു.

www.malankaralibrary.com

13

# ഉയിർപ്പു കാലം

ഉയിർപ്പുതിരുനാറം മുതൽ പന്തക്കുസ്താവരെയുള്ള ഏഴ് ആഴ്ചകളാണ് ഉയിർപ്പുകാലമായി മാർ തോമ്മായുടെ മാർഗ്ഗത്തിൽ ആചരിക്കപ്പെടുന്നതു്.

## ഉയിർപ്പ തിരുനാൾ

ശ്ലീഹന്മാർതന്നെ ഉയിർപ്പു തിരുനാറം ഘോഷം ആരംഭിച്ചിരിക്കാനാണ് സാദ്ധ്യത. ആഴ്ചയുടെ **ഒന്നാം ദിവസം, എട്ടാം ദിവസം, കർത്താവിൻെറദിവസം** തുടങ്ങിയ പേരുകളിൽ വിവിധ സഭാസമൂഹങ്ങറം ഈ തിരുനാറം ആചരിച്ചിരുന്നു. ക്രമേണ വാർഷികാചരണവും പ്രചാരത്തിൽ വന്നിരിക്കണം. അതിലും വിവിധത്വം പ്രകടമായി.

## യോഹന്നാൻ ശ്ലീഹാ

യോഹന്നാൻ ശ്ലീഹായുടെ കാഴ്ചപ്പാടിൽ, ജറുശലം ദൈവാലയത്തിൽ **പെസഹാക്കുഞ്ഞാടിൻെറ കഴുത്തറുത്ത** അതേ സമയത്താണ് ദൈവത്തിൻെറ കുഞ്ഞാടായ **മിശിഹാ സ്ലീവായിൽ മരിച്ചത്; സ്ലീവാ**

www.malankaralibrary.com

**യിൽ ഉയർത്തപ്പെട്ടതോ, അവിടുത്തെ മഹത്ത്വീകരണവും.** ഈ പാരമ്പര്യത്തിന്റെ ചുവടുപിടിച്ച്, പല സഭാ സമൂഹങ്ങളും യഹൂദന്മാരുടെ പെസഹാദിനമായിരുന്ന **നീസാൻ മാസം 14-ാം** നു ഉയിർപ്പു തിരുനാൾ ഘോഷിച്ചു പോന്നു.

## സമാന്തര സുവിശേഷങ്ങൾ

മററു പല സമൂഹങ്ങളുമാകട്ടെ, സമാന്തര സുവിശേഷങ്ങളുടെ പാരമ്പര്യത്തിൽ **നീസാൻ മാസം 14-ാംനു കഴിഞ്ഞു വരുന്ന ഞായറാഴ്ചയാണ് ഉയിർപ്പുതിരുനാൾ** ഘോഷിച്ചിരുന്നത്.

## സംയോജന പരിശ്രമം

ഏകദേശം ഒന്നര നൂററാണ്ടുകാലംകഴിഞ്ഞശേഷം, 154-ൽ ഇരുപാരമ്പര്യങ്ങളുടെയും നേതാക്കളായിരുന്ന, വിശുദ്ധരായ **പൊലിക്കാർപ്പും അനിസേററസ് പാപ്പായും** ഒരുമിച്ചു കൂടി **ഉയിർപ്പു തിരുനാൾ ഒരേ ദിവസം** ആഘോഷിക്കുന്നതിനെക്കുറിച്ച് പര്യാലോചന നടത്തി. എങ്കിലും **സഭാപാരമ്പര്യങ്ങളോടും ഏകസഭയിൽ പ്രകടമായിരുന്ന വൈവിധ്യങ്ങളോടുമുള്ള ആദരവു കാരണം, വിവിധ പാരമ്പര്യങ്ങൾ** അങ്ങനെതന്നെ **തുടരട്ടെ**യെന്ന് അവർ തീരുമാനിച്ചു.

www.malankaralibrary.com

## വിക്ടർ പാപ്പാ

എ. ഡി. 198-ൽ **വിക്ടർ പാപ്പാ** ഇക്കാര്യത്തിൽ **റോമൻ പാരമ്പര്യത്തിന്** അനുകൂലമായ ഒരു തീരുമാനം എടുക്കുകയും, എല്ലാവരും **നീസാൻ മാസം 14-ാംനു- കഴിഞ്ഞു വരുന്ന ഞായറാഴ്ച** ഉയിർപ്പു തിരുനാൾ ഘോഷിക്കണമെന്നാജ്ഞാപിക്കുകയും ചെയ്തു.

## അസ്വസ്ഥതകൾ

മാർപ്പാപ്പായുടെ ഏകപക്ഷീയമായ തീരുമാനം **പല അസ്വസ്ഥതകൾക്കും** കാരണമായി. എങ്കിലും മഹാനായ **വിശുദ്ധ ഇരണേവൂസിന്റെ** മാദ്ധ്യസ്ഥതയിൽ മാർപ്പാപ്പയുടെ തീരുമാനം സ്വീകരിക്കുന്നതിനോ സ്വീകരിക്കാതിരിക്കുന്നതിനോ ഉള്ള **സ്വാതന്ത്ര്യം** ഓരോ സഭയ്ക്കും ലഭിച്ചു; സാവകാശത്തിൽ **എല്ലാ സഭകളും** അതു **സ്വീകരിക്കുകയും** ചെയ്തു.

## നിഖ്യാ സൂനഹദോസ്

എ. ഡി. **325-ൽ സമ്മേളിച്ച** ആദ്യത്തെ സാർവ്വത്രിക സൂനഹദോസ് – **നിഖ്യാ സൂനഹദോസ്** – ഇക്കാര്യം വീണ്ടും ചർച്ച ചെയ്യുകയും, ശരിയായി ഒരു പഠനം നടത്തി, ഉയിർപ്പു തിരുനാൾ ദിവസം നിശ്ചയിക്കുന്ന ചുമതല പണ്ഡിതന്മാരുടെ നഗരമായിരുന്ന **അലക്സാണ്ഡ്രിയായിലെ മെത്രാന്മാർക്കു** വിടുകയും ചെയ്തു. അന്നത്തെ അവരുടെ തീരുമാനമനുസരിച്ചാണ് **ഇന്നും ഉയിർപ്പു തിരുനാൾ** ദിവസം നിശ്ചയിക്കുന്നത്.

www.malankaralibrary.com

## തീരുമാനം

യൂദന്മാരുടെ കലണ്ടർ പ്രകാരം, സൂര്യൻ ഭൂമദ്ധ്യരേഖയിൽ വരുന്ന ദിവസമാണ് നീസാൻ മാസം 14-ാം തീയതി. ഇപ്പോഴത്തെ കണക്കനുസരിച്ച് അത് മാർച്ച് 21-ാം തീയതിയാണ്. **മാർച്ച് 21-നു ശേഷമുള്ള വെളുത്ത വാവു കഴിഞ്ഞു വരുന്ന ഞായറാഴ്ച ഉയിർപ്പു തിരുനാൾ** ആഘോഷിക്കാമെന്നാണ് അന്നു തീരുമാനിക്കപ്പെട്ടതു്.

## കന്നിപ്പെരുന്നാൾ

> **തിരുനാളുകളുടെ തിരുനാളായിട്ടാ**ണ് മിശിഹാനാഥന്റെ ഉത്ഥാനം സഭയിൽ മുഴുവൻ ആചരിക്കപ്പെടുന്നതു്; സഭയിലെ കന്നിപ്പെരുന്നാളുമാണിതു്; മൂന്നാം നൂററാണ്ടവസാനം വരെ ഉണ്ടായിരുന്ന ഒരേ ഒരു തിരുനാളും ഇതായിരിക്കണം. ഉയിർപ്പു കാലത്തിന്റെ മുഴുവൻ ചൈതന്യം ഈ ഉറവിടത്തിൽ നിന്നുമാണ് നിർഗ്ഗളിക്കുക.

## ഉത്ഥാനഘോഷം

**രാത്രി - പ്രഭാത പ്രാർത്ഥന** (ലെലിയാ - സപ്രാ), **ഉയിർപ്പിന്റെ സമാധാന ശുശ്രൂഷ, വിശുദ്ധ കുർബാന** — ഈ മൂന്നു കൂട്ടം കർമ്മങ്ങളും പ്രാർത്ഥനകളും ഒരുമിച്ചു കൂട്ടിയാണ് മാർ തോമ്മായുടെ

www.malankaralibrary.com

മാർഗ്ഗത്തിൽ ഉയിർപ്പു തിരുനാറം ഘോഷിക്കുന്നതു്. ഇവയിൽ **സമാധാന ശുശ്രൂഷ, മാർ തോമ്മാ നസ്രാണികളുടെ തനതായ വ്യക്തിത്വം പ്രത്യേകം പ്രകടിപ്പിക്കുന്ന കർമ്മമാണ്.**

## സജ്ജീകരണങ്ങൾ

സാധാരണ, ഈ **കർമ്മങ്ങൾ രാത്രി മൂന്നു മണിക്കുശേഷം** നടത്തുന്നു. അന്നു പള്ളിയിൽ വരുന്ന **വിശ്വാസികൾ** ഓരോരുത്തരും ഓരോ **തിരികൊണ്ടു വരുന്നു.** കർമ്മം തുടങ്ങുന്നതിനു മുമ്പുതന്നെ, മദ്ബഹായും ദൈവാലയവും ദൈവാലയ മുററത്തെ സ്ലീവായും കൂടുതൽ പ്രകാശിതമാക്കുന്നതിനുള്ള സംവിധാനങ്ങറം ചെയ്തിരിക്കണം.

അറംത്താരയുടെ വലത്തും ഇടത്തും വശങ്ങളിൽ, പ്രദക്ഷിണത്തിനു് കൊണ്ടുപോകത്തക്കവിധത്തിൽ, മനോഹരമായി അലങ്കരിച്ച ഓരോ ചെറുപീഠം (ക്രൂപക്കൂട്) സജ്ജമാക്കുന്നു: **ഒന്ന് സ്ളീവായ്ക്കും മററത് ഏവൻഗാലിയോൻ പുസ്തകത്തിനും** വലത്തുവശത്തേതിൽ ഏവൻഗാലിയോൻ പുസ്തകം പ്രതിഷ്ഠിച്ച വസ്തുകയും ഇടത്തുവശത്തേത്തു് ഒഴിച്ചിട്ടിരിക്കുകയും ചെയ്യണം. മദ്ബഹായുടെ വിരിയിട്ടിരിക്കണം. കാർമ്മികരും ശുശ്രൂഷകരും ഉടുത്തൊരുങ്ങി, ക്രമപ്രകാരം ബേമ്മായിൽവന്നു് ശുശ്രൂഷ ആരംഭിക്കുന്നു.

## കർമ്മങ്ങൾ

സങ്കീർത്തനങ്ങറം തീരുമ്പോറം മുറപ്രകാരം **ധൂപം** ആശീർവ്വദിക്കുന്നു. തുടന്നു്, മദ്ബഹായുടെ വിരി തുറക്കു

www.malankaralibrary.com

കയും, കാർമ്മികരും ശുശ്രൂഷകരും മദ്ബഹായിൽ പ്രവേശിച്ച്, ഉത്ഥാനഗീതം ആലപിക്കുന്നതിനിടയിൽ പീഡാനുഭവ വെള്ളിയാഴ്ച **കബറടക്കിയ സ്ലീവാ ഉയർത്തി** അംത്താരയുടെ ഇടത്തുവശത്തുള്ള പീഠത്തിൽ സ്ഥാപിക്കുന്നു. **സ്ലീവാ ഉയർത്തുന്ന സമയം മദ്ബഹായിലും ദൈവാലയത്തിലുമുള്ള എല്ലാ വിളക്കുകളും പ്രകാശിപ്പിക്കുകയും പള്ളിമണികളടിക്കുകയും വേണം.** ഉത്ഥാനഗീതം മൂന്നു പ്രാവശ്യമെങ്കിലും ആവർത്തിച്ചു പാടുകയും അതിനിടയിൽ പ്രധാനകാർമ്മികൻ തന്നെ ധൂപകലശം വാങ്ങി സ്ലീവായും ഏവൻഗാലിയോൻ പുസ്തകവും അംത്താരയും ധൂപിക്കുകയും തുടർന്ന്, ഡീക്കന്മാരിലൊരാൾ മദ്ബഹായും ഹൈക്കലായും ധൂപിക്കുകയും ചെയ്യുന്നു. മറ്റൊരു ഡീക്കൻ അഥവാ വൈദികരിലൊരാൾ കെടാവിളക്കിൽ നിന്നും കത്തിച്ചെടുക്കുന്ന തിരിയിൽനിന്നും മദ്ബഹായിലും ഓരോ വിശ്വാസിയുടെ കൈയിലുമുള്ള തിരികൾ കത്തിക്കുന്നു.

## പ്രദക്ഷിണം

അടുത്തതായി **സ്ലീവായും ഏവൻഗാലിയോനും വഹിച്ചുകൊണ്ടുള്ള പ്രദക്ഷിണ**മാണു നടക്കേണ്ടത്. പ്രധാനകാർമ്മികൻ അംത്താരയുടെ ഇടത്തുവശത്തു പീഠത്തിൽ സ്ഥാപിച്ചിരിക്കുന്ന സ്ലീവായും മറ്റൊരു വൈദികൻ (അർക്കദിയാക്കോൻ), ഇല്ലെങ്കിൽ ഒരു ഡീക്കൻ ഏവൻഗാലിയോൻ പുസ്തകവും വഹിക്കുന്നു. പള്ളിമുറ്റത്തെ സ്ലീവായ്ക്കു ചുറ്റിയാണു സാധാരണ പ്രദക്ഷിണം നടത്തുക.

## സ്ലീവാവണക്കം

**പ്രദക്ഷിണം മടങ്ങി പള്ളിയിലെത്തുമ്പോൾ** സ്ലീവായും ഏവൻഗാലിയോനും ബേമ്മായിലെ

www.malankaralibrary.com

മേശയിൽ സ്ഥാപിക്കുന്നു. **കാറോസൂസായുടെ** അവസാനത്തിൽ ഡീക്കൻ അഭ്യർത്ഥിക്കുമ്പോൾ, **എല്ലാവരും ഒരുമിച്ച്** തലകുനിച്ച് സ്ലീവായേയും ഏവൻഗാലിയോൻ പുസ്തകത്തേയും നമിക്കുന്നു. തുടർന്ന് എല്ലാവരും പരസ്പരം സമാധാനം ആശംസിക്കുന്നു.

## സമാധാനാശംസ

*"ഉയിർത്തെഴുന്നേററ മിശിഹാ നിന്നോടു കൂടെ"* എന്നാശംസിക്കുമ്പോൾ, *"ഉയിർപ്പും പുതുജീവനും നവീകരണവും നിന്നോടു കൂടെ"* എന്നു പ്രത്യുത്തരിക്കുന്നു.

**ദിവ്യരഹസ്യങ്ങളുടെ ഗീതം** ആലപിച്ച് വിശുദ്ധ കുർബാന തുടരുന്നു.

ഉയിർപ്പിന്റേതായ കർമ്മങ്ങളെല്ലാം വളരെ അർത്ഥവത്തും അനുഭവമുളവാക്കുന്നവയുമാണ്. കബറടക്കിയ കർത്താവിന്റെ ഉത്ഥാനം ആചരിക്കയും വിവിധങ്ങളായ പ്രതീകങ്ങളിൽ അവിടുത്തെ ദൈവമായി ഏററുപറയുകയും ചെയ്യുന്ന മുൻവിവരിച്ച കർമ്മങ്ങളിൽ കൂടി.

**ഉയിർത്തെഴുന്നേററ മിശിഹാ അസ്തമിക്കാത്ത പ്രകാശമാണ്; അതുകൊണ്ട് കർമ്മത്തിൽ ആകമാനം പ്രകാശത്തിനു പ്രാധാന്യം**

www.malankaralibrary.com

കൊടുക്കുന്നു. അവിടുന്നു സത്യമായും ദൈവമാണ്; ആവർത്തിച്ചുള്ള ധൂപാർപ്പണവും വിവിധങ്ങളായ ബഹുമാന പ്രകടനങ്ങളും പ്രസ്തുത വസ്തുതയല്ലേ വിളിച്ചറിയിക്കുക? മാർ തോമ്മാ സ്ലീവാ ഉത്ഥിതന്റെ പ്രതിരൂപവും ഏവൻഗാലിയോൻ അവിടത്തെ ജീവിക്കുന്ന വചനവുമാണല്ലോ.

## ഉയിർപ്പുകാലം

**ഉയിർപ്പു കാലം** മുഴവൻ ഒരു *"വലിയ ഞായറാഴ്ച"*യായി മഹാനായ വിശുദ്ധ **അത്തനാസിയൂസ്** (296-373) വിശേഷിപ്പിക്കുന്നത് എത്രയോ അർത്ഥവത്താണ്! രക്ഷകന്റെ ഉത്ഥാനത്തിൽ കൈവന്ന **പുതുജീവനിൽ ആഹ്ലാദിക്കുന്നതിനുള്ള** അവസരമാണത്. മിശിഹായുടെ ഉത്ഥാനത്തോടെ സ്വർഗ്ഗരാജ്യം നമുക്കവകാശമായി ലഭിച്ചു. പിന്നെങ്ങനെ സന്തോഷിക്കാതിരിക്കും?

## സകല വിശുദ്ധർ

**പുതുജീവനും സ്വർഗ്ഗരാജ്യവും** സ്വായത്തമാക്കിക്കഴിഞ്ഞവരാണ് **വിശുദ്ധർ**. അതുകൊണ്ട് മാർ തോമ്മായുടെ മാർഗ്ഗത്തിൽ **സകല വിശുദ്ധരുടെ തിരുനാൾ** ഘോഷിക്കുന്നത് **ഉയിർപ്പുകാലത്തിലെ ആദ്യവെള്ളിയാഴ്ച**യാണ്.

www.malankaralibrary.com

മാർഗ്ഗത്തിൽ ഉയിർപ്പു തിരുനാൾ ഘോഷിക്കുന്നതു്. ഇവയിൽ **സമാധാന ശുശ്രൂഷ, മാർ തോമ്മാ നസ്രാണികളുടെ തനതായ വ്യക്തിത്വം പ്രത്യേകം പ്രകടിപ്പിക്കുന്ന കർമ്മമാണ്.**

## സജ്ജീകരണങ്ങൾ

സാധാരണ, ഈ **കർമ്മങ്ങൾ രാത്രി മൂന്നു മണിക്കുശേഷം** നടത്തുന്നു. അന്നു പള്ളിയിൽ വരുന്ന **വിശ്വാസികൾ** ഓരോരുത്തരും ഓരോ **തിരികൊണ്ടു വരുന്നു**. കർമ്മം തുടങ്ങുന്നതിനു മുമ്പുതന്നെ, മദ്ബഹായും ദൈവാലയവും ദൈവാലയ മുററത്തെ സ്ലീവായും കൂടുതൽ പ്രകാശിതമാക്കുന്നതിനുള്ള സംവിധാനങ്ങൾ ചെയ്തിരിക്കണം.

അൾത്താരയുടെ വലത്തും ഇടത്തും വശങ്ങളിൽ, പ്രദക്ഷിണത്തിനു് കൊണ്ടുപോകത്തക്കവിധത്തിൽ, മനോഹരമായി അലങ്കരിച്ച ഓരോ ചെറുപീഠം (ത്രപക്കൂട്) സജ്ജമാക്കുന്നു: **ഒന്ന് സ്ളീവായ്ക്കും മററത് ഏവൻഗാലിയോൻ പുസ്തകത്തിനും** വലത്തുവശത്തേതിൽ ഏവൻഗാലിയോൻ പുസ്തകം പ്രതിഷ്ഠിച്ച വസ്തുകയും ഇടത്തുവശത്തേത്തു് ഒഴിച്ചിട്ടിരിക്കുകയും ചെയ്യണം. മദ്ബഹായുടെ വിരിയിട്ടിരിക്കണം. കാർമ്മികരും ശുശ്രൂഷകരും ഉടുത്തൊരുങ്ങി, ക്രമപ്രകാരം ബേമ്മായിൽവന്നു് ശുശ്രൂഷ ആരംഭിക്കുന്നു.

## കർമ്മങ്ങൾ

സങ്കീർത്തനങ്ങൾ തീരുമ്പോൾ മുറപ്രകാരം **ധൂപം** ആശീർവ്വദിക്കുന്നു. തുടർന്ന്, മദ്ബഹായുടെ വിരി തുറക്കു

www.malankaralibrary.com

കയും, കാർമ്മികരും ശുശ്രൂഷകരും മദ്ബഹായിൽ പ്രവേശിച്ച്, ഉത്ഥാനഗീതം ആലപിക്കുന്നതിനിടയിൽ പീഡാനുഭവ വെള്ളിയാഴ്ച **കബറടക്കിയ സ്ലീവാ ഉയർത്തി** അംത്താരയുടെ ഇടത്തുവശത്തുള്ള പീഠത്തിൽ സ്ഥാപിക്കുന്നു. **സ്ലീവാ ഉയർത്തുന്ന സമയം മദ്ബഹായിലും ദൈവാലയത്തിലുമുള്ള എല്ലാ വിളക്കുകളും പ്രകാശിപ്പിക്കുകയും പള്ളിമണികളടിക്കുകയും വേണം.** ഉത്ഥാനഗീതം മൂന്നു പ്രാവശ്യമെങ്കിലും ആവർത്തിച്ചു പാടുകയും അതിനിടയിൽ പ്രധാന കാർമ്മികൻ തന്നെ ധൂപകലശം വാങ്ങി സ്ലീവായും ഏവൻഗാലിയോൻ പുസ്തകവും അംത്താരയും ധൂപിക്കുകയും തുടർന്ന്, ഡീക്കന്മാരിലൊരാം മദ്ബഹായും ഹൈക്കലായും ധൂപിക്കുകയും ചെയ്യുന്നു. മറ്റൊരു ഡീക്കൻ അഥവാ വൈദികരിലൊരാം കെടാവിളക്കിൽ നിന്നും കത്തിച്ചെടുക്കുന്ന തിരിയിൽനിന്നും മദ്ബഹായിലും ഓരോ വിശ്വാസിയുടെ കൈയിലുമുള്ള തിരികം കത്തിക്കുന്നു.

## പ്രദക്ഷിണം

അടുത്തതായി **സ്ലീവായും ഏവൻഗാലിയോനും വഹിച്ചുകൊണ്ടുള്ള പ്രദക്ഷിണ**മാണു നടക്കേണ്ടതു്. പ്രധാനകാർമ്മികൻ അംത്താരയുടെ ഇടത്തുവശത്തു പീഠത്തിൽ സ്ഥാപിച്ചിരിക്കുന്ന സ്ലീവായും മറ്റൊരു വൈദികൻ (അർക്കദിയാക്കോൻ), ഇല്ലെങ്കിൽ ഒരു ഡീക്കൻ ഏവൻഗാലിയോൻ പുസ്തകവും വഹിക്കുന്നു. പള്ളി മുററത്തെ സ്ലീവാസ്സു ചുററിയാണു സാധാരണ പ്രദക്ഷിണം നടത്തുക.

## സ്ലീവാവണക്കം

**പ്രദക്ഷിണം മടങ്ങി പള്ളിയിലെത്തുമ്പോൾ** സ്ലീവായും ഏവൻഗാലിയോനും ബേമ്മായിലെ

www.malankaralibrary.com

മേശയിൽ സ്ഥാപിക്കുന്നു. **കാറോസൂസായു**ടെ അവസാനത്തിൽ ഡീക്കൻ അഭ്യർത്ഥിക്കുമ്പോൾ, **എല്ലാവരും ഒരുമിച്ച്** തലകുനിച്ച് സ്ലീവായേയും ഏവൻഗാലിയോൻ പുസ്തകത്തേയും നമിക്കുന്നു. തുടർന്ന് എല്ലാവരും പരസ്പരം സമാധാനം ആശംസിക്കുന്നു.

## സമാധാനാശംസ

> *"ഉയിർത്തെഴുന്നേററ മിശിഹാ നിന്നോടു കൂടെ"* എന്നാശംസിക്കുമ്പോൾ, *"ഉയിർപ്പും പുതുജീവനും നവീകരണവും നിന്നോടു കൂടെ"* എന്നു പ്രത്യുത്തരിക്കുന്നു.

**ദിവ്യരഹസ്യങ്ങളുടെ ഗീതം** ആലപിച്ച് വിശുദ്ധ കുർബാന തുടരുന്നു.

> ഉയിർപ്പിൻെറതായ കർമ്മങ്ങളെല്ലാം വളരെ അർത്ഥവത്തും അനുഭവേമുളവാക്കുന്നവയുമാണ്. കബറടക്കിയ കർത്താവിൻെറ ഉത്ഥാനം ആചരിക്കയും വിവിധങ്ങളായ പ്രതീകങ്ങളിൽ അവിടുത്തെ ദൈവമായി ഏററുപറയുകയും ചെയ്യുന്നു മുൻവിവരിച്ച കർമ്മങ്ങളിൽ കൂടി.

**ഉയിർത്തെഴുന്നേററ മിശിഹാ അസ്തമിക്കാത്ത പ്രകാശമാണ്; അതുകൊണ്ട് കർമ്മത്തിൽ ആകമാനം പ്രകാശത്തിനു പ്രാധാന്യം**

www.malankaralibrary.com

**കൊടുക്കുന്നു. അവിടുന്നു സത്യമായും ദൈവമാണ്; ആവർത്തിച്ചുള്ള ധൂപാർപ്പണവും വിവിധങ്ങളായ ബഹുമാന പ്രകടനങ്ങളും പ്രസ്തുത വസ്തുതയല്ലേ വിളിച്ചറിയിക്കുക? മാർ തോമ്മാ സ്ലീവാ ഉത്ഥിതന്റെ പ്രതിരൂപവും ഏവൻഗാലിയോൻ അവിടത്തെ ജീവിക്കുന്ന വചനവുമാണല്ലോ.**

## ഉയിർപ്പുകാലം

**ഉയിർപ്പു കാലം** മുഴവൻ ഒരു ***"വലിയ ഞായറാഴ്ച"***യായി മഹാനായ വിശുദ്ധ **അത്തനാസിയൂസ്** (296-373) വിശേഷിപ്പിക്കുന്നത് എത്രയോ അത്ഥവത്താണ്! രക്ഷകന്റെ ഉത്ഥാനത്തിൽ കൈവന്ന **പുതുജീവനിൽ ആഹ്ലാദിക്കുന്നതിനുള്ള** അവസരമാണത്. മിശിഹായുടെ ഉത്ഥാനത്തോടെ സ്വഗ്ഗരാജ്യം നമുക്കവകാശമായി ലഭിച്ചു. പിന്നെങ്ങനെ സന്തോഷിക്കാതിരിക്കും?

## സകല വിശുദ്ധർ

> **പുതുജീവനും സ്വർഗ്ഗരാജ്യവും** സ്വായത്തമാക്കിക്കഴിഞ്ഞവരാണ് **വിശുദ്ധർ.** അതുകൊണ്ട് മാർ തോമ്മായുടെ മാഗ്ഗത്തിൽ **സകല വിശുദ്ധരുടെ തിരുനാൾ** ഘോഷിക്കുന്നത് **ഉയിർപ്പുകാലത്തിലെ ആദ്യവെള്ളിയാഴ്ച**യാണ്.

www.malankaralibrary.com

## ആഴ്ചകളുടെ ആഴ്ച

ഉയിർപ്പു കാലത്തിലെ **ആദ്യ ആഴ്ച ആഴ്ചകളുടെ ആഴ്ച** എന്ന പ്രത്യേക പേരിലറിയപ്പെടുന്നു. ആരാധനാവത്സരത്തിന്റെ **കേന്ദ്ര ആഴ്ചയായി** ഇതിനെ കണക്കാക്കുന്നു. പുതുതായി മാമ്മോദീസാ സ്വീകരിച്ചവരുണ്ടെങ്കിൽ അവരുടെ വിശ്വാസ പ്രകടന ആഴ്ചയായും ഇതിനെ കണക്കാക്കാം.

## പുതുഞായർ

ഉയിർപ്പു കാലത്തിലെ **രണ്ടാം ഞായർ** *"പുതുഞായർ"* ആണ് **മാർ തോമ്മായുടെ മാർഗ്ഗത്തിൽ; മാർ തോമ്മാ നസ്രാണികൾക്ക് ഏററം പ്രിയംകരമായ ദിനങ്ങളിൽ ഒന്നുമാണത്. തങ്ങളുടെ അപ്പസ്തോലനും പിതാവുമായ മാർ തോമ്മാ ശ്ലീഹാ ഈശോയുടെ ഉത്ഥാന രഹസ്യം അപ്പസ്തോല പ്രതിനിധിയായി ഏററു പറഞ്ഞതിന്റെ ആഘോഷമാണീ ദിവസം നടത്തുക.** തങ്ങൾക്കു പകർന്നുകിട്ടിയ ആ വിശ്വാസം പരസ്യമായി പ്രകടിപ്പിക്കുന്നതിനു്, അന്നേ ദിവസം മാർ തോമ്മായോടു ബന്ധപ്പെട്ട **മലയാററൂർ** തുടങ്ങിയ പുണ്യസ്ഥലങ്ങളിലേക്ക് തീർത്ഥാടനം നടത്തുക അവരുടെ പതിവുമാണ്.

## മാർ അദ്ദായി

ഉയിർപ്പുകാലത്തിലെ 5-ാം ഞായറാഴ്ചയാണ് **മാർ അദ്ദായിയുടെ** തിരുനാൾ ഘോഷിക്കുന്നതു്. **കിഴ**

www.malankaralibrary.com

**ക്കിൻെറ ശ്ലീഹൻമാർ** എന്നു സാധാരണ അറിയപ്പെടുന്നവരാണ് **മാർ അദ്ദായിയും മാർ മാറിയും.** *"ശ്ളീഹാ"* എന്ന സുറിയാനിവാക്കിൻെറ അത്ഥം അയയ്ക്കപ്പെട്ടവൻ എന്നാണല്ലോ. ഈശോയുടെ കാലത്തു് റോമൻ സാമ്രാജ്യത്തോടു ബന്ധപ്പെടുത്തി പേർഷ്യൻ സാമ്രാജ്യത്തെ കിഴക്കൻ പ്രദേശം എന്നു പറഞ്ഞിരുന്നു. അങ്ങനെ പേർഷ്യൻ സാമ്രാജ്യത്തിലേക്കയയ്ക്കപ്പെട്ടവരായിട്ടാണു് ഇവരെ കിഴക്കിൻെറ ശ്ലീഹന്മാർ എന്നു വിളിച്ചിരുന്നതു്. മാർ അദ്ദായി, തോമ്മാശ്ലീഹായുടെ ശിഷ്യനായിരുന്നെന്നു് ഒരു പാരമ്പര്യവും, ഈശോയുടെ 70 ശിഷ്യരിലൊരാളായിരുന്നുവെന്നു് വേറൊരു പാരമ്പര്യവും സാക്ഷിക്കുന്നുണ്ടു്. രണ്ടുംകൂടി ആകുന്നതിലും വിരോധമില്ല. കത്തോലിക്കാസഭയിൽതന്നെ ഏററം പുരാതനവും മാർ തോമ്മാശ്ലീഹായുടെ സഭകളിൽ ഏററം കൂടുതൽ ഉപയോഗിക്കുന്നതുമായ ഒന്നാമത്തെ കർബാനക്രമം ഈ ശ്ലീഹന്മാരുടെ പേരിലാണറിയപ്പെടുന്നതു്. **ശ്ലീഹൻമാരുടെ കുർബാന** എന്നു കർബാനപ്പുസ്തകങ്ങളിൽ കാണുമ്പോൾ ഇവരെയാണനുസ്മരിക്കേണ്ടതു്. ഞായറാഴ്ചകളിൽ സാധാരണ കത്താവിൻെറ തിരുനാളുകളേ ഘോഷിക്കാറുള്ളു എന്നു നാം കണ്ടു. ഈ തിരുനാൾ ഒരു പ്രത്യേകതയായി കണക്കാക്കിയാൽ മതിയാകും. എദേസായിലെ സഭയുടെ സ്ഥാപകനായിട്ടാണു് ഈ ശ്ലീഹാ പ്രത്യേകം അറിയപ്പെടുന്നതു്.

## ന. ക. സ്വർഗ്ഗാരോഹണം

ഉയിർപ്പു തിരുനാൾ കഴിഞ്ഞു് 40-ാം ദിവസം അതായതു് ഉയിർപ്പുകാലത്തിലെ 6-ാം വ്യാഴാഴ്ചയാണു് **സ്വർഗ്ഗാരോഹണത്തിരുനാൾ.** പ്രപഞ്ചശക്തികളുടെമേലുള്ള മിശിഹായുടെ ആധിപത്യത്തിൻെറ ആഘോഷമാണല്ലോ സ്വർഗ്ഗാരോഹണം. സ്വർഗ്ഗത്തിലേയ്ക്കു കയറി പിതാവിൻെറ വലതുഭാഗത്തിരുന്നു് സകലത്തേയും ഭരി

www.malankaralibrary.com

ക്കുന്ന **മഹാരാജാവായിട്ടാണ്** ഈ തിരുനാളിന്റെ പ്രാർത്ഥനകൾ ഈശോയെ ചിത്രീകരിക്കുന്നത്. രാത്രി നമസ്കാരത്തിലെ ആദ്യഗീതത്തിൽ ഇപ്രകാരം പാടുന്നു:

*"ക്രൂശിക്കപ്പെട്ട്, മരിച്ച്, അടക്കപ്പെട്ട്, ഉയിർത്തെഴുന്നേററ മഹത്വത്തിന്റെ മഹാരാജാവായ മിശിഹാ സ്വർഗ്ഗത്തിലേക്കു കരേറി, എല്ലാററിനുംമേൽ ഭരണം നടത്തുന്നു. ജീവിക്കുന്നവരേയും മരിച്ചവരേയും വിധിക്കാൻ അവൻ വീണ്ടും വരുവാനിരിക്കുന്നു."*

**സ്വർഗ്ഗാരോഹണത്തിരുനാൾ മിശിഹായുടെ രാജത്വതിരുനാൾതന്നെയാണ്.** സ്വർഗ്ഗത്തിൽ പിതാവിന്റെ വലതുഭാഗത്ത് മിശിഹാ എഴുന്നള്ളിയിരിക്കുന്നുവെന്ന യാഥാർത്ഥ്യമാണ് **സ്വർഗ്ഗമാകുന്ന മദ്ബഹായിൽ ദൈവത്തിന്റെ സിംഹാസനമാകുന്ന അൾത്താരയുടെ വലത്തുവശത്ത് എഴുന്നള്ളിച്ചു വച്ചിരിക്കുന്ന ഏവൻഗാലിയോൻ പുസ്തകം.**

ഈശോമിശിഹായുടെ ഉത്ഥാനത്തിൽ പങ്കാളികളാകുന്നത്, ഉത്ഥിതനായ മിശിഹായിലേയ്ക്കു രൂപാന്തരപ്പെടുമ്പോൾ മാത്രമാണ്. വിശുദ്ധ കുർബാനയിലാണ് അതു പ്രാവർത്തികമാകുന്നത്. അതുകൊണ്ട്, വിശ്വാസികളെ വിശുദ്ധ കുർബാനയിലേക്കു വലിച്ചടുപ്പിക്കുകയെന്നതും ഈ കാലത്തിന്റെ ഒരു പ്രത്യേകതയാണ്.

www.malankaralibrary.com

14

# ശ്ലീഹാക്കാലം

പന്തക്കുസ്താതിരുനാൾ തുടങ്ങിയുള്ള ഏഴാഴ്ചക ളാണ് **ശ്ലീഹാക്കാലം.** പരിശുദ്ധാത്മാവിന്റെ പ്രവർത്തനങ്ങൾ പ്രത്യേകം പ്രകീർത്തിക്കുന്നതിനുള്ള ഒരവസരമാണിത്.

## പന്തക്കുസ്താ

രക്ഷാകരചരിത്രത്തിന്റെ വിവിധ പടികൾ കടന്നു വന്നിട്ടുള്ള വളരെ പ്രധാനപ്പെട്ട ഒരു തിരുനാളാണു **പന്തക്കുസ്താ.** വിളവെടുപ്പിനോടു ബന്ധപ്പെട്ടതി യാണ് ഇസ്രായേൽ ജനതതി ആദ്യമായി ഈ തിരുനാൾ ഘോഷിച്ചത്. ധാന്യ വിളവെടുപ്പിന്റെ അവസാനവും പഴവർഗ്ഗങ്ങളുടേതിന്റെ ആരംഭവും കുറിക്കുന്ന തിരുനാ ളായിരുന്നു ഇത്. സാവകാശത്തിൽ ഇസ്രായേലിന്റെ അസ്തിത്വവുമായി അഭേദ്യം ബന്ധപ്പെട്ട ഒരു തിരുനാ ളായി മാറി പന്തക്കുസ്താ. പുറപ്പാടിന്റെ പുസ്തകം 24-ാം അദ്ധ്യായത്തിൽ വിവരിക്കുന്നതുപോലെ ദൈവം ഇസ്രാ യേലിനെ തന്റെ സ്വന്തം ജനമായി ഉറപ്പിച്ചത് സീ നായ് മലയിൽവച്ച് മൂശവഴി അവർക്കു കല്പനകൾ നല്കി ക്കൊണ്ടാണ്. അങ്ങനെ പഴയനിയമത്തിൽ, ഇസ്രായേൽ ജനം ദൈവത്തിന്റെ ഉടമ്പടി പ്രകാരമുള്ള ജനമായി മാറിയ മഹത്സംഭവത്തിന്റെ ഓർമ്മയാചരണമാണ് പന്തക്കുസ്താ.

www.malankaralibrary.com

# പുത്തൻ ജനത്തിൻെറ പിറവിത്തിരുനാൾ

പുതിയ നിയമത്തിലെ പുത്തൻ ദൈവജനത്തിൻെറ പിറവിത്തിരുനാളും പന്തക്കുസ്താതന്നെ. അന്നാണല്ലോ സഭ ഔദ്യോഗികമായി പ്രഖ്യാപിക്കപ്പെട്ടതു്. ഈ പുതിയ ജനത്തെ ദൈവം പടുത്തുയർത്തിയിരിക്കുന്നത് **സ്നേഹമാകുന്ന മൂലക്കല്ലിലാണ്.** സ്നേഹം തന്നെയായ—സ്നേഹത്തിൻെറ വ്യക്തിരൂപമായ— **പരിശുദ്ധാത്മാവിൻെറ വരവോടുകൂടി** അതു സാധിച്ചു.

> പുതിയ ജനവും ഉടമ്പടി പ്രകാരമുള്ള ജനമാണ്. ഇവക്കുള്ള കല്പനകൾ കല്പലകകളിലല്ല, പിന്നെയോ അവരുടെ ഹൃദയഭിത്തികളിൽ തന്നെയാണു രേഖപ്പെടുത്തിയിരിക്കുന്നതു്. പഴയനിയമ ഉടമ്പടി കാളക്കിടാവിൻെറ രക്തം കൊണ്ടാണു മുദ്രവയ്ക്കപ്പെട്ടിരുന്നതെങ്കിൽ, പുതിയ നിയമം ദൈവപുത്രനായ ഈശോമിശിഹായുടെ ഹൃദയരക്തം കൊണ്ടു് മുദ്രവയ്ക്കപ്പെട്ടിരിക്കുന്നു. പുതിയ നിയമ ചൈതന്യവുമായി ലോകത്തിൻെറ നാനാഭാഗങ്ങളിലേക്കും പോവുകയും അവിടെയൊക്കെ സഭാസമൂഹങ്ങൾക്ക് അടിസ്ഥാനമിടുകയും ചെയ്തവരാണ് ശ്ലീഹന്മാർ. അവരുടെ ഐക്യത്തിലേയ്ക്കാണ് വിശ്വാസികൾ കൂട്ടിച്ചേർക്കപ്പെടുന്നതു്.

പന്തക്കുസ്താ തിരുനാളോടുകൂടിയാണല്ലോ ശ്ലീഹാക്കാലം തുടങ്ങുക. പെന്തെക്കോസ്തോസ് (Pentecostos) എന്ന ഗ്രീക്കുവാക്കിനു് *"അമ്പതാമത്തെ"* എന്നാണർത്ഥം. മുൻപു സൂചിപ്പിച്ചതുപോലെ കൊയ്ത്താരംഭിച്ചിട്ടു് അമ്പതാം ദിവസം കൊണ്ടാടേണ്ട തിരുനാളായതിനാലാണ്

www.malankaralibrary.com

(നിയ. 16, 9f ; ലേവാ. 23, 15 f) പന്തക്കുസ്താ എന്ന പേരുണ്ടായതു്. കാലക്രമേണ, സീനായിമലയിൽ വച്ച് പ്രമാണങ്ങൾ സ്വീകരിച്ചതിനെ ഈ തിരുനാളുമായി ബന്ധിച്ചു തുടങ്ങി.

പുതിയ നിയമത്തിൽ തീനാവുകളുടെ രൂപത്തിൽ പരിശുദ്ധാത്മാവു് ശ്ലീഹന്മാരുടെമേൽ ഇറങ്ങി വന്ന സംഭവമാണ് (ശ്ലീഹ. 2, 1f ) ഈ തിരുനാളിൽ ആചരിക്കുക. ഉയിർപ്പുകാലത്തിൻെറ അവസാനമായും ഇതിനെ പരിഗണിക്കാവുന്നതാണ്. ഉയിർപ്പുകാലം മുഴുവൻ സന്തോഷത്തിൻെറ ദിനങ്ങളായിരുന്നു ആദിമസഭയിൽ; അതുകൊണ്ടു് ഉപവാസമോ മാംസവർജ്ജനമോ ഉണ്ടായിരുന്നില്ല; പ്രാർത്ഥനാസമയങ്ങളിൽ മുട്ടുകുത്തലുമില്ലായിരുന്നു. അതെല്ലാം അവസാനിപ്പിച്ച് വീണ്ടും പരസ്യപ്രായശ്ചിത്തങ്ങൾ ആരംഭിക്കുന്ന ദിവസമാണ് പന്തക്കുസ്താ.

## മുട്ടുകുത്തൽ ശുശ്രൂഷ

മാർ തോമ്മായുടെ മാർഗ്ഗത്തിൽ പന്തക്കുസ്താ ദിവസം കുർബ്ബാനയ്ക്കിടയ്ക്കു് ദിവ്യകാരുണ്യ സ്വീകരണത്തിനു മുമ്പായി ഒരു പ്രത്യേക കർമ്മമുണ്ടു് – ആഘോഷമായ മുട്ടുകുത്തലും ബന്ധപ്പെട്ട പ്രാർത്ഥനകളും ധൂപാർപ്പണവും മററുമാണീ കർമ്മത്തിൻെറ ഘടകങ്ങൾ. ഒരു പൊതു അനുരഞ്ജന ശുശ്രൂഷയുടെ സ്വഭാവമുള്ള ഈ കർമ്മത്തെ *"മുട്ടുകുത്തൽ ശുശ്രൂഷ"* എന്നാണു സാധാരണ വിളിക്കാറുള്ളതു്. ബൈസൻറയിൻ, അന്ത്യോക്യൻ റീത്തുകളിലും മററും ഇതേ കർമ്മം വിവിധ രീതികളിൽ കാണാനാകും. മാർ തോമ്മാ നസ്രാണികൾ ശ്ലീഹാക്കാലം മുഴുവൻ നോമ്പാചരിച്ചിരുന്നതായിട്ടാണു പല രേഖകളിലും കാണുന്നതു്. ശ്ലീഹന്മാരുടെ വേദപ്രസംഗങ്ങളും തദവസരത്തിൽ അവർ സഹിക്കേണ്ടി വന്ന ഞെരുക്കങ്ങളും അനുസ്മരിച്ച് അവരോടു താദാത്മ്യപ്പെടേണ്ടതി

www.malankaralibrary.com

നായിരിക്കണം ഈ നോമ്പാചരണം നടത്തിയിരുന്നത്. ***"മുട്ടുകുത്തൽ ശുശ്രൂഷ"*** ശ്ലീഹാ നോമ്പിന്റെ തുടക്കമായി കണക്കാക്കാവുന്നതാണ്. മുട്ടുകുത്തൽ ശുശ്രൂഷയിൽ നിന്നും ഒരു ഗാനം ഇവിടെ പകർത്തുന്നു:

*"തനിക്കുവേണ്ടി സഹിച്ച മിശിഹായെ അവർണ്ണനീയമായ മഹാത്മ്യത്തിൽ സഭ ദർശിച്ചു. അവൾക്കുവേണ്ടിത്തന്നെയാണ് അവൻ കുരിശിൽ പീഡയനുഭവിച്ചതും ഗാഗുൽത്തായിൽ അവഹേളിതനായതും എന്നവൾ ഗ്രഹിച്ചപ്പോൾ, ഓടിയെത്തി അവനെ കുമ്പിട്ടാരാധിക്കുകയും എഴുന്നേററാശ്ലേഷിച്ച് ചുംബിക്കുകയും ചെയ്തതോടൊപ്പം സ്വന്തം പിതാക്കന്മാരോടുള്ള സ്നേഹം മറന്ന്, ഈശോയോടുള്ള സ്നേഹത്താൽ എരിയുകയും ചെയ്തു. സ്വരമുയർത്തി അവൾ മാലാകാമാരുടേയും മനുഷ്യരുടേയും മുമ്പാകെ ഇങ്ങനെ പറഞ്ഞു: അഗ്നിക്കോ വാളിനോ മരണത്തിനോ ജീവിതത്തിനോ ഇപ്പോഴുള്ളതോ വരുവാനിരിക്കുന്നതോ ആയ യാഥാർത്ഥ്യങ്ങൾക്കോ പ്രഭുത്വങ്ങൾക്കോ അധികാരങ്ങൾക്കോ, ഉയരത്തിനോ ആഴത്തിനോ, വേറെ വല്ല സൃഷ്ടിയുമുണ്ടെങ്കിൽ അതിനോ, എന്നെ ഈശോയുടെ സ്നേഹത്തിൽ നിന്നു വേർപെടുത്തുവാൻ സാധ്യമല്ല* (റോമാ. 8,38-39). *കാരണം, അവന്റെ കുരിശിനെ ഞാൻ ഏററു പറഞ്ഞു; അവനു സ്തോത്രം".*

## സ്വർണ്ണവെള്ളി

പരിശുദ്ധാത്മാവിനെ സ്വീകരിച്ചശേഷം, പത്രോസും യോഹന്നാനും ദൈവാലയത്തിലേക്ക് പോകുമ്പോൾ ചെയ്ത ആദ്യത്തെ അത്ഭുതത്തിന്റെ ആഘോഷമാണ് ***"സ്വർണ്ണവെള്ളി".*** ശ്ലീഹാക്കാലത്തിലെ ആദ്യവെ

www.malankaralibrary.com

ള്ളിയാഴ്ച മിക്കവാറും എല്ലാ പൗരസ്ത്യ സഭകളും ഈ ആദ്യ അത്ഭുതം കൊണ്ടാടുന്നുണ്ട്. അപ്പസ്തോലന്മാരുടെ നടപടിയിൽ വിവരിച്ചിരിക്കുന്നതുപോലെ (3,6), *"വെള്ളിയോ സ്വർണ്ണമോ എന്റെ കയ്യിലില്ല. എന്റെ പക്കലുള്ളതു നിനക്കു ഞാൻ തരുന്നു; നസ്രായനായ ഈശോമിശിഹായുടെ നാമത്തിൽ നീ നടക്കുക"*, എന്നു വി. പത്രോസ് ശ്ലീഹാ മുടന്തനോടു പറഞ്ഞ വാക്കുകളും അതുമൂലം നടന്ന അത്ഭുതവുമാണ് ഈ തിരുനാളിന്റെ പേരിനും ആചരണത്തിനും ആധാരം. ശ്ലീഹന്മാരുടെ പരസ്യജീവിതത്തിന്റെ ആരംഭം കുറിച്ച സംഭവമെന്ന നിലയ്ക്കു് ഈ അത്ഭുതത്തിന്റെ ആചരണം തികച്ചും യുക്തമാണ്.

## എഴുപതു ശിഷ്യന്മാരുടെ ഓർമ്മ

ശ്ലീഹാക്കാലത്തിലെ അവസാനത്തെ വെള്ളിയാഴ്ചത്തെ തിരുനാളിനെക്കുറിച്ച് 70 ശിഷ്യന്മാരുടെ ഓർമ്മ എന്നു ചില രേഖകളിലും *'72 ശിഷ്യന്മാരുടെ ഓർമ്മ'* എന്നു മററു ചിലതിലും കാണാം. അന്നത്തെ നമസ്കാരത്തിൽ ഒരിടത്തു് *'എഴുപതും പന്ത്രണ്ടും'* ശ്ലീഹന്മാർ എന്നും പറഞ്ഞിട്ടുണ്ട്. ശ്ലീഹാക്കാലം ഈശോയുടെ അടുത്ത ശ്ലീഹന്മാരെയും ശിഷ്യന്മാരെയും അനുസ്മരിച്ചുകൊണ്ടവസാനിപ്പിക്കുക യുക്തമാണല്ലോ.

## രണ്ടു തിരുനാളുകൾ

ലത്തീൻ സഭയിൽ പ്രത്യേക സാഹചര്യത്തിൽ ആരംഭിച്ച്, വളർന്ന്, സഭ മുഴുവനും വ്യാപിച്ച രണ്ടു തിരുനാളുകൾ മാർ തോമ്മാ നസ്രാണികളുടെ ഇടയിൽ ശ്ലീഹാക്കാലത്തു സ്ഥലം പിടിച്ചിട്ടുണ്ട്: വി. കുർബാനയുടേയും തിരുഹൃദയത്തിന്റേയും തിരുനാളുകൾ. പൗരസ്ത്യസഭക

www.malankaralibrary.com

ളടെ പൊതുവും മാർ തോമ്മായുടെ മാഗ്ഗത്തിന്റെ പ്രത്യേകവുമായ ദൈവാരാധനാചൈതന്യം കണക്കിലെടുക്കുമ്പോഴം, അവയ്ക്കു രണ്ടിനും സ്ഥാനം കാണുന്നില്ല. കാരണം, രക്ഷാകരചരിത്രത്തോടു ബന്ധപ്പെടുത്തി തിരുന്നാളുകഠം ആചരിക്കയാണു അവിടെ പതിവു്. അങ്ങനെ നോക്കുമ്പോഠം, വി. കുർബാനയുടെ തിരുന്നാഠം പെസഹാ വ്യാഴാഴ്ചയും തിരുഹൃദയത്തിരുന്നാഠം പീഡാനുഭവവെള്ളിയാഴ്ചയും ആയിരിക്കുക തികച്ചും യുക്തമാണു്.

എങ്കിലും ഇന്നു് ഈ രണ്ടു തിരുന്നാളുകളും മാർ തോമ്മാനസ്രാണികളുടെ കലണ്ടറിലേക്കു സ്വീകരിക്കപ്പെട്ടു കഴിഞ്ഞിരിക്കയാണു്. വി. കുർബാനയുടെ തിരുന്നാഠം ശ്ലീഹാക്കാലത്തിലെ രണ്ടാമത്തെ വ്യാഴാഴ്ചയും തിരുഹൃദയത്തിരുന്നാഠം മൂന്നാം വെള്ളിയാഴ്ചയും ആചരിക്കുന്നു. മനുഷ്യമക്കളോടുള്ള ഈശോയുടെ സ്നേഹത്തിന്റെയും, അവക്കു് ഈശോയോടുള്ള പ്രതിസ്നേഹത്തിന്റേയും പരസ്യപ്രകടനമായി ഈ തിരുന്നാളുകഠം കണക്കാക്കപ്പെടുന്നു.

## ദുക്റാനപ്പെരുന്നാൾ

മാർ തോമ്മാ നസ്രാണികഠം ഏററം ആഘോഷമായി കൊണ്ടാടുന്ന തിരുനാളുകളിൽ ഒന്നായ ***"ദുക്റാനപ്പെരുന്നാൾ"*** സാധാരണ ശ്ലീഹാക്കാലത്തു തന്നെ വരുന്നു. ജൂലൈ 3-ാംനു- തങ്ങളുടെ പ്രിയപ്പെട്ട ശ്ലീഹാ മൈലാപ്പൂരിൽ വച്ചു് വിശ്വാസത്തെ പ്രതി രക്തസാക്ഷിത്വം വരിച്ച ദിനമാണു്. ആ ദിനം ഏററം പൂജ്യമായി ഇന്നുവരെ മാർ തോമ്മാ നസ്രാണികഠം ആചരിച്ചു പോരുന്നു. അന്നു് ***"പിതൃബലി"***യർപ്പിക്കാത്ത മാർ തോമ്മാ നസ്രാണികഠം ഒരിടത്തും കാണില്ല.

www.malankaralibrary.com

**പിതൃബലിയർപ്പിക്കുക ഭാരതീയ വിധിപ്രകാരം ഒരു ധർമ്മമാണ്.** നസ്രാണിയെ സംബന്ധിച്ചിടത്തോളം വിശുദ്ധ കുർബാനയാണ് ഈ പിതൃബലി. അന്നേ ദിവസം ദൈവാലയത്തിലണഞ്ഞു് വിശുദ്ധ കുർബാനയർപ്പിച്ച് വിശ്വാസത്തിൽ തന്നെ ജനിപ്പിച്ച പിതാവിനോടുള്ള – മാർ തോമ്മാ ശ്ലീഹായോടുള്ള – പുത്രബന്ധം ഏററു പറയുക ഒരു മാർ തോമ്മാ നസ്രാണിയുടെ ഏററം പ്രധാന കർമ്മമായിരിക്കണം.

അതുപോലെ പിതൃസ്മരണ നിലനിറുത്തുന്നതിനായി **ശ്രാദ്ധം, അന്നദാനം,** തുടങ്ങിയ എത്രയോ ജീവകാരുണ്യ പ്രവൃത്തികൾ ദുക്റാനപ്പെരുന്നാളിനോടനുബന്ധിച്ച് മാർ തോമ്മാ നസ്രാണികൾ നടത്തിയിരുന്നു! ഇന്നും അവയുടെയൊന്നും പ്രസക്തി നഷ്ടപ്പെട്ടിട്ടില്ലന്നാണു തോന്നുന്നതു്.

www.malankaralibrary.com

# 15

# കൈത്താക്കാലം

## വേനൽക്കാലം

ശ്ലീഹാക്കാലത്തിൽ സഭയുടെ ആരംഭവും ശൈശവ ദശയുമാണചരിക്കപ്പെടുന്നതെങ്കിൽ, കൈത്താക്കാലത്തു് അവളുടെ പക്വതയെ ആഘോഷിക്കുന്നു. *"കൈത്താ"* എന്ന സുറിയാനി വാക്കിന്റെ അർത്ഥം *'വേനൽ'* എന്നാണ്. അങ്ങനെ ഇതു വേനൽക്കാലമാണ്.

> വേനൽക്കാലത്താണല്ലോ ധാന്യങ്ങളും കായ് കനികളുമെല്ലാം മൂത്തു പാകമാകുന്നതു്. അങ്ങനെ ഈ കാലം സമൃദ്ധമായ വിളവെടുപ്പിന്റെ അവസര മാണെന്നു് അതിന്റെ പേരു സൂചിപ്പിക്കുന്നു.

**ശ്ലീഹാക്കാലത്ത് വേരുപിടിച്ചു വളർച്ച യാരംഭിച്ച സഭാതരുവിനു നല്കാനുള്ളത് വിശുദ്ധിയും രക്തസാക്ഷിത്വവുമാകുന്ന ഫലങ്ങളാണ്.** സഭ വളർന്നു വികസിച്ച്, ലോക ത്തിന്റെ നാനാഭാഗങ്ങളിലും പടർന്നു പന്തലിച്ച് ധാരാളം രക്തസാക്ഷികൾക്കും വിശുദ്ധർക്കും ജന്മം നല്കി, സ്വർഗ്ഗ രാജ്യത്തിന്റെ പ്രതീകമായി തിളങ്ങി പ്രകാശിക്കുന്നതി നെയാണ് കൈത്താക്കാലത്തിൽ ആഘോഷിക്കുക.

www.malankaralibrary.com

## പന്ത്രണ്ടു ശ്ലീഹന്മാരുടെ തിരുനാൾ

**പന്ത്രണ്ടു ശ്ലീഹന്മാരുടെ തിരുനാൾ** ആഘോഷിച്ചു കൊണ്ടാണീക്കാലം ആരംഭിക്കുക. ഇതു ശ്ലീഹാക്കാലത്തിന്റെ അവസാനമാണെന്നും ചില രേഖകൾ പറയുന്നു. ചൈതന്യത്തിൽ ഒത്തിരി സാമ്യവും തുടർച്ചയുമുള്ളതുകൊണ്ട്, ഈ രണ്ടു കാലങ്ങളും ഇങ്ങനെ ഒരു തിരുനാളിൽ സന്ധിക്കുക വളരെ യുക്തമാണ്.

| |
|---|
| ശ്ലീഹന്മാരാണല്ലോ സഭയുടെ അടിസ്ഥാനം; മൂലക്കല്ല് മിശിഹായും. ശ്ലീഹന്മാരെ കൂടാതെയുള്ള ഒരു വിശുദ്ധിയും പക്വതയും സഭയ്ക്കു ചിന്തിക്കുവാനേ സാധിക്കയില്ല. |

## നൂസർദേൽ

ഔദ്യോഗികമായഎല്ലാ ആരാധനക്രമപ്പുസ്തകങ്ങളിലും ഈ ഒന്നാം ഞായറാഴ്ചയ്ക്ക് *"നൂസർദേൽ"* (Nusardeil) എന്ന പേരു കൂടി കാണുന്നുണ്ട്. പണ്ഡിതന്മാരുടെ അഭിപ്രായത്തിൽ, അതൊരു പേർഷ്യൻ വാക്കാണ്; അർത്ഥം ***"ദൈവത്തിന്റേതായപുതുവത്സരദിനം"*** എന്നും.

അങ്ങനെയെങ്കിൽ, ദൈവത്തേയും അതായത്, ദൈവമായ ഇശോമിശിഹായേയും അവിടത്തെ പന്ത്രണ്ടു ശ്ലീഹന്മാരെയും അവരിൽ സ്ഥാപിതമായ സഭയേയും കോർത്തിണക്കുന്ന വളരെ പ്രധാനപ്പെട്ട ഒരു തിരുനാൾ ദിനമായി കൈത്താക്കാലത്തിലെ ആദ്യ ഞായറാഴ്ചയെ കണക്കാക്കാവുന്നതാണ്.

www.malankaralibrary.com

## വിശുദ്ധരുടെ തിരുനാളുകൾ

സഭയുടെ ഫലങ്ങളായ രക്തസാക്ഷിത്വത്തെയും വിശുദ്ധിയേയും ആഘോഷിക്കുന്നതുകൊണ്ടു് രക്തസാക്ഷികളേയും വിശുദ്ധരേയും പ്രത്യേകമായി ബഹുമാനിക്കുക ഈ കാലത്തിന്റെ ഒരു പ്രത്യേകതയാണു്. ദനഹാക്കാലത്തെന്നപോലെ ഈ കാലത്തിലും വെള്ളിയാഴ്ചകൾ അതിനായി പ്രത്യേകം നീക്കി വച്ചിരിക്കയാണു്. അവയിൽ ഇവിടെ പ്രത്യേകം എടുത്തുപറയേണ്ട ഒന്നാണു് **രണ്ടാമത്തെ വെള്ളിയാഴ്ച** ആഘോഷിക്കുന്ന കിഴക്കിന്റെ ശ്ലീഹന്മാരിൽ ഒരാളായ **മാർ മാറി**യുടെ തിരുനാൾ. അദ്ദേഹത്തെ മാർ അദ്ദായിയുടെ ശിഷ്യനായിട്ടാണു് ദൈവാരാധനപ്പുസ്തകങ്ങൾ വിശേഷിപ്പിക്കുന്നതു്. മററുള്ളവർ **നിസിബിസിലെ വി. യാക്കോബു്** (ഒന്നാം വെള്ളി), **വി. ശിമോനിയും ഏഴു മക്കളും** (5-ാം വെള്ളി), **വി. സൈമൺ ബർസബായും കൂട്ടരും** (6-ാം വെള്ളി), **രക്തസാക്ഷിയായ വി. കർദാഗ്** (7-ാം വെള്ളി), എന്നിവരാണു്.

## പ. ക. മറിയത്തിന്റെ സ്വർഗ്ഗാരോപണം

ഈ കാലയളവിൽ വരുന്ന വളരെ പ്രധാനപ്പെട്ട ഒരു തിരുനാളാണു് **പ. കന്യകാമറിയത്തിന്റെ സ്വർഗ്ഗാരോപണം** മററു സഭകളിൽ എന്ന പോലെ തന്നെ, മാർ തോമ്മാ നസ്രാണികളും വളരെ ആഘോഷമായി കൊണ്ടാടുന്ന ഒന്നാണു് ഈ തിരുനാൾ. ഈ തിരുനാളിനൊരുക്കമായുള്ള ***"പതിനഞ്ചു നോമ്പു"*** തന്നെ ഇതിൻ മാർ തോമ്മായുടെ മാർഗ്ഗത്തിൽ കല്പിക്കുന്ന പ്രാധാന്യം വെളിവാക്കുന്നു. മാതാവിനല്ലാതെ മററൊരു വ്യക്തിക്കും ആരാധനാവത്സരത്തിൽ ഇതുപോലെ പ്രാധാന്യം നല്കിയിട്ടില്ലെന്നു് ഈ നോമ്പാചരണം തെളിയിക്കുന്നു.

www.malankaralibrary.com

**സ്വർഗ്ഗാരോപണം** കൊണ്ടാടുന്ന ആഗസ്റ്റ് 15-ാംനു- മാർ തോമ്മാ നസ്രാണികളുടെ രാഷ്ട്രീയ സ്വാതന്ത്ര്യദിനവും കൂടിയാണ്. വിശ്വാസജീവിതത്തിന് ഉത്തമമാതൃകയായ പരിശുദ്ധ കന്യക എല്ലാവിധ ലൗകികപരിമിതികളും ബന്ധനങ്ങളും തകർത്ത് ആത്മശരീരങ്ങളോടെ സ്വർഗ്ഗം പൂകിയ ദിനവും രാഷ്ട്രീയ സ്വാതന്ത്ര്യദിനവും ഒരുമിച്ചു വരിക മാർ തോമ്മാ ക്രിസ്ത്യാനികളെ സംബന്ധിച്ചിടത്തോളം എത്ര ശുഭോദർക്കമല്ല!

## രൂപാന്തരീകരണതിരുനാൾ

പൗരസ്ത്യ സഭകളെ സംബന്ധിച്ചിടത്തോളം രക്ഷാകരചരിത്രത്തിലെ നിർണ്ണായക നിമിഷങ്ങളിലൊന്നായ **രൂപാന്തരീകരണതിരുനാൾ** (ആഗസ്റ്റ് 6-ാംനു-) സാധാരണ ഈ കാലയളവിൽ വരും. മിശിഹായിൽ പൂർത്തിയായ രക്ഷാകരകർമ്മം പരിശുദ്ധാത്മാവിൻെറ ശക്തിയിൽ മനുഷ്യരിൽ പ്രവർത്തിക്കുമ്പോൾ അവരിൽ സംഭവിക്കുന്ന ദൈവവത്കരണ പ്രക്രിയയാണല്ലോ **രൂപാന്തരീകരണം.** അതിൻെറ യഥാർത്ഥ പ്രഖ്യാപനമാണ് താബോർമലയിലെ രൂപാന്തരീകരണത്തിൽ നടന്നത്. തുടർന്നു വരുന്ന രണ്ടു കാലങ്ങൾക്കും (ഏലിയാ-സ്ലീവായും മൂശെയും) അടിസ്ഥാനമായിനില്ക്കുന്നതും ഈ തിരുനാളാണ്. ഈശോ **രൂപാന്തരപ്പെട്ടപ്പോൾ**, നിയമത്തിൻേറയും പ്രവചനങ്ങളുടേയും അതായത്, പഴയനിയമത്തിൻെറ വക്താക്കളായി അവിടെ പ്രത്യക്ഷപ്പെട്ടവരാണ **മൂശെയും ഏലിയായും. മഹത്ത്വപൂർണ്ണമായ കുരിശിൽ മിശിഹായെത്തന്നെ ദർശിക്കുകയെന്നുള്ളത്, എല്ലാ പൗരസ്ത്യ സഭകളുടേയും, തന്മൂലം മാർ തോമ്മാ നസ്രാണികളുടേയും സവിശേഷതകളിൽ ഒന്നാണ്.**

www.malankaralibrary.com

ഈശോമിശിഹായിൽ കേന്ദ്രീകൃതമായ രക്ഷാകര ചരിത്രത്തിന്റെ അലൗകികവശമാണ് ഈ തിരുനാളിൽ പ്രധാനമായും പ്രഖ്യാപിക്കപ്പെടുന്നതു്. ലൗകിക വ്യഗ്രതകളിലും ചിന്താരീതികളിലും മുഴുകി ജീവിക്കുന്ന മനുഷ്യന് ഇത്തരത്തിലുള്ള അലൗകിക ഉൾക്കാഴ്ചകൾ എപ്പോഴും പ്രചോദനം നല്കുന്നവയാണ്. അതുകൊണ്ടു് പൗരസ്ത്യസഭകൾ വളരെ പ്രാധാന്യത്തോടെ ഈ തിരുനാൾ ഘോഷിക്കുന്നു. മാർ തോമ്മാ നസ്രാണികളുടെയിടയിലും ഏററം ആഘോഷമായിത്തന്നെ കൊണ്ടാടേണ്ട തിരുനാളാണിതു്.

www.malankaralibrary.com

# 16

# ഏലീയാ–സ്ലീവാക്കാലവും മൂശേക്കാലവും

> മുമ്പു സൂചിപ്പിച്ചതുപോലെ ഒരു തിരുനാളിൽ നിന്നും—രൂപാന്തരീകരണത്തിരുനാളിൽ നിന്നും— ഉടലെടുക്കുന്ന രണ്ടു കാലങ്ങളാണ് ഏലീയാ–സ്ലീവായും മൂശേയും. അതുകൊണ്ട് അവയെ ഒരു ശീർഷകത്തിൽ പ്രതിപാദിക്കുന്നതിൽ അപാകതയില്ലല്ലോ.

## വി. സ്ലീവായുടെ പുകഴ്ച

വിശുദ്ധ കുരിശിന്റെ തിരുനാളാണ് ഈ കാലങ്ങളുടെ സംവിധാനത്തെ നിയന്ത്രിക്കുന്ന കാന്തസൂചി. സെപ്റ്റംബർ 14-ാംനു ആഘോഷിക്കുന്ന വിശുദ്ധ സ്ലീവായുടെ പുകഴ്ച, അഥവാ വിശുദ്ധ സ്ലീവാ കണ്ടെടുത്ത തിരുനാളിനു മുമ്പ് ഒരു ഞായറാഴ്ചയെങ്കിലും ഏലീയാക്കാലത്തിനുണ്ടായിരിക്കണമെന്നും, പ്രസ്തുത തിരുനാൾ കഴിഞ്ഞുവരുന്ന ഞായറാഴ്ച, ഏലീയാ 4–ാം ഞായർ അഥവാ സ്ലീവാ ഒന്നാം ഞായറായി ആഘോഷിക്കണമെന്നുമാണ് കാലനിർണ്ണയ നിബന്ധനകൾ അനുശാസിക്കുന്നത്. വി. സ്ലീവായുടെ തിരുനാളിനു മുമ്പ് ഈ കാലഘട്ടത്തിൽ വരുന്ന ഞായറാഴ്ചകളെ ഏലീയാ 1, 2, 3,....എന്നുമാത്രവും പ്രസ്തുത തിരുനാളിനു ശേഷം വരുന്ന ഞായറാഴ്ചകളെ ഏലീയാ 4, 5, 6, 7 എന്നോ, സ്ലീവാ 1, 2, 3, 4 എന്നുമോ വിളിക്കാവുന്നതാണെന്നും നിബന്ധനകൾ വ്യക്തമാക്കുന്നു.

www.malankaralibrary.com

## രണ്ടാമത്തെ വരവ്

പരിശുദ്ധാത്മാവിൻെറ പ്രവർത്തനത്താൽ പരിപൂർണ്ണ പക്വതയിലെത്തുന്ന സഭ, മിശിഹായുടെ രണ്ടാമത്തെ വരവോടുകൂടി അതിൻെറ ലക്ഷ്യത്തിലേക്ക പ്രവേശിക്കുന്നു. അതുകൊണ്ട് ഈശോയുടെ രണ്ടാമത്തെ വരവിനും അന്ത്യവിധിക്കും ഈ കാലയളവിൽ പ്രത്യേക പരിഗണനയുണ്ട്.

മിശിഹായുടെ ഈ രണ്ടാം വരവിനുമുമ്പ് ഏലിയാ പ്രത്യക്ഷപ്പെടുമെന്നും, നാശപുത്രനുമായി തർക്കിച്ച് അവൻെറ തെററിനെ പരസ്യപ്പെടുത്തുമെന്നും അതിനുശേഷം മഹത്വപൂർണ്ണമായ സ്ലീവാ പ്രത്യക്ഷപ്പെടുമെന്നുമുള്ള വിശ്വാസവും സഭയിൽ ആരംഭകാലം മുതൽ കാണാവുന്നതാണ്. ഇതും ''ഏലിയാ–സ്ലീവാ'' എന്ന പേരിന് ആധാരമായിട്ടുള്ളതാണ്.

## VI. സ്ലീവാ- ഉത്ഥിതനായ മിശിഹാ

**വി. സ്ലീവാ, മാർതോമ്മാനസ്രാണികൾക്ക് മഹത്വീകൃതനായ - തേജസ്കൃതനായ - മിശിഹായുടെ പ്രതീകമാണ്.** ഈശോ താബോർ മലയിൽ വച്ച് രൂപാന്തരപ്പെട്ടപ്പോറം (മത്താ 17, 1–8),പഴയനിയമപ്രതീകങ്ങളായ ഏലിയായും മൂശേയും അവിടെ പ്രത്യക്ഷപ്പെട്ടു. പുതിയ നിയമ സാക്ഷികളായ ഈശോയും തെരഞ്ഞെടുക്കപ്പെട്ട മൂന്നു ശിഷ്യരും അവിടെ ഉണ്ടായിരുന്നുതാനും. അങ്ങനെ **താബോർ മലയിലെ രൂപാന്തരീകരണം മിശിഹാനുയായികളുടെ ജീവിതസമാഹാരമായി കണക്കാക്കാം.** അതുകൊണ്ടുതന്നെയാണ് കിഴക്കൻ സഭകറം ഈ സംഭവത്തിന്, ദൈവാരാധനയിൽ വലിയ പ്രാധാന്യം കല്പിക്കുന്നതു്.

www.malankaralibrary.com

## സ്വർഗ്ഗ ജീവിതത്തിന്റെ മുന്നാസ്വാദനം

ഈലോകജീവിതത്തിൽ തന്നെ പരലോക ജീവിതത്തിന്റെ ഒരു മുന്നാസ്വാദനം സാധ്യമാക്കുക ഈ കാലങ്ങളുടെ ഒരു പ്രത്യേകതയാണ്. താബോർ മലയിൽ വച്ച് ശ്ലീഹന്മാർക്കു ലഭിച്ചതും അതു തന്നെയാണ്. ആ ആസ്വാദനമാധുരിയിൽ മതിമറന്ന അപ്പസ്തോല പ്രമുഖൻ ഇപ്രകാരം ഉദ്ഘോഷിച്ചുപോയി. *എന്റെ കർത്താവേ, നാം ഇവിടെ ഇരിക്കുന്നതു നല്ലതാകുന്നു. നിനക്കിഷ്ടമുണ്ടെങ്കിൽ ഞങ്ങൾ ഇവിടെ മൂന്നു കൂടാരങ്ങൾ ഉണ്ടാക്കാം - ഒന്നു നിനക്കും ഒന്നു മൂശയ്ക്കും ഒന്ന് ഏലിയായ്ക്കും* (മത്താ 17, 4).

**സ്വർഗ്ഗജീവിതത്തിന്റെ ഈ മുന്നാസ്വാദനം ഇന്ന് വിശ്വാസികൾക്കു ലഭിക്കുന്നത് സഭയിലാണ് - സഭയുടെ ആരാധനാകർമ്മങ്ങളിൽ - പ്രത്യേകമായി വിശുദ്ധ കുർബാനയിൽ.** അവിടെ ഓരോ വിശ്വാസിക്കും സാക്ഷാത്തായ മിശിഹാനുഭവം ലഭിക്കയും പരിശുദ്ധാത്മാവിന്റെ കൃപാവരത്താൽ ഭാഗികമായ രൂപാന്തരീകരണം ഭവിക്കയും ചെയ്യുന്നു.

## അന്ത്യസത്യങ്ങൾ

മനുഷ്യജീവിതത്തിന്റെ അന്ത്യമായ ലോകാവസാനം മരണം, വിധി, തുടങ്ങിയ നിത്യസത്യങ്ങളിൽ മുഴുകുവാൻ സഹായിക്കുന്നവയാണ് ഈ കാലങ്ങളിലെ പ്രത്യേകമായുള്ള പ്രാർത്ഥനകൾ. അവ പാപത്തിന്റെ തിക്തഫല

www.malankaralibrary.com

ങ്ങളിലേക്ക വിശ്വാസിയെ തിരിക്കുകയും പശ്ചാത്താപ വിവശമായ ഒരു ഹൃദയം അവനിൽ രൂപപ്പെടുത്തുകയും ചെയ്യും. അങ്ങനെ ഹൃദയത്തിൻെറ അഗാധതയിൽ നിന്നും നന്ദിയുടേയും സ്തുതിയുടേയും പ്രകരണങ്ങൾ ദൈവത്തിൻെറ പക്കലേയ്ക്കുയർത്താനും അവനു സാധ്യമാകുന്നു.

## ബ്രീകീശോയുടെ വിവരണം

**മൂശെക്കാലത്തെ**ക്കുറിച്ചുള്ള ബ്രീകീശോയുടെ വിവരണം അതിൻെറ ആന്തരികചൈതന്യം വെളിവാക്കുന്നുണ്ട്: *"ഏലിയാക്കാലം കഴിഞ്ഞു വരുന്ന ഞായറാഴ്ചകളാകട്ടെ (അതായത്* **മൂശെക്കാലം**) *ചിലപ്പോൾ ഒന്നുമാത്രവും ചിലപ്പോൾ രണ്ടും ചിലപ്പോൾ മൂന്നും പള്ളിക്കൂദാശാകാലത്തിനു മുമ്പ് ആഘോഷിക്കപ്പെടാറുണ്ട്. അതിൻെറ കാരണമിതാണ്: നമ്മുടെ രക്ഷകൻ എപ്പോഴാണ് വരാൻ പോകുന്നതെന്ന് ഭൂവാസികൾക്ക് യാതൊരറിവുമില്ല. കർത്താവുതന്നെ പറഞ്ഞു: "ആ ദിവസത്തേയും നാഴികയേയും കുറിച്ച് പിതാവിനല്ലാതെ മനുഷ്യർക്കോ സ്വർഗ്ഗത്തിലുള്ള മാലാഖമാർക്കു പോലുമോ അറിഞ്ഞുകൂടാ" (മത്താ 24,36).*

## വി. സ്ലീവായുടെ വിജയം

വിശുദ്ധ സ്ലീവായുടെ വിജയവും ശക്തിയും പ്രഘോഷണം ചെയ്യുക ഈ കാലങ്ങളുടെ മറെറാരു പ്രത്യേകതയാണ്. ലോകാവസാനത്തിൽ ആകാശത്തിൽ പ്രത്യക്ഷപ്പെടുമെന്ന് സുവിശേഷത്തിൽ പറഞ്ഞിരിക്കുന്ന *"മനുഷ്യപുത്രൻെറ അടയാളം"* (മത്താ.24,30)

www.malankaralibrary.com

വി.സ്ലീവാ തന്നെ ആയിരിക്കുമെന്ന വിശ്വാസമാണ് എല്ലാക്കാലത്തും സഭയിൽ നിലനിന്നിട്ടുള്ളതെന്ന് പാരമ്പര്യം സാക്ഷിക്കുന്നു. വരുവാനിരിക്കുന്ന ഈ യാഥാർത്ഥ്യത്തിൻെറ മുൻകൂട്ടിയുള്ള ഒരു പ്രത്യക്ഷീകരണമായിട്ടാണ് 4-ാം നൂററാണ്ടിൽ കോൺസ്റ്റൻറയിൻ ചക്രവത്തിക്കുണ്ടായ ദർശനം, കുരിശിലൂടെ അദ്ദേഹത്തിനു കൈവന്ന വിജയം, മിശിഹായുടെ കുരിശുകണ്ടെത്തൽ തുടങ്ങിയവ സഭ ആചരിച്ചിരുന്നത്.

മിശിഹായുടെ രണ്ടാമത്തെ വരവിനോടു ബന്ധപ്പെടുത്തി, അവിടത്തെ ഉത്ഥാനത്തിൻെറ പ്രതീകമായി **വി. സ്ളീവായുടെ തിരുനാൾ ഉയിർപ്പു തിരുനാൾ പോലെ** തന്നെ ആഘോഷമായി ആദിമനൂററാണ്ടുകളിൽ കൊണ്ടാടിയിരുന്നതായിട്ടാണ് ചരിത്രം സാക്ഷിക്കുന്നത്.

## സഹനമൂല്യം

മഹത്ത്വപൂർണ്ണമായ സ്ലീവാ, സാക്ഷാൽ ക്രിസ്തീയ സഹനത്തിൻെറ മൂല്യം വ്യക്തമാക്കുന്ന ഒരു പ്രതീകം കൂടിയാണ്. മിശിഹായോടൊത്തു സഹിക്കുന്നവർ അവിടത്തോടുകൂടി ഉയിർത്തെഴുന്നേല്ക്കുകയും അവിടത്തെ മഹത്ത്വപൂർണ്ണമായ ജീവിതത്തിൽ പങ്കാളികളാകയും ചെയ്യുന്നു.

## എട്ടുനോമ്പ്

വി. സ്ലീവായുടെ തിരുനാറം പോലെ തന്നെ, മാർതോമ്മാ നസ്രാണികറം വളരെ ആഘോഷമായി കൊണ്ടാടുന്ന ഒരു തിരുനാളാണ് സെപ്തംബർ 8-ാംനു-ലെ **പ. കന്യകാമറിയത്തിൻെറ ജനനത്തിരുനാൾ**. ഈ തിരുനാ

www.malankaralibrary.com

ളിനൊരുക്കമായി 8 ദിവസത്തെ നോമ്പാചരിക്കുക അവരുടെ പതിവായിരുന്നു; ഇന്നും പല സ്ഥലങ്ങളിൽ ഇതു് നിലവിലുണ്ടുതാനും. കേരളക്കരയിൽ തന്നെ രൂപം കൊണ്ട ഒരു നോമ്പാചരണമായിട്ടിണാതിനെ കണക്കാക്കുന്നതു്. 9–ാം നൂററാണ്ടിൽ മുഹമ്മദീയർ കൊടുങ്ങല്ലൂർ പിടിച്ചെടുത്തു നശിപ്പിച്ചപ്പോൾ തങ്ങളുടെ കന്യകകളുടെ ചാരിത്രശുദ്ധി കാത്തുസൂക്ഷിക്കുന്നതിനായി ആരംഭിച്ചതാണീ നോമ്പാചരണം. രാവിലെ വിശുദ്ധ കർബാനയെ തുടന്നു് സന്ധ്യാ നമസ്കാരം കഴിയുന്നതുവരെ പ്രാത്ഥനയിലും ധ്യാനത്തിലുമായി ദൈവാലയത്തിൽ തന്നെ ചെലവഴിച്ചുകൊണ്ടാണു് ഈ നോമ്പാചരണം നടത്തുന്നതു്.

"*കന്യകകളുടെ നോമ്പു്*" എന്ന പേരിൽ പേർഷ്യയിൽ മൂന്നു ദിവസത്തെ നോമ്പാചരണം നടന്നിരുന്നതായി കാണുന്നുണ്ടു്. എട്ടുനോമ്പിനു് ഇതുമായി ചില സാധമ്മ്യങ്ങൾ ഉണ്ടെന്നുള്ളതു ശരിയാണു്; എങ്കിലും മാർ തോമ്മാ നസ്രാണികളുടെ സ്വന്തമായ ഒരാചരണമായിട്ടാണു് എട്ടുനോമ്പിനെ ചരിത്രകാരന്മാർ എടുത്തുകാണിക്കുന്നതു്.

www.malankaralibrary.com

# 17

# പള്ളിക്കൂദാശാക്കാലം

## കാലത്തിന്റെ തുടക്കം

ആരാധനാ വത്സരത്തിന്റെ സമാപനമായ പള്ളിക്കൂദാശാക്കാലം ആരംഭിക്കുന്നതു്, *"കർത്താവേ, നിന്റെ സ്ലീവായാൽ രക്ഷിക്കപ്പെട്ട സഭയും നിന്റെ വിലയേറിയ രക്തം കൊണ്ട് വിലയ്ക്കു വാങ്ങപ്പെട്ട ആട്ടിൻ കൂട്ടവും ഇതാ, പുരോഹിത ശ്രേഷ്ഠനായ നിനക്കു കീർത്തനമാലകൾ അർപ്പിക്കുന്നു. കാരണം, നിന്റെ താഴ്ചയാൽ നീ അവളെ ഉയർത്തി. മഹത്ത്വമുള്ള ഒരു മണവാട്ടിയെന്ന നിലയിൽ അവൾ സ്തുതിക്കപ്പെട്ട മണവാളനായ നിന്നിൽ സന്തോഷിക്കുകയും ആനന്ദിച്ചാറാടുകയും ചെയ്യുന്നു. സത്യത്തിന്റെ ബലത്താൽ നീ അവളുടെ രക്ഷയുടെ കോട്ടകളെ ഉയർത്തുകയും അവളുടെ സന്താനങ്ങൾക്ക് സമാധാനത്തിന്റെ ദൂതരാകുവാൻ വൈദികരെ നല്കുകയും ചെയ്യുക"*, എന്ന പ്രാർത്ഥനയോടെയാണ്.

## സ്വർഗ്ഗീയ മണവറ

മണവാട്ടിയായ സഭയെ മണവാളനായ മിശിഹാ മണവറയിൽ പ്രവേശിപ്പിച്ച് എല്ലാവിധ ആനന്ദങ്ങളാലും

www.malankaralibrary.com

നിറയ്ക്കുന്ന ഒരു കാലഘട്ടമായിട്ടാണ് മാർ തോമ്മാ നസ്രാണികൾ പള്ളിക്കൂദാശാക്കാലത്തെ ദർശിക്കുന്നത്. ലോകാവസാനവും അന്ത്യവിധിയും കഴിഞ്ഞ് മിശിഹാ തന്റെ മണവാട്ടിയായ സഭയെ പിതാവിനു സമർപ്പിക്കും. രക്ഷാകര ചരിത്രത്തിന്റെ അന്ത്യമായ "ദൈവൈക്യ" മാണ്, ആരാധനാവത്സരത്തിലെ അവസാനത്തെ നാലാഴ്ചകൾ ഉൾക്കൊള്ളുന്ന ഈ കാലഘട്ടത്തിലെ ആചരണവിഷയം.

## ദൈവത്തിന്റെ ആലയം

ദൈവത്തിന്റെ ആലയമാകുന്ന സഭ ഒരു സ്വർഗ്ഗീയ സ്ഥാപനമാണ്. പിതാവാണവൾക്കു രൂപം നല്കിയിട്ടുള്ളത്; പുത്രനാകട്ടെ അവളുടെ അടിസ്ഥാനമുറപ്പിക്കുകയും പരിശുദ്ധാത്മാവിന്റെ കൃപാവരത്താൽ അവൾ വിശുദ്ധീകരിക്കപ്പെടുകയും ചെയ്യുന്നു.

## നിലനില്ക്കുന്ന കൂടാരം

പഴയനിയമത്തിൽ മൂശെ സ്ഥാപിച്ച പത്തു വിരികളുള്ള താല്കാലിക കൂടാരത്തിന്റെ (പുറ. 26) സ്ഥാനത്ത് പുതിയ നിയമത്തിൽ നിലനില്ക്കുന്ന സ്ഥാപനമാണു സഭ. ഇന്ന് അവളുടെ ജീവിതം ധന്യമാകുന്നതും, ലോകത്തിൽ ഒരടയാളമായി നിലകൊള്ളുന്നതും അവളുടെ മക്കളായ പുരോഹിതർ വഴി പരികർമ്മം ചെയ്യപ്പെടുന്ന പാപപ്പരിഹാരാർത്ഥമുള്ള ദിവ്യരഹസ്യങ്ങളിൽക്കൂടിയാണ്.

## മിശിഹായുടെ രക്താവകാശികൾ

മിശിഹാ തന്റെ രക്തം കൊണ്ടു തിന്മയിൽ നിന്നു രക്ഷിച്ചെടുത്ത സമൂഹമാണു സഭ. അവൾ കടലിൽ യാത്ര

www.malankaralibrary.com

ചെയ്യുന്ന കപ്പൽ സമാനം അനശ്വരമായ ജീവിതത്തി ലേയ്ക്കു നേരേ യാത്ര ചെയ്യുന്നു. ഈ കപ്പലിൽ കയറിപ്പററണമെങ്കിൽ മാമ്മോദീസായിൽ പിതാവിനേയും പുത്രനേയും പരിശുദ്ധാത്മാവിനേയും ഏററുപറയേണ്ടിയിരിക്കുന്നു. കൊടുങ്കാററുകൾ ആഞ്ഞടിക്കുമ്പോഴും ഈ കപ്പലിലെ യാത്ര ഏററം ആയാസരഹിതമായിരിക്കും.

**അങ്ങനെ സഭയുടെ വ്യക്തിത്വത്തേയും, അവളും പരിശുദ്ധ ത്രിത്വവുമായുള്ള അഭേദ്യബന്ധത്തേയും, അവളുടെ അസ്തിത്വത്തിനും നിലനില്പിനും നിദാനമായ പൗരോഹിത്യത്തിൻെറ മാഹാത്മ്യത്തേയും സമ്യക്കായി ആചരിക്കുന്ന അവസരമാണ് പള്ളിക്കൂദാശാക്കാലം.**

ഈ കാലത്തിലെ നാലു ഞായറാഴ്ചകളിലേയും വിശുദ്ധ ഗ്രന്ഥവായനകൾ മുൻസൂചിപ്പിച്ച ദിവ്യരഹസ്യങ്ങളിലേയ്ക്കു നമ്മെ നയിക്കുന്നുണ്ട്. സഭയുടെ പ്രതിരൂപമാണ് എല്ലാ വായനകളിലും പ്രാധാന്യമർഹിക്കുന്നതു്.

**ഒന്നാം ഞായർ**

പുറ. 40, 17-36 : സമാഗമകൂടാരത്തിലെ കർത്താവിൻെറ സാന്നിദ്ധ്യം.

ഏശാ. 6, 1–13 : ഏശായ്യായ്ക്കുണ്ടായ സ്വർഗ്ഗീയ ദർശനം. ദീർഘദർശിയുടെ അധരങ്ങളെ സ്പർശിച്ച തീക്കനൽ വിശുദ്ധ കുർബാനയുടെ പ്രതിരൂപം.

www.malankaralibrary.com

1 കോറി. 12, 28_13, 13 : സ്നേഹത്തിൽ അധിഷ്ഠി
തമായ സഭ.

മത്താ. 16, 13-19: ഈശോമിശിഹായിലുള്ള വി
ശ്വാസം സഭയുടെ അടിസ്ഥാനം.

## രണ്ടാം ഞായർ

പുറ. 39, 32_40, 16 : സമാഗമകൂടാരത്തിലെ തിരു
സാന്നിദ്ധ്യത്തിൻെറ അപ്പം.
അവിടെ ദൈവശുശ്രൂഷയ്ക്കായി
അഹറോനും പുത്രന്മാർക്കും നൽക
പ്പെട്ട പുരോഹിത പദവി.

1 രാജ. 8,10_29 : സോളമൻ നിർമ്മിച്ച ദൈവാലയ
ത്തിൽ കർത്താവിൻെറ തേജസ്
നിറഞ്ഞുനിന്നു. അവിടെ ബലി
പീഠത്തിനുമുമ്പിൽ സോളമൻ
നടത്തിയ പ്രാർത്ഥന.

ഹെബ്രാ. 8,1_9: മിശിഹാ പുതിയ ഉടമ്പടിയുടെ
മദ്ധ്യസ്ഥനും സ്വർഗ്ഗത്തിൽ മഹി
മയുടെ സിംഹാസനത്തിൻെറ
വലത്തുഭാഗത്തിരിക്കുന്ന പ്രധാ
നാചാര്യനുമാണ്.

മത്താ. 12, 1_21: ഈശോ ദൈവാലയത്തെക്കാറം
ശ്രേഷ്ഠൻ; സാബത്തിൻേറയും
കർത്താവ്; ദൈവത്തിൻെറ തെര
ഞ്ഞെടുക്കപ്പെട്ട ദാസൻ.

www.malankaralibrary.com

## മൂന്നാം ഞായർ

സംഖ്യ. 7, 1_10; 9,15_18 : കൂടാരപ്രതിഷ്ഠയ്ക്കു കാഴ്ചകരം.

ഏശ.54, 1_15 : പുതിയ ജറുശലം; കർത്താവു തൻെറ പുത്രരെ ഉയിർപ്പിക്കും; അവർ ശ്രേയസ്സാർജ്ജിക്കും.

എബ്രാ. 9, 5_15 : പഴയ ബലിയും പുതിയ ബലിയും; പ്രധാനാചാര്യനായ മിശിഹാ പുതിയ ഉടമ്പടിയുടെ മദ്ധ്യസ്ഥൻ.

യോഹ. 2,13_22: ഈശോ ദൈവാലയം ശുദ്ധീകരിക്കുന്നു. ഈശോയുടെ ശരീരമാകുന്ന പുതിയ ദൈവാലയം.

## നാലാം ഞായർ

1 രാജ. 6,1_19 : കർത്താവിനുവേണ്ടി സോളമൻ ഒരു ദൈവാലയം നിർമ്മിക്കുന്നതും സോളമനു കർത്താവിൻെറ അരുളപ്പാടുണ്ടാകുന്നതും.

എസെ. 43,1_7; 44,1_5: എസെക്കിയേൽ ദൈവാലയത്തിൽ കർത്താവിൻെറ മഹത്ത്വം ദർശിക്കുന്നു.

എബ്രാ. 9, 15_28 : നമുക്കുവേണ്ടി ദൈവസന്നിധിയിൽ കാണപ്പെടുവാനായി ഈശോ സ്വർഗ്ഗത്തിലേക്കു പ്രവേശിച്ചു.

www.malankaralibrary.com

മത്താ. 22, 41 _ 23, 22 : ഈശോ ദാവീദിന്റെ പുത്രൻ; നമ്മുടെ ഏകനേതാവ്.

സഭയെക്കുറിച്ചുള്ള ആഴമേറിയ ഉൾക്കാഴ്ചകളും അനുഭവങ്ങളും പകരുന്ന പ്രാർത്ഥനകൾ കോർത്തിണക്കിയ ദൈവാരാധനയാണ് ഈ കാലത്ത് സഭാതനയർ നടത്തുക. പത്രോസാകുന്ന പാറമേൽ ഉറപ്പിച്ചതാണീ സഭ. കാററിനും പിശാചിനും അതിനെ തകിടം മറിക്കാനാവില്ല. മിശിഹായുടെ തുടർച്ചയാണവൾ; അവൾ ജീവിക്കുന്നത് അവിടുത്തെ പൗരോഹിത്യ പിന്തുടർച്ചയിലും.

www.malankaralibrary.com

18

# ദിവ്യരഹസ്യങ്ങൾ

## ആഘോഷങ്ങൾക്കായി ഒരുമിച്ചുകൂടൽ

മനുഷ്യർ പലപ്പോഴും ഒരുമിച്ചുകൂടാറുണ്ട്. തങ്ങളുടേയോ മററുള്ളവരുടേയോ വിശേഷാവസരങ്ങൾ ആഘോഷിക്കാൻ അവർ ഒരുമിച്ചുകൂടുന്നു.

ജന്മദിനം, തിരുനാളുകൾ, മാമ്മോദീസാ, വിവാഹം, ഓർമ്മദിനങ്ങൾ തുടങ്ങിയവയ്ക്കെല്ലാം നാം ഒരുമിച്ചു കൂടാറില്ലേ?

## കർബാനയ്ക്കായി ഒരുമിച്ചുകൂടൽ

മാർ തോമ്മാ നസ്രാണികളും പല കാര്യങ്ങൾക്കായും ഒരുമിച്ചുകൂടാറുണ്ട്. അവർ ഒരുമിച്ചുകൂടുന്ന ഏററം പ്രധാന അവസരം വിശുദ്ധ കർബാനയർപ്പണത്തിന്റേതാണ്. മാർ തോമ്മാ നസ്രാണികൾ തങ്ങളുടെ രക്ഷാകരചരിത്രം മുഴുവൻ ഒന്നിച്ചാഘോഷിക്കുന്ന അവസരമാണ് വിശുദ്ധ കർബാനയുടേത്. **സാക്ഷാൽ ദൈവവും മനുഷ്യനുമായ ഈശോമിശിഹായിൽ പൂർത്തിയായ രക്ഷാകര കർമ്മം മുഴുവൻ, പ്രതീകങ്ങളിൽ കൂടി അനുഭവവേദ്യമായി പ്രഘോഷണം ചെയ്യുന്നത് വിശുദ്ധ കുർബാനയിലാണ്.**

www.malankaralibrary.com

ചുരുക്കിപ്പറഞ്ഞാൽ, മാർ തോമ്മാ നസ്രാണികൾ തങ്ങളുടെ **അഭിഷിക്ത്താസ്തിത്വത്തെ** അതായത് മാർ തോമ്മാ മാർഗ്ഗത്തിനനുസരിച്ചുള്ള തങ്ങളുടെ വ്യക്തിത്വത്തെ, പൂർണ്ണമായി പ്രകാശിപ്പിക്കുകയും പ്രഘോഷണം ചെയ്യുകയും ചെയ്യുന്ന അവർണ്ണനീയ സംഭവമാണ വിശുദ്ധ കുർബാന.

## നസ്രാണി വ്യക്തിത്വം

മാർ തോമ്മാ നസ്രാണികളുടെ അസ്തിത്വവും വ്യക്തിത്വവും ഈശോമിശിഹായുടെ അസ്തിത്വവും വ്യക്തിത്വവുമായി അഭേദ്യം ബന്ധപ്പെട്ടതാണ്. അതുകൊണ്ട് കുർബാനയർപ്പണം മിശിഹായുടെ വ്യക്തിത്വത്തിലേയ്ക്കുള്ള വളർച്ചയുടെ ഭാഗമാണ്.

## വി. കുർബാന, രക്ഷാകരചരിത്രാവതരണം

മിശിഹാ സംഭവത്തിന്റെ മുഴുവൻ, അതായത്, മനുഷ്യാവതാരം, അതിന്റെ പശ്ചാത്തലമായ പഴയനിയമ ജീവിതം, മിശിഹായുടെ രഹസ്യ ജീവിതം, പരസ്യ ജീവിതം, പീഡാനുഭവം, മരണം, കബറടക്കം, ഉത്ഥാനം, റൂഹാദക്കുദിശായാകുന്ന ദാനം, അതു വഴി നടന്ന മനുഷ്യവംശത്തിന്റെ അനുരഞ്ജനം, ദൈവൈക്യം, ഇവയുടെയെല്ലാം ഓർമ്മയാചരണമാണ് വിശുദ്ധ കുർബാന.

## വി. കുർബാന, രക്ഷയുടെ സമഗ്രാഘോഷം

വിശുദ്ധ കുർബാന, പഴയനിയമത്തിലെ ഹോമബലിയും, മിശിഹായുടെ ജീവിതത്തിലെ അന്ത്യ അത്താഴവും

www.malankaralibrary.com

ഗാഗുൽത്തായിലെ കുരിശുമരണവും പന്തക്കുസ്താദിനവും, സമോമാതാവിന്റെ ജീവിതം മുഴുവനും, സ്വർഗ്ഗജീവിതവും, ഒരുമിച്ചുകൂട്ടുന്ന അതിവിശിഷ്ടമായ ആഘോഷമാണ്.

**വിശുദ്ധ കുർബാനയിൽ, ഈശോ തന്നെയാണ് അർപ്പകനും അർപ്പണ വസ്തുവും; എല്ലാം തന്റെ പ്രതിപുരുഷൻമാരായ വൈദികരിൽ കൂടിയും.**

## ഏഴ് ഭാഗങ്ങൾ

വിശുദ്ധ കുർബാനയ്ക്ക് ഏഴുഭാഗങ്ങളാണുള്ളത്:

**1. ആമുഖശുശ്രൂഷ; 2. വചനശുശ്രൂഷ; 3. ഒരുക്ക ശുശ്രൂഷ; 4. കൂദാശാഭാഗം 5. അനുരഞ്ജന ശുശ്രൂഷ; 6. ദൈവൈക്യശുശ്രൂഷ 7. സമാപനശുശ്രൂഷ.**

വിശുദ്ധ കുർബാനയർപ്പിക്കുമ്പോൾ പുരോഹിതനും ശുശ്രൂഷികളും പ്രത്യേകതരത്തിലുള്ള **തിരുവസ്ത്രങ്ങൾ** ധരിക്കുന്നു.

മാർ തോമ്മാ നസ്രാണികൾ കുർബാനയർപ്പിക്കുന്നത് പ്രത്യേക സംവിധാനങ്ങളുള്ള അവരുടെ **ദൈവാലയത്തിൽ** ആണ്. കുർബാനയർപ്പണത്തിന് അവർ **പ്രത്യേക സാധനങ്ങൾ** ഉപയോഗിക്കുകയും ചെയ്യുന്നു.

★

www.malankaralibrary.com

## 19

# തിരുവസ്ത്രങ്ങൾ

## പ്രത്യേക വസ്ത്രങ്ങൾ

പണിക്കു പോകുമ്പോഴും പള്ളിയിൽ പോകുമ്പോഴും ഒരേ വസ്ത്രങ്ങളല്ല മനുഷ്യർ ധരിക്കുക. മാമ്മോദീസായ്ക്കും കല്ല്യാണത്തിനും കബറടക്കത്തിനും പ്രത്യേകം പ്രത്യേകം വസ്ത്രങ്ങളാണു ധരിപ്പിക്കുന്നത്. കളിക്കുമ്പോഴും കുളിക്കുമ്പോഴും വസ്ത്രങ്ങൾ വ്യത്യസ്തമായിരിക്കും. ഓരോ അവസരത്തിനും പററിയ വസ്ത്രങ്ങളാണ് മനുഷ്യർ സാധാരണ തെരഞ്ഞെടുക്കുന്നത്.

> മാർ തോമ്മാ നസ്രാണികളായ **പുരോഹിതരും ശുശ്രൂഷികളും** ദിവ്യരഹസ്യ പരികർമ്മത്തിനായി അവരവരുടെ പ്രത്യേക തിരുവസ്ത്രങ്ങൾ അണിയുന്നു.

1. **കൊത്തീനാ:** പുരോഹിതരും ശുശ്രൂഷികളും ആദ്യമേ ധരിക്കുന്ന നീണ്ട അങ്കിയാണ് **കൊത്തീനാ.**

നമ്മുടെ അമ്മ. പ. ക. മറിയം ഒററയായി നെയ്തെടുത്ത് ഈശോയെ ധരിപ്പിച്ചതും, അവിടുത്തോടൊപ്പം വളർന്നതും, അവിടത്തെ കുരിശിൽ തറച്ചശേഷം കീറാതെ പട്ടാളക്കാർ

www.malankaralibrary.com

ചിട്ടിയിട്ടെടുത്തതുമായ (യോഹ. 19, 23–24) മിശിഹാ യുടെ പുറംകുപ്പായത്തിനു് സുറിയാനി ഭാഷയിലുള്ള വാക്കാണു് **കൊത്തീനാ.**

**കൊത്തീനാ ധരിക്കുന്ന വ്യക്തി മിശിഹാ യെ ധരിക്കുന്നു; മിശിഹായ്ക്കു പകരം മിശി ഹായുടെ പൗരോഹിത്യ ശുശ്രൂഷ നിർവഹി ക്കയും ചെയ്യുന്നു.**

**2. സൂനാറാ:** കൊത്തീനായ്ക്കു മീതെ ധരിക്കുന്ന അരക്കെട്ടിനു് സുറിയാനി ഭാഷയിലുള്ള വാക്കാണു് **സൂനാറാ.**

**"*ശുദ്ധത*"യുടെ അടയാളമാണു് അര ക്കെട്ടു്. ലൗകികമായ എല്ലാ വിചാരങ്ങളിലും വികാരങ്ങളിലും നിന്നകന്നു് പരിപൂർണ്ണ വിശു ദ്ധിയോടെ അനുഷ്ഠിക്കേണ്ട കൃത്യങ്ങളാണു് വിശുദ്ധ കുർബാനയും മററു ദൈവാരാധനാ കർമ്മങ്ങളും.**

**3. ഊറാറാ:** അരക്കെട്ടിനുമുകളിൽ, രണ്ടഗ്രങ്ങളും മുൻവശത്തു് കാൽമുട്ടുകൾക്കു താഴെവരെ നീണ്ടുകിടക്കത്തക്ക രീതിയിൽ പുരോഹിതർ കഴുത്തിൽ ധരിക്കുന്ന പ്രത്യേക വസ്ത്രമാണു് **ഊറാറാ.** ഹെവ്പ്പദിയാക്കോനാമാർ ഇതേ തിരുവസ്ത്രം കഴുത്തിൽ ചുററി രണ്ടഗ്രങ്ങളും ഇടതു തോളിൽ മുമ്പോട്ടും പിറകോട്ടും വരത്തക്കവിധത്തിലും, മ്ശംശാനാമാർ കഴുത്തിൽ ചുററാതെ രണ്ടഗ്രങ്ങളും ഇടതു തോളിൽ മുമ്പോട്ടും പിറകോട്ടും കിടക്കത്തക്ക വിധത്തിലും ധരിക്കുന്നു.

www.malankaralibrary.com

**ശുശ്രൂഷാ പൗരോഹിത്യത്തിൻെറ അടയാളമായിട്ടാണ് ഈ തിരുവസ്ത്രം എല്ലാ സഭകളിലും കണക്കാക്കപ്പെടുന്നത്.**

4. **സന്ദേ:** കൈയുറകൾക്ക് സുറിയാനിഭാഷയിലുള്ള പേരാണ് **സന്ദേ.** കൊത്തീനായുടെ കൈയഗ്രങ്ങൾ ഒതുങ്ങിയിരിക്കുന്നതിനും തിരുവസ്ത്രങ്ങളെല്ലാം അണിഞ്ഞുകഴിയുമ്പോൾ ചിതമായി കാണപ്പെടുന്നതിനും വേണ്ടിയുള്ള സംവിധാനമാണിവ.

5. **പൈനാ.** വൈദികർ ഏററം പുറമെ ധരിക്കുന്ന തിരുവസ്ത്രമാണ് ***"പൈന"*** അഥവാ **കാപ്പ.** ***"ഗൽത്താ"*** എന്നും ഈ തിരുവസ്ത്രത്തിന് സുറിയാനിയിൽ പറയാറുണ്ട്.

***നീതിയുടെ വസ്ത്രമാണ്* പൈനാ. ഒരു പുരോഹിതൻ എല്ലാ ഗുണഗണങ്ങളുടേയും നികേതനമാണെന്ന് വിളിച്ചറിയിക്കുന്ന വസ്ത്രമാണിത്.**

ചരിത്രപരമായ അന്വേഷണത്തിൽ, ഇത്ര് ഇടയന്മാരുടെ പുറം കുപ്പായമായിരുന്നുവെന്നാണ് കാണുന്നത്. അങ്ങനെ **പുരോഹിതൻെറ ഇടയധർമ്മത്തേയും ഈ തിരുവസ്ത്രം സമൃക്കായി പ്രകടിപ്പിക്കുന്നു.**

www.malankaralibrary.com

## ൨൦

# മാർ തോമ്മാ നസ്രാണികളുടെ ദൈവാലയം

### പ്രത്യേക സ്ഥലം

ഓരോ പ്രവൃത്തിക്കും അതാതിനു ചേരുന്ന സ്ഥലങ്ങളുണ്ട്. പഠിക്കാൻ പള്ളിക്കൂടം, ചികിത്സിക്കാൻ ആശുപത്രി, വായിക്കാൻ വായനശാല, കളിക്കാൻ കളിസ്ഥലം അങ്ങനെ പല പല സ്ഥലങ്ങളും നമ്മുടെ നിത്യാനുഭവത്തിൽപ്പെടുന്നു.

> ദിവ്യരഹസ്യങ്ങൾ പരികർമ്മം ചെയ്യുന്നതിനും അതിനുചിതമായ സ്ഥലവും സംവിധാനങ്ങളും അത്യാവശ്യമാണ്. മാർ തോമ്മാ നസ്രാണികൾ ദൈവാലയത്തിലാണ് വിശുദ്ധ കുർബാനയർപ്പിക്കുന്നതും, മററു ദൈവാരാധനാകർമ്മങ്ങൾ നടത്തുന്നതും. അവരുടെ ദൈവാലയത്തിനു് മൂന്നു ഭാഗങ്ങളാണുള്ളത്: മദ്ബഹാ, കെസ്ത്രോമ്മ, ഹൈക്കലാ. കെസ്ത്രോമ്മ ഹൈക്കലായേക്കാൾ ഒരുപടി ഉയർത്തിയും, മദ്ബഹാ കെസ്ത്രോമ്മായേക്കാൾ മൂന്നുപടികൾ ഉയർത്തിയുമാണ് നിർമ്മിക്കുക.

www.malankaralibrary.com

## മദ്ബഹാ

ദൈവാലയത്തിലെ ഏററം ഉയർന്ന ഭാഗവും ഏററം പ്രധാനപ്പെട്ട സ്ഥലവും **മദ്ബഹായാണ്. മദ്ബഹാ സ്വർഗ്ഗത്തിൻെറ പ്രതീകമാണ്**; അതായത്ത് ഭൂമിയിലെ സ്വർഗ്ഗം. അതിൻെറ കേന്ദ്രഭാഗത്തായി കിഴക്കേ ഭിത്തിയോടടുത്ത വരത്തക്കവിധത്തിൽ അൾത്താര സ്ഥാപിക്കുന്നു.

## അൾത്താര

**അൾത്താര, നമ്മുടെ കർത്താവീശോമിശിഹായുടെ കബറിടമായും ദൈവത്തിൻെറ സിംഹാസനമായും നിലകൊള്ളുന്നു.**

**ഈശോയുടെ കബറിടം** എന്നു വച്ചാൽ ശൂന്യമായ കബറിടം, അതായത്ത് ഉയിർത്തെഴുന്നേററ കർത്താവിൻെറ കബറിടം: തന്മൂലം **അൾത്താര ഉത്ഥിതനായ മിശിഹായുടെ പ്രതിരൂപമാണ് – ഉത്ഥിതനായ മിശിഹാതന്നെയാണ്.**

**മിശിഹാ** എന്ന സുറിയാനി പദത്തിൻെറ അർത്ഥം, **അഭിഷിക്തൻ** അഥവാ **പൂശപ്പെട്ടവൻ** എന്നാണ്. തന്മൂലം അഭിഷിക്തനായ രക്ഷകനെ പ്രതിനിധാനം ചെയ്യുന്ന **അൾത്താര പൂർണ്ണമായും തൈലം പൂശി കൂദാശ ചെയ്യുന്നു.**

www.malankaralibrary.com

## സൊർണോസ്

അംത്താരയെ ***സൊർണോസ്*** എന്ന സാധാരണ വിളിക്കാറുള്ളതാണ്. ഈ പദം ***ത്രോണോസ്*** എന്ന ഗ്രീക്കപദം സുറിയാനി ഭാഷയിൽക്കൂടി മലയാളത്തിലെത്തിയ രൂപമാണ്. ***ത്രോണോസ്*** എന്ന പദത്തിന്നു് ഗ്രീക്കിലും സുറിയാനിയിലും ഒരേ അത്ഥമാണുള്ളതു്: **ഇരിപ്പിടം** അഥവാ **സിംഹാസനം** അങ്ങനെ **സ്വർഗ്ഗമാകുന്ന മദ്ബഹായിലെ ദൈവത്തിൻെറ സിംഹാസനമാണ് അൾത്താര**.

ഉത്ഥിതനായ മിശിഹാനാഥൻ ***സ്വർഗ്ഗത്തിലേയ്ക്കെഴുന്നള്ളി പിതാവിൻെറ വലത്തുഭാഗത്തിരിക്കുന്നു.*** എന്ന വിശ്വാസ പ്രമാണത്തിൽ ഏറ്റു പറയുന്നവരാണല്ലോ നാമെല്ലാം. ഈ യാഥാർത്ഥ്യം പ്രവൃത്തിയാൽ പ്രഖ്യാപിക്കുന്നതിനായിട്ടാണ് **സ്വർഗ്ഗമാകുന്ന മദ്ബഹായിലെ ദൈവത്തിൻെറ സിംഹാസനമാകുന്ന അൾത്താരയുടെ വലത്തുഭാഗത്ത് സുവിശേഷപ്പുസ്തകം സ്ഥാപിച്ചിരിക്കുന്നത്.**

## ഏവൻഗാലിയോൻ പുസ്തകം

സുവിശേഷ വായനപ്പുസ്തകം ഉത്ഥിതനായ ഈശോമിശിഹായെ പ്രതിനിധീകരിക്കുന്നു. ദൈവാരാധനാസമയങ്ങളിൽ വായിക്കുന്നതിനോ പ്രദക്ഷിണങ്ങൾക്കോ ആയി മാത്രമേ ഈ പ്രത്യേക പുസ്തകം മദ്ബഹായ്ക്കു വെളിയിലേക്ക് കൊണ്ടുപോകാറുള്ളു. അങ്ങനെ കൊണ്ടുപോകുമ്പോഴൊക്കെ, കത്തിച്ച തിരികളുടേയും ധൂപത്തിൻേറയും മററും അകമ്പടിയോടെ ആഘോഷമായി കൊണ്ടുപോകേണ്ടതുമാണ്.

www.malankaralibrary.com

## മാർ തോമ്മാ സ്ലീവാ

**അൾത്താരയുടെ ഇടത്തുവശത്ത് മാർ തോമ്മാ സ്ലീവാ സ്ഥാപിക്കുന്നു.** മാർ തോമ്മാ സ്ലീവായുടെ സവിശേഷതകൾ വിവരിച്ചു കഴിഞ്ഞതാണല്ലോ. മിശിഹായുടെ ഉത്ഥാനം റൂഹാദക്കുദിശാതമ്പുരാന്റെ പ്രവർത്തനത്താലായതിനാൽ, **മാർ തോമ്മാ സ്ലീവാ റൂഹാദക്കുദിശായുടെ പ്രതിരൂപം കൂടിയാണ്.** അങ്ങനെ ദൈവത്തിന്റെ സിംഹാസനമായ **അൾത്താരയിൽ, നടുവിൽ പിതാവും വലത്തുവശത്ത് പുത്രനും, ഇടത്തുവശത്ത് റൂഹാദക്കുദിശായും** സന്നിഹിതരായിരിക്കുന്നതായിട്ടാണ് മാർ തോമ്മാ നസ്രാണികൾ മനസ്സിലാക്കുന്നത്. അതുകൊണ്ടാണ് ഔദ്യോഗികമായി അൾത്താരയെ സമീപിക്കുന്ന പുരോഹിതൻ **അതിന്റെ മദ്ധ്യത്തിലും വലത്തുവശത്തും ഇടത്തുവശത്തും ചുംബിക്കുന്നതും.**

## ബേസ്ഗസ്സാകൾ

അൾത്താരയുടെ ഇരുവശങ്ങളിലും കിഴക്കേ ഭിത്തിയിൽ തന്നെയോ വടക്കും തെക്കുമുള്ള ഭിത്തികളിലായോ **ബേസ്ഗസ്സാകൾ** അഥവാ **നിക്ഷേപാലയങ്ങൾ** ഉണ്ടായിരിക്കണം. **വിശുദ്ധ കുർബാനയ്ക്കായി പീലാസായും കാസായും ഒരുക്കുന്നതിനുള്ള പ്രത്യേക സ്ഥലങ്ങളാണിവ.** വടക്കു വശത്തെ ബേസ്ഗസ്സായിൽ പീലാസായും തെക്കുവശത്തേതിൽ കാസായും ഒരുക്കുന്നു. ശരിയായി പൂട്ടി സൂക്ഷിക്കത്തക്ക വാതിലുകളുള്ള പക്ഷം, **വടക്കുവശത്തെ ബേസ്ഗസ്സായിൽ വിശുദ്ധ കുർബാന സൂക്ഷിക്കാവുന്നതുമാണ്.**

www.malankaralibrary.com

## കിഴക്കുവശത്തെ ഭിത്തി

കിഴക്കെ ഭിത്തിയുടെ കേന്ദ്രസ്ഥാനത്ത് മദ്ബഹാ യുടെ വലിപ്പത്തിനനുയോജ്യമായ ഒരു **മാർ തോമ്മാ സ്ലീവാ** ഉറപ്പിക്കേണ്ടതാണ്.

## മദ്ബ്ഹാ വിരി

**മദ്ബഹായ്ക്കും കെസ്ത്രോമ്മയ്ക്കും മദ്ധ്യേ ഒരു വിരി എല്ലാ ദൈവാലയങ്ങളിലും ഉണ്ടായിരിക്കണം.** സ്വർഗ്ഗവും ഭൂമിയും തമ്മിലുള്ള വേർതിരിവാണ് വിരിവഴി പ്രകടമാക്കുന്നത്. മാത്രമല്ല, ദൈവാരാധനാവസരങ്ങളിൽ ദൈവമഹത്വം പ്രകാശി പ്പിക്കുന്നതിനും സ്വർഗ്ഗസായൂജ്യം അനുഭവവേദ്യമാക്കുന്നതി നും ഈ ക്രമീകരണം സഹായിക്കുന്നു. **ദൈവാരാധന നടക്കുന്ന പ്രത്യേകാവസരങ്ങളിൽ മാത്രം മദ് ബഹായുടെ വിരി തുറക്കുന്നു.**

## കെടാവിളക്ക്

**മദ്ബഹയാുടെ കവാടത്തിങ്കൽ കെടാ വിളക്കുണ്ടായിരിക്കണം.** മദ്ബഹാ അഥവാ സ്വർഗ്ഗ മാകുന്ന അതിവിശുദ്ധ സ്ഥലത്തിൻേറയും അവിടെ സ്ഥി തിചെയ്യുന്ന ദൈവ സിംഹാസനത്തിൻേറയും സാന്നിദ്ധ്യം വിളിച്ചറിയിക്കുന്നതിനുള്ളതാണീ **കെടാവിളക്ക്.**

## കെസ്ത്രോമ്മ

മദ്ബഹായിൽ നിന്നും മൂന്നു പടികരം താഴെ ഹൈ ക്കലായിൽ നിന്നും ഒരു പടി ഉയരത്തിലുള്ള സ്ഥലമാണ്

www.malankaralibrary.com

**കെസ്ത്രോമ്മ**. ഇന്നത്തെ സാഹചര്യത്തിൽ *"ദൈവവചന ശുശ്രൂഷ"*യ്ക്കായുള്ള പ്രത്യേക മേശ – **ബേമ്മ** – കെസ്ത്രോമ്മായിൽ സ്ഥാപിക്കുന്നതിന് കുർബാന തക്സാ യിലെ നിർദ്ദേശങ്ങൾ അനുവദിക്കുന്നുണ്ട്. (സാധാരണ യായി ബേമ്മാ സ്ഥാപിക്കുക ഹൈക്കലായുടെ മദ്ധ്യ ത്തിൽ തന്നെയാണ്).

## ബേമ്മ

ദൈവവചന ശുശ്രൂഷയ്ക്കായി ദൈവാലയത്തിലുള്ള പ്രത്യേക പീഠത്തിനാണ് *"ബേമ്മ"*എന്നു പറയുന്നത്. ഈ പീഠത്തിന്റെ നടുവിൽ ഒരു മേശയുണ്ടായിരിക്കണം. **ഗാഗുൽത്തായുടെ പ്രതീകമാണീ മേശ;ബേമ്മാ യാകുന്നപീഠം ഭൗമീകജറുസലത്തിന്റേയും.** ബേമ്മായിലെ മേശയുടെ നടുവിൽ ഒരു മാർ തോമ്മാ സ്ലീവായും ഇരുവശങ്ങളിലും ഓരോ തിരികളും ഉണ്ടായിരി ക്കണം. **തിരികൾ പഴയനിയമത്തിന്റേയും പുതിയ നിയമത്തിന്റേയും പ്രതീകങ്ങളാണ്.** മദ്ബഹായിൽ കത്തിക്കുന്ന തിരിയും പ്രതീകാത്മ കതയും മുൻപറഞ്ഞതുതന്നെയാണ്. രക്ഷാകരചരിത്ര ത്തിന്റെ ചുരുക്കമാണല്ലോ പഴയനിയമ – പുതിയനിയമ ഗ്രന്ഥങ്ങളിലുള്ളത്. മേശയുടെ ഇരുവശങ്ങളിലുമായി പഴയനിയമ വായനകൾക്കും **(കെറിയാന)** ലേഖന വായന **(എങ്കർത്താ)** യ്ക്കുമുള്ള ചെറിയ പീഠങ്ങൾ സ്ഥാപിക്കുന്നു. **ഏവൻഗാലിയോൻ ഭാഗത്തു നിന്നു ലേഖനവും മറുവശത്തു നിന്നു പഴയ നിയമവായനകളും നടത്തുന്നു.** ബേമ്മായിൽ സ്ഥലമുണ്ടെങ്കിൽ അവിടെത്തന്നേയോ, അല്ലെങ്കിൽ കെസ്ത്രോമ്മായിലോ ഏവൻഗാലിയോൻ ഭാഗത്തായി വൈദികർക്കുള്ള ഇരിപ്പിടങ്ങളും മറുവശത്ത് മററു ശുശ്രൂഷി കർക്കുള്ളതും ക്രമീകരിക്കുന്നു.

www.malankaralibrary.com

## ഹൈക്കലാ

സമൂഹത്തിനുവേണ്ടിയുള്ള വിശാലമായ സ്ഥലമാണ് ഹൈക്കലാ അഥവാ പള്ളിയകം. ഇത് ഭൂമിയുടെ പ്രതീകമാണ്.

> മാർ തോമ്മാ നസ്രാണികൾ ദൈവാലയത്തെ പ്രപഞ്ചത്തിന്റെ മുഴുവൻ പ്രതീകമായിട്ടാണു കാണുന്നത്. സ്വർഗ്ഗവും ഭൂമിയും അവയോടു ബന്ധപ്പെട്ട സർവ്വവും രക്ഷാകര കർമ്മവുമായി ബന്ധപ്പെട്ടിരിക്കുന്നതിനാൽ, രക്ഷാകര കർമ്മത്തിന്റെ പ്രതീകങ്ങളിൽ കൂടിയുള്ള ആചരണമായ ദൈവാരാധനയും അവയുടെ പശ്ചാത്തലത്തിൽ തന്നെ നടക്കണം. ദൈവാരാധന സ്വർഗ്ഗീയ ഗണങ്ങളും ഭൗമിക ഗണങ്ങളും ഒന്നുചേർന്നുള്ള ഒരാഘോഷമാണ്. ഈ പശ്ചാത്തലത്തിലാണ് മാർ തോമ്മാ നസ്രാണികളുടെ ദൈവാലയ സംവിധാനം.

## മാമ്മോദീസാ സദനം

മാമ്മോദീസാ തൊട്ടിയും അതിനോടു ബന്ധപ്പെട്ട സംഗതികളും ഉൾക്കൊള്ളുന്ന ഒരു പ്രത്യേക സ്ഥലം മദ്ബഹായുടെ തെക്കുവശത്തായി പ്രത്യേകം ക്രമീകരിക്കുന്നു. മദ്ബഹായിൽ നിന്നും പ്രവേശന സൗകര്യം ഉണ്ടായിരിക്കത്തക്കവിധത്തിലായിരിക്കും ഈ പ്രത്യേക സ്ഥലം. മാമ്മോദീസായുടെ പ്രത്യേക കർമ്മങ്ങൾ ഇവിടെ വച്ചു നടത്തുന്നു.

www.malankaralibrary.com

## സങ്കീർത്തി

വൈദികർക്കും ശുശ്രൂഷികൾക്കും അണിഞ്ഞൊരുങ്ങുന്നതിനുള്ള സ്ഥലമാണ് **സങ്കീർത്തി**. സാധാരണയായി മദ്ബഹായുടെ വടക്കുവശത്തു് മദ്ബഹായിലേക്ക് നേരിട്ടു പ്രവേശിക്കത്തക്കവിധത്തിലാണ് സങ്കീർത്തി സജ്ജീകരിക്കുക.

## രക്തസാക്ഷി മണ്ഡപം

സങ്കീർത്തിയോടു തൊട്ടു വടക്കുവശത്തായി വിശുദ്ധരുടെ തിരുശേഷിപ്പുകൾ സൂക്ഷിക്കുന്നതിനുള്ള പ്രത്യേക സ്ഥലം– **ബേസ്സഹദേ**– രക്ത സാക്ഷി മണ്ഡപം ക്രമീകരിക്കുന്നു. സിമിത്തേരി കപ്പേളതന്നെ ഇത്തരം പ്രത്യേക സ്ഥലമായി ക്രമീകരിക്കാവുന്നതുമാണ്. **മാർ തോമ്മാ നസ്രാണികൾ ഈ രക്തസാക്ഷി മണ്ഡപത്തോടു ബന്ധപ്പെടുത്തിയാണ് വിശുദ്ധരോടുള്ള ആദരവും വണക്കവും പ്രകടിപ്പിക്കുക.** ലത്തീൻ സഭയിലാകട്ടെ വിശുദ്ധരുടെ വണക്കം അധികപങ്കും ദൈവാലയത്തോടു ബന്ധപ്പെട്ടുതന്നെയാണു നടക്കുന്നതു്.

www.malankaralibrary.com

# 21

# ദിവ്യരഹസ്യ പരികർമ്മത്തിനാവശ്യമായ സാധനങ്ങൾ

## പ്രത്യേക സാധനങ്ങൾ

ഓരോ കാര്യവും നിർവഹിക്കുന്നതിന് അതിനു യോജിച്ച സാധനസാമഗ്രികൾ അത്യാവശ്യമാണെന്നു് എല്ലാവർക്കുമറിയാം.

ദിവ്യരഹസ്യങ്ങൾ പരികർമ്മം ചെയ്യുന്നതിനും അതിനാവശ്യമായ **പ്രത്യേക സാധനങ്ങൾ** അത്യാവശ്യമാണ്.

## കാസാ

ദിവ്യരഹസ്യപരികർമ്മത്തിനുള്ള വീഞ്ഞും വെള്ളവും കൂട്ടിക്കലർത്തുന്നതിനുള്ള പ്രത്യേക പാത്രമാണ് **കാസാ. കാസായിലെ വെള്ളം കലർത്തപ്പെട്ട വീഞ്ഞ്, വിശുദ്ധ കുർബാനയിൽ കൂദാശാഭാഗം കഴിയുന്നതോടെ മിശിഹായുടെ രക്തമായി മാറുന്നു. കാസായിലെ വീഞ്ഞിൽ കലർത്തുന്ന വെള്ളം റൂഹാദക്കുദിശായുടെ പ്രതിരൂപമാണ്.**

www.malankaralibrary.com

## പീലാസാ.

ദിവ്യരഹസ്യപരികർമ്മത്തിനുള്ള അപ്പം വയ്ക്കുന്നതിനുള്ള വട്ടത്തിലുള്ള പ്രത്യേക പാത്രമാണ് **പീലാസാ. പീലാസായിലെ അപ്പം, വിശുദ്ധ കുർബാനയിൽ കൂദാശാഭാഗം തീരുന്നതോടെ സത്യമായും മിശിഹായുടെ ശരീരമായിത്തീരുന്നു.**

## ധൂപകലശം

ദിവ്യരഹസ്യപരികർമ്മത്തിന് അവശ്യം ഉപയോഗിക്കേണ്ട ഒന്നാണ് **ധൂപം. ധൂപാർപ്പണം പാപമോചനത്തിന്റേയും, ദൈവത്തിനുള്ള സമ്പൂർണ്ണ സമർപ്പണത്തിന്റേയും, പരമാരാധനയുടേയും, ദൈവത്തിന്റെ പക്കലേക്കുയരുന്ന നിരന്തരമായ സ്തുതിയുടേയും കൃതജ്ഞതാ പ്രകടനത്തിന്റേയും പ്രതീകമാണ്.** ആവശ്യത്തിന് ശുശ്രൂഷികരം ഇല്ലാത്തപ്പോഴം മാത്രമാണ് മുറയ്ക്കുള്ള ധൂപാർപ്പണം കൂടാതെ വിശുദ്ധ കുർബാനയർപ്പിക്കാൻ അനുവാദമുള്ളത്. അങ്ങനെയുള്ള അവസരങ്ങളിലും ചന്ദനത്തിരിയോ മറ്റോ കത്തിച്ചു വയ്ക്കുന്നതുചിതമായിരിക്കും.

## ശോശപ്പാ

**കാസായും പീലാസായുംകൂടി ഒരുമിച്ചു മൂടത്തക്ക വലിപ്പമുള്ളതും കാപ്പയുടെ തന്നെ തുണികൊണ്ടു് സമചതുരാകൃതിയിൽ നിർമ്മിച്ചിട്ടുള്ളതുമായ പ്രത്യേക തിരുവസ്ത്ര**

www.malankaralibrary.com

**മാണിതു്. നമ്മുടെ കർത്താവീശോമിശിഹായുടെ കബറിടത്തിൻെറ മൂടിയായും അവിടുത്തെ തിരുമുഖം പൊതിഞ്ഞ തൂവാലയായും ദിവ്യരഹസ്യ പരികർമ്മവേളയിൽ ഈ തിരുവസ്ത്രം ഉപയോഗിക്കപ്പെടുന്നു.**

## വായനപ്പുസ്തകങ്ങൾ

വചന ശുശ്രൂഷയ്ക്കായുള്ള പ്രത്യേക പുസ്തകങ്ങളാണ് **വായനപ്പുസ്തകങ്ങൾ.** മാർ തോമ്മാ നസ്രാണികൾക്ക് **മൂന്നുതരം** വായനപ്പുസ്തകങ്ങളാണുള്ളതു്. **1. ഏവൻഗാലിയോൻ. സുവിശേഷഭാഗങ്ങൾ മാത്രം** അടങ്ങിയ ഈ വായനപ്പുസ്തകം എപ്പോഴും അത്താരയുടെ വലതുവശത്തു സ്ഥാപിച്ചിരിക്കുന്നു. വായനാവസരങ്ങളിൽ പ്രദിക്ഷിണമായി ബേമ്മായിലേക്കു കൊണ്ടുവന്നു് അവിടെ വച്ചു വായിക്കുന്നു. **2. ഏങ്കർത്ത. ലേഖനഭാഗങ്ങൾ മാത്ര**മടങ്ങിയ ഈ പ്രത്യേക വായനപ്പുസ്തകം അതിനായുള്ള പ്രത്യേക പീഠത്തിൽ, ബേമ്മായിലെ മേശയുടെ ഏവൻഗാലിയോൻ വശത്തു വച്ചിരിക്കുന്നു. **3. കെറിയാനേ. പഴയനിയമ വായനകൾ മാത്ര**മടങ്ങിയ ഈ പുസ്തകം ബേമ്മായുടെ തെക്കുവശത്തു് അതിനായുള്ള പ്രത്യേക പീഠത്തിൽ വച്ചിരിക്കുന്നു.

## തക്സാ

ദിവ്യരഹസ്യ പരികർമ്മത്തിനായുള്ള പ്രത്യേക പ്രാർത്ഥനകളും ഗീതങ്ങളും കർമ്മവിധികളും അടങ്ങുന്ന പ്രത്യേക പുസ്തകമാണ് **തക്സാ.** തക്സായുടെ പൂർണ്ണമായ രൂപം

www.malankaralibrary.com

തന്നെ (ചെറുത്) വി. കുർബാനസമയത്ത് ഓരോ വിശ്വാസിയുടേയും കയ്യിൽ ഉണ്ടായിരിക്കേണ്ടതാണ്.

കബലാന, സങ്കീഞ്ഞ് തുടങ്ങിയ മററു സാധനങ്ങളും ആവശ്യാനുസരണം ദിവ്യരഹസ്യ പരികർമ്മത്തിനുപയോഗിക്കുന്നു. തിരുപ്പാത്രങ്ങൾ ശുചിയാക്കുന്നതിനും (സങ്കീഞ്ഞ്), കാസാ മൂടി വയ്ക്കുന്നതിനും (കബലാന) മററും അവ സഹായകങ്ങളാണ്.

www.malankaralibrary.com

# ൨൨

# ആമുഖ ശുശ്രൂഷ

വിശുദ്ധ കുർബാനയുടെ ആരംഭം മുതൽ *"സകലത്തിന്റേയും നാഥാ...."* എന്ന ഉത്ഥാനഗീതം ഉൾപ്പെടെയുള്ള ഭാഗമാണ് **ആമുഖശുശ്രൂഷ.**

**ഈശോമിശിഹായുടെ മനുഷ്യാവതാരം, അതിന്റെ പശ്ചാത്തലമായ പഴയനിയമകാലഘട്ടം, ഈശോയുടെ രഹസ്യ ജീവിതം, പ്രത്യക്ഷീകരണം,** ഇത്രയും രക്ഷാകര സംഭവങ്ങളാണ് ഈ പ്രത്യേക ഭാഗത്ത് മാർ തോമ്മാ നസ്രാണികൾ ആഘോഷിക്കുന്നത്.

സമൂഹം മുഴുവൻ ബേമ്മായിൽ മദ്ബഹായിലേക്കു തിരിഞ്ഞു നില്ക്കുന്ന കാർമ്മികനോടും ശുശ്രൂഷികളോടും കൂടി അഗാധമായി കുനിഞ്ഞു് ഒന്നും ചൊല്ലാതെ സ്വയം കുരിശു വരച്ച് വിശുദ്ധ കുർബാന ആരംഭിക്കുന്നു. മദ്ബഹാ വിരികൊണ്ട് മൂടിയിട്ടിരിക്കയും ചെയ്യുന്നു.

## മാലാകാമാരുടെ ഗീതം

*"അത്യുന്നതങ്ങളിൽ ദൈവത്തിനു സ്തുതി..........."* എന്ന മാലാകാമാരുടെ ഗീതം

www.malankaralibrary.com

**ഈശോയുടെ പിറവിത്തിരുനാൾ** ഘോഷമാണ് – മനുഷ്യാവതാര രഹസ്യത്തിൻെറ ഏററു പറച്ചിൽ – മനുഷ്യ രക്ഷാർത്ഥമുള്ള നിർണ്ണായകമായ ദൈവവിളിയുടെ കാഹളം.

## ദൈവജനത്തിൻെറ പ്രത്യുത്തരം

അതിനുള്ള ആഹ്ളാദാത്മകമായ പ്രത്യുത്തരമാണ് *"സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ...."* എന്നു തുടങ്ങുന്ന ആരാധനാ സമൂഹത്തിൻെറ നെടുവീർപ്പുകൾ.

## സങ്കീർത്തനാലാപം

ദൈവം മനുഷ്യനാകുന്നതിനുള്ള കാരണം, സൃഷ്ടിമുതൽ മുന്നോട്ടുള്ള ചരിത്രസംഭവങ്ങളാണ്; പഴയനിയമം അതിൻെറ സമാഹാരവും. പഴയ നിയമജീവിതത്തുടിപ്പുകളാണു സങ്കീർത്തനങ്ങൾ. വിശുദ്ധ കുർബാനയിലെ സങ്കീർത്തന ഭാഗം പഴയ നിയമസാഹചര്യാചരണവും അതനുസരിച്ചുള്ള ഈശോയുടെ രഹസ്യജീവിതാനുസ്മരണവുമാണ്.

## ധൂപിക്കൽ

സങ്കീർത്തനാനന്തരം കാർമ്മികൻ ധൂപം ആശീർവദിക്കുന്നു. തുടർന്നുള്ള പ്രാർത്ഥനയോടെ മദ്ബഹായുടെ വിരി തുറക്കുന്നു. മ്ശംശാന അഥവാ ശുശ്രൂഷി മദ്ബഹായിൽ പ്രവേശിച്ച് മദ്ബഹായിലെ തിരികൾ കത്തിക്കുന്നു; അൾത്താരയും മദ്ബഹായും ധൂപിക്കുന്നു; ഹൈക്കലായിലേക്കിറങ്ങി നടുവിലൂടെ പടിഞ്ഞാറെ അററം വരെ പോയി ഇരുവശങ്ങളിലുമുള്ള ജനങ്ങളെയും ധൂപിക്കുന്നു.

www.malankaralibrary.com

## പ്രത്യക്ഷീകരണം

യോർദ്ദാൻ നദിയിൽ വച്ചുള്ള മിശിഹായുടെ മാമ്മോദീസായും പ്രത്യക്ഷീകരണവുമാണ് ഈ പ്രത്യേക കർമ്മത്തിൽ പ്രഖ്യാപനം ചെയ്യുക. തദവസരത്തിൽ സ്വർഗ്ഗം തുറക്കപ്പെട്ടതിന്റെ പ്രതീകാത്മകമായ ആചരണമാണ് ഭൂമിയിലെ സ്വർഗ്ഗമാകുന്ന മദ്ബഹായുടെ വിരിതുറക്കൽ. **ഉത്ഥിതനായ മിശിഹായുടെ പ്രതിരൂപവും ദൈവത്തിന്റെ സിംഹാസനവുമായ അൾത്താരയെ ധൂപിക്കുന്നതു വഴി ത്രിതൈ്വക ദൈവത്തേയും അവിടത്തേയ്ക്ക് ആരാധനാ സമൂഹത്തിന്മേലും പ്രപഞ്ചത്തിന്മേലുമുള്ള ആധിപത്യത്തേയും രക്ഷാകരകർമ്മത്തിൽ ഉള്ള പ്രത്യേക പങ്കിനേയും ആരാധനാ സമൂഹം ഏററു പറയുന്നു.** സമൂഹത്തെ ധൂപിക്കുന്നതു വഴി, പാപമാലിന്യങ്ങളിൽ നിന്നകന്ന് പരിശുദ്ധിയോടെയാണു ഞങ്ങൾ ഈ പാവന കർമ്മം ആരംഭിച്ചിരിക്കുന്നതെന്നും പ്രഖ്യാപിക്കുന്നു.

## ഉത്ഥാന ഗീതം

ധൂപനസമയത്തു് സമൂഹം ഉത്ഥാനഗീതം ആലപിച്ചു കൊണ്ടിരിക്കുന്നു. മിശിഹായുടെ ഉത്ഥാനത്തേയും മനുഷ്യവംശത്തിന്റെ ഉയിർപ്പിനേയും ഏററുപറയുന്ന ഈ ഗീതവും മിശിഹാ സംഭവത്തിന്റെ ആചരണ സംഗ്രഹം തന്നെയാണ്.

www.malankaralibrary.com

## 23

# വചന ശുശ്രൂഷ

### പരസ്യ ജീവിതാഘോഷം

യോർദ്ദാൻ നദിയിൽ വച്ചുള്ള മാമ്മോദീസായോടു കൂടി ഈശോമിശിഹാ തന്റെ **പരസ്യ ജീവിത**ത്തിലേക്കു പ്രവേശിക്കുകയായിരുന്നല്ലോ. വിശുദ്ധ കുർബാനയിലെ ***"വചന ശുശ്രൂഷ"*** **ഈശോയുടെ പരസ്യ ജീവിതാഘോഷമാണ്.** മിശിഹാ തന്റെ ശ്ലീഹന്മാരെ തെരഞ്ഞെടുക്കുകയും പഠിപ്പിക്കുകയും നയിക്കുകയും ജനങ്ങളുടെ ഇടയിൽ അവരിൽ ഒരുവനേപ്പോലെ ജീവിക്കുകയും ചെയ്തിരുന്ന വസ്തുതകളൊക്കെ വചന ശുശ്രൂഷയിൽ ആചരിക്കപ്പെടുന്നു.

### വചനാഘോഷം

വിശുദ്ധ ഗ്രന്ഥവായനകളുടെ **ആശയം** എന്നതിനേക്കാൾ വിശുദ്ധ ഗ്രന്ഥത്തിന്റെ – ദൈവവചത്തിന്റെ– **പ്രഘോഷണത്തിനും ആചരണത്തിനു**മാണ് മാർ തോമ്മാ നസ്രാണികൾ **മുൻതൂക്കം** കൊടുക്കുന്നതു്. **വിശുദ്ധ ഗ്രന്ഥം മുഴുവൻ തങ്ങളുടെ വിശ്വാസത്തിന്റെ അടിസ്ഥാനമായി സ്വീകരിച്ചേററു പറയുന്ന സമുന്നത സന്ദർഭമാണ് വചന ശുശ്രൂഷ.**

www.malankaralibrary.com

## പ്രത്യക്ഷീകരണം

യോർദ്ദാൻ നദിയിൽ വച്ചുള്ള മിശിഹായുടെ മാമ്മോദീസായും പ്രത്യക്ഷീകരണവുമാണ് ഈ പ്രത്യേക കർമ്മത്തിൽ പ്രഖ്യാപനം ചെയ്യുക. തദവസരത്തിൽ സ്വർഗ്ഗം തുറക്കപ്പെട്ടതിൻെറ പ്രതീകാത്മകമായ ആചരണമാണ് ഭൂമിയിലെ സ്വർഗ്ഗമാകുന്ന മദ്ബഹായുടെ വിരിതുറക്കൽ. **ഉത്ഥിതനായ മിശിഹായുടെ പ്രതിരൂപവും ദൈവത്തിന്റെ സിംഹാസനവുമായ അൾത്താരയെ ധൂപിക്കുന്നതു വഴി ത്രിത്വൈക ദൈവത്തേയും അവിടത്തേയ്ക്ക് ആരാധനാ സമൂഹത്തിന്മേലും പ്രപഞ്ചത്തിന്മേലുമുള്ള ആധിപത്യത്തേയും രക്ഷാകരകർമ്മത്തിൽ ഉള്ള പ്രത്യേക പങ്കിനേയും ആരാധനാ സമൂഹം ഏററു പറയുന്നു.** സമൂഹത്തെ ധൂപിക്കുന്നതു വഴി, പാപമാലിന്യങ്ങളിൽ നിന്നകന്ന് പരിശുദ്ധിയോടെയാണു തങ്ങളീ പാവന കർമ്മം ആരംഭിച്ചിരിക്കുന്നതെന്നും പ്രഖ്യാപിക്കുന്നു.

## ഉത്ഥാന ഗീതം

ധൂപനസമയത്ത് സമൂഹം ഉത്ഥാനഗീതം ആലപിച്ചുകൊണ്ടിരിക്കുന്നു. മിശിഹായുടെ ഉത്ഥാനത്തേയും മനുഷ്യവംശത്തിൻെറ ഉയിർപ്പിനേയും ഏററുപറയുന്ന ഈ ഗീതവും മിശിഹാ സംഭവത്തിൻെറ ആചരണ സംഗ്രഹം തന്നെയാണ്.

www.malankaralibrary.com

## ൨൩

# വചന ശുശ്രൂഷ

### പരസ്യ ജീവിതാഘോഷം

യോർദ്ദാൻ നദിയിൽ വച്ചുള്ള മാമ്മോദീസായോടു കൂടി ഈശോമിശിഹാ തന്റെ **പരസ്യ ജീവിത**ത്തിലേക്കു പ്രവേശിക്കുകയായിരുന്നല്ലോ. വിശുദ്ധ കുർബാനയിലെ ***"വചന ശുശ്രൂഷ"*** **ഈശോയുടെ പരസ്യ ജീവിതാഘോഷമാണ്.** മിശിഹാ തന്റെ ശ്ലീഹന്മാരെ തെരഞ്ഞെടുക്കുകയും പഠിപ്പിക്കുകയും നയിക്കുകയും ജനങ്ങളുടെ ഇടയിൽ അവരിൽ ഒരുവനേപ്പോലെ ജീവിക്കുകയും ചെയ്തിരുന്ന വസ്തുതകളൊക്കെ വചന ശുശ്രൂഷയിൽ ആചരിക്കപ്പെടുന്നു.

### വചനാഘോഷം

വിശുദ്ധ ഗ്രന്ഥവായനകളുടെ **ആശയം** എന്നതിനേക്കാൾ വിശുദ്ധ ഗ്രന്ഥത്തിന്റെ – ദൈവവചനത്തിന്റെ– **പ്രഘോഷണത്തിനും ആചരണത്തിനു**മാണ് മാർ തോമ്മാ നസ്രാണികൾ **മുൻതൂക്കം** കൊടുക്കുന്നതു്. **വിശുദ്ധ ഗ്രന്ഥം മുഴുവൻ തങ്ങളുടെ വിശ്വാസത്തിന്റെ അടിസ്ഥാനമായി സ്വീകരിച്ചേററു പറയുന്ന സമുന്നത സന്ദർഭമാണ് വചനശുശ്രൂഷ.**

www.malankaralibrary.com

## നാലു വായനകൾ

ഞായറാഴ്ചകൾക്കും തിരുനാളുകൾക്കും നാലു വായനകളാണുള്ളതു്: **പഴയ നിയമത്തിൽ നിന്നു രണ്ടു്**- നിയമത്തിൽനിന്നൊന്നും, പ്രവചനങ്ങളിൽ നിന്നൊന്നും; **പുതിയ നിയമത്തിൽ നിന്നു രണ്ടു്**: സുവിശേഷങ്ങളിൽ നിന്നൊന്നും, ലേഖനങ്ങളിൽ നിന്നൊന്നും. അങ്ങനെ **പഴയ-പുതിയ നിയമ സമാഹാരാചരണമാണ്** **വചന ശുശ്രൂഷ**. വായനകൾക്കിടയിൽ സമുചിതമായ ഗീതങ്ങളും പ്രാർത്ഥനകളും കൂട്ടിച്ചേർക്കുകയും ചെയ്യും, ആഘോഷം കൂടുതൽ സജീവമാക്കാൻ; അവസരോചിത വ്യാഖ്യാനങ്ങളും ഇതിന്റെ പ്രത്യേകതയാണ്.

## കെറിയാനാ

പഴയ നിയമ വായനകൾ അടങ്ങുന്ന പുസ്തകത്തിനു് *"കെറിയാനാ"* പുസ്തകമെന്നു പറയും; ബേമ്മായുടെ തെക്കുവശത്തുള്ള വായനാ പീഠത്തിൽ അതുവച്ചിരിക്കുന്നു; അവിടെ നിന്നു **വായനക്കാരൻ (കാറോയാ)** അതു പ്രഘോഷണം ചെയ്യുകയും ചെയ്യുന്നു.

## ശ്ലീഹാ അഥവാ ഏങ്കർത്താ

ലേഖന വായനകളടങ്ങുന്ന പുസ്തകത്തിനു് ***"ശ്ലീഹാ"*** അഥവാ ***"ഏങ്കർത്താ"*** എന്നു പറയുന്നു. ബേമ്മായുടെ വടക്കുവശത്തുള്ള വായനാപീഠത്തിൽ അതു വച്ചിരിക്കയും അവിടെ നിന്നു് **മ്ശംശാനാ** അഥവാ **ഡീക്കൻ** അതു പ്രഘോഷണം ചെയ്യുകയും ചെയ്യുന്നു.

www.malankaralibrary.com

## ഏവൻഗാലിയോൻ

സുവിശേഷ വായനകരം അടങ്ങുന്ന പുസ്തകത്തെ ***"ഏവൻഗാലിയോൻ"*** എന്നാണ് മാർ തോമ്മാ നസ്രാണികരം വിളിക്കുന്നത്. ഉത്ഥിതനായി സ്വർഗ്ഗത്തിലേക്കെഴുന്നള്ളി പിതാവിന്റെ വലത്തു ഭാഗത്തിരിക്കുന്ന മിശിഹായുടെ പ്രതിരൂപമായ പ്രസ്തുത പുസ്തകം എപ്പോഴും സ്വർഗ്ഗമാകുന്ന മദ്ബഹായിലെ ദൈവത്തിന്റെ സിംഹാസനമാകുന്ന അരംത്താരയുടെ വലത്തുവശത്താണ് ആദരപൂർവം പ്രതിഷ്ഠിച്ചിരിക്കുക. പ്രഘോഷണം ചെയ്യുന്നതിനായി ബേമ്മായിലേക്കോ, പ്രദക്ഷിണങ്ങരംക്കായി മദ്ബഹായ്ക്കു പുറത്ത് മററു സ്ഥലങ്ങളിലേക്കോ സംവഹിക്കപ്പെടുമ്പോരം കത്തിച്ച തിരികരം, ധൂപം, കുരിശ് തുടങ്ങിയവയുടെ അകമ്പടിയോടെ മാത്രം അതു ചെയ്യുന്നു. **ബേമ്മായിൽ നിന്ന് പ്രധാന കാർമ്മികനാണ് എപ്പോഴും സുവിശേഷ പ്രഘോഷണം നടത്തുന്നത്.**

www.malankaralibrary.com

24

# ഒരുക്ക ശുശ്രൂഷ

തിരുവസ്തുക്കൾ അൾത്താരയിൽ ക്രമീകരിക്കുന്നതിനോടു ബന്ധപ്പെട്ട കർമ്മങ്ങളും പ്രാർത്ഥനകളും മററും അടങ്ങുന്ന ഭാഗമാണിതു്. **ആദ്ധ്യാത്മിക ഒരുക്കം, വിശുദ്ധ വസ്തുക്കളുടെ ഒരുക്കം** എന്ന രണ്ടുഭാഗങ്ങളായിതിനെ തിരിക്കാം.

**ഈശോയുടെ പരസ്യജീവിതാന്ത്യ സംഭവങ്ങളുടെ ആചരണം കൂടിയാണീ ഭാഗം. പീഡാനുഭവം, മരണം, കബറടക്കം തുടങ്ങിയ സംഭവങ്ങൾ ആരാധനാത്മകമായി പ്രഘോഷണം ചെയ്യുന്നുണ്ടിവിടെ.**

കാസായും പീലാസായും ഒരുക്കുന്ന കർമ്മങ്ങൾ അവിടത്തെ പീഡാനുഭവത്തോടും, അവ അൾത്താരയിങ്കൽ കുരിശാകൃതിയിൽ ഉയർത്തിപ്പിടിക്കുന്ന കർമ്മം അവിടത്തെ കുരിശു മരണത്തോടും അൾത്താരയിൽ വച്ചു് ശോശപ്പാ കൊണ്ടു മൂടുന്നതു് കബറടക്കത്തോടും അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നു.

www.malankaralibrary.com

**കാർമ്മികൻ കൈ കഴുകുന്നത് ആന്തരിക വിശുദ്ധീകരണത്തിന്റെ ബാഹ്യ പ്രഖ്യാപനമായിട്ടാണ്.**

യോഹന്നാൻ ശ്ലീഹായുടെ കാഴ്ചപ്പാടിൽ **വെള്ളം റൂഹാദക്കുദിശായുടെ പ്രതിരൂപമാകയാൽ** (യോഹ. 7, 38–39) വീഞ്ഞിൽ വെള്ളം കൂട്ടിചേർക്കുന്നതു് തിരുവസ്തുക്കളിലുള്ള പരിശുദ്ധാത്മാവിന്റെ പ്രവർത്തന പ്രഖ്യാപനമാണെ മാർ തോമ്മാ നസ്രാണികൾക്ക്.

www.malankaralibrary.com

25

# കൂദാശാ ഭാഗം

## കേന്ദ്രഭാഗം

വിശുദ്ധ കർബാനയുടെ കേന്ദ്രഭാഗമാണിത്. **ശ്ലീഹന്മാരുടെ കുർബാന**യെന്നും **ഒന്നാമത്തെ കൂദാശ**യെന്നും ഇതിനെ വിളിക്കാറുമുണ്ട്.

പൗരസ്ത്യ ദേശങ്ങളിലേക്ക് അതായത് റോമാസാമ്രാജ്യത്തിന് വെളിയിലേക്ക് അയക്കപ്പെട്ടവരെന്ന് പരക്കെ അറിയപ്പെടുന്ന **മാർ അദ്ദായിയുടേയും മാർ മാറിയുടേയും** പേരിൽ അറിയപ്പെടുന്ന കർബാനക്രമമായതുകൊണ്ടിതിനെ **ശ്ലീഹന്മാരുടെ കുർബാന**യെന്നു വിളിക്കുന്നു.

പൗരസ്ത്യ സുറിയാനി സഭയ്ക്ക് അതായത് മാർ തോമ്മാ ശ്ലീഹായുടെ സഭാപൈതൃകത്തിൽ ഉപയോഗിച്ചുവന്നിരുന്ന മൂന്ന് കൂദാശക്രമങ്ങളിൽ ഒന്നാമത്തേതും ഏററം ആദ്യം രൂപംകൊണ്ടതുമായതിനാൽ ഇതിനെ **ഒന്നാമത്തെ കൂദാശാ** എന്നു വിളിക്കുന്നു.

| |
|---|
| **ഗ്ഹാന്താ പ്രാർത്ഥനകൾ** എന്നറിയപ്പെടുന്ന **നാലു പ്രധാനപ്പെട്ട നന്ദിപ്രകടനപ്രാർത്ഥനകളെ** കേന്ദ്രീകരിച്ചുള്ള **നാലു പ്രാർത്ഥനാ വൃത്തങ്ങൾ** സമ്യക്കായി ഒരുമിച്ചുകൂട്ടിയിട്ടുള്ള ഒന്നാണീ കൂദാശ ക്രമം. |

www.malankaralibrary.com

**ഈശോയിൽ പൂർത്തിയായ രക്ഷാകര കർമ്മത്തിൻെറ കേന്ദ്ര സംഭവങ്ങളായ മരണവും ഉത്ഥാനവും വിശുദ്ധ കുർബാനയുടെ കേന്ദ്രമായ കൂദാശാ ഭാഗത്തിന് മകുടം ചാർത്തുന്നു.**

| |
|---|
| അന്ത്യാത്താഴ വിവരണത്തോടും അതോടനുബന്ധിച്ച കർമ്മങ്ങളോടും കൂടി ഈശോയുടെ മരണവും റൂഹാക്ഷണ പ്രാർത്ഥനയോടും അതോടനുബന്ധിച്ച കർമ്മങ്ങളോടും കൂടി അവിടത്തെ ഉത്ഥാനവും മാർ തോമ്മാ നസ്രാണികൾ ആഘോഷിക്കുന്നു. |

## ഹോമബലി

അന്ത്യാത്താഴ വിവരണത്തോടനുബന്ധിച്ച് പല പ്രതീകങ്ങളാണൊരുമിച്ചു കൂടുന്നത്. പഴയനിയമകാലത്തെ സമുന്നത ബലിയർപ്പണമായിരുന്നു **ഹോമബലി.** ഈ അർപ്പണത്തിനുള്ള ബലിമൃഗത്തെ കഴുത്തറുത്തു കൊല്ലുകയും അതിൻെറ രക്തം പൂർണ്ണമായും വേർതിരിച്ചെടുക്കുകയും ഒരു പതിവായിരുന്നു. രക്തം ജീവൻെറ ഇരിപ്പിടമാകയാൽ, മാംസരക്ത വേർതിരിവ് പൂർണ്ണമരണത്തെ സൂചിപ്പിക്കുന്നു. വി. കുർബാനയിൽ കാസാ പീലാസാ വേർതിരിച്ചിൽ ഇങ്ങനെ പഴയനിയമത്തോടു ചേർന്നു നിന്ന് മിശിഹായുടെ പരിപൂർണ്ണ മരണത്തെ പ്രഖ്യാപിക്കുന്നു.

## സ്ലീവാമരണം

തദവസരത്തിൽ കാർമ്മികൻ പീലാസാമേലും കാസാമേലും **മൂന്നു പ്രാവശ്യം വീതം കുരിശടയാളം**

www.malankaralibrary.com

**വരയ്ക്കുന്നത്** ഈശോയുടെ മരണം, **ഗാഗുൽത്താ യിലെ കുരിശു മരണ**മാണെന്നു പ്രഖ്യാപിക്കുന്ന തിനാണ്.

## അന്ത്യത്താഴം

അപ്പത്തിൻെറയും വീഞ്ഞിൻെറയും സാദൃശ്യങ്ങൾ സ്വാഭാവികമായും നമ്മെ അത്താഴ സാഹചര്യത്തിൽ നിലനിറുത്തുകയും ചെയ്യും.

> അങ്ങനെ അന്ത്യത്താഴപ്രതീകങ്ങളിൽ പഴയ നിയമബലികളുടെ പൂർത്തീകരണമായ പുതിയനി യമബലിയിൽ അതിൻെറ അർപ്പകനും ബലിവസ്തു വുമായ മിശിഹായുടെ കുരിശുമരണം പരസ്യമായി പ്രഖ്യാപിച്ച് ഏറ്റു പറയുന്ന സന്ദർഭമാണ് വിശുദ്ധ കുർബാനയിൽ സ്ഥാപനവാക്യങ്ങളടേത്തു്.

## റൂഹാക്ഷണ പ്രാർത്ഥന

വിശുദ്ധ പൗലോസ് ശ്ലീഹായുടെ ദൈവശാസ്ത്രവീ ക്ഷണമനുസരിച്ച് മൃതനായ മിശിഹായിൽ പ്രവർത്തിച്ച പരിശുദ്ധാത്മാവ് അവിടത്തെ മാംസള ശരീരം മുഴുവൻ അരൂപിക്കടുത്ത ശരീരമാക്കി മാററുകയും അങ്ങനെ മിശി ഹാ ഉയിർത്തെഴുന്നേല്ക്കുകയും ചെയ്തു. ഈ പ്രത്യേക പ്രവർത്ത

www.malankaralibrary.com

നമാണു് റൂഹാക്ഷണ പ്രാൎത്ഥനയോടനുബന്ധിച്ചു് മാർ തോമ്മാ നസ്രാണികൾ വിശുദ്ധ കർബാനയിൽ പ്രഖ്യാപനം ചെയ്യുന്നതു്.

അങ്ങനെ വിശുദ്ധ കർബാനയിൽ റൂഹാക്ഷണ പ്രാൎത്ഥനയും കർമ്മങ്ങളും തീരുന്നതോടെ ഈശോമിശിഹായിൽ പൂൎത്തിയായ രക്ഷാകര കർമ്മത്തിൻെറ ചരിത്ര യാഥാൎത്ഥ്യങ്ങൾ പൂർണ്ണമായും ആചരണ വിഷയമാകുന്നു.

www.malankaralibrary.com

## 26

# അനുരഞ്ജന ശുശ്രൂഷ

## രണ്ടുതരം അനുരഞ്ജനങ്ങൾ

> രക്ഷാകരകർമ്മത്തിന്റെ അവശ്യഫലമാണല്ലോ അനുരഞ്ജനം. അതാണ് അനുരഞ്ജന ശുശ്രൂഷയിലെ ആഘോഷവിഷയം. രണ്ടുതരം അനുരഞ്ജനങ്ങളാണിവിടെ പ്രഖ്യാപിക്കപ്പെടുന്നത്: മനുഷ്യർ പരസ്പരമുള്ളതും, മനുഷ്യനും ദൈവവുമായുള്ളതും. പരസ്പരമുള്ള അനുരഞ്ജനം ദൈവവുമായുള്ള അനുരഞ്ജനത്തിനു് അത്യന്താപേക്ഷിതവുമാണ്.

## അനുരഞ്ജനവും ധൂപാർപ്പണവും

ധൂപാർപ്പണം അനുരഞ്ജനത്തിന്റെ വ്യക്തമായ ഒരടയാളമാണ്. ഈ അവസരത്തിൽ കാർമ്മികനേയും, ശുശ്രൂഷികളേയും, സമൂഹത്തേയും, പാപപ്പരിഹാരതിരുശ്ശരീരരക്തങ്ങളുടെ ഇരിപ്പിടമായ അംത്താരയേയും ധൂപിക്കുന്ന വിശദമായ ധൂപാർപ്പണ ശുശ്രൂഷ മാർ തോമ്മാ നസ്രാണികൾക്കുണ്ട്.

## വിഭജന ശുശ്രൂഷ

വിഭജന ശുശ്രൂഷകളും അനുരഞ്ജന പ്രതീകമാണ്. **മിശിഹായുടെ ശരീരം നുറുക്കപ്പെട്ടതും**

www.malankaralibrary.com

**രക്തം ചിന്തപ്പെട്ടതും മനുഷ്യവംശത്തിന്റെ കടങ്ങളും പാപങ്ങളും മോചിച്ച്** അവരെ ദൈവവുമായി രമ്യതയിലാക്കുന്നതിനായിട്ടാണ്.

## നെററിയിലെ കുരിശുവര

നെററിയിലെ കുരിശുവരയും അനുരഞ്ജന പ്രതീകമാണ്. മുൻകാലങ്ങളിൽ സഭാസമൂഹത്തിൽ നിന്നും പുറത്താക്കപ്പെട്ടുന്നവർ അനുതപിച്ച് നിശ്ചിത പ്രായശ്ചിത്തം നിറവേററിക്കഴിയുമ്പോൾ അവരെ ഔദ്യോഗികമായി സഭയിൽ സ്വീകരിക്കുന്നതിനായി സംവിധാനം ചെയ്യപ്പെട്ട അനുരഞ്ജന കർമ്മത്തിന്റെ ചുരുങ്ങിയ പതിപ്പാണ് നെററിയിൻ കുരിശുവരച്ചു കൊണ്ടുള്ള ചെറിയ പ്രാത്ഥന.

## പരസ്പര സ്നേഹൈക്യം

അനുരഞ്ജന ശുശ്രൂഷയുടെ രണ്ടാം ഭാഗം മുഴവൻ പരസ്പര സ്നേഹൈക്യം പ്രഘോഷിക്കുന്ന പ്രാർത്ഥനകളാണ്. *"ഭിന്നതകളും കലഹങ്ങളും വെടിഞ്ഞ്" "ശത്രുതയിലും വിദ്വേഷത്തിലും നിന്ന് നമ്മുടെ ആത്മാക്കളെ വിമുക്തമാക്കാം", "യോജിപ്പോടും ഐകമത്യത്തോടും കൂടെ"* എന്നെല്ലാമുള്ള പദശൈലികൾ തന്നെ ഇതു വ്യക്തമാക്കുന്നുണ്ടല്ലോ.

## പാപമോചനാഭ്യർത്ഥന

*"കർത്താവേ, അങ്ങയുടെ ദാസരുടെ പാപങ്ങളും അപരാധങ്ങളും കാരുണ്യപൂർവ്വം ക്ഷമിക്കണമേ...."* എന്ന പാപമോചനാഭ്യത്ഥനയോടെ അനുരഞ്ജന ശുശ്രൂഷ അവസാനിക്കുന്നു.

www.malankaralibrary.com

## 27

# ദൈവവാക്യ ശുശ്രൂഷ

## ഉത്ഥിതനായ മിശിഹായിൽ

ദൈവവും വിശ്വാസിയും തമ്മിലുള്ള സമ്പൂർണ്ണ ഐക്യമാണ് ഈ പ്രത്യേക ഭാഗത്തു പ്രഖ്യാപിക്കപ്പെടുക. ഈശോമിശിഹായാണ് നമ്മുടെ ദൈവം അതായത്ത് നമുക്കു നല്കപ്പെട്ടിരിക്കുന്ന ദൈവം. രക്ഷാകരകർമ്മത്തിന്റെ പൂർത്തീകരണത്തിൽ ഉത്ഥിതസ്ഥിതി വിശേഷത്തിലേക്കു പ്രവേശിച്ച മിശിഹായെ ഇനി നമുക്കനുഭവിക്കാനാകുക ആ പ്രത്യേക സ്ഥിതി വിശേഷത്തിൽ മാത്രമാണ്. വിശുദ്ധ കുർബാനയിൽ അപ്പത്തിന്റേയും വീഞ്ഞിന്റേയും സാദൃശ്യങ്ങളിൽ ഓരോ വിശ്വാസിയുമായി സ്വയം സംയോജിപ്പിക്കുന്നത് ഉത്ഥിതനായ മിശിഹാ തന്നെയാണ്. സംയോജന സായൂജ്യത്തിൽ ഓരോ വിശ്വാസിയും മിശിഹായിലേക്കു പരിവർത്തനപ്പെടുകയും ചെയ്യുന്നു. ഈ രൂപാന്തരീകരണം നടക്കുന്നത് പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്താലും. *"ഒരുക്കത്തോടെ വിശുദ്ധ കുർബാന സ്വീകരിച്ച് പരിശുദ്ധാത്മാവിനാൽ പവിത്രീകരിക്കപ്പെടാം"* എന്നു പ്രാർത്ഥിക്കുമ്പോഴും ഈ യാഥാർത്ഥ്യം നാം ഏററുപറയുകയും ചെയ്യുന്നു.

www.malankaralibrary.com

## മിശിഹാമയർ

കർബാനയർപ്പണത്തിന്റെ പൂർത്തീകരണമാണ് മിശിഹായുമായുള്ള ഐക്യം. അതുകൊണ്ട് വിശുദ്ധ കർബാനയർപ്പിക്കുന്നവരെല്ലാം കർബാന സ്വീകരിക്കണം. അതുവഴി മാത്രമെ മിശിഹായുമായി ഐക്യപ്പെടാനാകൂ. ഗൗരവമായ തെറ്റുള്ളവർ വിശ്വാസികൾ എന്ന പേരിനർഹരല്ല. ദൈവത്തിൽ നിന്നും പൂർണ്ണമായും വിഛേദിക്കപ്പെട്ടവർക്ക് എങ്ങനെ അവിടുത്തേയ്ക്കു സ്വീകാര്യമായി ബലിയർപ്പിക്കാനാകും? ഗൗരവമല്ലാത്ത തെറ്റുകളും കുറവുകളും വിശുദ്ധ കർബാന സ്വീകരണം വഴി തന്നെ പരിഹരിക്കപ്പെടുന്നു. തീക്കട്ടയിൽ വയ്ക്കപ്പെടുന്ന ഇരുമ്പുകഷണം തീക്കട്ടയായി മാറുന്നതുപോലെ മിശിഹായോടു യോജിപ്പിക്കപ്പെടുന്ന വിശ്വാസിയും **മിശിഹാമയനായിത്തീരുന്നു**. അതുകൊണ്ട് ഓരോ കർബാനയർപ്പണവേളയിലും മാർ തോമ്മാ നസ്രാണികൾ കർബാന സ്വീകരിക്കുന്നു.

## കുർബാനയ്ക്കു കൊടുക്കുക

*"കുർബാനയ്ക്കു കൊടുക്കുക"* എന്ന മലയാള പദപ്രയോഗം തന്നെ മിശിഹായിലേക്കുള്ള വിശ്വാസിയുടെ രൂപാന്തരീകരണം പ്രകടമാക്കുന്നു.

## കർബാന കൈക്കൊള്ളുക

*"കുർബാന കൈക്കൊള്ളുക"* മറ്റൊരു മലയാള ഭാഷാ ശൈലിയാണ്. മാർ തോമ്മാ നസ്രാണികളുടെ ശ്ലാഘനീയമായ കർബാന സ്വീകരണശൈലിയാണ് ഈ പദവാക്യം വ്യക്തമാക്കുന്നത്. വിശുദ്ധ

www.malankaralibrary.com

കുർബാന കൈയിൽ കൊണ്ടിരുന്നവരാണവർ. 16-ാം നൂററാണ്ടിൽ ഇവിടെ വന്ന പാശ്ചാത്യ മിഷനറിമാരാണ് ഈ പാരമ്പര്യം വെട്ടിമുറിച്ചതു്. ഇക്കാര്യത്തിൽ ***"പഴയ പാരമ്പര്യ"***ത്തിലേക്കു മടങ്ങാൻ മടികാണിച്ചേക്കുമോ?

## കൈക്കൊള്ളൽ രീതി

കുർബാന കൈകളിൽ സ്വീകരിച്ചാൽ മാത്രം പോരാ. നമ്മുടെ പൂർവ്വികർ അതു സ്വീകരിച്ചിരുന്ന രീതിയും ശ്ലാഘനീയം തന്നെ. ഇടത്തു കൈയുടെ മുകളിൽ വലത്തു കൈ കുരിശാകൃതിയിൽ നെഞ്ചിൽ ചേർത്തു പിടിച്ചു് കാർമ്മികനെ സമീപിക്കുകയും, ഇടത്തെ കൈപ്പത്തിക്കു മുകളിൽ വലത്തെ കൈപ്പത്തി കുരിശാകൃതിയിൽ വച്ചു് മുന്നോട്ടു നീട്ടി വിശുദ്ധ കുർബാന കൈക്കൊണ്ടു്, നേരിട്ടു് വായിലേക്കു വയ്ക്കുന്ന രീതി എത്രയോ വിശിഷ്ടം!

## അടുത്ത ഒരുക്കം

സമൂഹം മുഴുവനും കൂടി *"സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ"* ചൊല്ലി കുർബാന സ്വീകരണത്തിനൊരുങ്ങുന്നു. സമാധാനമാശംസിച്ചു് കാർമ്മികൻ കുർബാന സ്വീകരണത്തിനു് എല്ലാവരേയും ക്ഷണിക്കുന്നു. പരിശുദ്ധ ത്രിത്വത്തിൻെറ പരിശുദ്ധി ഉദ്ഘോഷിച്ചു കൊണ്ടു് വിശുദ്ധ വസ്തു സ്വീകരിക്കാൻ സമൂഹം തയ്യാറാകുന്നു. അതേത്തുടന്നു് *"ഓനീസാ ദ് ബേമ്മാ"* എന്നറിയപ്പെടുന്ന ദിവ്യകാരുണ്യ ഗീതവും ആലപിക്കുന്നു.

## ഇരുസാദൃശ്യങ്ങളിൽ

കുർബാന സ്വീകരണം നിവർത്തിയുള്ളിടത്തോളം **രണ്ടു സാദൃശ്യങ്ങളിലുമായിരിക്കണം.** പൗര

www.malankaralibrary.com

സ്ത്യസഭകളുടെ നിയമമാണിതു്. രണ്ടു സാദൃശ്യങ്ങളിൽ അർപ്പിച്ചതിനു ശേഷം ഒരു സാദൃശ്യത്തിൽ മാത്രം സ്വീകരിക്കുക ഉചിതമല്ലല്ലോ. അതുപോലെ **ഓരോ കുർബാനയിലും ആവശ്യമുള്ള ഓസ്തികൾ ആ കുർബാനയിൽ തന്നെ കൂദാശ ചെയ്യണം.** രോഗികൾക്കു കൊടുക്കുന്നതിനും ആരാധനയ്ക്കും വേണ്ടി മാത്രമേ, വിശുദ്ധ കുർബാന സൂക്ഷിക്കാവൂ.

www.malankaralibrary.com

## 28

# സമാപന ശുശ്രൂഷ

## നന്ദിപ്രകടനം

വിശുദ്ധ കുർബാന സ്വീകരണത്തോടെ രക്ഷാകര കർമ്മം ഭാഗികമായിട്ടെങ്കിലും നമ്മിൽ പൂർത്തിയാകുന്നു. ഈ വിശിഷ്ട കർമ്മാവസരത്തിൽ ദൈവം നല്കിയ നിരവധിയായ ദാനങ്ങൾക്ക് പ്രത്യേകം പ്രത്യേകം **നന്ദി പറയുന്നതിനുള്ള അവസരമാണ് സമാപന ശുശ്രൂഷ.**

> ആരാധനാസമൂഹത്തിലെ മൂന്നു ഗണങ്ങളും – സമൂഹം, ശുശ്രൂഷികൾ, കാർമ്മികർ – ഈയവസരത്തിൽ പ്രത്യേകമായ നന്ദിപ്രകടനം നടത്തുന്നു. ഓരോന്നിലും മററു ഗണങ്ങൾ ശ്രദ്ധാപൂർവ്വം പങ്കുകൊള്ളുകയും ചെയ്യുന്നു.

## ഹൂത്താമ്മാ

നന്ദിപ്രകടനങ്ങളുടെ അവസാനത്തിൽ എല്ലാവരും കൂടി *"സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ"* എന്ന കർത്തൃപ്രാർത്ഥന ചൊല്ലുന്നു. തുടർന്ന് *"ഹൂത്താമ്മാ"* പ്രാർത്ഥന ചൊല്ലി കർമ്മം അവസാനിപ്പിക്കുന്നു.

www.malankaralibrary.com

*"ഹൂത്താമ്മാ"* എന്ന സുറിയാനി പദത്തിന്റെ അർത്ഥം *"മുദ്രവയ്ക്കൽ", "ഒപ്പുവയ്ക്കൽ", "ഉറപ്പിക്കൽ"* എന്നൊക്കെയാണ്.

| |
|---|
| ആരാധനാകർമ്മങ്ങൾ പ്രത്യേകിച്ച് വി. കർബാന **ഒരുടമ്പടിയായിട്ടാണ്** മാർ തോമ്മാ നസ്രാണികൾ മനസ്സിലാക്കുന്നത്. **മുദ്രവയ്ക്കപ്പെടുമ്പോഴാണല്ലോ ഉടമ്പടി സാധുവാകുന്നത്.** സാധുവായ ഉടമ്പടിക്കനുസരണം പ്രവർത്തിക്കാൻ ഇരുഭാഗക്കാരും ബാധ്യസ്ഥരുമാണ്. ഇവിടെ ഉടമ്പടി നടക്കുന്നത് ദൈവവും ദൈവത്തിന്റെ ജനവും തമ്മിലാണ്. ദിവ്യരഹസ്യ പരികർമ്മം വഴി കൂടുതൽ ദൈവീകരായ വിശ്വാസികൾ അതിനനുസരിച്ച് ജീവിക്കുവാനും, തങ്ങളുമായി ബന്ധപ്പെടുന്നവരെയെല്ലാം കൂടുതൽ ദൈവീകരാക്കുവാനും കടപ്പെട്ടവരാണെന്നു ഈ കർമ്മം തെളിയിക്കുന്നു. |

## ദൈവസിംഹാസനത്തിനുമുമ്പിൽ

ഈ ഉടമ്പടി മുദ്രവയ്പ്പുൽ നടക്കുന്നത് ദൈവ സിംഹാസനത്തിൻ മുമ്പിൽ വിശുദ്ധ സ്ലീവായെ സാക്ഷിയാക്കിയാണ്. അതുകൊണ്ടാണ് പുരോഹിതൻ മദ്ബഹായുടെ കവാടത്തിലേക്കു വന്ന് നടുവിൽ നിന്നും വലതുഭാഗത്തേയ്ക്കു അല്പം മാറി നിന്ന് മുദ്രവയ്പ്പുൽ പ്രാർത്ഥന നടത്തുന്നതും അതിന്റെ അവസാനത്തിലുള്ള ആശീർവ്വാദം നല്കുന്നതും.

## വിടവാങ്ങൽ

തുടർന്ന് വിടവാങ്ങൽ പ്രാർത്ഥനയുണ്ട്. അൾത്താരയിൽ ദിവ്യരഹസ്യങ്ങൾ പരികർമ്മം ചെയ്ത പുരോഹിതൻ അൾത്താരയോട് സ്വയം വിടവാങ്ങുന്ന ഹൃദയസ്പർശിയായ കർമ്മവും പ്രാർത്ഥനയുമാണത്.

www.malankaralibrary.com

## ൨൯

# കൂദാശകൾ

### ഏഴു കൂദാശകൾ

ക്രൈസ്തവാസ്തിത്വത്തിന്റെ നിർണ്ണായക ഘട്ടങ്ങളിലുള്ള വിശ്വാസ പ്രഘോഷണങ്ങളാണ് കൂദാശകൾ. അവ ഓരോന്നും അടയാളങ്ങളിൽ കൂടിയുള്ള മിശിഹാ സംഭവ പ്രഖ്യാപനങ്ങളുമാണ്. അടിസ്ഥാന കൂദാശ സഭയാണ്; സഭ മിശിഹായുടെ തുടർച്ചയും. സഭയുടെ കൗദാശിക വ്യക്തിത്വം പ്രകടമാക്കുന്നത് പ്രധാനമായും ഏഴു കൂദാശകളിൽ കൂടിയാണ്: 1. മാമ്മോദീസാ, 2. പൂർണ്ണതയുടെ കൂദാശാ, 3. കുർബാന, 4. അനുരഞ്ജന കൂദാശ, 5. വിവാഹം, 6. പട്ടം, 7. രോഗീലേപനം. എല്ലാ കൂദാശകളും പ്രവർത്തനോന്മുഖമാകുന്നത് റൂഹാദക്കുദിശായുടെ ആവാസത്താലുമാണ്.

### പ്രാരംഭ കൂദാശകൾ

മാമ്മോദീസാ, പൂർണ്ണതയുടെ കൂദാശാ, കുർബാന ഇവ മൂന്നുമാണ് ക്രൈസ്തവ അസ്തിത്വ

www.malankaralibrary.com

ത്തിലേക്ക പ്രവേശിപ്പിക്കുന്ന കൂദാശകഠം. അതുകൊണ്ടു് അവ **മൂന്നിനും കൂടി പ്രാരംഭകൂദാശകൾ** എന്ന പേർ പറയുന്നു.

## മാമ്മോദീസാ

*"(പേര്) പിതാവിൻെറയും പുത്രൻെറയും റൂഹാദക്കുദിശായുടെയും നാമത്തിൽ മാമ്മോദീസാ മുക്കപ്പെടുന്നു"* എന്നു ചൊല്ലി മൂന്നു പ്രാവശ്യം കുരിശാകൃതിയിൽ തലയിൽ വെള്ള മൊഴിച്ചുകൊണ്ടാണ് മാർ തോമ്മാ നസ്രാണികഠം **മാമ്മോദീസാ മുക്കുന്നത്.** മുൻകാലങ്ങളിൽ വെള്ളം നിറച്ച മാമ്മോദീസാതൊട്ടിയിൽ അർത്ഥിയെ ഇറക്കി നിറുത്തി, കാർമ്മികൻ അർത്ഥിയുടെ തലയിൽ കൈവച്ച് മൂന്നുപ്രാവശ്യം വെള്ളത്തിൽ മുക്കിയിരുന്നതുകൊണ്ടാണ്, മാമ്മോദീസാ **മുക്കുക** എന്ന പേരു തന്നെ ഉണ്ടായതു്.

മാമ്മോദീസാ മുക്കുന്നതിനുള്ള വെള്ളം കൂദാശ ചെയ്യുന്ന ഹൃദയസ്പർശിയായ കർമ്മവും മാർ തോമ്മാ നസ്രാണികഠംക്കുണ്ടു്. പരിശുദ്ധാത്മാവിനെ ആ വെള്ളത്തിൽ പ്രവേശിപ്പിക്കുന്ന കൗദാശിക കർമ്മമാണിതു് പ്രധാനമായും.

## പൂർണ്ണതയുടെ കൂദാശാ

**സൈ്ഥര്യലേപനം** എന്നു ലത്തീൻസഭയും **തൈലാഭിഷേകം** എന്നു ഗ്രീക്കുസഭയും വിളിക്കുന്ന രണ്ടാമത്തെ കൂദാശയെ സുറിയാനി സഭകഠം ***"പൂർണ്ണതയുടെ കൂദാശാ"*** എന്നു വിളിക്കുന്നു. മാമ്മോദീസാ വഴി കത്തോലിക്കാ സഭയിലേക്കു പ്രവേശിക്കുന്ന

www.malankaralibrary.com

വ്യക്തിയെ പരിശുദ്ധാത്മാവിൻെറ പ്രത്യേക അഭിഷേചനത്താൽ വ്യക്തിത്വ പൂർണ്ണതയിലേക്കുയർത്തുന്നതും മാമ്മോദീസായോടു ചേർന്നു നിന്ന് ആ കർമ്മത്തെ പൂർത്തിയാക്കുന്നതുമായ കർമ്മമാകയാലാണിതിനെ **പൂർണ്ണതയുടെ കൂദാശാ** എന്നു വിളിക്കുന്നത്.

പരിശുദ്ധാത്മാവിനെ നിവേശിപ്പിക്കുന്ന പ്രത്യേക കൈയ്‌വയ്പു പ്രാർത്ഥനയും തൈലാഭിഷേകവുമാണീ കൂദാശയുടെ കർമ്മങ്ങൾ. മാമ്മോദീസാ നല്കുന്ന വൈദികൻ തന്നെയാണ് ഈ കൂദാശയും പരികർമ്മം ചെയ്യുക.

## കുർബാന

**മിശിഹായുടെ തിരുശ്ശരീര രക്തങ്ങളുടെ കൂദാശയാണ് വി. കുർബാന.** പഴയനിയമത്തിലെ ഏററം സമുന്നത അർപ്പണമായിരുന്ന **ഹോമബലിയുടേയും** പുതിയനിയമത്തിലെ ഏക അർപ്പണമായ **ഗാഗുൽത്തായിലെ മിശിഹായുടെ സ്വയം ഹോമയാഗത്തിൻേറയും സംഗമം, അന്ത്യഅത്താഴ വിഭവങ്ങളായ അപ്പത്തിൻേറയും വീഞ്ഞിൻേറയും സാദൃശ്യങ്ങളിൽ വിശുദ്ധ കുർബാനയിൽ നടക്കുന്നു.**

മാർ തോമ്മാ നസ്രാണികൾ വിശുദ്ധ കുർബാനയോടു ചേർത്താണ് സാധാരണയായി **മാമ്മോദീസായും പൂർണ്ണതയുടെ കൂദാശയും** പരികർമ്മം ചെയ്യുക. വിശ്വാസാർത്ഥികൾ കുഞ്ഞുങ്ങളാണെങ്കിലും കുർബാനയർപ്പണത്തിൻെറ അവസാനം തിരുരക്തത്തിൻെറ സാദൃശ്യത്തിലെങ്കിലും വിശുദ്ധ കുർബാന കൊടുക്കുകയെന്നതും ഈ സഭയുടെ പാരമ്പര്യമാണ്.

www.malankaralibrary.com

## വളർച്ചയുടെ ക്ലൂദാശാ

**വിശുദ്ധ കുർബാന വിശ്വാസവർദ്ധന വിൻെറ** - വളർച്ചയുടെ ക്ലൂദാശക്കൂടിയാണ്. മനുഷ്യൻെറ സ്വാഭാവികവളർച്ച ജനനം മുതൽ ക്രമമായി നടക്കുന്നതു പോലെ വിശ്വാസവളർച്ചയും വിശ്വാസത്തിലേയ്ക്കുള്ള ജനനം മുതൽ, അതായതു് മാമ്മോദീസായും പൂർണ്ണതയുടെ ക്ലൂദാശയും സ്വീകരിക്കുന്നതു മുതൽ, ക്രമമായി നടക്കേണ്ടിയിരിക്കുന്നു.

## അനുരഞ്ജന കൂദാശാ

## സാക്ഷാൽ മരുന്നു്

**വിശ്വാസികൾ ദൈവീകമനുഷ്യരാണ്; ദൈവസഹവാസികളാണ്. എങ്കിലും മാനുഷിക ബലഹീനതയിൽ തുടരുന്നവരുമാണ്:** ''ആഗ്രഹിക്കുന്ന നന്മയല്ല, ആഗ്രഹിക്കാത്ത തിന്മയാണ് ഞാൻ പ്രവർത്തിക്കുന്നതു്'' (റോമ. 7, 19)എന്നു് പൗലോസ് ശ്ലീഹാ തന്നെ രേഖപ്പെടുത്തിയിരിക്കുന്നു. തിന്മ പ്രവർത്തിക്കുന്ന മനുഷ്യൻ സ്വയം **ദൈവത്തിൽ നിന്നും വേർപെടുത്തുന്നു;** അവൻ യഥാർത്ഥ രോഗിയായി മാറുകയും ചെയ്യുന്നു. **ദൈവത്തിൽനിന്നു മാത്രമല്ല, തൻെറ അയൽക്കാരിൽനിന്നും, താൻ വസിക്കുന്ന പ്രപഞ്ചത്തിൽ നിന്നും, തന്നിൽനിന്നുതന്നെയും അവൻ അകലുന്നു.** ഗൗരവമായ ഈ അസുഖത്തിനുള്ള മരുന്നാണ് **അനുരഞ്ജന കൂദാശാ.**

www.malankaralibrary.com

## അനുരഞ്ജനം പലതരത്തിൽ

മാർ തോമ്മാ നസ്രാണികളുടെയിടയിൽ പലവിധ പാപമോചനശുശ്രൂഷകളുണ്ട്. ***"ധൂപാർപ്പണം"*** അത്തരത്തിലുള്ള ഒന്നാന്തരം ശുശ്രൂഷയാണെന്ന് മുൻപു പ്രസ്താവിച്ചു കഴിഞ്ഞു. വിശുദ്ധ കുർബാനയിലെ ***"അനുരഞ്ജനശുശ്രൂഷ"*** മറെറാരു കർമ്മമാണ്. പന്തക്കുസ്താ കുർബാനയിലെ ***"മുട്ടുകുത്തൽശുശ്രൂഷയും"*** പാപമോചനകർമ്മം തന്നെ.

## വ്യക്തിപരമായ പാപമോചനം

ഇങ്ങനെയുള്ള പൊതുപാപമോചന ശുശ്രൂഷകൾക്കു പുറമേ, സഭയുടെ നാമത്തിൽ ഒരു പുരോഹിതനിൽ നിന്നും നേരിട്ടു് പാപമോചനം നേടുന്ന രീതിയും **നാലാം നൂററാണ്ടു മുതലെങ്കിലും സുറിയാനി സഭകളിൽ നിലവിലുണ്ടായിരുന്നു.**

അങ്ങനെ പാപമോചനം നേടണമെങ്കിൽ, ഒന്നാമതായി സ്വന്തം തിന്മയെക്കുറിച്ച് **യഥാർത്ഥമായ അനുതാപം** അത്യന്താപേക്ഷിതമാണ്. രണ്ടാമതായി തൻെറ **തെററുകൾ സഭയുടെ പ്രതിനിധിയായ ഒരു വൈദികനോട് ഏററുപറയുകയും, അദ്ദേഹം നിശ്ചയിക്കുന്ന പ്രായശ്ചിത്തം നിറവേററുന്നതിന് സന്നദ്ധനായിരിക്കുകയും വേണം.** കൂടാതെ, യഥാർത്ഥ അനുതാപത്തിൻെറ അനന്തരഫലമായ **ദൃഢപ്രതിജ്ഞയെടുക്കുകയും മേലിൽ അതാവർത്തിക്കാതിരിക്കാൻ ആത്മാർത്ഥമായി പരിശ്രമിക്കുകയും വേണം.** വൈദി

www.malankaralibrary.com

കൻെറ പ്രാർത്ഥനയിൽക്കൂടി പാപമോചനം ലഭിക്കയും അനുരഞ്ജനം സാധിക്കുകയും ചെയ്യുന്നു. അങ്ങനെ, അനുരഞ്ജനകൂദാശാ, ഒരു വിശ്വാസിയുടെ ക്രൈസ്തവ അസ്തിത്വത്തിൻെറ നിർണ്ണായകമായ പ്രതിസന്ധിഘട്ടം തരണം ചെയ്യുന്ന വിശ്വാസപ്രഖ്യാപനമാണ്.

## വിവാഹം

**വിശ്വാസികൾ കുടുംബജീവിതം ആരംഭിക്കുമ്പോൾ നടത്തുന്ന വിശ്വാസ പ്രഖ്യാപനമാണ് വിവാഹമെന്ന കൂദാശ. പരിശുദ്ധത്രിത്വത്തിലെ വ്യക്തികൾ പരസ്പരം പരിപൂർണ്ണമായി ദാനം ചെയ്യുന്നതിൻെറ കൗദാശികമായ പ്രഖ്യാപനം കൂടിയാണിത്. ഇവിടെ ഭാര്യാഭർത്താക്കന്മാർ പരസ്പരംപരിപൂർണ്ണമായി ദാനം ചെയ്യുന്നു.** ഈ ലോകജീവിതാന്ത്യം വരെ എല്ലാ സാഹചര്യങ്ങളിലും ഒരുമിച്ചു നിന്നുകൊള്ളാമെന്നും വിശ്വാസത്തിനു സാക്ഷ്യം വഹിച്ചുകൊള്ളാമെന്നും അവർ പ്രതിജ്ഞയെടുക്കുന്നു. താലികെട്ടും മന്ത്രകോടി കൊടുക്കലും മാർ തോമ്മാ നസ്രാണികൾ ഈയവസരത്തിൽ നടത്തുന്ന പ്രത്യേക കർമ്മങ്ങളാണ്.

## പട്ടം

**സഭാസേവനാർത്ഥം സ്വയം ദാനം ചെയ്യുന്ന നിർണ്ണായകാവസരത്തിലെ വിശ്വാസ പ്രഖ്യാപനമാണ് പട്ടമെന്ന കൂദാശാ.** സഭയിൽ കൂദാശകൾ പരികർമ്മം ചെയ്യുന്നതിനും വിശ്വാസികൾ

www.malankaralibrary.com

ക്കാവശ്യമായ ആദ്ധ്യാത്മിക ശുശ്രൂഷ ചെയ്യുന്നതിനുമുള്ള പ്രത്യേക വിളിയ്ക്കു് നല്കുന്ന പ്രത്യുത്തരമാണ് ഈ കർമ്മം.

ഈ കൂദാശയുടെ പടികൾ പലതാണ്.

**കാറോയാ പട്ടം:** ദൈവാരാധനയിൽ **വായനകൾ നടത്തുന്ന**തിനു് പ്രത്യേകം അധികാരപ്പെടുത്തുന്ന, **പട്ടമെന്ന കൂദാശയുടെ ആദ്യപടിയാണിത്.**

**ഹെവ്പ്പദിയാക്കോനാ പട്ടം:** ദൈവാലയ ശുശ്രൂഷകൾക്കും വിശുദ്ധസ്ഥല സംരക്ഷണത്തിനുമായി പ്രത്യേകം അധികാരപ്പെടുത്തുന്ന **രണ്ടാം പടിയാണീ പട്ടം.**

**മ്ശംശാന പട്ടം:** **പുരോഹിതന്റെ പ്രധാന സഹായി**യായി എല്ലാ തിരുക്കർമ്മങ്ങൾക്കും സഭാ പ്രവർത്തനങ്ങൾക്കും നേതൃത്വം നല്കുന്നതിനായുള്ള അധികാരമാണ് ഈ പട്ടം വഴി നല്കപ്പെടുന്നതു്.

**കശീശാ പട്ടം:** സാധാരണ പൗരോഹിത്യ പദവിയാണിതു്. മെത്രാന്റെ നാമത്തിൽ സഭാസമൂഹത്തിനായി പട്ടമൊഴിച്ചുള്ള **എല്ലാ കൂദാശകളും പരികർമ്മം** ചെയ്യുന്നതിനു് ഈ പട്ടം വഴി അധികാരപ്പെടുത്തപ്പെടുന്നു.

**മെത്രാൻ പട്ടം:** **പട്ടമെന്ന കൂദാശയുടെ പൂർണ്ണതയി**ലെത്തുന്നതു് മെത്രാൻ പട്ടത്തോടു കൂടി മാത്രമാണ്. ശ്ലൈഹിക പദവിയുടെ പിൻതുടർച്ചക്കാരാണ് മെത്രാന്മാർ. സഭാസമൂഹങ്ങളിലെ ആദ്ധ്യാത്മിക നിയന്താക്കളാണവർ. ജീവിതത്താലും പ്രചോദനങ്ങളാലും സഭയുടെ ആദ്ധ്യാത്മിക ചൈതന്യം നിലനിറുത്തി പോഷിപ്പിക്കുകയെന്നതു് അവരുടെ ഗൗരവാവഹമായ കടമയാണ്.

www.malankaralibrary.com

## രോഗീലേപനം

**ക്രൈസ്തവ അസ്തിത്വത്തിന്റെ സ്വർഗ്ഗോന്മുഖമായ സ്വഭാവം പ്രഖ്യാപിക്കുന്ന കൂദാശയാണിത്.** ഓരോ വിശ്വാസിയും ഒരു തീർത്ഥാടകനാ(കയാ)ണ്. സ്വർഗ്ഗരാജ്യമാകുന്ന ശാശ്വതഭവനമാണു ലക്ഷ്യം. ഗൗരവമായ അസുഖം അഥവാ പ്രായാധിക്യം ഈ ലക്ഷ്യപ്രാപ്തി സമീപിച്ചിരിക്കുന്നുവെന്നതിന്റെ അടയാളമാണ്. അങ്ങനെയുള്ള അവസരത്തിൽ സ്വവിശ്വാസം സഭാത്മകമായി ഏറ്റു പറഞ്ഞ് തൈലാഭിഷിക്തനായി ലക്ഷ്യത്തെ പ്രതീക്ഷിക്കുക സ്വാഭാവികം മാത്രമാണ്. **രോഗീലേപനമെന്ന കൂദാശാ ഈ തയ്യാറെടുപ്പിന്റെ പ്രഖ്യാപനമാണ്.**

ആന്തരികവും അതുപോലെ തന്നെ ശാരീരികവുമായ സൗഖ്യം പ്രദാനം ചെയ്യുന്ന ഒരാചരണമാകയാൽ, ഈ കൂദാശ സ്വീകരണം അന്ത്യനിമിഷത്തിലേക്ക് നീക്കിവയ്ക്കുക ഒരിക്കലും ക്ഷന്തവ്യമല്ല. **ഗൗരവമായ അസുഖത്തിന്റെ ആരംഭത്തിൽ തന്നെ ഈ ആചരണം നടത്തുന്നു.**

www.malankaralibrary.com

൩൦

# കൂദാശാനുകരണങ്ങൾ യാമപ്രാർത്ഥന മററു ഭക്തകൃത്യങ്ങൾ

## കൂദാശാനുകരണങ്ങൾ

**കൂദാശകളിൽ നിന്നുരുത്തിരിയുന്നതും ഘടനയിലും ചൈതന്യത്തിലും അവയോടു സാദൃശ്യമുളളവയുമായ കർമ്മങ്ങളാണ് കൂദാശാനുകരണങ്ങൾ.**

നിർണ്ണായകങ്ങളല്ലാത്ത മററു പ്രധാന അവസരങ്ങൾ ക്രൈസ്തവ ജീവിതത്തിൽ സാധാരണമാണ്. ക്രൈസ്തവ അസ്തിത്വം സ്വാഭാവിക ജീവിതത്തിന്റെ അവിഭാജ്യഘടകമായതിനാൽ **അത്തരം അവസരങ്ങളെല്ലാം ക്രൈസ്തവോചിതമായി ആഘോഷിക്കേണ്ടിയിരിക്കുന്നു. അതിനുളള സംവിധാനമാണ് കൂദാശാനുകരണങ്ങൾ.**

വീടുകൾ, സ്ഥാപനങ്ങൾ തുടങ്ങിയവയുടെ വെഞ്ചെരിപ്പ്, കുരിശ്, രൂപങ്ങൾ, കൊന്ത, വെന്തിങ്ങ, മെഡൽ, ഹന്നാൻ വെളളം തുടങ്ങിയ ഉപയോഗ സാധനങ്ങളുടെ വിശുദ്ധീകരിക്കൽ, വിവിധാവസരങ്ങൾക്കായുളള പ്രത്യേകപ്രാർത്ഥനകൾ എല്ലാം ഈയിനത്തിൽ പെടുന്നവയാണ്.

www.malankaralibrary.com

## യാമപ്രാർത്ഥന

മാർ തോമ്മാ നസ്രാണികളുടെ മറെറാരു ദൈവാരാധനാകർമ്മമാണ് യാമപ്രാത്ഥന. നമ്മുടെ **അനുദിന ക്രൈസ്തവ ജീവിതാഘോഷമാണിതെന്നു പറയാം - ആരാധനാവൽസരത്തിലെ വിവിധ കാലങ്ങൾക്കും ഓരോ കാലത്തിലേയും ആഴ്ചകൾക്കും ദിവസങ്ങൾക്കും സമയത്തിനുമനുസരിച്ചുള്ള ദൈവാഹ്വാനത്തിന് വിശ്വാസികളുടെ സമൂഹം നല്കുന്ന സമുചിതമായ പ്രത്യുത്തരമാണ് യാമപ്രാർത്ഥന.**

ഈശോമിശിഹായിൽ പൂത്തിയായ രക്ഷാകരകർമ്മത്തോടു ബന്ധപ്പെടുത്തി വിശ്വാസികളുടെ ദൈനംദിന ജീവിതം വിശുദ്ധീകരിക്കുന്നതിനുള്ള ഉത്തമസംവിധാനമാണീ പ്രാത്ഥന. മാർ തോമ്മാ നസ്രാണികളുടെ പാരമ്പര്യമനുസരിച്ച് അത്മായരും സന്ന്യാസികളും വൈദികരും മെത്രാന്മാരുമെല്ലാം ഈ സമൂഹപ്രാത്ഥനയിൽ സഹകരിച്ചിരുന്നു. എന്നാൽ പില്ക്കാലത്ത് പ്രത്യേകിച്ച് വിദേശമിഷ്യനറിമാരുടെ ഭരണകാലത്ത് യാമപ്രാർത്ഥനയിൽ അത്മായക്ക് പങ്കില്ലെന്നായി. യാമപ്രാത്ഥന വൈദികരുടേയും സന്ന്യാസികളുടേയും പ്രത്യേക കടമയായി കണക്കാക്കാനും തുടങ്ങി.

എന്നാൽ രണ്ടാം വത്തിക്കാൻ കൗൺസിൽ ഈ അപാകത ചൂണ്ടിക്കാണിക്കുകയും സഭയുടെ തനതായ പാരമ്പര്യത്തിലേക്കു മടങ്ങുവാൻ ആഹ്വാനം ചെയ്യുകയും ചെയ്യുന്നതുകൊണ്ട്, യാമപ്രാർത്ഥനയുടെ തനതായ പാരമ്പര്യം പുനരുദ്ധരിക്കേണ്ടിയിരിക്കുന്നു. അത്മായരുംപ്പെടെയുള്ള സഭാസമൂഹം മുഴുവൻ ഒരുമിച്ചുകൂടി യാമപ്രാർത്ഥന നടത്തണം. ചുരുങ്ങിയപക്ഷം ഞായറാഴ്ചകളിലും തിരുനാളുകളിലുമെങ്കിലും.

www.malankaralibrary.com

# ഇതര ഭക്താഭ്യാസങ്ങൾ

## കുടുംബ പ്രാർത്ഥന

മാർ തോമ്മാ നസ്രാണികളുടെ സവിശേഷമായ ഒരു ഭക്താഭ്യാസമാണ് **കുടുംബപ്രാർത്ഥന.** എല്ലാ ദിവസവും വൈകിട്ട്, സാധിക്കുമെങ്കിൽ ഒരു നിശ്ചിതസമയത്തുതന്നെ, കുടുംബത്തിലെ എല്ലാവരും ഒരുമിച്ചുകൂടി പ്രാർത്ഥിക്കുക മാർ തോമ്മാ നസ്രാണികളുടെ അതിപുരാതനമായ പാരമ്പര്യങ്ങളിലൊന്നാണ്. ഇതിനു് ഒരിക്കലും മുടക്കം വരാതിരിക്കട്ടെ. കാരണം, ഒരുമിച്ചു പ്രാർത്ഥിക്കുന്ന കുടുംബം മറ്റെല്ലാക്കാര്യങ്ങളിലും ഒരുമിച്ചു മുന്നേറും.

**കൃത്യമായി പറഞ്ഞാൽ യാമപ്രാർത്ഥനയാണ് കുടുംബപ്രാർത്ഥനയായിരിക്കേണ്ടത്.** അതിനുള്ള പുസ്തകങ്ങൾ നടപ്പാകുന്നതുവരെ, ഇപ്പോൾ പലടത്തും നിലവിലുള്ള പ്രാർത്ഥനപ്പുസ്തകങ്ങൾ ഉപയോഗിക്കുകയോ കൊന്തനമസ്കാരം ജപിക്കുകയോ വേണം. **എല്ലാദിവസവും കൃത്യമായി വിശുദ്ധ ഗ്രന്ഥത്തിൽ നിന്നും ഒരു ഭാഗം പാരായണം നടത്തുകയും വേണം. അത് നമ്മുടെ ആരാധനാവത്സര പഞ്ചാംഗമനുസരിച്ചുതന്നെ നടത്തുന്നതിന് ശ്രദ്ധിക്കുകയും വേണം.** ദനഹാ കലണ്ടർ ഇക്കാര്യത്തിൽ സഹായകമാണ്.

www.malankaralibrary.com

## നോമ്പാചരണങ്ങൾ

ആരാധനാവത്സരത്തോടനുബന്ധിച്ച നോമ്പാചരണങ്ങൾ നടത്തുന്നതിൽ മാർതോമ്മാ നസ്രാണികൾ എന്നും തത്പരരായിരുന്നു. ഇൻഡ്യൻ പശ്ചാത്തലത്തിനനുരൂപമായി അവരുടെ ജീവിതശൈലി അതിനവരെ നിർബന്ധിക്കുകയും ചെയ്തിരിക്കണം. താഴെ കൊടുക്കുന്നവയാണ് പ്രധാന നോമ്പാചരണ ദിവസങ്ങൾ.

1. ഈശോമിശിഹായുടെ ജനനത്തിരുന്നാളിനൊരുക്കമായി ഇരുപത്തഞ്ചുനോമ്പ്.
2. ഈശോയുടെ ഉയിർപ്പുതിരുന്നാളിനൊരുക്കമായി അമ്പതുനോമ്പ്.
3. പ. കന്യകാമറിയത്തിന്റെ ജനനത്തിരുന്നാളിനൊരുക്കമായി എട്ടുനോമ്പ്.
4. മാതാവിന്റെ സ്വർഗ്ഗാരോപണത്തിരുന്നാളിനൊരുക്കമായി പതിനഞ്ചുനോമ്പ്.
5. അമ്പതു നോമ്പാരംഭിക്കുന്നതിനു പതിനെട്ടു ദിവസം മുമ്പുള്ള മൂന്നുനോമ്പ്.
6. ഈശോമിശിഹായുടെ സ്ലീവാമരണത്തെ സ്മരിച്ചുകൊണ്ടാചരിക്കുന്ന വെള്ളിയാഴ്ച നോമ്പ്.
7. മാതാവിന്റെ ബഹുമാനാർത്ഥമുള്ള ബുധനാഴ്ച നോമ്പ്.

മൂന്നു പ്രധാന സംഗതികളാണ് ഇങ്ങനെയുള്ള നോമ്പാചരണത്തിൽ ശ്രദ്ധിക്കേണ്ടതു്.

www.malankaralibrary.com

1. **പ്രാർത്ഥന:** കൂട്ടതലായി പ്രാർത്ഥിക്കുക. സാധാരണയിൽ കൂട്ടതലായി ഒരു കൊച്ചുപ്രാർത്ഥനയെങ്കിലും ഈ ദിവസങ്ങളിൽ അറിഞ്ഞുകൊണ്ട് നടത്തുന്നതിനു പ്രത്യേകം ശ്രദ്ധിക്കുക.

2. **ഉപവാസം:** ഏതെങ്കിലും ഇഷ്ടപ്പെട്ട ഭക്ഷണസാധനങ്ങളിൽ ഒന്നോ, ഒരംശമോ ഉപേക്ഷിക്കുക. നമ്മുടെ പൂർവ്വികർ അവർക്കിഷ്ടപ്പെട്ടവയെല്ലാം ഈ ദിവസങ്ങളിൽ വർജ്ജിച്ചിരുന്നതാണ്. ഭക്ഷണസാധനങ്ങൾ മാത്രമല്ല, ഇഷ്ടപ്പെട്ട ചെയ്തികളും വർജ്ജിക്കണം.

3. **ദാനധർമ്മം:** ഈ ദിവസങ്ങളിൽ എന്തെങ്കിലും ദാനം ചെയ്യുന്നതിനു പരിശ്രമിക്കുക. ആവശ്യത്തിലിരിക്കുന്നവരെ സഹായിക്കുക മിശിഹാനുയായികളുടെ ജീവിതമുദ്രയാണ്.

## സ്ലീവാഭക്തിയും സുവിശേഷഭക്തിയും

**വിശുദ്ധ സ്ലീവായോടും ഏവൻഗാലിയോൻ പുസ്തകത്തോടും** അതീവ ഭക്തിയുള്ള ഒരു സമൂഹമായിട്ടാണ് മാർ തോമ്മാ നസ്രാണികളെ പല ചരിത്രകാരന്മാരും വിദേശസഞ്ചാരികളും മിഷനറിമാരും എടുത്തു കാണിച്ചിരിക്കുന്നത്.

www.malankaralibrary.com

മാർ തോമ്മാ നസ്രാണികളുടെ ഏററം വില പിടിപ്പുള്ള നിക്ഷേപങ്ങൾ **മാർ തോമ്മാ സ്ലീവായും ഏവൻഗാലിയോൻ പുസ്തകവു**മാണെന്നും അവർ അവ അംത്ാരയിൽ തന്നെ സൂക്ഷിക്കുന്നുവെന്നും, പ്രദക്ഷിണത്തിനും മററുമായി അവ പുറത്തെടുക്കുമ്പോൾ വിശ്വാസികൾ അവയെ ഭക്ത്യാദരാ ചുംബിക്കുന്നുവെന്നും മററും മിഷനറിമാർ രേഖപ്പെടുത്തിയിട്ടുണ്ട്.

മാർ തോമ്മാ സ്ലീവായെക്കുറിച്ചും ഏവൻഗാലിയോൻ പുസ്തകത്തെക്കുറിച്ചും പ്രതിപാദിച്ചു കഴിഞ്ഞതാണല്ലോ. അവയോടുള്ള ഭക്തി ദൈവാലയത്തിൽ മാത്രം ഒതുക്കാതെ നമ്മുടെ **ഭവനങ്ങളിലേക്കും സ്ഥാപനങ്ങളിലേക്കും** വ്യാപിപ്പിക്കേണ്ടിയിരിക്കുന്നു. **ഭവനങ്ങളിൽ പ്രാർത്ഥിക്കുവാനായി ഒരുമിച്ചു കൂടുന്ന സ്ഥലത്ത് ഉചിതമായി അവ സ്ഥാപിക്കയും** നമ്മുടേതായ രീതിയിൽ അവയോടുള്ള ആദരവ് പ്രകടിപ്പിക്കുകയും വേണം. **ദീപം, ധൂപം, പുഷ്പം** തുടങ്ങിയവ നമ്മുടെ സ്നേഹാദരവുകൾ പ്രകടിപ്പിക്കുന്നതിനുള്ള ഉത്തമോപാധികളാണ്.

തന്മൂലം, **നമ്മുടെ ഭവനങ്ങളിലെ പ്രാർത്ഥന മുറിയിൽ കേന്ദ്രസ്ഥാനത്ത് മാർ തോമ്മാസ്ലീവായും ഏവൻഗാലിയോൻ പുസ്തകവും പ്രതിഷ്ഠിച്ചു വയ്ക്കണം. സാധിക്കുമ്പോഴൊക്കെ പുഷ്പങ്ങളാൽ അവയെ അല**

www.malankaralibrary.com

ങ്കരിക്കയും, പ്രാർത്ഥനാവേളകളിൽ തിരികൾ കത്തിക്കയും, വിശിഷ്ടാവസരങ്ങളിലെങ്കിലും ധൂപാർപ്പണം നടത്തുകയും ചെയ്യണം.

മാർ തോമ്മാ നസ്രാണികളുടെ സ്ഥാപനങ്ങളെല്ലാം മാർ തോമ്മാ സ്ലീവായാൽ തിരിച്ചറിയപ്പെടണം. അവരുടെ എല്ലാ ദൈവാലയങ്ങളുടെയും മുമ്പിൽ മാർ തോമ്മാ സ്ലീവ ഉയർന്നു നില്ക്കണം. വഴിക്കവലകളിലും മററു നിർണ്ണായക സ്ഥലങ്ങളിലുമുള്ള "കുരിശുപള്ളികൾ" വിശുദ്ധ സ്ലീവായുടെ വണക്കസ്ഥലങ്ങളായിരിക്കണം. അവയ്ക്കു് നമ്മുടെ പൂർവ്വീകർ കൊടുത്തിരുന്ന പേരിൽനിന്നും വ്യക്തമാകുന്നതു് അവ "സ്ലീവാ വണക്ക" കേന്ദ്രങ്ങളായിരുന്നെന്നാണ്. മാർ തോമ്മാ സ്ലീവാ നമ്മുടെ വിശ്വാസത്തിന്റെ അനന്യമായ പ്രതീകവും പ്രഖ്യാപനവുമാണല്ലോ.

www.malankaralibrary.com

## PUBLICATIONS

1 VADAKETH O.E., *Vyakthisaphalyam* ("A Study in Oriental Spirituality" in Malayalam) 1984; 1/8 crown; pages 216; price Rs.14.00 ($ 2.80)

2 PATHIKULANGARA V., *Church and Celebration*, "The Interior of a Church or a Chapel in the Chaldeo-Indian Tradition", 1984; second printing 1986; 1/8 demy; pages 98; price Rs.12.00 ($ 2.40)

3 PATHIKULANGARA V., (comp. & ed.) *Benediction and Adoration*, in Malayalam and according to the Chaldeo-Indian liturgical genius, 1984; 1/8 crown; pages 24; price Rs.1.50 ($ 0.30)

4 VELLILAMTHADAM T., *African Payal*, "Towards a Mental Breakthrough in the Latin Connection of Indian Catholicism" 1984; 1/8 demy; pages 40; price Rs.7.00 ($ 1.40)

5 PATHIKULANGARA V., (comp. & ed.) *Order for Blessing Residences of Priests and Religious*, in Malayalam and according to the Chaldeo-Indian liturgical genius, 1984; 1/8 crown; pages 32; price Rs. 2.00 ($ 0.40)

6 VELLILAMTHADAM T., *Countdown to 1999*, "400 Years of Agony and Action since 1599", 1985; 1/8 demy; pages 32; price Rs.7.00 ($ 1.40)

www.malankaralibrary.com

7 PATHIKULANGARA V., *"Further Documentation on Latin-Oriental Relations and the Mission of the Church in India"?!*, 1985; 1/8 demy; pages 40; price Rs. 5.00($ 1.00)

8 CHATHAMPARAMPIL T., *Sabhavijnaniyathinu Oru Mukavura* ("An Introduction to Ecclesiology", in Malayalam) 1985; 1/8 crown; pages 70; price Rs.5.00 ($ 1.00)

9 PODIPARA Placid J., *The Latin Rite Christians of Malabar* (A fully documented monograph on the origin and history of the Latin Rite Christians in India by the greatest Indian Ecclesiastical Luminary of the 20th century: a posthumous publication) 1986; 1/8 demy; pages 144; price Rs.20.00 ($ 4.00)

10 PATHIKULANGARA V., *Church in India*, 1986, 1/8 demy; pages 84; price 12.00 ($ 2.40)

11 PATHIKULANGARA V., *Nammude Qurbana* (A catechetical explanation of the Chaldeo- Indian Eucharistic Celebration, in Malayalam) June 1986; 2nd printing in August 1986 ; 1/8 crown; pages 214; price Rs. 12.00 ($ 2.40)

12 VELLILAMTHADAM T., *A Trojan Horse?*, "The Unchristian Role of the Latin Church", 1986; 1/8 demy; pages 56; price Rs.10.00 ($ 2.00)

13 VADAKETH O.E., (comp. & ed.) *Divya Karunya Aradhana* (Adoration of the Bl. Sacrament according to the Chaldeo-Indian Liturgical genius in Malayalam) 1987; 1/8 crown; pages 182; price Rs.12.00 ($ 2.40)

www.malankaralibrary.com

14 CHEDIATH G. - VELLILAMTHADAM T. (eds.), *Ecumenism in Danger,* 1986; 1/8 demy; pages 98; price Rs.15.00 ($ 3.00)

15 PATHIKULANGARA V., (comp. & ed.) *Prayer Service in Honour of Blessed Chavara and Alphonsa,* in Malayalam and according to the Chaldeo - Indian liturgical genius 1986; 1/8 crown; pages 32; price Rs.2.00 ($ 0.40)

16 VELLILAMTHADAM T. - KURIANAL J. (eds.), *The Freedom Fighters of Thomas Christians,* 1986; 1/8 demy; pages 116; price Rs. 20.00 ($ 4.00).

17 PATHIKULANGARA V., (comp. & ed.) *Aasirvadaprartdhanakal,* Sacramentals in Malayalam and according to the Chaldeo-Indian liturgical genius) 1987; 1/8 crown; pages 148; price Rs. 8.50 ($ 1.70)

18 VADAKETH O.E., (ed.) *Adhyathmika Sopanangal* (Malayalam trans. of the Book of Grades) 1987; 1/8 crown; pages 66; price Rs.6.00 ($ 1.20)

19 MANNOORAMPARAMPIL T., (comp. & ed.) *Vestition and Profession of Religious Women in the Syro-Malabar Church* (Malayalam), 1987; 1/8 crown; pages 48; price Rs.3.00 ($ 0.60)

20 PATHIKULANGARA V., (comp. & ed.), *Nativity Celebration* (Malayalam), 1987; 1/8 crown; pages 36; price Rs.2.25 ($ 0.45)

21 HILLARION J., *Daivavignaneeyam Oramukhapadhanam* ("An Introduction to Theology" in Malayalam), 1988; 1/8 crown; pages 216; price Rs. 15.00 ($ 3.00)

www.malankaralibrary.com

22 POWATHIL Mar Joseph, *Jeevitham Mathrusabhayodothu* ("To Live is to Live with the Mother Church" in Malayalam) 1988; 1/8 crown; pages 236 price Rs.15.00 ($ 3.00)

23 POOVANNIKUNNEL J., *Sabhayum Aaradhanakramavum* ("Church and Liturgy" in Malayalam), 1988; 1/8 crown; pages 140; price Rs.10.00 ($ 2.00).

24 PATHIKULANGARA V., *Mar Thommayaude Margam* ("A new Catechism for the Syro-Malabar Church" in Malayalam) 1988; 1/8 crown; pages 204; price Rs. 13. 50 ($ 2.70)

*N.B.*

1 10-20% Discount. Postage extra.

2 Denha Services publishes also the Liturgical Calendar of the Syro-Malabar or Chaldeo-Indian Church; *as Wall Calendar*, with significant paintings, by the beginning of October every year.

www.malankaralibrary.com

MALANKARA
LIBRARY

www.malankaralibrary.com

# DENHA SERVICES

## A Fellowship at the Service of the Church

* To organize and to promote *ecclesial life*, is its aim,

* *Mar Thoma Margam*, the Way or the Law of Thomas, is its inspiration and guide-line.

* "Love the Mother Church and make her loved even with her triflings", is its motto.

* "Fidelity to the directions of the Church", is its life-style.

* Hence "Denha Services" proposes to publish books and booklets on all aspects of *ecclesial life*, especially that of the Thomas Christians of India.

Present Members of the Fellowship

Rev. Dr. Antony Kamukumpallil (Manager)
Rev. Dr. Wilson Ukken
Rev. Dr. Quriaqos Elijah Vadaketh cmi
Rev. Dr. Varghese Pathikulangara cmi (Co-ordinator)

Present Address

Vidyanagar, Manganam,
Kottayam - 686 018,
Kerala, India.

www.malankaralibrary.com